


ഖുത്വുബ: പ്രകൃതിദുരന്തങ്ങളിലെ ദൃഷ്ടാന്തം തിരിച്ചറിയുക

# സത്യദൂതൻ

ഏപ്രിൽ 2011 | ലക്കം 4

വില ₹ 20



- ടൂറിനിലെ തിരുവസ്ത്രം
- ആണവദുരന്തം
- ഇബ്നുബത്ത്വൂത്ത: മഹാനായ സഞ്ചാരി
- വാഗ്ദത്ത മസീഹും സ്വലാത്തും

## വിശുദ്ധ ഖുർആനിൽ നിന്ന്



'മനുഷ്യരേ, നിങ്ങളുടെ നാഥനെ സൂക്ഷിച്ചുകൊള്ളുക. ആ നിശ്ചിത സമയത്തെ പ്രകമ്പനം ഒരു ഭയങ്കര സംഭവം തന്നെയാണ്. നിങ്ങൾ അത് കാണുന്ന നാളിൽ മുല കൊടുക്കുന്ന എല്ലാ മാതാക്കളും അവർ മുലയൂട്ടുന്ന ശിശുക്കളെ വിസ്മരിച്ചുപോകും. എല്ലാ ഗർഭിണികളും തങ്ങളുടെ ഗർഭം പ്രസവിച്ചുപോകും. ജനങ്ങളെ മത്തു പിടിച്ചവരായി നിനക്ക് കാണാം. യഥാർഥത്തിൽ അവർ മത്തുപിടിച്ചവരായിരിക്കില്ല. അല്ലാഹുവിന്റെ ശിക്ഷ കഠിനമാണ്.' **(22:2–3)**

## നബിവചനം



ഖിയാമത്തു നാളിൽ അല്ലാഹു ഭൂമിയെ കൈയിലെടുക്കും. ആകാശത്തെ വലത് കൈയിൽ ചുരുട്ടിപ്പിടിക്കുകയും ചെയ്യും. എന്നിട്ട് അവൻ ചോദിക്കും "ഞാനാണ് രാജാവ്. ഭൂമിയിലെ രാജാക്കന്മാർ എവിടെ?" **(ബുഖാരി, മുസ്‌ലിം)**

## വാഗ്ദത്ത മസീഹിന്റെ വചനം



### സർവനാശത്തിന്റെ കാലം

മനുഷ്യനുണ്ടായ നാൾ മുതൽ നാളിതുവരെ സംഭവിച്ചിട്ടില്ലാത്ത വിധം അത്യന്തം ഭയങ്കരമായ നാശം ഭൂമുഖത്തുണ്ടാകാൻ പോകുന്നു. അധികമായ സ്ഥലങ്ങളും അവിടങ്ങളിൽ ഒരിക്കലും ജനവാസം ഉണ്ടായിട്ടില്ലെന്ന് തോന്നുമാറുള്ള തരത്തിൽ അടിമേൽമറിഞ്ഞുപോകും... ഖിയാമത്തിന്റെ കാഴ്ച ലോകം കാണുന്നതാണ്. ഭയങ്കരമായ വിപത്തുകൾ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും വെളിപ്പെടും. ആകയാൽ പശ്ചാത്തപിച്ച് മാനസാന്തരപ്പെടുന്നവർക്ക് അഭയവും രക്ഷയും ലഭിക്കും.

അല്ലയോ യൂറോപ്പേ, നീ രക്ഷയിലല്ല! അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല! ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമിതമായ ഒരു ദൈവവും അന്നാളിൽ നിങ്ങളെ സഹായിക്കുകയില്ല! മഹാനഗരങ്ങൾ മറിഞ്ഞുവീഴുന്നതായി ഞാൻ കാണുന്നു. ജനബാഹുല്യമുള്ള ദേശങ്ങൾ ജനശൂന്യങ്ങളായി ഭവിക്കുന്നതും ഞാൻ കാണുന്നു. ഈ രാജ്യത്തിന്റെ അവധിയും സംഭവിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പിൽ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും. **(ഹഖീഖത്തുൽ വഹ്‌യ്, പേജ് 28)**

لا اله الا الله محمد رسول الله

# സത്യദൂതൻ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്‌ലാമിക പ്രസിദ്ധീകരണം

## ഉള്ളടക്കം


**4** യുഗശബ്ദം

**5** എഡിറ്റോറിയൽ


**6** ഖുത്ബ
**പ്രകൃതിദുരന്തങ്ങളിലെ ദൃഷ്ടാന്തം തിരിച്ചറിയുക**
ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)


**10** ലേഖനം
**ആണവദുരന്തം**
ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)


**13** ലേഖനം
**ടൂറിനിലെ തിരുവസ്ത്രം**
ആരിഫ് ഖാൻ, ലണ്ടൻ


**20** ലേഖനം
**ഖലീഫത്തുൽ മസീഹിന്റെ ടൂറിൻ തിരുവസ്ത്ര സന്ദർശനം**


**23** ലേഖനം
**ഇബ്നു ബത്ത്വൂത്ത: മഹാനായ സഞ്ചാരി**
ആരിഫ് മുനവ്വർ


**27** ലേഖനം
**വാഗ്ദത്ത മസീഹും സ്വലാത്തും**
ഗിഢീഖ് അശ്റഫ് അലി, മോഗ്രാൽ



**30** ലേഖനം
**അൽമീസാൻ അഥവാ സന്തുലനം**
ഡോ. ഔലാ റഹ്മാൻ


**33** ലേഖനം
**പാകിസ്താൻ പാസ്പോർട്ട് നാശത്തിലേക്കുള്ള പാസ്പോർട്ടോ?**
ആസിഫ് എം. ബാസിത്


**35** ലേഖനം
**വാഗ്ദത്ത പരിഷ്കർത്താവിനെക്കുറിച്ച് ഒരു വലിയുടെ പ്രവചനം**
നജ്മുദ്ദീൻ, ഐരാപുരം


**38** പംക്തി
**ലോകജാലകം**
അഫ്ഇദത്തുൽ സലാം വി.എം.


**39** കുറിപ്പുകൾ
**അപ്രതിരോധ്യവും അപ്രവചനീയവുമായ പ്രകൃതി ദുരന്തങ്ങൾ**
മുസാഫിർ



**The Sathyadoothan Monthly**

2011 ഏപ്രിൽ
ഹി.ശ.1390 - ശഹാദത്ത്
1432 റ.അവ്വൽ - റ.ആഖർ
പുസ്തകം 83 ലക്കം 4
വില 20 രൂപ



ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ: 9497343704**

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ: 8907182933**
Email-salimqld@yahoo.in

മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ: 8089574250**

**വിലാസം**

സത്യദൂതൻ
മസ്ജിദ് ഉമർ
സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്,
കൊച്ചി - 682018
email-sathyadoothan1@gmail.com



Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-at at Anaswara Offset, Ernakulam
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman

# കിടിലം കൊള്ളിക്കുന്ന പ്രകമ്പനങ്ങൾ

ഹദ്റത്ത് അഹ്മദ് (അ)



"അല്ലാഹുവിന്റെ വഹ്‌യിൽ ഭൂകമ്പങ്ങളെ പറ്റി അടിക്കടി പറയപ്പെട്ടിരിക്കുന്നു. ഖിയാമത്തിന്റെ മാതൃകയിലുള്ള ഭൂകമ്പങ്ങൾ ആയിരിക്കുമെന്നും വിവരിച്ചിരിക്കുന്നു. വിശുദ്ധ ഖുർആൻ 99-ാം അധ്യായം (സൂറ: അസ്സിൽസാൽ) തുടക്കത്തിൽ വിവരിച്ചത് പോലുള്ള ഭൂകമ്പമാണ് ഖിയാമത്തിന്റെ മാതൃകയിലുള്ള ഭൂകമ്പം. ഇത് സാധാരണ ഭൂകമ്പം അല്ലാതിരിക്കാൻ സാധ്യതയുണ്ട്. ഖിയാമത്തിന്റെ ദൃശ്യം അവതരിപ്പിക്കുന്ന മറ്റെന്തെങ്കിലും ഭയങ്കരമായ വിപത്ത് ആയിരിക്കുകയും ചെയ്യാം. അത്തരം ഒരു വിപത്ത് ഈ കാലം കണ്ടിരിക്കുകയില്ല. ജീവനും കെട്ടിടങ്ങൾക്കും ഭയങ്കര നാശം സംഭവിക്കും. അത്തരം അസാധാരണമായ അടയാളം വെളിപ്പെടാതിരിക്കുകയും ജനങ്ങൾ സ്വയം സംസ്കരണത്തിന് തയ്യാറാകാതിരിക്കുകയുമാണെങ്കിൽ ഞാൻ ഒരു കള്ളവാദി തന്നെയായിരിക്കും. ദൈവം ഭൂകമ്പം എന്ന പദം കൊണ്ട് വ്യവച്ഛേദിച്ചിരിക്കുന്ന ഈ ഭയങ്കരമായ വിപത്ത് മതപരമായ ഭിന്നിപ്പിന്റെ കാരണമായി ആരുടെയെങ്കിലും മേൽ ആപതിക്കുന്നതല്ല. ഹിന്ദുവോ, കൃസ്ത്യാനിയോ ആയതിന്റെ പേരിലും ഈ വിപത്ത് ഇറങ്ങുകയില്ല. ആരെങ്കിലും എന്റെ അനുയായി വൃന്ദത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ സംഭവിക്കുന്നതുമല്ല. ഇവരെല്ലാം ഈ അസ്വാസ്ഥ്യത്തിൽ നിന്നും മുക്തരാകുന്നു. ഏതെങ്കിലും മതവുമായി ബന്ധപ്പെട്ടവരായിരിക്കെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സ്വഭാവക്കാരും ചതിയിലും വഞ്ചനകളിലും മുഴുകിയവരും വ്യഭിചാരിയും കൊലയാളിയും കള്ളനും ദ്രോഹിയും ദുർഭാവനക്കാരനും ദുർഭാഷിയും ദുർവൃത്തനും ആരോ അവരും അതിനെതൊട്ട് പേടിക്കേണ്ടതാകുന്നു. അവർ പശ്ചാത്തപിച്ച് പിന്മാറുന്നുവെങ്കിൽ അവർക്കും വ്യസനിക്കേണ്ടിവരില്ല. നന്മ പ്രവർത്തിക്കുന്നവരും സദ്‌വൃത്തരുമാണെങ്കിൽ ഈ വിപത്ത് ഒഴിഞ്ഞുപോകാവുന്നതാണ്." (ബറാഹീൻ. പേജ് 120)

"ഇത് എപ്പോഴാണ് സംഭവിക്കുക? കുറച്ച് നാളുകൾക്കുള്ളിലോ കുറച്ച് ആഴ്ചകൾക്കുള്ളിലോ കുറച്ച് മാസങ്ങൾക്കുള്ളിലോ കുറച്ച് കൊല്ലങ്ങൾക്കുള്ളിലോ എന്ന് എന്നോട് പറയപ്പെട്ടിട്ടില്ല. അടുത്തോ അകലത്തോ എപ്പോൾ അത് സംഭവിച്ചാലും അത് ഒരു ഭൂകമ്പമോ മറ്റേതെങ്കിലുമോ ആയാലും അത് അതിന്റെ കാഠിന്യത്തിൽ ഭയാനകം തന്നെയായിരിക്കും. എന്റെ സഹജീവികളായിട്ടുള്ളവരോടുള്ള അഗാധമായ അനുകമ്പ കാരണം ഞാൻ നിർബന്ധിതനായിത്തീർന്നിട്ടില്ലെങ്കിൽ ഞാനിത് പറയുമായിരുന്നില്ല. അതുകൊണ്ട് കേട്ട്കൊണ്ടാലും: ഞാനിതാ നിങ്ങൾക്ക് മുന്നറിയിപ്പ് നൽകിക്കഴിഞ്ഞിരിക്കുന്നു; ഭൂമിയിതാ കേൾക്കുന്നു. സദ്‌വൃത്തിയിൽ നിന്ന് ആർ വ്യതിചലിക്കുന്നുവോ അകൃത്യങ്ങളിലേയ്ക്ക് ചാഞ്ഞിരിക്കുന്നുവോ ഭൂമിയെ തന്റെ പാപങ്ങളാൽ പങ്കിലമാക്കുന്നുവോ അവൻ പിടിക്കപ്പെടും. തന്റെ കോപം ഭൂമിയിൽ പതിക്കാൻപോകുന്നതായി സർവശക്തൻ താക്കീത് ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ, ഭൂമിയിൽ പാപവും തിന്മയും നിറഞ്ഞിരിക്കുന്നു. പൂർവപ്രവാചകന്മാർ ദീർഘദർശനം ചെയ്തതിൻവണ്ണം അന്ത്യം അടുത്തിരിക്കുന്നതായി അറിഞ്ഞുകൊൾവിൻ. എന്നെ അയച്ചിരിക്കുന്നവനെ സാക്ഷിയാക്കികൊണ്ട് ഞാനിതാ പറയുന്നു. ഇതെല്ലാം ദൈവത്തിൽ നിന്നുള്ള അറിയിപ്പുകളത്രെ; എന്നിൽ നിന്നുള്ളതല്ല. എന്റെ ഈ മുന്നറിയിപ്പുകൾ കുറേയെല്ലാം ശ്രദ്ധിച്ചുവെങ്കിൽ ഹാ, എത്ര നന്നായിരുന്നു! എങ്കിൽ ലോകം നാശത്തിൽ നിന്ന് രക്ഷപ്പെടുമായിരുന്നു. മനുഷ്യരെ ഭ്രാന്തരാക്കിക്കളയുന്ന ആ നാളുകൾ ഇതാ അടുത്തിരിക്കുന്നു. നിർഭാഗ്യവാനായ ബുദ്ധിഹീനർ പറയുന്നു. ഇതെല്ലാം കള്ളമാണെന്ന്. സൂര്യൻ ഉദിക്കാറായിരിക്കെ അവർ ഉറക്കത്തിലായിരിക്കുന്നതെന്തേ?" ('അൽ ഇൻദാർ' 1905)

"ആകാശത്തിലാകെയും ഘോരാരവങ്ങളാണ്; എന്നാൽ നിങ്ങൾ അതറിയുന്നില്ല. പകൽ പ്രകാശപൂർണമായിരുന്നു. എന്നാൽ മേഘപടലങ്ങളാൽ അന്തരീക്ഷങ്ങൾ കനത്തുപോയി. കുറച്ചുനാളുകൾക്ക് ശേഷം ഒരു ദൃഷ്ടാന്തം വെളിപ്പെടുന്നതാണ്. അത് മൂലം ഗ്രാമങ്ങളും നഗരങ്ങളും സമതലങ്ങളുമെല്ലാം അടിമേൽ മറിഞ്ഞുപോകും. ദൈവത്തിന്റെ ക്രോധംമൂലം സൃഷ്ടിജാലങ്ങളിൽ ഒരു വിപ്ലവം സംഭവിക്കുന്നതാണ്. വിവസ്ത്രനായ ഒരാൾക്ക് തന്റെ കൗപീനം ധരിക്കുവാൻ പോലും സമയം കിട്ടുകയില്ല. ഒരു ഭൂകമ്പം പെട്ടെന്ന് മനുഷ്യരെയും വൃക്ഷങ്ങളെയും പാറകളെയും സമുദ്രങ്ങളെയും കുലുക്കിക്കളയുകയും ഒരു ഇമവെട്ടിന്നിടയിൽ ഭൂമി അടിമേൽ മറിയുകയും വേലിയേറ്റങ്ങൾപോലെ രക്തപ്പുഴയൊഴുകുകയും ചെയ്യും. മുല്ലപ്പൂപോലുള്ള തൂവെള്ള വസ്ത്രങ്ങൾ രാത്രിയിൽ അണിഞ്ഞവർ രക്താഭമായ വസ്ത്രങ്ങളുമായി ഉറക്കമുണരും. മനുഷ്യരും ജനങ്ങളും ബോധമറ്റവരായി മാറും. കുയിലുകളും രാപ്പാടികളും പാട്ടുമറക്കും. എല്ലാ യാത്രക്കാർക്കും ആ മുഹൂർത്തം കഠിനതരമായിരിക്കും. സഞ്ചാരികൾ പ്രാണസങ്കടത്താൽ തന്നത്താനറിയാതെ സ്വയം വഴിമറക്കുകയും ചെയ്യും. മരിച്ചുവീഴുന്നവരുടെ ചോരയിൽ പുഴകളിലെ വെള്ളം ചെമന്ന വീഞ്ഞുപോലെ രക്താഭമായിത്തീരും.... ആ ദൈവീകദൃഷ്ടാന്തം രോഷപ്രകടനത്തിന്റെ ഒരു മാതൃകയായിമാറും. ആകാശം അതിന്റെ ഊരിപ്പിടിച്ച കഠാരയുമായി ഭൂമിയെ ആക്രമിക്കും. ഓ വിവരം കെട്ടവനേ, നീ എന്നെ നിഷേധിക്കുന്നതിന് ധൃതിപ്പെടരുത്. ഈ ദൃഷ്ടാന്തങ്ങളുടെ പൂർത്തീകരണത്തെയാണ് എന്റെ സത്യം ആശ്രയിച്ചിരിക്കുന്നത്. ഇതെല്ലാം സത്യദൈവത്തിൽ നിന്നുള്ള വെളിപാടുകളത്രെ. അവ തെറ്റാതെ പുലരുക തന്നെ ചെയ്യും."

(ബറാഹീൻ 5-ാം ഭാഗം, പേജ് 120)

എഡിറ്റോറിയൽ

# പ്രകൃതിദുരന്തങ്ങളിലെ ആത്മീയപാഠം

**ഭൂമി ശക്തമായി പ്രകമ്പനം ചെയ്യപ്പെടുകയും ഭൂമി അതിന്റെ ഭാരങ്ങൾ പുറന്തള്ളുകയും അതിനെന്ത് സംഭവിച്ചുവെന്ന് മനുഷ്യൻ ചോദിക്കുകയും ചെയ്യുമ്പോൾ (99:2–4) നിറക്കപ്പെട്ട സമുദ്രത്തെകൊണ്ട് സത്യം, തീർച്ചയായും നിന്റെ നാഥന്റെ ശിക്ഷ സംഭവിക്കുക തന്നെ ചെയ്യും. അതിനെ തട്ടിനീക്കാൻ ആരുമില്ല (52:7–9). ആ നിശ്ചിതസമയത്തെ പ്രകമ്പനം ഒരു ഭയങ്കര സംഭവം തന്നെയാണ് (22:2)**

വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട ഖിയാമത്തിനെ അനുസ്മരിപ്പിക്കുന്ന പ്രകൃതിദുരന്തത്തിനാണ് ഹൈടെക് ജീവിതസമൃദ്ധിയിലും മനുഷ്യനിർമിത ഭൗതികപ്രതാപത്തിലും വിരാജിക്കുന്ന ജപ്പാൻ സാക്ഷ്യം വഹിച്ചത്. 2011 മാർച്ച് 11ന് വെള്ളിയാഴ്ച ഉച്ചക്ക് ജപ്പാനിൽ സംഭവിച്ച ഭൂകമ്പവും സുനാമിയും മനുഷ്യന്റെ നിസ്സാരതയും നിസ്സഹായതയും ബോധ്യപ്പെടുത്തുന്നതായിരുന്നു. ഭൂകമ്പത്തെ തുടർന്നുണ്ടായ സുനാമിയിൽ അവിടുത്തെ ആണവ നിലയങ്ങളിലുണ്ടായ ചോർച്ച ഈ ദുരന്തത്തെ ഭയാനകമായൊരു ആഗോള ദുരന്തമാക്കി മാറ്റിയിരിക്കുന്നു. ഈ അവസരത്തിൽ ലോകത്തെ പൊതുവെ ബാധിച്ച ദൈവവിസ്മൃതിയെയും മാർഗഭ്രംശത്തെയും അഭിസംബോധന ചെയ്ത് കൊണ്ട് ദൈവനിയുക്തനായ വാഗ്ദത്ത മഹ്ദി മസീഹ് ഹദ്റത്ത് അഹ്മദ് (അ) പറഞ്ഞ വാക്കുകൾക്ക് പ്രസക്തിയേറുന്നു.

“...ആ നാളുകൾ അടുത്തുവരുന്നു. അല്ല അവ പടിവാതിൽക്കൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഒരു മഹാപ്രളയത്തിന്റെ കാഴ്ച ലോകം കാണുന്നതാണ് ഭൂകമ്പങ്ങൾ മാത്രമല്ല ഭയങ്കരമായ മറ്റു വിപത്തുകളും ആകാശത്ത് നിന്ന് വെളിപ്പെടും. ഇതെല്ലാം സംഭവിക്കുന്നത് മനുഷ്യൻ ദൈവത്തെ മറന്ന് ഭക്തിമാർഗത്തെ ഉപേക്ഷിക്കുകയും അവർ മുഴുമനസ്സാലെ ലൗകികതയിൽ തന്നെ പതിക്കുകയും ചെയ്തതിനാലത്രെ... അല്ലയോ യൂറോപ്പേ, നീ രക്ഷയിലല്ല!. അല്ലയോ ഏഷ്യാ നീയും രക്ഷയിലല്ല! ഹേ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമിതമായ ഒരു ദൈവവും ആ നാളിൽ നിങ്ങളെ സഹായിക്കയില്ല! (ഹഖീഖത്തുൽ വഹ്യ്).

ആകാശഗോളങ്ങളുടെ വിന്യാസം, ഭൂമിയുടെ ഭ്രമണം, ഭൂമിയുടെ പരിക്രമണം, രാപകലുകളുടെ മാറ്റങ്ങൾ, ഭൂഫലകങ്ങളുടെ ചലനങ്ങൾ, ഋതുഭേദങ്ങൾ എന്നീ ചലനാത്മകമായ പ്രാപഞ്ചിക പ്രതിഭാസങ്ങളിലോ അതിന്റെ നിയമങ്ങളിലോ മൂലപദാർഥങ്ങളുടെ സൃഷ്ടിപ്പിലോ മനുഷ്യന്റെ ബലഹീനമായ കരങ്ങൾക്ക് യാതൊരു പങ്കുമില്ല. വിശുദ്ധ ഖുർആൻ ചോദിക്കുന്നു: **ഭൂമിയിലുള്ള വസ്തുക്കളിൽ നിന്ന് അവരെന്താണ് സൃഷ്ടിച്ചിട്ടുള്ളതെന്ന് എനിക്ക് കാണിച്ചുതരിക. ആകാശങ്ങളുടെ സൃഷ്ടിപ്പിൽ അവർക്ക് വല്ല പങ്കുമുണ്ടോ? (35:41)** തികച്ചും ദൈവത്തിന്റെ കരങ്ങൾ കൊണ്ട് രൂപകൽപന ചെയ്ത് സൃഷ്ടിക്കുകയും അവന്റെ നിയന്ത്രണത്തിൽ വർത്തിക്കുകയും ചെയ്യുന്നതാണ് പ്രപഞ്ചം.

ദൈവം തന്റെ സ്വന്തം പ്രതിഛായയാകാൻ സൃഷ്ടിച്ച മനുഷ്യന് വേണ്ടിയാണ് ഈ പ്രപഞ്ചം ഒരുക്കിയിരിക്കുന്നത് പ്രപഞ്ചത്തിന്റെ സർവസാരം മനുഷ്യനാണ്. ദൈവികഗുണങ്ങൾ സ്വാംശീകരിച്ച് മനുഷ്യൻ ഉന്നതിയിലേക്കുയരാൻ ദൈവം ആഗ്രഹിക്കുന്നു. ഇതിനായി അവൻ പ്രവാചകന്മാരിലൂടെ ലോകത്തിന് ധാർമികനിയമങ്ങളും സമർപ്പിച്ചിട്ടുണ്ട്. ആ ധാർമിക നിയമങ്ങളും പ്രപഞ്ചവും ദൈവത്തിന്റെ സൃഷ്ടികളാണ്. അവ രണ്ടിനും തമ്മിൽ അദൃശ്യമായ ഒരു സമീകരണവും പൊരുത്തവുമുണ്ട്. മനുഷ്യൻ ദൈവത്തിന്റെ ഇച്ഛക്കെതിരെ ധാർമിക വിരുദ്ധമായ ഒരു ജീവിതം നയിക്കുമ്പോൾ മനുഷ്യനും പ്രകൃതിയുമായുള്ള ഈ സാമഞ്ജസ്യത്തിൽ ക്ഷോഭങ്ങളും പ്രകമ്പനങ്ങളുമുണ്ടാകും. മറ്റു ഭൗതികനിയമങ്ങളെപ്പോലെ പ്രകൃതിയിൽ ലീനമായ ഈ അദൃശ്യ ധാർമിക നിയമം പ്രവാചകന്മാർ മനുഷ്യസമൂഹത്തിൽ സമർപ്പിച്ചതും അനുഭവങ്ങളിലൂടെ ലോകത്തിന് ബോധ്യപ്പെട്ടതുമാണ്. മനുഷ്യന്റെ അകൃത്യങ്ങൾ മൂലം പ്രകൃതിക്ഷോഭങ്ങൾ ശിക്ഷയുടെ രൂപത്തിൽ സംഹാരതാണ്ഡവമാടുന്നതിന് മുമ്പേ മനുഷ്യൻ മറന്നുപോകുന്ന ഈ സനാതന നിയമം കാരുണ്യവാനായ അല്ലാഹു പ്രവാചകന്മാരെ അയച്ച് ഓർമിപ്പിക്കുമെന്ന് വിശുദ്ധ ഖുർആൻ പറയുന്നു. **ഒരു ദൂതനെ അയക്കുന്നത് വരെ നാം ശിക്ഷിക്കാറില്ല (17:16)** ഈ കാലഘട്ടത്തോടുള്ള താക്കീത് വാഗ്ദത്ത മസീഹിലൂടെ ലോകം ശ്രവിച്ചുകഴിഞ്ഞു. ഇനി തീരുമാനം ജനങ്ങളുടേതാണ്. അല്ലാഹു ഉപദേശിക്കുന്നു **‘നിങ്ങൾ ഓർക്കാതിരിക്കെ പെട്ടെന്ന് നിങ്ങൾക്ക് ശിക്ഷ വരുന്നതിന് മുമ്പേ നിങ്ങളുടെ നാഥനിൽ നിന്ന് അവതരിക്കപ്പെട്ട ഏറ്റവും നല്ലതിനെ നിങ്ങൾ പിന്തുടർന്നു കൊള്ളുക (39:56).**

# പ്രകൃതിദുരന്തങ്ങളിലെ ദൃഷ്ടാന്തം തിരിച്ചറിയുക

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു)
ഖലീഫത്തുൽ മസീഹ്



(18 – 03 – 2011 ന് ഖലീഫത്തുൽ മസീഹ് ബൈത്തുൽ ഫുതൂ ഹിൽ (ലണ്ടൻ)വെച്ച് നിർവ്വഹിച്ച ജുമുഅ ഖുത്വ്ബയുടെ സംഗ്രഹം.)

ആകാശത്ത് നിന്നും ഭൂമിയിൽ നിന്നും ദുരന്തങ്ങൾ സംഭവിക്കുമ്പോൾ ദൈവ ഭക്തന്മാർ നാളെ അത് തങ്ങളെയും ബാധിക്കുമെന്ന് ആശങ്കപ്പെടുന്നു. തങ്ങളുടെ ഏതെങ്കിലും ചെയ്തികൾ ദൈവ കോപം ക്ഷണിച്ചുവരുത്തുമോ എന്നവർ ആശങ്കപ്പെടുന്നു. അല്ലാഹു പറയുന്നു: '(അവർ) തങ്ങളുടെ നാഥനെക്കുറിച്ചുള്ള ഭയം നിമിത്തം വിറകൊള്ളുന്നവരും തങ്ങളുടെ നാഥന്റെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുന്നവരും ആണ് (23:58–59)

എല്ലാ അവസ്ഥയിലും അല്ലാഹുവിൽ ശരണം തേടുന്ന അവർ ഏതെങ്കിലും ദുരന്തം വന്നു ഭവിക്കുമ്പോൾ അവനെ സ്മരിക്കുകയും ദുരന്തമൊഴിഞ്ഞാൽ അവനെ വിസ്മരിക്കുകയും ചെയ്യുന്നവരല്ല. കാലാവസ്ഥാ ദുരന്തമോ പ്രകൃതിക്ഷോഭമോ കാണുമ്പോൾ കൂടുതലായി അവർ അല്ലാഹുവിലേക്ക് തിരിയുന്നു.

എല്ലാകാലത്തേക്കുമുള്ള നമ്മുടെ സമ്പൂർണ മാതൃകയാണ് റസൂൽ തിരുമേനി(സ). ഇത്തരം അവസ്ഥകളിൽ അവിടന്ന് എന്താണ് ചെയ്തതെന്ന് ഹദ്റത്ത് ആയിശ(റ) നിവേദനം ചെയ്തിട്ടുണ്ട്. ശക്തിയായ കാറ്റ് വീശുമ്പോൾ അവിടന്ന് ഇപ്രകാരം ദുആ ചെയ്യുമായിരുന്നു: 'അല്ലാഹുവേ, ഇതിൽ അടങ്ങിയിരിക്കുന്ന ബാഹ്യവും ആന്തരികവുമായ എല്ലാ നന്മകളും ഞാൻ കാംക്ഷിക്കുന്നു. ഇതിലെ ബാഹ്യവും ആന്തരികവുമായ എല്ലാ തിന്മകളിൽ നിന്നും ഞാൻ അഭയം തേടുന്നു. ആകാശം മേഘാവൃതമായാൽ തിരുദൂതരു(സ) ടെ മുഖം വിവർണമാകുമായിരുന്നു. വീട്ടിൽ നിന്ന് വെളിയിലേക്കും വെളിയിൽ നിന്ന് വീട്ടിലേക്കും അവിടന്ന് അസ്വസ്ഥതയാടെ നടക്കുകയും ചെയ്യുമായിരുന്നു. ആയിശ(റ) അതിന് കാരണമാരാഞ്ഞപ്പോൾ അവിടന്ന് അരുളി: 'ആയിശാ, ഇത് ആദിന്റെ ശിക്ഷ കൊണ്ടുവന്ന മേഘത്തെപോലെയാണെങ്കിലോ? മഴവർഷിക്കുമെന്ന് അവർ കരുതിയ മേഘം ഘോരശിക്ഷയുമായാണ് വന്നത്'. അതാണ് ഭയഭക്തിയുടെ പ്രകടനം. റസൂൽ തിരുമേനി(സ) എല്ലാ വിപത്തുകളിൽ നിന്നും സുരക്ഷാ വാഗ്ദാനമുള്ള പുണ്യാത്മാവുമാണ്. വിജയവും ഐശ്വര്യവും അവിടത്തേക്ക് വാഗ്ദാനം ചെയ്യപ്പെട്ടതാണ്. അവിടത്തെ സാന്നിധ്യത്തിൽ യാതൊരു ദുരന്തവും മുസ്‌ലിംകളെ ബാധിക്കില്ല എന്നും തിരുദൂതർക്കറിയാമായിരുന്നു. ഏതൊരു കൊടുങ്കാറ്റും തിരുമേനിക്കനുഗ്രഹമായി പരിണമിക്കുമെന്നും അറിയാമായിരുന്നു. ബദറിലും ഖന്തക്കിലുമുണ്ടായ പ്രയാസങ്ങളുടെ കൊടുങ്കാറ്റെല്ലാം ശത്രുക്കളുടെ നാശത്തിലും നിന്ദ്യതയിലുമാണ് കലാശിച്ചത്. എന്നിട്ടും ആ പുണ്യാത്മാവ് അസ്വസ്ഥചിത്തനായിരുന്നു. ദുരന്തങ്ങൾ കാരണം ജനതകൾ ഉന്മൂലനം ചെയ്യപ്പെട്ടേക്കുമോ എന്ന ആശങ്കയായിരുന്നു അവിടത്തെ മഥിച്ചത്.

ചിലരുടെ അഹങ്കാരവും അല്ലാഹുവിന്റെ ശക്തിപ്രതാപത്തെ തിരിച്ചറിയാത്തതും കാരണം മുഴുസമൂഹത്തിനും നാശം ഭവിക്കുമോ എന്നായിരുന്നു റസൂൽതിരുമേനി (സ)യുടെ ആശങ്ക. അല്ലാഹു പറയുന്നു: 'അതിനാൽ നീയും നിന്നോടൊപ്പം (അല്ലാഹുവിലേക്ക്) തിരിഞ്ഞവരും നിന്നോട് ശാസിക്കപ്പെട്ട പ്രകാരം (നേർവഴിയിൽ) ഉറച്ച് നില്ക്കുക. നിങ്ങൾ പരിധികൾ ലംഘിക്കരുത്'. (11:113).

മുഅ്മിനീങ്ങളോടായിരുന്നു അതിരുലംഘിക്കാതിരിക്കാൻ കല്പിക്കപ്പെട്ടത്. അവരുടെ തൗബ യഥാർഥ തൗബയായിരിക്കണം. കാരണം വിശ്വാസികളുടെ പ്രവർത്തനവൈകല്യം ദുരന്തങ്ങൾ ക്ഷണിച്ചുവരുത്തുമോ എന്നായിരുന്നു തിരുദൂതരു(സ)ടെ ഭയം. മുഅ്മിനിന്റെ തൗബ യഥാർഥതൗബയാണ്. അത് സ്ഥൈര്യമുള്ളതാണ്. അല്ലാഹു പറയുന്നു: 'മേഘങ്ങൾ പോലെയുള്ള തിരമാലകൾ അവരെ മൂടിയാൽ ആരാധന അല്ലാഹുവിന് മാത്രമാക്കികൊണ്ട് അവർ അവനെ വിളിച്ചു പ്രാർഥിക്കുന്നു. എന്നിട്ട് അവരെ കരയിലേക്ക് അവൻ രക്ഷപ്പെടുത്തിയാൽ അവരിൽ ചിലർ മിതത്വം പാലിക്കുന്നവരായിരിക്കും. മഹാവഞ്ചകനും നന്ദികെട്ടവനുമല്ലാതെ നമ്മുടെ ദൃഷ്ടാന്തങ്ങളെ മറ്റാരും നിഷേധിക്കുകയില്ല (31:33)

ദുരന്തങ്ങളിൽ നിന്ന് വിമുക്തനായാലും സത്യവിശ്വാസിയുടെ ചുണ്ടിൽ 'അല്ലാഹു, അല്ലാഹു'എന്ന് തന്നെയായിരിക്കും. നന്ദികെട്ടവനാകട്ടെ ദൈവത്തെ വിസ്മരിച്ച് കുറ്റകൃത്യങ്ങളുടെ ലോകത്തേക്ക് തന്നെ പോകുന്നു. തങ്ങൾക്കുണ്ടാകുന്ന ദുരന്തങ്ങളിൽ മാത്രമല്ല മുഅ്മിനീങ്ങൾ അസ്വസ്ഥരാകുന്നത്. മറിച്ച് റസൂൽ തിരുമേനി(സ)യുടെ മാതൃകയിൽ കാണുന്നത് പോലെ അന്യരുടെ ദുരിതങ്ങളിലും നാം അസ്വസ്ഥരാകേണ്ട




താണ്. പക്ഷേ മഹാഭൂരിപക്ഷവും അങ്ങനെയല്ല. ഭൂതകാലത്തിൽ നടന്നത് പോലെയുള്ള മഹാദുരന്തങ്ങളാണ് ഇന്ന് നമ്മുടെ മുന്നിൽ അരങ്ങേറുന്നത്.

കാലാവസ്ഥാവ്യതിയാനവും ആകാശീയവും ഭൗമികവുമായ ദുരന്തങ്ങളും പ്രകൃതിനിയമങ്ങൾക്കനുസൃതമായ രീതിയിലാണ് പ്രവർത്തിക്കുക എന്നത് ശരിതന്നെ. ഭൂഫലകങ്ങളുടെ ചലനങ്ങളാണ് ഭൂകമ്പങ്ങളുണ്ടാക്കുന്നത്. ന്യൂസിലാന്റ്, ജപ്പാൻ മുതലായ ദ്വീപസമൂഹങ്ങൾ ഭൂകമ്പസാധ്യതയുള്ള അപഭ്രംശ മേഖലയിലാണെന്ന കാര്യവും ശരിതന്നെ. പക്ഷേ ഇതിനെയെല്ലാം ചൂഴ്ന്നു നിൽക്കുന്നതാണ് അല്ലാഹുവിന്റെ ഖുദ്റത്ത്. അതിനെക്കുറിച്ച് ഭയമില്ലാത്ത വിദ്യാസമ്പന്നർ ചിന്തിക്കേണ്ടിയിരിക്കുന്നു. ഈ ഭൂകമ്പങ്ങളുടെ ആധിക്യത്തിന്റെ പശ്ചാത്തലത്തിൽ ഇക്കാലത്ത് അവതീർണനായ ദൈവത്തിന്റെ വരിഷ്ടദാസൻ ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രവചനം നടത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ട സമയമാണിത്.

കുറച്ച് മുമ്പ് ഘാനയിലെ നമ്മുടെ ഒരു മുബല്ലിഗ് മൗലാനാ തൗസീം ബസീർ സാഹിബ് പ്രചാരണം നടത്തിക്കൊണ്ടിരിക്കുമ്പോൾ ഉലമാക്കന്മാർ എതിർക്കുകയും മസീഹ് ആഗതനാകുമ്പോഴുള്ള അടയാളം ഭൂമികുലുക്കമാണെന്നും താങ്കളുടെ മസീഹ് സത്യവാദിയാണെങ്കിൽ ഭൂകമ്പത്തിന്റെ അടയാളം കാട്ടിത്തരിക എന്നും പറഞ്ഞു. ഘാന പൊതുവെ ഭൂകമ്പരഹിതമായ പ്രദേശമാണ്. അങ്ങനെ അദ്ദേഹം ദുആ ചെയ്തു. തദ്ഫലമായി അവിടെ ഭൂകമ്പമുണ്ടായി. ജനങ്ങൾ ആശങ്കാകുലരാകുകയും അനഹ്മദി മുസ്‌ലിംകളിൽ നിന്നും ക്രിസ്തുമതത്തിൽ നിന്നും ധാരാളം ആളുകൾ അഹ്മദിയ്യത്തിൽ പ്രവേശിക്കുകയും ചെയ്തു. ചുരുക്കത്തിൽ വാഗ്ദത്ത മസീഹിന്റെ കാലത്ത് ഭൂകമ്പങ്ങൾ ഒരു ദൃഷ്ടാന്തമായി പറയപ്പെട്ടിട്ടുണ്ട്. വാഗ്ദത്ത മസീഹ്(അ) തന്റെ വാദവുമായി ബന്ധപ്പെടുത്തിയും ഇത് പറഞ്ഞിട്ടുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു: 'ദുരന്തങ്ങളെക്കുറിച്ച് എനിക്ക് അറിയിക്കപ്പെട്ട കാര്യങ്ങൾ ഇതാണ്. എല്ലാഭാഗത്തും മരണം വലവീശുന്നതാണ്. ഭൂകമ്പങ്ങൾ വരും, കാഠിന്യത്തോടെ വരും. അവ ഖിയാമത്തിന്റെ അടയാളമായിരിക്കും. ഭൂമിയെ കീഴ്മേൽ മറിക്കുന്നതാണ്. ഒരുപാട് പേരുടെ ജീവിതം ദുരന്തപൂർണമായിത്തീരും. തൗബ ചെയ്യുകയും തങ്ങളുടെ പാപങ്ങളിൽ നിന്ന് വിട്ടൊഴിയുകയും ചെയ്യുന്നവരുടെ മേൽ അല്ലാഹു കരുണ ചൊരിയുന്നതാണ്. ഇക്കാലഘട്ടത്തെക്കുറിച്ച് മുൻ കാല നബിമാർ പ്രവചനം ചെയ്തിട്ടുള്ള എല്ലാം തന്നെ പൂർത്തിയാവേണ്ടതുണ്ട്. എന്നാൽ തങ്ങളുടെ ഹൃദയങ്ങളെ സംശുദ്ധമാക്കുന്നവരും ദൈവാഭീഷ്ടത്തിന്റെ മാർഗങ്ങൾ കരഗതമാക്കുകയും ചെയ്യുന്നവർക്ക് യാതൊരുവിധ ഭയമോ വ്യസനമോ ഉണ്ടായിരിക്കുകയില്ല. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ട് പറഞ്ഞു: ''നീ എന്റെ പക്കൽ നിന്നുള്ള താക്കീത്കാരനാകുന്നു. കുറ്റവാളി സൽക്കർമിയിൽ നിന്നു വ്യതിരിക്തനായിത്തീരുവാൻ ഞാൻ നിന്നെ നിയോഗിച്ചിരിക്കുന്നു." മസീഹ് മൗഊദ് (അ) തുടരുന്നു:

'ലോകത്ത് ഒരു താക്കീത്കാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ ദൈവം അദ്ദേഹത്തെ സ്വീകരിക്കുകയും ശക്തിമത്തായ ആക്രമണങ്ങൾ മുഖേന അദ്ദേഹത്തിന്റെ സത്യതയെ ലോകത്ത് നിലനിർത്തുന്നതുമാണ്. ഞാൻ നിനക്ക് അനുഗ്രഹങ്ങളുടെ മേൽ അനുഗ്രഹം ചൊരിയുന്നതാണ്. ഏത് വരെയെന്നാൽ രാജാക്കന്മാർപോലും നിന്റെ വസ്ത്രത്തിൽ നിന്ന് അനുഗ്രഹം തേടും. തുടരുന്നു: 'ഭൂകമ്പങ്ങളുടെ അടിസ്ഥാനത്തിൽ ഇനിയൊരു വലിയ ഭൂകമ്പം ഉണ്ടാകുമെന്ന് വാർത്ത നൽകപ്പെട്ടിരിക്കുന്നു. ശേഷം വസന്തം വന്നു. ദൈവത്തിന്റെ വചനം വീണ്ടും പൂർത്തിയായി. അതിനാൽ ഭയാനകമായ ഒരു ഭൂകമ്പം വരേണ്ടതുണ്ട്. എന്നാൽ സച്ചരിതർ അതിൽ സുരക്ഷിതരായിരിക്കും. അതിനാൽ രക്ഷപ്പെടാനായി സച്ചരിതരായിത്തീരുക. തഖ്‌വ സ്വായത്തമാക്കുക. അന്നത്തെ ദിവസം ഭയചകിതമാകാതിരിക്കുവാൻ ഇന്ന് ദൈവത്തെ ഭയപ്പെടുക. തീർച്ചയായും ആകാശം ചിലത് പ്രകടമാക്കുന്നതാണ്. ഭൂമിയും ചിലത് കാണിക്കുന്നതാണ്. എന്നാൽ ദൈവത്തെ ഭയപ്പെടുന്നവർ രക്ഷിക്കപ്പെടുന്നതാണ്'. തുടരുന്നു. 'ദൈവത്തിന്റെ വചനം എന്നോട് പറയുന്നത് എന്തെന്നാൽ ഒരുപാട് സംഭവങ്ങൾ ഉണ്ടാവും. ധാരാളം വിപത്തുകൾ ഇറങ്ങും. അവയിൽ ചിലത് എന്റെ ജീവിതത്തിൽ പ്രകടമാവും. ചിലത് എനിക്ക് ശേഷവും. അവൻ ഈ പ്രസ്ഥാനത്തിന് പൂർണപുരോഗതി നൽകുന്നതാണ്. കുറച്ച് എന്റെ കാലത്തും കുറച്ച് എനിക്ക് ശേഷവും.'

കഴിഞ്ഞ നൂറ് വർഷത്തെ ഭൂകമ്പങ്ങൾ പൂർവകാല ഭൂകമ്പങ്ങളെയെല്ലാം കവച്ചുവെക്കുന്നതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ദൈവം ആവർത്തിച്ചാവർത്തിച്ച് അവന്റെ ദൃഷ്ടാന്തങ്ങൾ കാ ണിച്ചു. നമ്മുടെ വിശ്വാസത്തെ ഇത് ദൃഢീകരിക്കുന്നു. തനിക്ക് ശേഷം തന്റെ ദൃഷ്ടാന്തങ്ങൾ പ്രകടമാക്കിക്കൊണ്ടിരിക്കുമെന്നാണ് വാഗ്ദത്തമസീഹ് (അ) പറഞ്ഞത്. അതുകൊണ്ട് അക്കാര്യം നാം ലോകരെ ഉണർത്തേണ്ടതുണ്ട്.

ജപ്പാനിലുണ്ടായ ഭൂകമ്പത്തിലും സുനാമിയിലും ചില പട്ടണങ്ങൾ അതിലെ പതിനഞ്ചായിരം മുതൽ ഇരുപതിനായിരം വരെ ആളുകളടക്കം ഉന്മൂലനം ചെയ്യപ്പെട്ടതായി അറിയുന്നു. അവിടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. അഹ്മദിയ്യാ സന്നദ്ധസേവാസംഘം എന്നെ നേരിൽ ഫോൺ ചെയ്ത് അറിയിച്ചതാണീ വിവരം. തെരുവുകൾ കെട്ടിടങ്ങളടക്കം സുനാമിയിൽ ഒഴുകിപ്പോയി. ഭയഭക്തിയോടെ നമ്മുടെ യജമാനനായ റസൂൽ തിരുമേനി (സ)യുടെ പാത പിന്തുടർന്ന് ദുആ ചെയ്യേണ്ട സന്ദർഭമാണിത്.

ജപ്പാനിൽ നമ്മുടെ ഒരു ജമാഅത്തുണ്ട്. ഭൂകമ്പത്തെപറ്റിയുള്ള മുന്നറിയിപ്പുകൾ ജപ്പാൻ ജനതയിൽ കഴിയുന്നത്ര പരിശ്രമിച്ച് എത്തിക്കുക. വളരെ ഔചിത്യബോധത്തോടെയാണ് ഇത് നിർവഹിക്കേണ്ടത്. ഒരു ഭാഗത്ത് സൃഷ്ടിസേവനവും മുന്നേറിക്കൊണ്ടിരിക്കട്ടെ. നമ്മുടെ ദുരിതാശ്വാസപ്രവർത്തനങ്ങൾ ഇസ്‌ലാമിന്റെ പുനരാധ്യാപനങ്ങളായി അവർ മനസ്സിലാക്കേണ്ടതുണ്ട്. ഈ ബന്ധം സ്ഥായിയായി നിലനിർത്താനും നാം ശ്രമിക്കുക.

ജപ്പാൻകാർ ഷിന്റോ മതക്കാരും അതിൽ അഭിമാനിക്കുന്നവരുമാണ്. ബുദ്ധമതസ്ഥരുമുണ്ട്. ചില ഗവേഷകന്മാരുടെ അഭിപ്രായത്തിൽ രണ്ട് മതങ്ങളേയും സമന്വയിപ്പിച്ചാണ് അവർ മുന്നോട്ട് പോകുന്നത്. വിവാഹത്തിന് ഷിന്റോ മതവും മരണാചാരങ്ങളിൽ ബുദ്ധമതവും അവർ പിൻപറ്റുന്നു.

ഭരണരംഗത്ത് സ്വാധീനമുള്ള ഒരു ജപ്പാനീസ് സുഹൃത്ത് എനിക്കുണ്ട്. ജമാഅത്തിനോട് അനുഭാവം പുലർത്തുന്ന ആളാണ്. ഷിന്റോ മതം കാരണമായി ജപ്പാനികൾ ഇസ്‌ലാമിലേക്ക് ശ്രദ്ധിക്കുന്നില്ല എന്ന് അദ്ദേഹം ഒരിക്കൽ പറഞ്ഞു. ഞാൻ പറഞ്ഞു: 'ആ മതത്തിൽ ധാരാളം നന്മകളുണ്ട്.' എന്താണെങ്കിലും അവർക്ക് ഒരു നാൾ ഇസ്‌ലാമിനെ ആശ്ലേഷിക്കേണ്ടിവരും എന്നും ഞാൻ പറഞ്ഞു. ഷിന്റോ മതം നല്ല ധാർമികപാഠങ്ങൾ നൽകുന്ന മതമാണ്. ഹദ്റത്ത് മസീഹ് മൗഊദ് (അ) ഇസ്‌ലാമിന്റെ സന്ദേശം ജപ്പാനിലെത്തിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ഒരു മജ്‌ലിസിൽ 'ജപ്പാനിലെ ജനങ്ങൾക്ക് ഇസ്‌ലാമിലേക്ക് ശ്രദ്ധയുണ്ടായതായി ഞാൻ മനസ്സിലാക്കുന്നു' എന്നദ്ദേഹം പറയുകയുണ്ടായി. ജപ്പാൻ ഭാഷയിൽ ഇസ്‌ലാമിനെ സംബന്ധിച്ച് സമഗ്രമായി പ്രതിപാദിക്കുന്ന പുസ്തകങ്ങൾ വരണമെന്ന് അവിടന്ന് ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. മറ്റുള്ളവർ എഴുതിയ പുസ്തകങ്ങളിൽ ധാരാളം തെറ്റുകൾ ഉണ്ടെന്നും അത് വിശ്വസനീയമല്ലെന്നും വാഗ്ദത്ത മസീഹ് (അ) പറഞ്ഞിട്ടുണ്ട്. സമ്പൂർണമായ വിവരണം ഉൾക്കൊള്ളുന്നതായിരിക്കണം നമ്മുടെ പുസ്തകം. ആ പുസ്തകത്തിൽ ധാർമ്മികഗുണങ്ങൾ പ്രത്യേകം വിവരിക്കുകയും വേണം. അത്തരം ഒരു പുസ്തകം ഇത് വരെ എഴുതപ്പെട്ടിട്ടില്ല. അത്തരം ഒരു പുസ്തകം എഴുതാൻ ഏതെങ്കിലും ഒരു ജപ്പാൻകാരന് ആയിരം ഉറുപ്പിക (അക്കാലത്ത് അത് വലിയ സംഖ്യയായിരുന്നു) കൊടുത്തിട്ടെങ്കിലും അത് തർജമ ചെയ്യിപ്പിക്കണമെന്നും വാഗ്ദത്ത മസീഹ് (അ) പറഞ്ഞിട്ടുണ്ട്. ജപ്പാൻ ഭാഷയിൽ ഇപ്പോൾ വിശുദ്ധ ഖുർആന്റെ പരിഭാഷ പുരോഗമിക്കുന്നു. ജപ്പാനെപ്പറ്റി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (അ) 1945ൽ കണ്ട ഒരു ദർശനത്തെക്കുറിച്ചും ഞാനിപ്പോൾ സ്മരിക്കുകയാണ്. അതിപ്രകാരമാണ് 'ജപ്പാനി സമൂഹം ഈ സമയത്ത് തികച്ചും മൃതാവസ്ഥയിലാണ്. അല്ലാഹു അവരുടെ ഹൃദയങ്ങളെ അഹ്മദിയ്യത്തിലേക്ക് ആകൃഷ്ടരാക്കുന്നതാണ്. അതായത് ആത്മീയമായി മൃതരാണ്. പതിയെപ്പതിയെ അത് ശക്തി പ്രാപിക്കുന്നതാണ്. ഇബ്രാഹിം നബി (അ)ന്റെ വിളിയ്ക്ക് പക്ഷികൾ ലബ്ബൈക്ക് പറഞ്ഞത് പോലെ ഇവർ എന്റെ വിളിയ്ക്ക് ലബ്ബൈക്ക് പറയുന്നതാണ്.'

ജപ്പാന്റെ ആയിരം വർഷത്തെ ചരിത്രത്തിൽ ഇത്തരമൊരു ഭൂകമ്പം ഉണ്ടായിട്ടില്ല എന്നാണ് ചിലരുടെ അഭിപ്രായം. ഭൂകമ്പമേഖലയായ ജപ്പാനിൽ ഭൂകമ്പത്തെ അതിജീവിക്കുന്ന വിധത്തിലാണ് കെട്ടിടങ്ങൾ പണിതിട്ടുള്ളത്. അല്ലാഹുവിന്റെ തഖ്ദീർ പ്രവർത്തിക്കാൻ തുടങ്ങിയാൽ മനുഷ്യന്റെ നിർമാണങ്ങൾക്ക് അതിനെ പ്രതിരോധിക്കാൻ സാധ്യമല്ല. ഭൂകമ്പത്തോടൊപ്പം സുനാമി അതിനെകൂടുതൽ ഭയാനകമാക്കി. രണ്ടാം ലോകമഹായുദ്ധത്തിൽ ആറ്റംബോംബ് വർഷിച്ചത് ഇവിടെയാണ്. ജപ്പാൻ ജനത ആറ്റംബോംബിന്റെ കഠിനവിരോധികളാണ്. പക്ഷേ ആറ്റംശക്തിയെ അവർ സമാധാനാവശ്യങ്ങൾക്ക് വേണ്ടി വിനിയോഗിക്കുന്നു. ഈ ഭൂകമ്പത്തിലും സുനാമിയിലും ചില ആറ്റോമിക് റിയാക്ടറുകൾക്ക് കേടുവന്നിട്ടുണ്ട്. അവയിൽനിന്നും റേഡിയേഷൻ പ്രസരിച്ചുകൊണ്ടിരിക്കുന്നു എന്ന് എനിക്ക് കിട്ടിയ ഒരു ഫാക്സ് സന്ദേശത്തിൽ പറയുന്നു. റിയാക്ടർ തണുപ്പിക്കാനുള്ള ശ്രമം വിജയിക്കുന്നില്ല എന്ന് കാണുന്നു. അല്ലാഹു കൂടുതൽ ദുരന്തങ്ങളിൽ നിന്നും അവരെ രക്ഷിക്കട്ടെ. ജപ്പാനിൽ സേവനമനുഷ്ഠിക്കുന്ന നമ്മുടെ വോളണ്ടിയർമാർ ആവശ്യമായ ഹോമിയോ മരുന്നുകൾ കഴിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ട്. അണുവികിരണത്തിന്റെ അപകടഭീഷണി ദീർഘകാലം നിലനില്ക്കുന്നതായിരിക്കും. തലമുറകളോളം, വൈകല്യമുള്ള കുട്ടികൾക്ക് ജന്മം നൽകാൻ അത് കാരണമാകും. അല്ലാഹു തന്നെ കരുണ ചൊരിയട്ടെ. സുരക്ഷയിലിരിക്കുന്നവരും സുരക്ഷാമേഖലയിലല്ലാത്തവരുമായ രാജ്യങ്ങൾ കാലത്തിന്റെ ഇമാമിന്റെ ഈ വചനങ്ങളെപ്പറ്റി ചിന്തിക്കട്ടെ.

ഈ വർഷം തന്നെ കിഴക്കുള്ള വ്യത്യസ്ത രാജ്യങ്ങളിൽ പ്രകൃതി ദുരന്തങ്ങളുണ്ടായി. ന്യൂസിലണ്ടിൽ ഒരു നഗരത്തിന്റെ (ക്രൈസ്റ്റ് ചർച്ച്) വലിയഭാഗം ഭൂകമ്പത്താൽ നശിച്ചു. 70,000 ആളുകൾ നഗരം വിട്ടു. ആസ്ട്രേലിയയിൽ ക്വീൻസ് ലാന്റ് സംസ്ഥാനത്ത് പേമാരിയും വെള്ളപ്പൊക്കവും മൂലം 70 നഗരങ്ങൾ നശിച്ചു. ക്വീൻസ് ലാന്റ് ജപ്പാന്റെ 4 ഇരട്ടി വലിപ്പമുള്ള സംസ്ഥാനമാണ്. പ്രകൃതിദുരന്തങ്ങൾ സംഭവിക്കുമ്പോൾ ആളുകൾക്ക് എങ്ങോട്ടെങ്കിലും ഓടി രക്ഷപ്പെടാൻ പോലും സാധ്യമല്ല. ബില്ല്യൻ ഡോളറിന്റെ നഷ്ടമാണ് ആ രാജ്യത്തിനുണ്ടായത്. അമേരിക്കയിലും ഈയിടെ കൊടുങ്കാറ്റടിക്കുകയുണ്ടായി. എത്ര പേരെയാണ് അവർക്ക് രക്ഷപ്പെടുത്താനായത്? അമേരിക്കയിൽ വിക്ടോറിയയിലുണ്ടായ കൊടുങ്കാറ്റ് ചരിത്രത്തിലെ ഏറ്റവും ഭയാനകമായ കൊടുങ്കാറ്റായാണ് വീശിയത്.

ലോകസമൂഹത്തെ ഒരുമിച്ചുകൂട്ടാനാണ് അല്ലാഹു ആഗ്രഹിക്കുന്നത്. അതിനാണ് വാഗ്ദത്തമസീഹി(അ)നെ അല്ലാഹു അയച്ചത്. അദ്ദേഹം പറയുന്നു: 'അല്ലാഹു ഈ കാലത്തെ ഇരുൾമേഘത്താൽ ആവൃതമായതായും ജനങ്ങൾ നിഷേധത്തിലും ബഹുദൈവാരാധനയിലും മുഴുകിയതായും ഈമാൻ, സത്യ



ഉപഭൂഖണ്ഡത്തിലെ മുസ്‌ലിംകളും വാഗ്ദത്ത മസീഹി(അ)ന്റെ ഈ താക്കീതിനെപറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. സഹാനുഭൂതിയോടെ ജനങ്ങളെ ഉദ്ബോധിപ്പിക്കുക. ദുരന്തങ്ങളെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പാകിസ്താനും ഇതിൽ നിന്ന് പാഠം പഠിക്കുക. മുസ്‌ലിംകൾ ഈ വസ്തുതകൾ മനസ്സിലാക്കി കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുന്നവരായി തീരട്ടെ.

സന്ധത, തവ്വ എന്നിവ അസ്തമിച്ച തായും കാണുന്നു. വീണ്ടും വൈജ്ഞാനികമായും പ്രായോഗികമായും ധാർമികമായും വിശ്വാസപരമായും സത്യത്തെ ലോകത്ത് സ്ഥാപിക്കാൻ എന്നെ അയച്ചിരിക്കുന്നു. അത് മുഖേന ഭൗതിക തത്ത്വശാസ്ത്രത്തിന്റെയും, പ്രകൃതിവാദത്തിന്റേയും ദുർമാർഗത്തിന്റെയും ശിർക്കിന്റെയും ദൈവനിരാസത്തിന്റെയും വസ്ത്രമണിഞ്ഞ് ഈ തോട്ടത്തിന് നാശമുണ്ടാക്കുന്ന അക്രമത്തെ പ്രതിരോധിക്കാനാണ് എന്നെ അയച്ചിട്ടുള്ളത്.

ചുരുക്കത്തിൽ ഇസ്‌ലാം മതം മസീഹ് മൗഊദ് (അ) മുഖേനയാണ് പുനഃസ്ഥാപിക്കപ്പെടുക. കറ്റും കോളും കാണുമ്പോൾ റസൂൽതിരുമേനി (സ) അസ്വസ്ഥനായത് പോലെ ഉമ്മത്തും അസ്വസ്ഥമാകേണ്ടിയിരിക്കുന്നു.

കഴിഞ്ഞ വർഷം പാകിസ്താനിലുണ്ടായ പ്രളയം ചരിത്രത്തിലെ ഏറ്റവും ഭയാനകമായതാണ്. അതിർത്തി മുതൽ വെള്ളം പൊങ്ങി. ഇന്തോനേഷ്യയിലുണ്ടായ സുനാമിയേക്കാൾ ഭയാനകമായിരുന്നു അത്. ഇപ്പോഴും ജനങ്ങൾ ദുരിതാശ്വാസ ക്യാമ്പിൽ കഴിയുകയാണ്. രാജ്യത്തങ്ങോളമിങ്ങോളം കലാപമാണ്. മുല്ലമാർ വെള്ളപ്പൊക്കവേളയിൽ ദൃശ്യ മാധ്യമങ്ങളിലൂടെ ജനങ്ങളെ ആശ്വസിപ്പിച്ചത് ഇതൊരു ശിക്ഷയൊന്നുമല്ല, ഒരു പരീക്ഷണം മാത്രമാണെന്നാണ്. അല്ലാഹുവിന്റെ ആളുകൾക്കുള്ളതാണ് പരീക്ഷണം. കുറച്ചു വർഷങ്ങൾക്ക് മുമ്പും ഇവിടെ ഭൂകമ്പമുണ്ടായിരുന്നു എന്നിട്ടും അവർ കണ്ണുതുറന്നില്ല. ഒരു ദൈവനിയുക്ത വാദി ഇത്തരം പ്രവചനങ്ങൾ നടത്തിയിട്ടുണ്ട് എന്ന കാര്യം അവർ ഓർക്കുന്നില്ല. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പില്ല. അത് കൊണ്ട് അതൊരു ദൃഷ്ടാന്തമോ ശിക്ഷയോ അല്ല എന്നാണ് വാദം. 'ഭൂകമ്പങ്ങളിൽ ചിലത് എന്റെ ജീവിതകാലത്തും ചിലത് എനിക്ക് ശേഷവും സംഭവിക്കാം' എന്ന് വാഗ്ദത്ത മസീഹ്(അ) വ്യക്തമായി പറഞ്ഞത് അവരോർക്കുന്നില്ല. പഞ്ചാബിൽ മാത്രമല്ല ഭൂകമ്പമുണ്ടാകുക മുഴുവൻ ലോകത്തും അത് സംഭവിക്കുമെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ഒരുദ്ധരണി കേൾപ്പിക്കാം.

'ഓർമവെക്കുക, അല്ലാഹു എനിക്ക് പൊതുവായ ഭൂകമ്പങ്ങളെക്കുറിച്ച് അറിവ് നൽകിയിരുന്നു. അതിനാൽ നന്നായി ഓർമവെക്കുക. പ്രവചനപ്രകാരം അമേരിക്കയിൽ ഭൂകമ്പം വന്നത് പോലെ യൂറോപ്പിലും വരും. അത്പോലെ ഏഷ്യയിലെ വിവിധ രാജ്യങ്ങളിലും വരുന്നതാണ്. അവയിൽ ചിലത് ഖിയാമത്തിന് സമമായിരിക്കും. ഏത് വരെ മരണം താണ്ഡവമാടുമെന്നാൽ രക്തം പുഴപോലെ ഒഴുകും. ഇതിൽ നിന്നും പക്ഷിമൃഗാദികൾ പോലും രക്ഷപ്പെടില്ല. മനുഷ്യൻ ഉണ്ടായത് മുതൽ ഇത് വരെ സംഭവിക്കാത്ത സർവനാശം ലോകത്തിൽ സംജാതമാകുന്നതാണ്.

അമേരിക്കയിലും മറ്റും ഉണ്ടായ വലിയ ഭൂകമ്പങ്ങളെ പോലെയുള്ള ഭൂകമ്പങ്ങളിൽ നിന്നും നിങ്ങൾ സുരക്ഷിതരാണെന്ന് ധരിക്കേണ്ട. അതിനേക്കാൾ ഭയാനകമായ ദിനങ്ങളായിരിക്കും നിങ്ങൾ കാണുക. ഏ, യൂറോപ്പ് നീ രക്ഷയിലല്ല. ഏ, ഏഷ്യാ! നീയും രക്ഷയിലല്ല. ഏ, ദ്വീപ് സമൂഹങ്ങളിൽ വസിക്കുന്നവരേ! ഒരു കൃത്രിമ ദൈവവും അന്നാളിൽ നിങ്ങളെ സഹായിക്കില്ല. പട്ടണങ്ങൾ മറിഞ്ഞുവീഴുന്നതായി ഞാൻ കാണുന്നു. ജനവാസസ്ഥലങ്ങൾ ജനശൂന്യങ്ങളായതായി ഞാൻ കാണുന്നു. ആ ഏകനായ ദൈവം നീണ്ടകാലം മൗനവലംബിച്ചു. അവന്റെ മുമ്പാകെ നിന്ദ്യവും നികൃഷ്ടവുമായ പ്രവൃത്തികൾ ചെയ്തുകൊണ്ടേ പോയി... ഞാൻ സത്യമായും പറയുന്നു, നൂഹിന്റെ കാലഘട്ടം നിങ്ങളുടെ കൺമുമ്പിൽ വരുന്നതാണ്. ലൂത്തിന്റെ സമൂഹത്തിൽ സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ കണ്ണുകൾ കൊണ്ട് കാണുന്നതാണ്. എന്നാൽ അല്ലാഹു ശിക്ഷയിൽ ധൃതികാണിക്കാറില്ല. നിങ്ങളുടെ മേൽ കരുണ ചെയ്യപ്പെടുന്നതിനായി തൗബ ചെയ്യുക. അല്ലാഹുവിനെ ഉപേക്ഷിക്കുന്നവർ മനുഷ്യനല്ല. കീടമാകുന്നു. അവനെ ഭയമില്ലാത്തവൻ ജീവനുള്ളവനല്ല, മറിച്ച് മരിച്ചവനാകുന്നു."

ഉപഭൂഖണ്ഡത്തിലെ മുസ്‌ലിംകളും വാഗ്ദത്ത മസീഹി(അ)ന്റെ ഈ താക്കീതിനെപറ്റി ചിന്തിക്കേണ്ടിയിരിക്കുന്നു. സഹാനുഭൂതിയോടെ ജനങ്ങളെ ഉദ്ബോധിപ്പിക്കുക. ദുരന്തങ്ങളെ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന പാകിസ്താനും ഇതിൽ നിന്ന് പാഠം പഠിക്കുക. മുസ്‌ലിംകൾ ഈ വസ്തുതകൾ മനസ്സിലാക്കി കാലത്തിന്റെ ഇമാമിനെ തിരിച്ചറിയുന്നവരായി തീരട്ടെ. അല്ലാഹു നമ്മെ യഥാർഥ മുസ്‌ലിംകളും ഇസ്‌ലാമിന്റെ സന്ദേശ വാഹകരുമാക്കട്ടെ.


Statement about ownership and other particulars about newspaper

**Sathyadoothan**

(Form IV-See Rule-8)

| | | |
|---|---|---|
| 1. | Place of publication | : Ernakulam |
| 2. | Periodicity of its publication | : Monthly |
| 3. | Printer's Name | : B.B. Ahmad Kabeer |
| | Nationality | : Indian |
| | Address | : Blayil, Karama Road, Elamakkara P.O., Pin 682026 |
| 4. | Publisher's Name | : B.B. Ahmad Kabeer |
| | Nationality | : Indian |
| | Address | : Blayil, Karama Road, Elamakkara P.O., Pin 682026 |
| 5. | Editor's Name | : A.M. Muhammad Salim |
| | Nationality | : Indian |
| | Address | : Darussalam, Near Zeena Plastic, Pavangad, Calicut |

6. Names and addresses of individuals who own the newspaper and partners or shareholders holding More than one per cent of the total capital.

I, B.B. Ahmad Kabeer, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 1. 04. 2011 S/d -Publisher

ലേഖനം



# ആണവദുരന്തം

ഹദ്‌റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

**ആറ്റംബോംബ് സ്ഫോടനമുണ്ടാക്കുന്ന ആഘാതവും തുടർന്നുള്ള അണു പ്രസരണവും അതീവ ഗുരുതരമാണ്. വിശുദ്ധ ഖുർആൻ അതിനെപറ്റി വ്യക്തമായ സൂചനകൾ നൽകുന്നു. അതേ ആണവശക്തി ഉപയോഗിച്ച് സമാധാനാവശ്യങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ന്യൂക്ലിയർ റിയാക്ടറുകൾ പൊട്ടിത്തെറിച്ചാലും ഭാഗികമായി ഇതിനോട് സമാനമായ ആണവ പ്രസരണ വിപത്താണ് ഉണ്ടാവുക.**

നമ്മുടെ കാലഘട്ടത്തിലെ കണ്ടുപിടുത്തങ്ങളും സംഭവങ്ങളുമായി ബന്ധപ്പെട്ട ഖുർആനിക പ്രവചനങ്ങളിൽ ചിലത് അസാധാരണമാംവിധം പ്രാധാന്യമുള്ളതും ആഗോളതലത്തിൽ പ്രസക്തങ്ങളുമാണ്. അത്തരത്തിൽപ്പെട്ട ഒന്നാണ് ആസന്നമായ ആണവകൂട്ടഹത്യ (ന്യൂക്ലിയർ ഹോളോകാസ്റ്റ്).

അണു വിസ്ഫോടനത്തെപ്പറ്റി മനുഷ്യന്റെ ഭാവനയിൽ പോലും ചിന്തിക്കാൻ കഴിയാത്ത ഒരു കാലഘട്ടത്തിലാണ് ഈ പ്രവചനം ഉണ്ടായത്. എന്നാൽ, ഞാനിവിടെ വിവരിക്കാൻ പോവുന്നത് സൂക്ഷ്മകണങ്ങളെ സംബന്ധിച്ച് പറഞ്ഞ വിശുദ്ധഖുർആൻ ആയത്തിനെ കുറിച്ചാണ്. നരകത്തിലെ തീ, സൂക്ഷ്മകണങ്ങളിൽ ഉള്ളടക്കം ചെയ്തത്പോലെ അപാരമായ ഊർജത്തിന്റെ സംഭരണശാലയായി സൂക്ഷ്മകണങ്ങളെ ഈ ഖുർആൻ ആയത്തിൽ വ്യക്തമായും പ്രതിപാദിച്ചിരിക്കുന്നു. അത് കാണുമ്പോൾ അത്ഭുതപ്പെട്ടുപോകും. താഴെ കാണുന്ന വചനങ്ങളിൽ അക്ഷരാർഥത്തിൽ അവ വിവരിക്കപ്പെട്ടിരിക്കുന്നത് ഇപ്രകാരമാണ്.

**പരദൂഷകനും അപവാദം പരത്തുന്നവനുമായ ഓരോരുത്തനും നാശം. ധനം ശേഖരിച്ചുവെക്കുകയും അത് എണ്ണിയെണ്ണി കണക്കാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നവൻ. തന്റെ ധനം അവനെ ശാശ്വതനാക്കിയിരിക്കയാണെന്ന് അവൻ ധരിക്കുന്നു. അങ്ങനെയല്ല. അവൻ 'ഹുത്വമ'യിൽ എറിയപ്പെടുന്നതാണ്. ആ 'ഹുത്വമ' എന്താണെന്ന് നിനക്കെന്തറിയാം. ശേഖരിക്കപ്പെട്ട ഇന്ധനം പോലെയുള്ള അല്ലാഹുവിന്റെ അഗ്നിയാണത്. അത് പൊടുന്നനെ ഹൃദയത്തിൽ ആഘാതമായെത്തുന്നു. അവർക്കെതിരെ ഉപയോഗിക്കാനായി നീണ്ട സ്തംഭങ്ങളിൽ അടച്ചുപൂട്ടപ്പെട്ടതായിരിക്കുമത്.** (104:2-10)

ഈ കൊച്ചു ഖുർആനികാധ്യായത്തിൽ അടങ്ങിയിരിക്കുന്ന അമ്പരപ്പിക്കുന്ന പ്രസ്താവനകൾ അക്കാലത്തെ ജനങ്ങളുടെ ഗ്രാഹ്യശക്തിക്ക് എത്രയോ അകലെയാണ്. കൗതുകകരമായിട്ടുള്ള കാര്യം, ചില വിവരണങ്ങളിൽ പാപികളായ ആളുകൾ 'ഹുത്വമ'യിൽ എറിയപ്പെടുന്നതായിട്ടാണ് വിവരിച്ചിട്ടുള്ളത്. 'ഹുത്വമ' എന്നാൽ അരണ്ട വെളിച്ചമുള്ള ഒരു മുറിയിലേക്ക് കടന്നുവരുന്ന സൂര്യപ്രകാശത്തിന്റെ ഒരു കിരണത്തിൽ നാം കാണുന്ന ചെറിയ സൂക്ഷ്മമായ പൊടിയാണ്. അതിൽ എറിയുമെന്നാണ് വിവരണം.

ആധികാരികമായ അറബി ശബ്ദകോശങ്ങൾ 'ഹുത്വമ'ക്ക് രണ്ട് വിധത്തിലുള്ള ധാത്വാർഥങ്ങളുണ്ടെന്ന് പറയുന്നു. അതിൽ 'ഹത്വമ' എന്നതിന്റെ അർഥം പൊടിക്കുക (To Pound) അല്ലെങ്കിൽ അതിസൂക്ഷ്മ കണങ്ങളാക്കി ധൂളീകരിക്കുക (Pulverize into extreamely small particles). രണ്ടാമത്തേത് 'ഹിത്വമ' എന്നാണ്. ഏറ്റവും സൂക്ഷ്മമായ നിസ്സാരമായ ചെറു കണിക എന്നാണ് അർഥം. ഹിത്വമ എന്നത് ഏതെങ്കിലും ഒരു വസ്തുവിനെ ഏറ്റവും ചെറിയ ഘടകങ്ങളാക്കി മാറ്റുമ്പോൾ ഉണ്ടാവുന്ന സൂക്ഷ്മകണം എന്നാണർഥം.

വിഭജിക്കാൻ കഴിയാത്ത വിധത്തിലെത്തുന്ന ഏതൊരു വസ്തുവിന്റെയും ഏറ്റവും ചെറിയ ഘടകത്തെ വിശേഷിപ്പിക്കാൻ ഉപയോഗിക്കാവുന്ന രണ്ടർഥങ്ങളാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ ആറ്റത്തിന്റെ യാതൊരു സങ്കൽപവും ജന്മം കൊണ്ടിരുന്നില്ല. ആറ്റം എന്ന സങ്കൽപത്തിന് പകരം നിൽക്കാൻ പറ്റിയ ഏറ്റവും അടുത്ത പദമാണ് ഹുത്വമ. മനുഷ്യൻ ഹുത്വമയിൽ വലിച്ചെറിയപ്പെടും എന്ന വാദത്തിലെ ആഘാതത്തിൽ നിന്ന് കഷ്ടിച്ച് മുക്തനായി വരുമ്പോൾ അതിനേക്കാൾ അമ്പരപ്പിക്കുന്ന മറ്റൊരു അവകാശവാദമാണ് കാണുന്നത്.

ഹുത്വമയെപറ്റി വിശുദ്ധ ഖുർആൻ വിവരിക്കുമ്പോൾ അതിൽ അടക്കം ചെയ്ത ജ്വലിക്കുന്ന അഗ്നിയെക്കുറിച്ചും നീണ്ട സ്തംഭങ്ങളിൽ അത് ബന്ധിക്കപ്പെട്ടതിനെക്കുറിച്ചുമാണ് സംസാരിക്കുന്നത്. മനുഷ്യൻ ഇതിലേക്ക് എറിയപ്പെടുമ്പോൾ ഈ അഗ്നി അവന്റെ ഹൃദയത്തിൽ നേരിട്ടു പതിക്കുമെന്നാണ് വിശുദ്ധ ഖുർആൻ പ്രഖ്യാപിക്കുന്നത്. ഹൃദയത്തെ പൊതിഞ്ഞുകൊണ്ടുള്ള ഒരു അസ്ഥിപഞ്ജരം ഇല്ലാത്തത് പോലെയാണ് അത് ഹൃദയത്തെ ബാധിക്കുന്നത്. ഈ അഗ്നി തികച്ചും വ്യത്യസ്ത സ്വഭാവത്തോടുകൂടിയ ഒന്നാണെന്നാണ് ഇത് അർഥമാക്കുന്നത്. അത് ശരീരത്തെ പൊള്ളിക്കുന്ന തിന് മുമ്പേ ഹൃദയത്തെ കൊല്ലുമെന്നാണ്. തീർച്ചയായും അത്തരത്തിലുള്ള ഒരഗ്നിയെക്കുറിച്ച് അക്കാലത്തെ ജനങ്ങൾക്ക് അറിവുണ്ടായിരിക്കയില്ല.

ഇത് മാത്രമല്ല ഈ വിവരണത്തിൽ അദ്ഭുതപ്പെടാനുള്ളത്. അതിന്ശേഷം പറയുന്നത് അതിനേക്കാൾ അദ്ഭുതകരമാണ്. ഈ അഗ്നി നീണ്ട സ്തംഭങ്ങളിൽ അടച്ചു പൂട്ടിയിട്ടിരിക്കുകയാണെന്നും അത് കെട്ടഴിച്ചു വിടപ്പെടുന്ന സമയം ആഗതമായാൽ മനുഷ്യനു മേൽ ചാടി വീഴാൻ അത് കാത്തിരിക്കുകയാണെന്നും ഈ വചനം പറയുന്നു.

ഇത്തരത്തിൽ ലളിതമായ വചനങ്ങളിൽ അദ്ഭുതത്തിനുമേൽ അദ്ഭുതങ്ങൾ കുമിഞ്ഞു കൂടുകയാണ്. ആദ്യത്തെ പ്രഖ്യാപനമിതാണ്. മനുഷ്യൻ ഏറ്റവും ചെറിയ സൂക്ഷ്മ കണികയിലേക്കെറിയപ്പെടുന്ന ഒരു കാലം വരും. അതിനു

ശേഷം ആ ചെറുകണികയെക്കുറിച്ചും അതിലടങ്ങിയിരിക്കുന്നതിനെപറ്റിയുമുള്ള വിവരണമാണ്. അതിലടങ്ങിയിരിക്കുന്നത് ഒരു തരത്തിലുള്ള അഗ്നിയാണ്. അത് നീളമുള്ള സ്തംഭങ്ങളെ പോലെ പ്രത്യക്ഷമാവുന്നു. സൂക്ഷ്മമായ പാത്രങ്ങളിലാണ് അത് അടക്കിയിരിക്കുന്നത്.

ഈ സൂക്ഷ്മമായ കണികയിലേക്ക് മനുഷ്യനെ എറിയുമെന്നതിന്റെ അർഥം ഒരു മനുഷ്യനെ അതിൽ എറിയുമെന്നല്ല. മനുഷ്യൻ എന്ന് ഇവിടെ പ്രതിപാദിച്ചിരിക്കുന്നത് ഒരു വർഗത്തിന്റെ പൊതുനാമം എന്ന നിലക്കാണ്. 'എറിയുക' എന്നതിന്റെ സൂചന മനുഷ്യന് വന്നുഭവിക്കുന്ന നാശത്തെ സംബന്ധിച്ചാണ്. അളവറ്റ ഊർജം സംഭരിച്ചുവെച്ചിരിക്കുന്ന ആറ്റത്തിന്റെ രഹസ്യം മനുഷ്യൻ കണ്ടെത്തിയ ഈ കാലഘട്ടത്തിലാണ് ഇതിന്റെ അർഥം ഗ്രഹിക്കാൻ സാധിക്കുന്നത്. ഒരു ചെറിയ കണത്തിൽ ഉള്ളടക്കം ചെയ്തിരിക്കുന്ന അഗ്നി പുറത്തേക്ക് വമിക്കുകയും ആയിരക്കണക്കിന് മൈൽ വിസ്തീർണമുള്ള വിശാലമായ ഭൂപ്രദേശങ്ങളെ വിഴുങ്ങുകയും ചെയ്യുന്ന കാലഘട്ടമിതാണ്. മനുഷ്യനെയും മറ്റെല്ലാ വസ്തുക്കളെയും ഉൾപ്പെടെ അതിന് എത്തിപ്പെടാൻ കഴിയുന്നിടംവരെയുള്ള എല്ലാറ്റിനെയും അത് വിഴുങ്ങുന്നു. പതിനാല് നൂറ്റാണ്ടുകൾക്ക് മുമ്പേ അയഥാർഥമായി കണ്ടിരുന്നതെന്തൊന്നാണോ അത് ഇന്ന് ചെറിയ കുട്ടികൾക്ക് പോലും സുപരിചിതമായ ഒരു യാഥാർഥ്യമായി കഴിഞ്ഞു.

അദ്ഭുതങ്ങളുടെ അത്യധികം അതിശയോക്തി കലർന്ന പ്രയോഗങ്ങൾ ഈ പ്രവചനത്തിന്റെ മഹത്വത്തോട് നീതി ചെയ്യുന്നതല്ല. ആ കാലത്തുള്ള ജനങ്ങൾക്ക് 'അൽ ഹുമസ' എന്ന ഈ സൂറത്തി (അധ്യായം)ന്റെ പ്രാധാന്യം തിരിച്ചറിയുവാൻ സാധിച്ചില്ല എന്നതിൽ അദ്ഭുതപ്പെടാനൊന്നുമില്ല. അല്ലെങ്കിൽ അത് അവരുടെ ഹൃദയത്തെ ബാധിക്കുന്നതിനേക്കാൾ അവരുടെ മതത്തെയും വിശ്വാസത്തെയുമാണ് ബാധിച്ചത് എന്ന് പറയാം. അദ്ഭുതകരമായ ഈ പ്രസ്താവന അവരുടെ ശ്രദ്ധയിൽപ്പെടാതിരുന്നതും വെല്ലുവിളിക്കപ്പെടാതിരുന്നതും എങ്ങനെയെന്നത് യുക്തിക്കതീതമാണ്. ഈ ലോകത്തെ സംഭവങ്ങളുമായി ബന്ധമുള്ളതല്ല അതെന്നും പരലോകത്തെ നിഗൂഢാത്മകമായ അജ്ഞാത മേഖലയുമായി ബന്ധപ്പെട്ടതായിരിക്കാമെന്നുമുള്ള വിശ്വാസത്തിൽ അവർ അഭയം തേടിയതായിരിക്കാം. നിരവധി ഖുർആൻ വ്യാഖ്യാതാക്കൾ ഈ വചനങ്ങളെ വിശദീകരിക്കാൻ ശ്രമിക്കാതെ തീർത്തും ഒഴിവാക്കുകയായിരുന്നു. ചിലർ ഈ വചനത്തെ വ്യാഖ്യാനിക്കുന്നതിലെ വെല്ലുവിളി ഏറ്റെടുത്തു. ഈ വചനത്തിലെ പ്രതിപാദ്യം പുനരുത്ഥാനനാളിൽ സംഭവിക്കേണ്ടതാണെന്ന് പറഞ്ഞ് ബോധപൂർവം ഈ ഭാരം ഇറക്കിവെക്കുകയുണ്ടായി. അത് പൂർണമായും അജ്ഞാത മേഖലക്ക് വിട്ടുകൊടുത്തുകളഞ്ഞു.

വിശുദ്ധ ഖുർആന്റെ പാശ്ചാത്യ വിവർത്തകരിൽ സെയിൽ* 'ഹുത്വമ' എന്ന പദം എങ്ങനെ അക്ഷരാർഥത്തിൽ വിവർ ത്തനം ചെയ്യണമെന്നറിയാതെ കുഴങ്ങിയിരുന്നു. അദ്ദേഹം 'അൽഹുത്വമ' എന്ന പദം വിവർത്തനം ചെയ്യാതെ കുറേ ആളുകളെ ഹുത്വമയിൽ പിടിച്ചു തള്ളും എന്ന് മാത്രം വിവർത്തനം ചെയ്യുകയുണ്ടായി. ഈ വിവർത്തനം ഇംഗ്ലീഷ് വായനക്കാരിൽ യാതൊരു അപകടവും വരുത്തിയില്ല. ജനങ്ങൾ ഏറ്റവും ചെറിയ കണികയിലേക്ക് പിടിച്ചെറിയപ്പെടും എന്ന വിവർത്തനത്തിലെ അസംഭാവ്യതയെ അതുകൊണ്ട് അവർക്ക് അവിശ്വസിക്കേണ്ടിവന്നില്ല. അവർക്ക് ഹുത്വമ എന്നതിനെ സംബന്ധിച്ച് യാതൊന്നുമറിയാത്തതിനാൽ വലിയ ഒരു മുറി നിറയെ ജ്വലിക്കുന്ന അഗ്നിയായിരിക്കാം ഹുത്വമ (ചെറുകണിക) എന്നതിനർഥം എന്ന് ഭാവന കൊള്ളാൻ അവർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. സെയിലിന്റെ ഈ തന്ത്രം ഇത് വിവർത്തനം ചെയ്യുന്നതിന്റെ ബുദ്ധിമുട്ടിൽ നിന്ന് അദ്ദേഹത്തെ രക്ഷിച്ചു. അതേസമയം ഈ അതദ്ഭുതകരമായ പ്രവചനത്തോട് നീതി പുലർത്തുന്നതിൽ അദ്ദേഹം പരാജയപ്പെടുകയുണ്ടായി.

ഈ വചനത്തിൽ വിവരിക്കപ്പെട്ട അഗ്നി അത് ഭൂമിയിലെ ജ്വലിക്കുന്ന അഗ്നിയോ അല്ലെങ്കിൽ പരലോകത്തെ ആളിക്കത്തുന്ന അഗ്നിയോ ആയാലും ഒരിക്കലും തന്നെ അതിനെ സൂക്ഷ്മമായ കണികക്കുള്ളിലാക്കാൻ കഴിയില്ല. മറ്റു ഖുർആൻ ഭാഷ്യകാരന്മാരെ പോലെ സെയിൽ അഭിമുഖീകരിച്ച പ്രശ്നം ഇത് മാത്രമായിരുന്നില്ല. നീട്ടിയ സ്തംഭങ്ങളിൽ അടച്ചുപൂട്ടിയ അഗ്നി എന്നാൽ എന്താണ്? ആധുനിക കാലത്ത് ആറ്റം യുഗം ആവിർഭവിച്ചതിന് ശേഷമല്ലാതെ മനസ്സിലാക്കാൻ കഴിയാത്ത ഒരു വചനമാണിത്. ഈ വചനത്തെക്കുറിച്ച് അവർ എന്തായിരുന്നു മനസ്സിലാക്കിയത്? ഇപ്പോഴാണ് ഈ ജിഗ്സോ പസിൽ (Jig-saw puzzle – ചിത്രത്തിന്റെ കഷണങ്ങൾ യോജിപ്പിച്ച് ചിത്രം പൂർണ്ണമാക്കുന്ന കളി) ശരിയായ സ്ഥലത്ത് ശരിയായ കഷണങ്ങൾ ചേർത്തുവെച്ച് കൊണ്ട് ഈ പ്രശ്നം പരിഹരിച്ചത്.

ഒരു ആറ്റം വിസ്ഫോടനം എങ്ങനെയാണ് സംഭവിക്കുക എന്നും അതിലെ ന്യൂക്ലിയർ മാസിന് എന്തൊക്കെ മാറ്റങ്ങളാണ് സംഭവിക്കുക എന്നതിനെ സംബന്ധിച്ചുമുള്ള ശാസ്ത്രീയ വിവരണങ്ങളെ സംബന്ധിച്ച് പരിചയമില്ലാത്ത ഒരാൾക്ക് 'നീട്ടപ്പെട്ട സ്തംഭങ്ങൾ' എന്ന ഖുർആനിക പ്രയോഗത്തിന്റെ അർഥം ഗ്രഹിക്കാൻ കഴിയാതെ വരും. ന്യൂക്ലിയർ വിദഗ്ധൻമാർ ആറ്റം വിസ്ഫോടനം സംഭവിക്കാനാവശ്യമായ ക്രിറ്റിക്കൽ മാസി (Critical Mass – കാന്തിക ദ്രവ്യമാനം)*നെക്കുറിച്ച് വിവരിക്കുന്നത് ഇപ്രകാരമാണ്. ന്യൂക്ലിയർ ദ്രവ്യത്തിന്റെ ന്യൂക്ലിയർ പ്രവർത്തനങ്ങൾ (വിഘടനം) വൈകിപ്പിച്ചും കമ്പനങ്ങൾ (Pulse) ഉണ്ടാക്കിയും അതിനുള്ളിൽ അളവറ്റ മർദം സൃഷ്ടിക്കുന്നു. ഇത് സാധിക്കുന്നത് ന്യൂക്ലിയർ പ്രവർത്തനങ്ങൾ ദീർഘിപ്പിക്കുന്നത് മൂലമാണ്. ഇങ്ങനെ മർദം കൂട്ടി സ്ഫോടനം നടക്കുന്നതിന് മുമ്പേ മൂലകങ്ങളുടെ പ്രവർത്തനത്തിൽ ഉന്നത അറ്റോമിക ഭാരമുള്ള മൂലകങ്ങൾ വിഘടിച്ച് കുറഞ്ഞ അറ്റോമിക ഭാരമുള്ള മൂലകങ്ങളായി മാറുന്നു. ഇപ്രകാരം പുതുതായി രൂപം കൊള്ളുന്ന മൂലകങ്ങളുടെ അറ്റോമികഭാരം അതിനുമുമ്പേയുണ്ടായിരുന്ന മാതൃമൂലകങ്ങളുടെ ഭാരത്തേക്കാൾ അല്പം കുറവായിരിക്കുമല്ലോ. ഇതിനെയാണ് ഘനമൂലകങ്ങൾ എന്ന് പറയുന്നത്. ഈ ആണവ പ്രക്രിയയിൽ നഷ്ടപ്പെടുന്ന അറ്റോമികഭാരം ഊർജമായി മാറ്റപ്പെടുന്നു. ഈ മാതൃകയിലൂടെ മാത്രമല്ല ഒരു ന്യൂക്ലിയർ ബോംബ് പ്രവർത്തിക്കുന്നത്. പക്ഷേ നാട്ടപ്പെട്ട സ്തംഭങ്ങളുടെ പ്രവർത്തനത്തെപറ്റി വിവരിക്കാൻ മാത്രമാണ് നാം ഈ ലളിതമായ മാതൃക ഇവിടെ തിരഞ്ഞെടുത്തത്.

---

* **ജോർജ് സെയിൽ:** ആദ്യമായി വിശുദ്ധ ഖുർആൻ അറബിയിൽ നിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തത് ഇദ്ദേഹമാണ്. 1734 ലാണ് ആ വിവർത്തനം പ്രത്യക്ഷപ്പെട്ടത് (വിവ)

* **ക്രിറ്റിക്കൽ മാസ്:** അണുവിഖണ്ഡന സ്വഭാവമുള്ള വസ്തുവിന്റെ പദാർത്ഥത്തിൽ ശൃംഖലാ അഭിക്രിയ (Chain reaction) നിലനിറുത്താനാവശ്യമായ ഏറ്റവും കുറഞ്ഞ ദ്രവ്യമാനത്തെയാണ് ക്രിട്ടിക്കൽ മാസ്സ് എന്ന് പറയുന്നത്. ഇത് ന്യൂക്ലിയർ സയൻസിലെ ഒരു സാങ്കേതിക പദമാണ് (വിവ:)

എങ്ങനെയാണ് ഈ അഗ്നി നേരിട്ട് ഹൃദയത്തെ ബാധിക്കുക എന്ന വിഷയത്തിലേക്ക് നമുക്ക് തിരിയാം. അതിന്റെ ശാസ്ത്രീയ വിവരണമാണ് താഴെ കൊടുത്തിരിക്കുന്നത്.

സ്ഫോടനം നടന്ന ഉടനെത്തന്നെ വളരെയധികം ഗാമാരശ്മികളും ന്യൂട്രോണുകളും എക്സ്റേകളും ഉൽസർജിക്കപ്പെടുന്നു. എക്സ്റേ വമ്പിച്ച തോതിൽ താപം ഉയർത്തുന്നു. അങ്ങനെ അണുവിസ്ഫോടനത്താൽ മോചിപ്പിക്കപ്പെടുന്നു. അത്യധികം താപം ഭീമാകാരമായ ഒരു അഗ്നിഗോളത്തെ സൃഷ്ടിക്കുകയും അത് ഉടൻ മുകളിലോട്ടുയരുകയും ചെയ്യുന്നു. ഈ അഗ്നിഗോളം ദൂരെനിന്ന് വലുതായി കാണാവുന്ന വിധം ബൃഹദാകാരമുള്ള ഒരു കൂൺ പോലെ അഗ്നിയുടെ ഒരു മേലാപ്പായി ത്തീരുന്നു.

എക്സ്റേ–രശ്മികൾ നാനാവശങ്ങളിലേക്കും ന്യൂട്രോണുകൾ സഹിതം സഞ്ചരിക്കുന്നു. ഇത് ഉണ്ടാക്കുന്ന വമ്പിച്ച താപം, സഞ്ചരിക്കുന്ന വഴിക്കുള്ളതിനെയെല്ലാം കരിച്ചു കളയുന്നു. ശബ്ദതരംഗങ്ങളെക്കാൾ അനേക ഇരട്ടി വേഗത്തിൽ സഞ്ചരിക്കുന്ന ഈ കൊടുംചൂടിന്റെ അലകൾ ആഘാതതരംഗങ്ങൾ (Shock waves) സൃഷ്ടിക്കുന്നു. എന്നാൽ ഇതിനേക്കാൾ വേഗത്തിലും തുളച്ചുകയറിയും സഞ്ചരിക്കുന്നത് ഗാമാരശ്മികളാണ്. കൊടുംതാപത്തിന്റെ അലകളെ കവച്ചുവെച്ചുകൊണ്ട് പ്രകാശ വേഗത്തിലാണ് ഗാമാരശ്മികളുടെ സഞ്ചാരം. ഗാമാരശ്മികൾ അത്യഗാധമായ പ്രകമ്പനമുണ്ടാക്കും. അതിന്റെ കിടിലം കൊള്ളിക്കുന്ന പ്രകമ്പനശക്തിയാൽ അത് മനുഷ്യഹൃദയത്തിൽ ആഘാതമായി പതിച്ച് മരണമുണ്ടാക്കുന്നു. അതായത് ആറ്റം ബോംബിട്ടാൽ എക്സ്റേ ഉണ്ടാക്കുന്ന കൊടുംചൂടുകൊണ്ടല്ല ആളുകൾ മരിക്കുന്നത്. ഗാമാ രശ്മികളുടെ വമ്പിച്ച ഊർജത്തിന്റെ ആഘാതം കൊണ്ടാണ് പെട്ടെന്നുള്ള മരണം സംഭവിക്കുന്നത്. ഇതാണ് കൃത്യമായും വിശുദ്ധ ഖുർആൻ വിവരിക്കുന്നത്.

**സൂറഃ അൽദുഖാനിൽ (ധൂമം) മാരകമായ പ്രസരണമുണ്ടാക്കുന്ന അപകടകാരിയായ മേഘത്തെക്കുറിച്ച് ഖുർആൻ വിവരിക്കുന്നു.**

**അതിനാൽ ആകാശം സ്പഷ്ടമായ ഒരുതരം ധൂമത്തെ കൊണ്ടു വരുന്നൊരു നാളിനെ നോക്കി പാർക്കുക. അത് ജനങ്ങൾക്ക് മീതെ ഒരു നിഴൽ വിരിക്കും.**



**ഇത് വേദനാജനകമായ ഒരു യാതനയായിരിക്കും. (44:11–12)**

ഈ ധൂമത്തിന്റെ സ്വഭാവം വീണ്ടും താഴെ കാണുന്ന വചനങ്ങളിൽ വിവരിക്കുന്നു:

**നിങ്ങൾ നിഷേധിച്ചു കൊണ്ടിരിക്കുന്നതിലേക്ക് നിങ്ങൾ പോവുക. മൂന്ന് ശാഖകളുള്ള ആ നിഴലിലേക്ക് നിങ്ങൾ പോവുക. അതൊരിക്കലും നിങ്ങൾക്ക് തണൽ തരുന്നതല്ല. തീജ്വാലയിൽ നിന്ന് നിങ്ങളെ രക്ഷിക്കുന്നതുമല്ല. അത് സൗധസമാനമായ തീജ്വാലകൾ പരത്തും. അത് മഞ്ഞ നിറത്തിലുള്ള ഒട്ടകങ്ങളെ പോലെയിരിക്കും. (77:30–34)**

'നിങ്ങൾ പോവുക' എന്ന ഖുർആനിക വചനം സൂചിപ്പിക്കുന്നത് യാതനാനിർഭരമായ ഒരു മേഘത്തിന്റെ കാലഘട്ടത്തിലേക്ക് മനുഷ്യരാശി ക്രമേണ കൊണ്ടു വരപ്പെടുമെന്നാണ്. ആ മേഘം അവർക്ക് നിഴലോ രക്ഷയോ വാഗ്ദാനം ചെയ്യുന്നതല്ല. സാധാരണയായി നിഴൽ നമുക്ക് ആശ്വാസവും അഭയവും നൽകുന്നതാണ്. ജ്വലിക്കുന്ന സൂര്യന്റെ ചൂടിനും നമുക്കുമിടയിലാണ് മേഘം നിൽക്കുക. മേൽ വചനത്തിൽ സൂര്യനെക്കുറിച്ച് പരാമർശമില്ല. വെറും ഒരു അഗ്നിയെക്കുറിച്ച് മാത്രമാണ് പറഞ്ഞത്. അതിന്റെ ജ്വലനത്തിൽ നിന്ന് പ്രസ്തുത നിഴൽ യാതൊരു സംരക്ഷണവും നൽകുന്നില്ല. രക്ഷ നൽകുന്നതിനുപകരം ഈ മേഘം അഗ്നിയുടെ ദാരുണമായ യാതനകളാണ് പ്രസരിപ്പിക്കുക. ആ നിഴലിനു കീഴിലുള്ള യാതൊന്നും സുരക്ഷിതമല്ല. ഇത് തികച്ചും റേഡിയോ പ്രസരണമുള്ള ന്യൂക്ലിയർ മേഘങ്ങളെക്കുറിച്ചുള്ള വിവരണമാണ്. ഇവിടെ വിവരിക്കപ്പെട്ട സംഭവത്തിൽ മഞ്ഞ നിറത്തിൽ കാണപ്പെടുന്ന വൻ അഗ്നിനാളങ്ങളെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നു. അത് ഉയർന്ന കെട്ടിടത്തെ പോലെയും ഒട്ടകത്തെ പോലെയും കാണപ്പെടുന്നു. ഒരു പക്ഷേ ഒട്ടകത്തിന്റെ നിറം മാത്രമല്ല അതിന്റെ പൂഞ്ഞയുടെ ആകൃതിയുടെ സാമ്യത പോലും ഇവിടെ വർണിക്കപ്പെട്ടിരിക്കുന്നു.

ഏഴാം നൂറ്റാണ്ടിലെ ജനങ്ങൾക്ക് അത്തരത്തിൽ മാരകമായ മേഘങ്ങളെക്കുറിച്ചോ ധൂമങ്ങളെക്കുറിച്ചോ മനസ്സിലാക്കാൻ കഴിയുമായിരുന്നില്ല. അത് അവരുടെ ഗ്രാഹ്യശക്തിക്കതീതമായിരുന്നു. ഇക്കാലത്ത് നമുക്ക് ആണവ വിസ്ഫോടനത്തെക്കുറിച്ചും അത് ഉൽപാദിപ്പിക്കുന്ന റേഡിയോ പ്രസരണമുള്ള മേഘങ്ങളെക്കുറിച്ചുമറിയാം.

വിധി നിർണായകമായ വിവരണം മറ്റൊരു ഖുർആൻ വചനത്തിൽ നമുക്ക് വായിക്കാം.

**'ആ ദിവസം നിഷേധികൾക്ക് മഹാനാശം.'(77:16)**

ആ ദിവസം എന്നത് വിധിനാൾ എന്ന് പറയാവുന്നതാണ്. പക്ഷേ, അത് ഭൂമിയിലെ ഒരു ദിവസത്തെയും സൂചിപ്പിക്കുന്നു. ദൃഷ്ടാന്തങ്ങളിലുള്ള വിശ്വാസത്തെ നിഷേധിക്കുന്നവർ മാരകമായ ധൂമത്താൽ ശിക്ഷിക്കപ്പെടുമെന്നാണ് പറഞ്ഞിരിക്കുന്നത്. അതിനടിയിലുള്ള യാതൊന്നിനേയും അത് വിട്ടുകളയില്ല. ആ നിഴൽ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് സഞ്ചരിക്കുന്നതായിരിക്കും. അത് യാതൊരുവിധ ആശ്വാസവും നൽകില്ല എന്നു മാത്രമല്ല നാശം മാത്രം നൽകുന്ന ഒരു നിഴലായിരിക്കുമത്. അതിഭയാനകമായ തോതിലുള്ള ശിക്ഷക്ക് സാക്ഷ്യം വഹിക്കുന്ന ഒരു കാലഘട്ടമായിരിക്കുമത്. മനുഷ്യൻ അവസാനം ഈ അസഹനീയമായ ശിക്ഷയിൽ നിന്ന് രക്ഷിക്കാൻ ദൈവത്തോട് യാചിച്ചുകൊണ്ട് അവനിലേക്ക് തിരിയുന്നതാണ്. പക്ഷേ, അല്ലാഹുവിന്റെ കോപം ജനങ്ങൾക്ക് മേൽ പതിക്കുമ്പോൾ മാപ്പിന്റെയും മോചനത്തിന്റെയും സമയം കഴിഞ്ഞു പോയിട്ടുണ്ടാവും. അതാണ് ഖുർആൻ വിവരിക്കുന്നത്.

**അവർക്ക് എങ്ങനെ ഉപദേശം പ്രയോജനപ്പെടും. സകല കാര്യങ്ങളും സ്പഷ്ടമായി വിവരിച്ചു കൊടുക്കുന്ന പ്രവാചകൻ അവർക്ക് വന്നുകഴിഞ്ഞിട്ടുണ്ടല്ലോ? എന്നിട്ട് അവൻ പഠിപ്പിക്കപ്പെട്ടവനാണ്, ബാധയേറ്റവനാണ് എന്ന് പറഞ്ഞ് അദ്ദേഹത്തിൽ നിന്ന് അവർ പിന്തിരിഞ്ഞുകളഞ്ഞു!. (44:14–15)** ■

# ടൂറിനിലെ തിരുവസ്ത്രം

ആരിഫ് ഖാൻ, ലണ്ടൻ

**ക്രൂശിതനായ യേശു കുരിശിൽ മരിച്ചിട്ടില്ല എന്നതിന് കുരിശ് പീഢനാനന്തരം യേശുവിനെ പൊതിഞ്ഞ ടൂറിൻ തിരുവസ്ത്രം സാക്ഷ്യം വഹിക്കുന്നു. അഹ്മദിയ്യാ വാദമുഖങ്ങൾക്ക് ടൂറിൻ തിരുവസ്ത്രം അനിഷേധ്യമായ തെളിവുകളാണ് നൽകുന്നത്. തിരുവസ്ത്രം മദ്ധ്യകാലത്തെ ഒരു വ്യാജ കലാസ്ഷ്ടിയാണെന്നാണ് ഇപ്പോൾ പ്രചരിപ്പിക്കപ്പെടുന്നത്. പക്ഷെ അനിഷേധ്യമായ ശാസ്ത്രീയ തെളിവുകൾ അത് ഒരു യഥാർഥ പുരാവസ്തുതന്നെയെന്ന് സാക്ഷ്യം വഹിക്കുന്നു.**



ക്രൂശിതനായ യേശുവിന്റെ ശരീരം പൊതിഞ്ഞുവെന്ന് കരുതപ്പെടുന്ന വസ്ത്രത്തെയാണ് ടൂറിനിലെ തിരുവസ്ത്രം (Shroud of Turin) എന്ന് പറയുന്നത്. ഈ തിരുവസ്ത്രത്തിന് 4.37 മീ. നീളവും 1.1 മീ വീതിയുമുണ്ട്. ക്രൂശിതനായ ഒരു മനുഷ്യന്റെ അവ്യക്തമായ ഒരു രൂപവും അതിൽ കാണാം. ഈ ദശകത്തിലാദ്യമായി 2010 ഏപ്രിൽ 10 മുതൽ മെയ് 23 വരെ ടൂറിനിലെ തിരുവസ്ത്രം പ്രദർശനത്തിന് വെച്ചപ്പോൾ ഇരുപത് ലക്ഷം ആളുകളാണ് അത് ദർശിക്കാനായി വടക്കൻ ഇറ്റലിയിലെ ടൂറിൻ പട്ടണത്തിലെത്തിയത്. ഈ അവസരത്തിൽ തന്നെ അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു....) ടൂറിൻ തിരുവസ്ത്രം കാണാൻ ഒരു സ്വകാര്യസന്ദർശനം നടത്തുകയുണ്ടായി.

## തിരുവസ്ത്രത്തിന്റെ പ്രാധാന്യം

തിരുശേഷിപ്പുകളുടെ കാര്യത്തിൽ ക്രിസ്തുമതം സമ്പന്നമാണ്. യേശുവിന്റെ കാലത്തുള്ള തിരുശേഷിപ്പുകളാണ് ഏറ്റവും അമൂല്യമായുള്ളത് എന്ന് കരുതപ്പെടുന്നു. അതിന്റെയെല്ലാം ആധികാരികത തെളിയിക്കാൻ ബുദ്ധിമുട്ടാണ്. അത്തരത്തിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു തിരുശേഷിപ്പാണ് ടൂറിനിലെ തിരുവസ്ത്രം. കുരിശ് പീഢനത്തിന് ശേഷം യേശുവിന്റെ ശരീരം കല്ലറയിൽ പൊതിഞ്ഞുവെച്ച വസ്ത്രമാണ് ഇതെന്ന് കരുതപ്പെടുന്നു. ബൈബിൾ പുതിയ നിയമത്തിൽ യേശുവിനെ ക്രൂശിച്ചതിന് ശേഷം ശരീരം ഒരു ലിനൻ വസ്ത്രത്തിൽ പൊതിഞ്ഞതായി വിവരിക്കുന്നു.

*'അയാൾ ഒരു ലിനൽ കച്ച വാങ്ങി അവന്റെ ശരീരം താഴെയിറക്കി ആ കച്ചയിൽ പൊതിഞ്ഞു. പാറയിൽ വെട്ടിയുണ്ടാക്കിയ കല്ലറയിൽ അവനെ സംസ്കരിച്ചു. അയാൾ ഒരു കല്ല് കല്ലറവാതിൽക്കൽ ഉരുട്ടിവെച്ചു'* (മാർക്കോസ് 15:46) ഒരു രാത്രിയിൽ യേശുവിനെ ആദ്യമായി സന്ദർശിച്ച നിക്കോദമൊസ് *ഏതാണ്ട് നൂറു റാത്തൽ മീറും അകിലും ചേർത്ത് ഒരു സുഗന്ധ കൂട്ടുകൊണ്ടുവന്നു. അവർ വന്ന് യേശുവിന്റെ ശരീരം എടുത്ത് യഹൂദരുടെ ശവസംസ്കാരസമ്പ്രദായമനുസരിച്ച് സുഗന്ധദ്രവ്യങ്ങളോട് കൂടി ലിനൻകച്ചയിൽ പൊതിഞ്ഞു* (യോഹ: 19:39, 40)

മേൽ പ്രസ്താവിച്ച ശവസംസ്കരണവേളയിലെ ശവക്കച്ചയാണ് ഇതെന്നാണ് ക്രിസ്ത്യാനികൾ അവകാശപ്പെടുന്നത്. ഈ അവകാശവാദത്തെ ചോദ്യം ചെയ്യുന്നവരുമുണ്ട്. എങ്കിലും ടൂറിൻ തിരുവസ്ത്രം ക്രിസ്തീയലോകത്തെ ഏറ്റവും ആദരണീയവും വിശ്വസനീയവുമായ ഒരു

തിരുശേഷിപ്പാണ്. 1898ൽ സെകെന്റോപിയ എന്നയാൾ ഫോട്ടോയെടുത്തതോടുകൂടി, തിരുവസ്ത്രത്തിന്റെ പ്രാധാന്യം ഒന്നുകൂടി വർധിക്കുകയുണ്ടായി. ഫോട്ടോ എടുത്ത് അതിന്റെ നെഗറ്റീവ് ഡെവലപ് ചെയ്തപ്പോൾ അതിൽ കണ്ട സൂക്ഷ്മവും വ്യത്യസ്തവുമായ ചിത്രം സെക്കന്റോപിയയെ വിസ്മയഭരിതനാക്കി. വളരെ അവ്യക്തമായി അതുവരെ തിരുക്കച്ചയിൽ കണ്ട പ്രതിരൂപം നെഗറ്റീവ് ഫിലിമിൽ കൂടുതൽ മിഴിവോടെയും തെളിവോടെയും പ്രത്യക്ഷപ്പെട്ടു. ഈ അദ്ഭുതകാഴ്ച കണ്ട് ആ ഫോട്ടോഗ്രാഫർ ഞെട്ടിപ്പോയി. കൈയിലുണ്ടായിരുന്ന നെഗറ്റീവ് പ്ലേറ്റ് താഴെ വീണു.

## ടൂറിൻ തിരുവസ്ത്രത്തിന്റെ പഴമ

ടൂറിൻ തിരുവസ്ത്രത്തിന്റെ രേഖപ്പെടുത്തിയ ചരിത്രത്തിന് 13 മുതൽ 14 വരെ നൂറ്റാണ്ടുകളോളം മാത്രമേ പഴക്കമുള്ളൂ. എങ്കിലും യേശുവിന്റെ രൂപ ചിത്രം വഹിക്കുന്ന ഈ തിരുവസ്ത്രത്തിന് രണ്ടായിരം വർഷത്തെ പഴക്കമുണ്ട്. അതിന് നിരവധി തെളിവുകളുണ്ട്. ആ കാലഘട്ടത്തിൽ 'എഡേസ്സയിലെ ശീല' എന്നറിയപ്പെട്ട വസ്ത്രം ടൂറിൻ വസ്ത്രം തന്നെയായിരുന്നു.

ഇയാൻ വിൻസൺ എന്ന തിരുവസ്ത്ര ഗവേഷണ വിദഗ്ധൻ ടൂറിൻ തിരുവസ്ത്രം ഒന്നാം നൂറ്റാണ്ടിലേതാണെന്ന് രേഖകളുദ്ധരിച്ച് സമർഥിച്ചിട്ടുണ്ട്. യേശുവിന്റെ മുഖത്തിന്റെ പ്രതിരൂപമുള്ള ഒരു വസ്ത്രത്തെക്കുറിച്ചുള്ള പരമ്പരാഗതവിശ്വാസത്തിന്റെ ചരിത്രരേഖകൾ ഇയാൻ വിൽസൺ ശേഖരിച്ചിരുന്നു. ഇത് തന്നെയാണ് ഇപ്പോഴത്തെ ടൂറിൻ തിരുക്കച്ചയെന്ന് അദ്ദേഹം വാദിക്കുന്നു.(1) എഡേസ്സ തിരുക്കച്ച എന്നറിയപ്പെടുന്ന ഈ വസ്ത്രം യേശുവിന്റെ പ്രതിരൂപമുള്ളതും മൂന്നും നാലും നൂറ്റാണ്ടിൽ തന്നെ അറിയപ്പെട്ടതുമാണ്. ജെറുസലേമിൽ നിന്ന് അത് എഡേസയിലേക്ക് മാറ്റപ്പെടുകയാണുണ്ടായത്. എഡേസ്സ ഭരണാധികാരിയായിരുന്ന അബ്ഗാർ അഞ്ചാമൻ ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യാൻ കാരണം ഈ തിരുവസ്ത്രമായിരുന്നുവെന്ന് പറയപ്പെടുന്നു. ഈ തിരുവസ്ത്രം ഓരോ നൂറ്റാണ്ടിലും എങ്ങനെ ചരിത്രത്തിൽ പ്രത്യക്ഷപ്പെട്ടുവെന്ന് ഇയാൻ വിൽസൺ വിവരിക്കുന്നുണ്ട്. പുനരുത്ഥാനസമയത്ത് ഉണ്ടായ വലിയതോതിലുള്ള ഊർജപ്രവാഹമാണ് വസ്ത്രത്തിൽ പ്രതിച്ഛായ സൃഷ്ടിച്ചതെന്നാണ് ഇയാൻ വിൽസന്റെ വാദം. പക്ഷേ



എന്തെങ്കിലും തരത്തിലുള്ള ഊർജം പ്രവഹിക്കണമെങ്കിൽ ശരീരത്തിൽ ജീവനുണ്ടായിരിക്കണം എന്നതാണ് വസ്തുത.

ഇയാൻ വിൽസൺ തന്റെ പുസ്തകത്തിൽ ടൂറിൻ തിരുവസ്ത്രം ചരിത്രത്തിലൂടെ കടന്നുവന്ന സമയരേഖ വെളിപ്പെടുത്തിയിട്ടുണ്ട്. പുരാതനചരിത്രങ്ങളിൽ പരാമർശിതമായ ആ കച്ച തിരുവസ്ത്രം തന്നെയാണെന്ന് ഉറപ്പിച്ചുപറയാനുള്ള സാധ്യതയാണുള്ളത്.

## തിരുവസ്ത്രത്തിലെ പ്രതിച്ഛായ

തിരുവസ്ത്രത്തിലെ ഏറ്റവും വിസ്മയകരമായ കാര്യം അതിലെ പ്രതിച്ഛായയാണ്. ഈ പ്രതിച്ഛായ രൂപപ്പെടാൻ കാരണമായ പ്രതിഭാസം എന്താണെന്ന് ഇത് വരെ പൂർണമായും വിശദീകരിക്കപ്പെട്ടിട്ടില്ല. ഈ രൂപത്തിന്റെ മറ്റൊരു പ്രത്യേകത അത് സ്വയം തന്നെ ഒരു നെഗറ്റീവ് ഇമേജ് ആണെന്നുള്ളതാണ്.

## തിരുവസ്ത്രത്തിന് യേശുവും ക്രൂശീകരണവുമായുള്ള ബന്ധം

രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് യേശുവിന് എന്തു സംഭവിച്ചുവെന്നാണോ അഹ്മദിമുസ്‌ലിംകൾ വിശ്വസിക്കുന്നത് ആ കാര്യങ്ങളുടെയെല്ലാം വിശദമായ തെളിവുകൾ ടൂറിൻ തിരുവസ്ത്രം നൽകുന്നു.

## ചമ്മട്ടിയടിയും ചാട്ടവാറടിയും

ക്രൂശീകരണത്തിന് മുമ്പായി കുറ്റവാളിയെ ചമ്മട്ടി കൊണ്ടും ചാട്ടവാറുകൊണ്ടും അടിക്കുകയെന്നത് പുരാതന റോമിലെ സമ്പ്രദായമാണ്. യേശുവിനെ അങ്ങനെ ചെയ്തതിന്റെ വ്യക്തമായ പാടുകൾ ടൂറിൻ തിരുവസ്ത്രത്തിലുണ്ട്. പ്രത്യേകിച്ച് ശരീരത്തിന്റെ പിൻഭാഗത്ത്. മൂന്ന് മുള്ളുകളുള്ള റോമൻ രീതിയിലുള്ള തുകലിൽ പൊതിഞ്ഞ ഉപകരണമാണ് ചമ്മട്ടി. എല്ലുകൊണ്ടുണ്ടാക്കിയ ഈ മുനകൾ ശരീരത്തിൽ പരമാവധി പരിക്കുണ്ടാക്കാനുദ്ദേശിച്ചുകൊണ്ടുള്ളതാണ്. ചമ്മട്ടി (Flagellum) എന്ന പേരുള്ള ഈ റോമൻ ഉപകരണം കൊണ്ടടിച്ചതിന്റെ പരിക്കുകളുടെ അടയാളങ്ങൾ ടൂറിൻ തിരുശീലയിൽ വ്യക്തമായി കാണാം.

## മുൾകിരീടം

താൻ യഹൂദരുടെ രാജാവാണ് എന്ന യേശുവിന്റെ വാദം ഏറ്റവും കൂടുതൽ പരിഹസിക്കപ്പെട്ടിരുന്നു. യേശുവിന്റെ ക്രൂശീകരണത്തിന്റെ മുഖ്യകാരണങ്ങളിലൊന്ന് അതായിരുന്നു. മത്തായി, മാർക്കോസ്, യോഹന്നാൻ എന്നിവരുടെ സുവിശേഷങ്ങളിൽ മുൾക്കിരീടത്തെ പറ്റി വ്യക്തമായ വിവരണങ്ങളുണ്ട്.

*'മുള്ളുകൊണ്ട് ഒരു കിരീടം മെനഞ്ഞുണ്ടാക്കി അത് അവന്റെ തലയിൽ വെച്ചു. വലത് കൈയിൽ ഒരു ഞാണങ്ങാക്കോലും പിടിപ്പിച്ചു. പിന്നീട് അവർ അവന്റെ കൈയിൽ മുട്ടുകുത്തി പരിഹസിച്ചു പറഞ്ഞു: യഹൂദരുടെ രാജാവേ സ്വസ്തി! (മത്താ: 27:29) അവർ അവനെ ഒരു ചെങ്കുപ്പായം ധരിപ്പിച്ചു. മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞുണ്ടാക്കി. അവൻ അത് അവന്റെ തലയിൽ വെച്ചു. 'യഹൂദരുടെ രാജാവേ ജയിച്ചാലും' എന്ന് പറഞ്ഞ് അവർ അവനെ വന്ദിക്കാൻ തുടങ്ങി (മാർക്കോ: 15:17). ഭടന്മാർ മുള്ളുകൊണ്ട് ഒരു കിരീടം മെടഞ്ഞുണ്ടാക്കി അവന്റെ തലയിൽ വെച്ചു (യോഹ: 19:2)*

ടൂറിൻ വസ്ത്രത്തിൽ തലയുടെ ഭാഗത്ത് അസാധാരണമായ വിധം രക്തം ഒഴുകിയതായി കാണുന്നു. തലക്ക് പിന്നിൽ മുടിയിൽ പുറത്ത് രക്തക്കറകൾ കാണാം. ഇതെല്ലാം തന്നെ ഒരു മുൾക്കിരീടം അണിഞ്ഞതിന്റെ സാക്ഷ്യങ്ങളാണ്.(2)

## ആണിപ്പഴുത്

കൈക്കുഴയിലൂടെയും കാലിലൂടേയും ആണി അടിച്ചുകയറ്റിയാണ് യേശുവിനെ ക്രൂശിച്ചത്. ഈ ശരീരാവയവങ്ങളുടെ ഭാഗങ്ങളിൽ നിന്നെല്ലാം രക്തം പ്രവഹിച്ചതായി ടൂറിൻ വസ്ത്രത്തിൽ വ്യക്തമായിക്കാണുന്നു. (3) യേശുവിന്റെ ക്രൂശീകരണം പരമ്പരാഗതമായി ചിത്രീകരിച്ചുവരുന്ന കലാരചനകളിലെല്ലാം കൈപ്പത്തിയിലൂടെ ആണി അടിച്ചുകയറ്റിയതായാണ് ചിത്രീകരിച്ചത്. ആധുനിക ഗവേഷകന്മാർ ഇത് അസാധ്യമാണെന്ന് വിശ്വസിക്കുന്നു. എന്തുകൊണ്ടെന്നാൽ ശരീരം കുരിശിൽ താങ്ങിനിറുത്തണമെങ്കിൽ കൈക്കുഴയിൽ തന്നെ ആണിയടിക്കേണ്ടതുണ്ട്.(4) ഇത് കൃത്യമായും ടൂറിൻ തിരുശ്ശീലയിന്മേൽ പതിഞ്ഞിട്ടുണ്ട്.

## രക്തപ്രവാഹം

തിരുവസ്ത്രത്തിൽ കണ്ടത് രക്തക്കറയാണ് എന്നത് അനിഷേധ്യമായി തെളിയിക്കപ്പെട്ടിരിക്കുന്നു. 1978ൽ ശാസ്ത്രജ്ഞന്മാർക്ക് ഇത് യഥാർഥ രക്തക്കറ തന്നെയാണെന്ന് എളുപ്പത്തിൽ തെളിയിക്കാൻ കഴിഞ്ഞു. ഇത് മനുഷ്യരക്തം തന്നെയാണെന്നും എന്തെങ്കിലും വർണവസ്തുവോ മൃഗത്തിന്റെ രക്തമോ അല്ല എന്നും തെളിയിക്കപ്പെടുകയുണ്ടായി. ടൂറിൻ വസ്ത്രത്തിൽ പതിഞ്ഞ, ഒഴുകിയ രക്തക്കറയുടെ അടയാളങ്ങൾ ശരീരശാസ്ത്രപരമായി വളരെ കൃത്യവും സ്വാഭാവികവുമായിരുന്നു. മനുഷ്യശരീരത്തിൽ രക്തം വഹിച്ചുപോകുന്ന ധമനിയുടെയും സിരകളുടെയും ഘടനയുമായി പൂർണമായും യോജിക്കുന്ന തരത്തിലാണ് രക്തം ഒഴുകിയതിന്റെ കറകൾ തിരുവസ്ത്രത്തിൽ കണ്ടത്.

## തിരുവസ്ത്രത്തിലെ ശാസ്ത്രീയ ഗവേഷണം

1978–ൽ STURP (Shroud of Turin Research Project) എന്ന ശാസ്ത്രഗവേഷണ സംഘടന ടൂറിൻ തിരുവസ്ത്രത്തെ വിനാശകരമല്ലാത്ത നിരവധി പരീക്ഷണ നിരീക്ഷണ പരമ്പരകൾക്ക് വിധേയമാക്കി .

ബ്ളാക്ക് ആന്റ് വൈറ്റ് ഫോട്ടോകൾ, കളർ ഫോട്ടോകൾ, വിവിധ തരത്തിലുള്ള ഫോട്ടോഗ്രാഫിക്ക് രീതികൾ, എക്സ്റേ, അൾട്രാവയലറ്റ് ഫോട്ടോഗ്രാഫി, ഹൈമാഗ്നിഫയിങ്ങ് ഫോട്ടോഗ്രാഫി, പശയുള്ള ടേപ്പുകൾ ഉപയോഗിച്ച് വസ്ത്രത്തിന്റെ സാമ്പിൾ പരിശോധന, വസ്ത്രത്തിലെ നാരുകളിൽ പറ്റിപ്പിടിച്ച രക്തക്കറകളിൽ നിന്നും ഡി.എൻ.എ. വേർതിരിച്ചെടുക്കൽ മുതലായ നിരവധി പരീക്ഷണ നിരീക്ഷണങ്ങൾ അവർ നടത്തുകയുണ്ടായി. അവരുടെ പരീക്ഷണത്തിന്റെ മുഖ്യ ഉദ്ദേശ്യം എങ്ങനെയാണ് ഈ പ്രതിരൂപം വസ്ത്രത്തിൽ രൂപപ്പെട്ടത് എന്നതിന്റെ അന്വേഷണമായിരുന്നു. ഇത്രയധികം കൂലങ്കശമായ പഠനങ്ങൾ നടത്തിയിട്ടും ഈ പ്രതിഛായ എങ്ങനെ രൂപപ്പെട്ടു എന്നതിനെ സംബന്ധിച്ച് ഇത് വരെ തൃപ്തികരമായ ഉത്തരം ലഭിച്ചിട്ടില്ല.

തിരുവസ്ത്രത്തിന്റെ പ്രതിരൂപത്തിന്റെ ചില പ്രത്യേകതകളെ പറ്റി പഠിക്കുമ്പോൾ ഈ ചിത്രം രൂപപ്പെട്ട പ്രതിഭാസം വിശദീകരിക്കപ്പെടേണ്ടതുണ്ട്. ഇത് സംബന്ധിച്ച് മുന്നോട്ടുവെക്കുന്ന എല്ലാ തിയറികളും താഴെ കാണുന്ന വസ്തുതകളെ കൂടി വിശദീകരിക്കേണ്ടതുണ്ട്.



ടൂറിൻ വസ്ത്രം സൂക്ഷിച്ച ഇറ്റലിയിലെ സെന്റ് ജോൺ കത്തീഡ്രൽ

1. പ്രതിരൂപം വളരെയധികം മങ്ങിയതാണ്. വസ്ത്രത്തിന്റെ ഏറ്റവും ഉപരിഭാഗത്തുള്ള നാരുകളിൽ മാത്രമാണ് ചിത്രം പതിഞ്ഞിട്ടുള്ളത്. ഇതിന് കാരണമെന്ത്?

2. പ്രതിരൂപമുള്ള സ്ഥലങ്ങളിലൊന്നുംയാതൊരു വർണവസ്തുവോ ചായക്കൂട്ടോ കലർന്നിട്ടില്ല.

3. തിരുവസ്ത്രത്തിൽ പൊതിഞ്ഞ ശരീരാവയവങ്ങളുമായി തൊട്ടുനിൽക്കുന്ന ഭാഗങ്ങളിലെ നിറക്കൂടുതലും അകന്നുനില്ക്കുന്ന ഭാഗങ്ങളിലെ നിറക്കുറവും ചിത്രങ്ങൾക്ക് ഒരു ത്രിമാന ഘടന നൽകിയതിന്റെ വിശദീകരണമെന്ത്?.

4. പ്രതിരൂപം നെഗറ്റീവ് ആണ്.

## 1988ലെ കാർബൺ കാലനിർണയപരിശോധന തിരുവസ്ത്രം വ്യാജമാണെന്ന് തെളിയിച്ചിട്ടുണ്ടോ?

1988–ൽ ടൂറിൻ വസ്ത്രം അന്താരാഷ്ട്ര വാർത്തകളിലെ തലക്കെട്ടുകൾ പിടിച്ചെടുക്കുകയുണ്ടായി. കാർബൺ ടെസ്റ്റ് നടത്തിയപ്പോൾ ടൂറിൻ വസ്ത്രം ക്രി. വ. 1360–1460 ഇടക്കുള്ള കാലഘട്ടങ്ങളിൽ നിർമിക്കപ്പെട്ടതാണ് എന്നായിരുന്നു വെളിപ്പെടുത്തൽ. ഈ പരീക്ഷണഫലം രണ്ടായിരം വർഷം പഴക്കമുണ്ടെന്ന് കരുതപ്പെട്ട തിരുവസ്ത്രം വ്യാജമാണോ അല്ലെങ്കിൽ യാഥാർഥ്യമാണോ എന്ന ചർച്ചയിലേക്ക് നയിച്ചു. പ്രസ്തുത കാലഘട്ടത്തിന് മുമ്പേ തിരുശ്ശീലയെ സംബന്ധിച്ച് വ്യക്തമായ ചരിത്രരേഖകളില്ലായിരുന്നു. തിരുവസ്ത്രം 14–ാം നൂറ്റാണ്ടിൽ നിർമിച്ചതാണെന്ന പരീക്ഷണഫലവും തുടർ ന്നുള്ള പ്രചാരണവും ഈ ചരിത്ര ശൂന്യതയുമായി യോജിക്കുന്ന വിധത്തിലായിരുന്നു.

മതത്തിന് മേൽ ശാസ്ത്രം നേടിയ മറ്റൊരു വിജയമായി ഇത് ആഘോഷിക്കപ്പെട്ടു. പ്രത്യേകിച്ച് ടൂറിൻ തിരുവസ്ത്രത്തെ നിഷേധിച്ചിരുന്ന ശാസ്ത്രജ്ഞന്മാർക്ക് ഇത് ഒരവസരം ഒരുക്കിക്കൊടുക്കുകയായിരുന്നു. കാർബൺ ഡേറ്റിങ്ങിന്റെ ഫലപ്രഖ്യാപനം വന്നപ്പോൾ ഉണ്ടായ പ്രസ്താവനകൾ ശ്രദ്ധേയമാണ്. കാർബൺ കാലനിർണയഫലത്തെ ആധാരമാക്കി എല്ലാ ഭാഗത്തുനിന്നും തിരുവസ്ത്രം 14–ാം നൂറ്റാണ്ടിലെ ഒരു വ്യാജ കലാനിർമിതിയാണെന്ന് സ്ഥാപിക്കാനുള്ള ശ്രമമായിരുന്നു പിന്നീട് നടന്നത്.

## കാൺബൺടെസ്റ്റ് ഫലം: ഉത്തരത്തെക്കാളേറെ ചോദ്യങ്ങൾ

ടൂറിൻ വസ്ത്രവിഷയത്തിൽ കാർബൺ ടെസ്റ്റിന്റെ ഫലപ്രഖ്യാപനം വന്നപ്പോൾ ഈ വിഷയങ്ങളിൽ വിദഗ്ധരായവർക്കും പണ്ഡിതന്മാർക്കും ഉത്തരങ്ങളെക്കാളേറെ ചോദ്യങ്ങളായിരുന്നു അഭിമുഖീകരിക്കേണ്ടിവന്നത്. ഇത് വ്യാജമാണെങ്കിൽ എങ്ങനെയാണ് ഈ പ്രതിരൂപം വസ്ത്രത്തിൽ പ്രത്യക്ഷപ്പെട്ടത്? ഫോട്ടോഗ്രാഫിയെപറ്റിയുള്ള ശാസ്ത്രം രൂപം കൊള്ളുന്നതിന് വളരെ മുമ്പ് എങ്ങനെ ഒരു നെഗറ്റീവ് ചിത്രം സാധ്യമായി? ശരീരശാസ്ത്രപരമായി രക്തപ്രവാഹത്തെപറ്റി യാതൊരറിവും ഇല്ലാതിരിക്കുന്ന ഒരു കാലത്ത് ഈ പ്രതിരൂപത്തിൽ പതിഞ്ഞ രക്തപ്രവാഹ

ത്തിന്റെ ഗതി ശരീരശാസ്ത്രപരമായി യാതൊരു പൊരുത്തക്കേടുമില്ലാത്തതായത് എങ്ങനെ? കലാകാരന് അങ്ങനെ വരക്കാൻ കഴിയുമോ?

പണ്ഡിതന്മാർ കാർബൺഡേറ്റിങ്ങിന്റെ സൂക്ഷ്മതയില്ലായ്മയെപറ്റി ചൂണ്ടിക്കാട്ടുന്നു. ആധികാരിക പണ്ഡിതന്മാർ കാർബൺഡേറ്റിങ്ങിൽ ഉണ്ടായ പിഴവുകൾ വസ്തുനിഷ്ഠപരമായ തെളിവുകളോടെ ചൂണ്ടിക്കാട്ടുകയുണ്ടായി. ടൂറിൻ വസ്ത്രത്തിൽ തിങ്ങികൂടിയ 'ബയോ പ്ളാസ്റ്റിക്കിനെ'ക്കുറിച്ചും തീപിടുത്തത്തിൽ ടൂറിൻ വസ്ത്രത്തിനുണ്ടായ കേടുപാടുകൾ എങ്ങനെ കാർബൺ ടെസ്റ്റിങ്ങിനെ ബാധിച്ചു എന്ന കാര്യവും അവർ ചർച്ച ചെയ്തു. തിരുവസ്ത്രത്തിന്റെ കാലപ്പഴക്കം മാറ്റിത്തിരുത്താൻ വത്തിക്കാൻ നടത്തുന്ന ഗൂഢാലോചനാസിദ്ധാന്തങ്ങളെ പറ്റി ശാസ്ത്രജ്ഞന്മാർ തന്നെ സംസാരിക്കാനും തുടങ്ങി.

## റയ്മണ്ട് റോജർ കാർബൺഡേറ്റിങ്ങ് ഫലം തുറന്നുകാട്ടുന്നു

തെർമോ ഡൈനാമിക്സിൽ വിദഗ്ധനും STURP സംഘത്തിൽ സ്ഥാപകാംഗവുമായ റെയ്മണ്ട് റോജർ കാർബൺഡേറ്റിങ്ങ് ഫലത്തിലെ തിരിമറികൾ തുറന്നുകാട്ടുകയുണ്ടായി. ബെൻഫോർഡ്, മാറിനോ എന്നീ ദമ്പതികൾ ചേർന്നു നടത്തിയ ഗവേഷണഫലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടായിരുന്നു അദ്ദേഹത്തിന്റെ പഠനം. ബെൻ ഫോർഡും മാറിനോയും ശാസ്ത്രജ്ഞന്മാരല്ലായിരുന്നു. 1978ലെ STURP റിപ്പോർട്ടിനെ ആധാരമാക്കിയുള്ള പഠനങ്ങളാണ് അവർ നടത്തിയത്. കാർബൺഡേറ്റിങ്ങിന് എടുത്തിട്ടുള്ള ടൂറിൻ തിരുവസ്ത്രത്തിലെ ഭാഗം ഒരിക്കലും ടൂറിൻ വസ്ത്രത്തിന്റെ ഭാഗമായിരുന്നില്ല, പിന്നീട് കൂട്ടിചേർത്ത ഭാഗമായിരുന്നു എന്ന ഞെട്ടിപ്പിക്കുന്ന വസ്തുതയാണ് വെളിപ്പെടുത്തപ്പെട്ടത്. ഈയടുത്തകാലത്തെ ഒരു ഡോക്യുമെന്ററിയിൽ ബാറി ഷോർട്സും അത് വ്യക്തമാക്കിയിട്ടുണ്ട്.

കാർബൺ ഡേറ്റിങ്ങിന് ഉപയോഗിച്ച ടൂറിൻ വസ്ത്രത്തിലെ സാമ്പിളുകളുടെ ഫോട്ടോയാണ് ദമ്പതിമാരുടെ കൈവശമുണ്ടായിരുന്നത്. അവർ ഈ തുണി കഷണം പല ടെക്സ്റ്റൈയിൽ വിദഗ്ധന്മാരേയും കാണിച്ചു. അവരെല്ലാവരും പറഞ്ഞത് ഈ സാമ്പിൾ കഷണം വസ്ത്രം ടൂറിൻ വസ്ത്രത്തിന്റേതുപോലെയല്ല എന്നാണ്. വസ്ത്ര സാമ്പിൾ കാണിച്ച എല്ലാ വിദഗ്ധരും അത് പിന്നീട് തുന്നിച്ചേർത്ത നെയ്തെടുത്ത



ഡോ. റയ്മണ്ട് റോജർ (ഇടത്) ടൂറിൻ വസ്ത്രം പരിശോധിക്കുന്നു

വസ്ത്രമാണെന്ന് പറയുകയുണ്ടായി.[5]

ബെൻഫോർഡും മാറിനോയും വിശ്വസിക്കുന്നത് 16-ാം നൂറ്റാണ്ടിൽ ടൂറിൻവസ്ത്രം റിപ്പയർ ചെയ്തപ്പോൾ കൂട്ടിച്ചേർത്ത ഭാഗത്തിൽ നിന്നെടുത്തതാണ് ആ ഭാഗം എന്നാണ്. 16-ാം നൂറ്റാണ്ടിൽ നിന്നെടുത്ത ഈ ഭാഗവും ഒന്നാം നൂറ്റാണ്ടിലെ ഒറിജിനൽ തിരുവസ്ത്രത്തിന്റെ ഭാഗവും പരസ്പരം കൂട്ടിക്കലർത്തിയാണ് പരിശോധനക്ക് നൽകിയത്. അതുകൊണ്ടാണ് കാർബൺ ഡേറ്റിങ്ങിൽ രണ്ട് വ്യത്യസ്ത തീയതികൾ പ്രത്യക്ഷപ്പെട്ടത്.

ഈ തിരിമറി സംബന്ധിച്ച് അവർ ഒരു ഉപന്യാസം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. Evidence for the skewing of the C-14 Dating of the Shroud of Turin' എന്നതായിരുന്നു ഉപന്യാസത്തിന്റെ പേര്. ഈ ഉപന്യാസമാണ് റയ്മണ്ട് റോജറുടെ ശ്രദ്ധ പിടിച്ചുപറ്റിയത്. അദ്ദേഹം ഒരു അഭിമുഖത്തിൽ ഇക്കാര്യം വ്യക്തമാക്കുകയുണ്ടായി.

'ഞാൻ ടൂറിൻ തിരുവസ്ത്രത്തെ പറ്റിയുള്ള പഠനങ്ങളെല്ലാം ഉപേക്ഷിച്ചിരുന്നു. ആ അവസരത്തിലാണ് ആ ആളെക്കറക്കുന്ന ഞൊറിയുടെ വിഷയം വരുന്നത്. ആ ഞൊറി പിന്നീട് തിരുവസ്ത്രത്തിൽ തുന്നിപ്പിടിപ്പിച്ചതായിരുന്നു. കാർബൺ കാലനിർണയ ഫലങ്ങളെ നിരവധി വഴികളിലൂടെ അത് തെറ്റിച്ചു. പിൽക്കാലത്ത് തുന്നിപ്പിടിപ്പിച്ചതാണ് ഞൊറി. ബെൻഫോർഡിന്റെയും മാറിനോയുടെയും പ്രബന്ധം അവസാനത്തെ കച്ചിതുരുമ്പാണ്[6]

തിരുവസ്ത്രം രണ്ടായിരം വർഷം പഴക്കമുള്ള ഒറിജിനൽ ചരിത്രവസ്തുവാണെന്ന് വിശ്വസിച്ചിരുന്ന റെയ്മണ്ടിന് ഗവേഷണം നടത്താൻ അതുല്യമായ അവസരമാണ് ലഭിച്ചത്. ടൂറിൻ വസ്ത്രത്തിലെ റേഡിയോ കാർബൺ ടെസ്റ്റിങ്ങ് കൊടുത്ത സാമ്പിളും അത് പോലെ തിരുവസ്ത്രത്തിൽ നിന്നെടുത്ത ഒറിജിനൽ ഭാഗവും അദ്ദേഹത്തിന്റെ കൈവശമുണ്ടായിരുന്നു. മധ്യനൂറ്റാണ്ടുകളിലാണ് തിരുവസ്ത്രം സൃഷ്ടിച്ചതെന്ന പ്രചരണം തകർക്കാൻ റെയ്മണ്ട് റോജർ, ബാറി സ്ഷോർട്സുമായി ബന്ധപ്പെട്ട കാര്യം വിവരിക്കുന്നു. ബാറി സ്ഷോർട്സ് രണ്ട് മണിക്കൂറിനുശേഷം എന്നെ വിളിച്ചു. അദ്ദേഹം പറഞ്ഞു: കുട്ടീ, നിനക്കറിയുമോ അവർ (ഗവേഷക ദമ്പതികൾ) പറഞ്ഞത് ശരിയാണ്. കാർബൺ ടെസ്റ്റിനു കൊടുത്ത സാമ്പിളിൽ പരുത്തി നൂൽ ഉണ്ടായിരുന്നു. തിരുവസ്ത്രത്തിന്റെ ബാക്കിഭാഗങ്ങളിൽ പരുത്തിയുടെ അംശമില്ല. ഇതിൽ പരുത്തി കലർന്നിട്ടുണ്ട്. അവർ പറഞ്ഞത് ശരിയാണ്' [7].

അദ്ദേഹം എത്തിച്ചേർന്ന നിഗമനം ശരിയാണ്. കാർബൺ പരിശോധനക്ക് അയച്ച തിരുവസ്ത്രത്തിലെ ഭാഗം രണ്ടാമത് തുന്നിച്ചേർത്ത ഭാഗമാണ്.

ദുഃഖകരമെന്ന് പറയട്ടെ, റെയ്മണ്ട് റോജർ അർബുദവുമായുള്ള യുദ്ധത്തിൽ പരാജിതനായി തന്റെ ഗവേഷണ പരിപാടി അവസാനിച്ചയുടൻ അന്ത്യശ്വാസം വലിച്ചു. അദ്ദേഹത്തിന്റെ മുഴുവൻ പഠനങ്ങളും ബാറിസ്ഷോർട്സും കൂട്ടാളികളും ഒരു ഡി.വി.ഡി. ആയി പുറത്തിറക്കി. റെയ്മണ്ട് മരിച്ചതിനു ശേഷം *'Thermochimica Acta'* എന്ന രസതന്ത്ര ജേർണലിൽ അദ്ദേഹത്തിന്റെ പ്രവർത്തനത്തെപറ്റി വിശദമായ ഒരു ലേഖനമുണ്ട്.[8]

ഈ കാർബൺ നിർണയഫലം ടൂറിൻ തിരുവസ്ത്ര ഗവേഷണത്തിൽ ഏറ്റവും നിർണായകമായിരുന്നു. 14-ാം

നൂറ്റാണ്ടിലെ വ്യാജ കലാനിർമിതിയാണ് തിരുവസ്ത്രം എന്നതായിരുന്നു വാദം. യേശുവിനെ പൊതിഞ്ഞ വസ്ത്രമാണ് ഇതെന്നുള്ള ആധികാരികതയെ തന്നെ അത് ചോദ്യം ചെയ്തിരുന്നു. ഈ കാർബൺ ടെസ്റ്റാണ് ഇപ്പോൾ തെറ്റാണെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നത്.

### യേശു കുരിശിൽ നിന്നും രക്ഷപ്പെട്ടതായി തിരുവസ്ത്രം തെളിയിക്കുന്നുണ്ടോ?

യേശുക്രിസ്തു കുരിശ് പീഢനത്തെ അതിജീവിച്ചു എന്ന് വിശ്വസിക്കുന്ന അഹ്മദി മുസ്ലിം കൾക്ക് ടൂറിൻ തിരുവസ്ത്രം ഏറ്റവും ശക്തമായ തെളിവാണ്.

യേശു മരിച്ചതാണെങ്കിൽ ശരീരം ജീർണനത്തിന് വിധേയമായി എന്നതിന് യാതൊരു തെളിവും ടൂറിൻ തിരുശ്ശീലയിൽ നിന്നും ലഭ്യമല്ല. തിരുവസ്ത്രത്തിലേക്ക് പ്രവഹിച്ച ധാരാളം രക്തമാണ് ആ ചിത്രത്തിന്റെ രൂപഭാവങ്ങൾ ഉണ്ടാക്കിയത്. [9]

ടൂറിൻ തിരുവസ്ത്രത്തിൽ പൊതിയപ്പെട്ട മനുഷ്യൻ മരിച്ചിട്ടില്ല. നേർവിപരീതമായ തെളിവുകളാണ് അത് നൽകുന്നത്. മരിച്ചെങ്കിൽ ശരീരം മരവിച്ചുപോകുമായിരുന്നു. രക്തവും പ്ളാസ്മയും വേർപിരിയുകയും ചെയ്യുമായിരുന്നു. ഇത് രണ്ടും സംഭവിച്ചിട്ടില്ല എന്ന് ടൂറിൻ തിരുവസ്ത്രം സാക്ഷ്യം നില്ക്കുന്നു. [10]

യേശു കുരിശ് മരണത്തിൽ നിന്നും മോചിതനായി എന്നതിന് ടൂറിൻ തിരുവസ്ത്രം തെളിവ് നൽകുന്നു എന്ന കാര്യം അങ്ങേയറ്റം വിവാദാത്മകമായ ഒരു തർക്കമാണ്. ഒരിക്കലും തന്നെ വൈകാരികമായ ഒരു സമീപനം ഇക്കാര്യത്തിൽ എടുക്കാൻ സാധ്യമല്ല. തിരുശ്ശീലയിൽ പൊതിഞ്ഞ ശരീരം മരിച്ചതായിരുന്നില്ല. മറിച്ച് മരണത്തോടടുത്ത അവസ്ഥയിലുള്ള ഒരാളുടെ ശരീരമായിരുന്നു എന്ന സിദ്ധാന്തം മുന്നോട്ടുവെച്ചവരുടെ അഭിപ്രായങ്ങളാണ് ചുവടെ കൊടുത്തത്.

### റോഡ്നി ഹോറെ – ടൂറിൻ തിരുവസ്ത്രം യഥാർഥം തന്നെയാണ്

1994ലെ ഒരു സംഘം ഫോറൻസിക് ശാസ്ത്രജ്ഞന്മാരോടായിരുന്നു ഹോറെ സംസാരിച്ചിരുന്നത്. തിരുവസ്ത്രത്തെക്കുറിച്ച് സംസാരിച്ച അദ്ദേഹം താഴെ കാണുന്ന നിഗമനത്തിലെത്തുകയുണ്ടായി.

'ഫോറൻസിക് ശാസ്ത്രജ്ഞന്മാരുടെ വാദം തിരുവസ്ത്രത്തിൽ പൊതിഞ്ഞ ശരീരം പതിനേഴാം നൂറ്റാണ്ടിന് മുമ്പുണ്ടായിരുന്ന നിലവാരം വെച്ച് നോക്കുകയാണെങ്കിൽ മരിച്ച ഒരാളുടേതായിരുന്നു എന്നാണ്. ഈ കാലത്തുള്ള ശാസ്ത്രനിലവാരം വെച്ച് നോക്കിയാൽ അഗാധമായ കോമ (അബോധാവസ്ഥ)യിലായ ഒരാളുടേതാണ്.'[11]

അദ്ദേഹം ഈകാര്യം ഇപ്രകാരം വിവരിക്കുന്നു: 'രാസികമായി വസ്ത്രത്തിൽ കറപിടിക്കുന്ന പ്രതിഭാസം ഏറെക്കുറെ താപത്തെ ആശ്രയിച്ചാണുള്ളത്. കൂടുതൽ താപമുണ്ടാകുമ്പോൾ കറയുടെ കറുപ്പ് കൂടുന്നു. അപ്പോൾ വസ്ത്രത്തിന്റെ താപനില ശരീരതാപനിലയുമായി തുല്യമായിരിക്കും. ഇങ്ങനെ സംഭവിക്കണമെങ്കിൽ ശരീരത്തിലൂടെ രക്തചംക്രമണം ഉണ്ടായിരിക്കണം. ഹൃദയം മിടിച്ചുകൊണ്ടേയിരിക്കും. ശരീരമാകട്ടെ അബോധാവസ്ഥയിലുമായിരിക്കും. ഇരുപതാംനൂറ്റാണ്ടിന്റെ മാനദണ്ഡമനുസരിച്ച് അയാൾ വൈദ്യശാസ്ത്ര പരമായി മരിച്ചിട്ടുണ്ടാവില്ല. [12]

അതേ പുസ്തകത്തിൽ ഹോറെ മറ്റൊരു നിരൂപണം കൂടി ഇപ്രകാരം നടത്തുന്നു.

'(STURP) റിപ്പോർട്ടനുസരിച്ച് അവർക്ക് തിരുവസ്ത്രത്തിലെ കറകൾക്ക് സമാനമായ പദാർഥങ്ങൾ വിയർപ്പിൽ കുതിർക്കുന്ന ലിനനും മൂറും അകിലും ചേർത്ത് ചൂടാക്കിയപ്പോൾ ലഭിച്ചു. [13]

ടൂറിൻ വസ്ത്രത്തിൽ നിന്നുള്ള തെളിവുകളുദ്ധ രിച്ചുകൊണ്ട് ഹൊറേ വാദിക്കുന്നത് യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല എന്നാണ്.

### കുർട്ട് ബർണ – യേശു കുരിശിൽ വെച്ച് മരിച്ചിട്ടില്ല (1975):

കുർട്ട്ബർണയുടെ അഭിപ്രായപ്രകാരം ടൂറിൻ തിരുവസ്ത്രം നൽകുന്ന തെളിവുകളും പുതിയ നിയമത്തിലെ തെളിവുകളുമനുസരിച്ച് യേശു കുരിശുപീഢനത്തെ അതിജീവിച്ചിട്ടുണ്ട്. കുരിശിൽ വെച്ച് മരിച്ചിട്ടില്ല.

## കുരിശ്



ക്രിസ്തുമതത്തിന്റെ പ്രതീകമാണ് കുരിശ്. ക്രിസ്തുവിന് മുമ്പ് തന്നെ റോമക്കാരും പേർഷ്യക്കാരും കുറ്റവാളികളെ കൊല്ലാനുപയോഗിച്ച കൊലമരമായിരുന്നു കുരിശ്. 'കുരിശ്' എന്ന മലയാളപദം ക്രൂസ് (Cruz) എന്ന പോർട്ടുഗീസ് പദത്തിൽ നിന്നും വന്നതാണ്. ലത്തീൻ ഭാഷയിൽ Cruz എന്നാണ് പ്രയോഗം. അറബിഭാഷയിൽ 'സ്വലീബ്' എന്നും പറയുന്നു. യേശുവിനെ ക്രൂശിച്ച കുരിശ് രണ്ടുവിധത്തിലാകാനാണ് സാധ്യത എന്ന് പറയപ്പെടുന്നു. അന്തോണിയുടെ കുരിശ് ക്രൂക്സ് കൊമ്മിസാ (Cruz Commissa) ആണ് ഒന്ന്. ഇതിന് T ആകൃതിയാണുള്ളത്. മറ്റൊന്ന് ലത്തീൻ കുരിശാണ് ക്രൂക്സ് ഇമ്മിസാ (Cruz Immissa) ഇതിന്റെ ആകൃതി † ആണ്. മത്തായി 27:57, മാർക്കോസ് 15:26, ലൂക്കോസ് 25:28 യോഹ. 19:19–22 എന്നീ വചനങ്ങൾ സൂചിപ്പിക്കുന്നത് യേശുവിനെ കുരിശിച്ചത് † ആകൃതിയുള്ള ക്രൂക്സ് ഇമ്മിസയിലാണെന്നാണ്. 7–1/2 അടിമുതൽ 9 അടിവരെയായിരുന്നു കുരിശിന്റെ നീളം. കുരിശിന്റെ കുത്തനെ ഒരു മരക്കഷണവും കുറുകെ ഒരു മരക്കഷവുമാണുള്ളത്. കുറുകെയുള്ള കഷണത്തെയാണ് പാറ്റിബുലം (Pattibulam) എന്ന് പറയുന്നത്. കുരിശ് ശിക്ഷക്ക് വിധിക്കപ്പെട്ടയാൾ തന്നെയാണ് പാറ്റിബുലം ചുമന്ന് കൊണ്ട് ക്രൂശിക്കുന്ന സ്ഥലത്തേക്ക് കൊണ്ടുവരേണ്ടത്. ക്രൂശിതനെ ഇതിന് മുമ്പായി ചമ്മട്ടിയടി (Flagellum)ക്ക് വിധേയനാക്കാറുണ്ട്. ഈയ്യഗോളങ്ങളും എല്ലിൻ കഷണങ്ങളും തുകൽവാറിൽ പൊതിഞ്ഞ ഒരു ആയുധമാണ് ചമ്മട്ടി. വധസ്ഥലത്തെത്തിയാൽ പ്രതിയെ വിവസ്ത്രനാക്കും. പാറ്റിബുലത്തിൽ കൈകൾ രണ്ടും കെട്ടി കുത്തനെ നാട്ടിയ മരത്തടിയുടെ കൊതയിൽ പാറ്റിബുലം ഉറപ്പിക്കും. അതിന്ശേഷം ആണിയടിക്കും.

ഏ.എം.

കുർട്ട്ബർണ ഉന്നയിക്കുന്ന തെളിവുകൾ ജർമൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസ്സർ ഡോ. തിയോഡർ ഹിർട്ടിന്റെ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിലുള്ളതാണ്.

*'ഒരിക്കൽ മനുഷ്യശരീരത്തെ മരണം പരിഗ്രഹിച്ചുകഴിഞ്ഞാൽ ശരീരത്തിൽ രക്തചംക്രമണം നിലക്കും. ജീവനുള്ള ഒരാളുടെ ശരീരത്തിലെ ത്വക്കിന് ചുകന്ന മാംസളമായ നിറമായിരിക്കും ഉണ്ടാവുക. കാരണം രക്തം തൊലിക്കടിയിലെ മുടിനാരിഴ പോലെയുള്ള രക്തവാഹിനി കുഴലിലൂടെ ഇരച്ചുകയറുന്നു. എന്നാൽ ഹൃദയം അതിന്റെ പമ്പിങ്ങ് നിർത്തിവെക്കുമ്പോൾ പ്രകൃതി നിയമനമനുസരിച്ച് അതായത് ഒരു ഗ്ലാസ് ട്യൂബിൽ നിന്നും വെള്ളം പിൻവലിയുന്നത് പോലെ രക്തം ധമനികളിൽ നിന്നു പിൻവലിയുന്നു. രക്തക്കുഴലുകൾ അങ്ങനെ രക്തശൂന്യമായിത്തീരുന്നു.*

*രക്തപരിവഹനവ്യവസ്ഥയുടെ ഒരറ്റമാണ് തൊലികൾക്കടിയിലുള്ളത്. ഒരാൾ മരിക്കുമ്പോൾ രക്തം തൊലിയിലെ രക്തക്കുഴലുകളിൽ നിന്നും പിൻവലിയുന്നു. അപ്പോൾ തൊലിയുടെ നിറം വെളുത്തു വിളറുന്നു.*

*ഇതാണ് സാധാരണഗതിയിൽ മരണം വരിച്ച ഒരു ശവശരീരത്തിൽ ഏഴ് മുതൽ ഒൻപത് മണിക്കൂർ വരെ കഴിഞ്ഞാൽ സംഭവിക്കുന്നത്. മരിച്ച ഒരാളുടെ ഹൃദയം നിലക്കുന്നു. അപ്പോൾ മുറിവുകളിലൂടെ രക്തം ഒഴുകില്ല. കാരണം രക്തത്തിന് സമ്മർദം നൽകുന്ന ഹൃദയം നിലച്ചുപോയിരിക്കുന്നു. എന്നാൽ രക്തം അല്പാല്പമായി മുറിവിലൂടെ കിനിയുവാൻ സാധ്യതയുണ്ട്.*

*എന്നാൽ മുൾക്കിരീടം യേശുവിന്റെ തലയിൽ നിന്നും എടുത്ത് മാറ്റിയപ്പോൾ എന്താണ് സംഭവിച്ചത്?. അവിടെ രക്തപ്രവാഹമുണ്ടെങ്കിൽ അഥവാ രക്തസമ്മർദമുണ്ടെങ്കിൽ അവിടെ സ്പന്ദിക്കുന്ന ഒരു ഹൃദയം ഉണ്ടാകേണ്ടതല്ലേ? ആ ചെറിയ മുറിവിലൂടെ രക്തം ഒഴുകി. തലയിൽ നിന്ന് പ്രവഹിച്ച രക്തം മുടിയിലൂടെയും ഒഴുകി. അത് മുടിയിലൂടെ ഒലിച്ചിറങ്ങി ടൂറിൻ വസ്ത്രത്തിലേക്കും പകർന്നു. അതുകൊണ്ടാണ് പറയുന്നത് ടൂറിൻ തിരുവസ്ത്രത്തിൽ പൊതിഞ്ഞ യേശുവിന്റെ ശരീരം മരിച്ചിരുന്നില്ല. അതിൽ പൊതിഞ്ഞത് ഒരു മൃതദേഹമായിരുന്നില്ല. അതിന്റെയെല്ലാം തെളിവ് നമുക്ക് ടൂറിൻ വസ്ത്രത്തിൽ കാണാം. പത്തൊമ്പത് നൂറ്റാണ്ടുകൾക്ക് ശേഷം ക്യാമറയാണ് അത് വ്യക്തമായി നമ്മോട് പറഞ്ഞത്. ക്യാമറ കളവ് പറയുകയില്ല. ഇത് വളരെ വ്യക്തവും ലളിതവുമായ സംഗതിയാണ്. എനിക്കുറപ്പാണ് എന്റെ യുക്തിയെ നിങ്ങൾ പിന്തുടരുമെന്ന്.* (14)

### ഹോർഗർ കെഴ്സ്റ്റൺ & എൽമാർ ഗ്രൂബർ – The Jesus Conspiracy - 1992.

കെഴ്സ്റ്റണും ഗ്രൂബറും ചേർന്നെഴുതിയ ഈ പുസ്തകത്തിന്റെ മുഖ്യപ്രമേയം യേശു കുരിശിൽ വെച്ച് മരിച്ചിരുന്നില്ല എന്നും കുരിശ് പീഢനത്തെ അദ്ദേഹം അതിജീവിച്ചു എന്നുമാണ്. അവരുടെ പുസ്തകത്തിന്റെ അവസാനത്തെ അധ്യായങ്ങളിലൊന്നിന്റെ പേര് 'The image of a living person' എന്നാണ്. അത് ആരംഭിക്കുന്നത് ഇപ്രകാരമാണ്.

നാം എല്ലാം വിശദീകരിച്ചു കഴിഞ്ഞു. ഇനി യാതൊരു സംശയവും അവശേഷിക്കുന്നില്ല. യേശുവിനെ കുരിശിൽ നിന്നും ഇറക്കിയതിന് ശേഷം അദ്ദേഹത്തെ ചികിത്സക്കായി കിടത്തിയ തുണിയായിരുന്നു ടൂറിനിലെ തിരുവസ്ത്രം. അത് ശരിയാണെങ്കിൽ യേശുവിനെ കല്ലറയിൽ വെക്കുമ്പോഴും ജീവനുണ്ടായിരുന്നു. നമുക്ക് ടൂറിനിലെ തിരുശ്ശീലയിൽ നിന്നും തെളിവുകൾ കണ്ടെത്താൻ കഴിയും. (15)

'ജീസസ് കോൺസ്പിറസി'യുടെ രചയിതാക്കൾ അവരുടെ കേസ് വാദിക്കാനായി തിരുവസ്ത്രത്തിലെ രക്തക്കറ ചൂണ്ടിക്കാട്ടുന്നു. വൈദ്യശാസ്ത്രപരമായ കാരണത്താൽ യേശുവിന്റെ ശരീരം കുളിപ്പിച്ചില്ല. അതിന് ജോസഫ് അമരിത്യയോടും അദ്ദേഹത്തിന്റെ സഹായിയോടും നാം നന്ദി പറയേണ്ടതുണ്ട്. ഈ കാരണത്താൽ പുറമെ കട്ടപിടിച്ച രക്തം ടൂറിൻ തിരുവസ്ത്രത്തിൽ പതിയാനിടയായി. രണ്ട് വിധത്തിലും രക്തപ്രവാഹം തിരുവസ്ത്രത്തിൽ കാണാൻ കഴിഞ്ഞു. ആദ്യത്തേത് ഉണങ്ങിയ രക്തമാണ്. അത് ചാട്ടവാറടി മൂലമുണ്ടായ മുറിവിൽ നിന്നും മുൾക്കിരീടത്തിൽ നിന്നും വശങ്ങളിലുണ്ടായ മുറിവിൽ നിന്നും ആണിപ്പഴുതിൽ നിന്നുള്ള മുറിവിൽ നിന്നുമുള്ളതാണ്. രണ്ടാമത്തേത് പുതുരക്തമാണ്. യേശുവിനെ തറയിൽ തിരുവസ്ത്രത്തിൽ കിടത്തിയപ്പോൾ പ്രവഹിച്ച രക്തമാണ്. തിരുവസ്ത്രം പശിമയുള്ള അകിലിൽ ആസകലം കുതിർന്നിരുന്നു. ആയതിനാൽ കൂടുതൽ രക്തം വസ്ത്രത്തിലേക്ക് കിനിഞ്ഞിറങ്ങിയില്ല. വസ്ത്രത്തിന്റെ ഉപരിതലത്തിൽ മാത്രം അവ പരന്നു. ആധുനിക ഗവേഷകരുടെ അദ്ഭുതപ്പെടുത്തിയ ഒരു നിരീക്ഷണം. വസ്ത്രം നേരിയതായിരുന്നിട്ടുകൂടി ശരീരത്തിലെ അവയവാഗ്രങ്ങൾ സ്പർശിച്ച ഭാഗങ്ങൾ മാത്രമേ തിരുവസ്ത്രത്തിൽ പതിഞ്ഞിട്ടുള്ളൂ. വിപരീത ദിശയിലുള്ള മറ്റു ഭാഗങ്ങൾ പതിഞ്ഞിട്ടില്ല. രക്തം മുഴുവനുമായും തിരുവസ്ത്രത്തിൽ പരന്നിട്ടുമില്ല. പശപോലെയുള്ള അകിലിന്റെയും മൂറിന്റെയും ലേപനചികിത്സ കട്ടകെട്ടിയ രക്തം നേർത്തൊഴുകാൻ സഹായിച്ചിട്ടുമുണ്ടാകാം. അവയും തിരുവസ്ത്രത്തിൽ പരന്നിട്ടുണ്ട്. (16)

### ക്രിസ്റ്റോഫർ നൈറ്റ് & റോബർട്ട് ലോമാസ് – The Second Messiah - 1997.

തിരുവസ്ത്രത്തെക്കുറിച്ച് വിഭിന്നമായ ഒരു കാഴ്ച്ചപാടാണ് ഈ കൃതി അവതരിപ്പിക്കുന്നത്. തിരുവസ്ത്രത്തിൽ പൊതിയപ്പെട്ട വ്യക്തി ജീവനുള്ള ആളായിരുന്നു എന്ന നിഗമനത്തിലാണ് ഈ പുസ്തകം എത്തിച്ചേരുന്നത്. അവരുടെ അഭിപ്രായത്തിൽ തിരുവസ്ത്രത്തിൽ പൊതിഞ്ഞ വ്യക്തി കിടന്നിരുന്നത് പരുപരുത്ത പാറയിലല്ലായിരുന്നു. മറിച്ച് മാർദവമേറിയ കുഷൻ പോലെയുള്ള ഒരു പ്രതലത്തിലായിരുന്നു എന്നാണ്.

'മൃതദേഹം ഒരിക്കലും മാർദവമേറിയ പ്രതലത്തിൽ കിടത്താറില്ല. എല്ലാ അർഥത്തിലും തിരുവസ്ത്രത്തിലെ രൂപം മരിച്ച ഒരാളുടേതല്ല. അതിഗുരുതരമായി പീഢിപ്പിക്കപ്പെട്ട ഒരാളുടെ ജീവസ്സുറ്റ ശരീരമായിരുന്നു അതിൽ കണ്ടത്. (17)

### ഉപസംഹാരം

ടൂറിനിലെ തിരുവസ്ത്രത്തെക്കുറിച്ചുള്ള വസ്തുനിഷ്ഠമായ ഗവേഷണങ്ങൾ വളരെ പ്രയാസകരമായ ഒന്നാണ്. ടൂറിൻ തിരുശ്ശീലയിൽ ഗവേഷണ താല്പര്യമുള്ളവരെല്ലാം കടുത്ത മുൻധാരണകളും പക്ഷപാതിത്വ മനസ്ഥിതിക്കാരുമാണ്.

ഇപ്പോൾ തിരുവസ്ത്രത്തെ സംബന്ധിച്ച പണ്ഡിതൻമാരുടെ അഭിപ്രായങ്ങൾ രണ്ടുതട്ടിൽ വിഭജിക്കപ്പെട്ടിരിക്കുന്നു. തിരുവസ്ത്രം മദ്ധ്യകാലഘട്ടത്തിലെ ഒരു തട്ടിപ്പും വ്യാജനിർമിതിയുമാണെന്ന ധാരണ യാണ് കാർബൺ കാലനിർണ്ണയഫലങ്ങൾ പലരിലും ഉണ്ടാക്കിയത്. റെയ്മണ്ട് റോജറുടെ ഗവേഷണങ്ങളും കണ്ടെത്തലുകളും അത്ര ശ്രദ്ധിക്കപ്പെട്ടിട്ടില്ല. 2009 ഒക്ടോബറിൽ പോലും ഗവേഷകന്മാർ തിരു

വസ്ത്രം വെറുമൊരു തട്ടിപ്പാണെന്ന് വരുത്തിത്തീർക്കാനാണ് യത്നിച്ചത്. (18)

ചില തിരുവസ്ത്ര വിദഗ്ധന്മാർ മറ്റൊരു കാർ ബൺ ഡേറ്റിങ്ങ് ടെസ്റ്റ് നടത്തണമെന്ന് ശക്തമായി ആവശ്യപ്പെടുന്നു. എന്നാൽ തിരുവസ്ത്രം കൂടുതൽ ശാസ്ത്രഗവേഷണത്തിന് വിധേയമാക്കാനുള്ള അനുമതി ലഭിക്കാൻ വളരെ വളരെ പ്രയാസമാണ്.

കഴിഞ്ഞ ദശകങ്ങളിൽ തിരുവസ്ത്രത്തിലെ പ്രതിരൂപം മങ്ങിവരുന്നതായി കാണപ്പെടുന്നു. ആ പ്രതിരൂപം തിരുവസ്ത്രത്തിൽ നിന്നും പൂർണമായും മാഞ്ഞുപോവുന്നത് തടയാൻ അത് ഒരു പ്രത്യേക പെട്ടിക്കുള്ളിൽ സൂക്ഷിച്ചിരിക്കുകയാണ്. അതിന്റെ ഭാഗമായി തൈമോൾ എന്ന രാസപദാർഥം കൊണ്ട് ട്രീറ്റ് ചെയ്തിട്ടുണ്ട്. ഇത് ഭാവിയിൽ കാർബൺ ഡേറ്റിങ്ങ് നിർണയത്തെ പ്രതികൂലമായി ബാധിക്കുമെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

2010 ഏപ്രിൽ 30ന് അഹ്മദിയ്യ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) നടത്തിയ ജുമുആഖുത് ബയിൽ പാകിസ്താൻ റബ്വയിലെ മീർ മഹ്മൂദ് അഹ്മദ് നടത്തിയ ചില പരീക്ഷണങ്ങളെപ്പറ്റി പ്രതിപാദിച്ചിരുന്നു. ഒരു റേഡിയേറ്ററിന്റെ സഹായത്തോടെ ശരീരം വിയർപ്പിച്ച് അകിലും മൂറും ഉപയോഗിച്ചുകൊണ്ടുള്ളതായിരുന്നു പരീക്ഷണം. ഹോൾഗർ കെർസ്റ്റണും ഇത്തരം പരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്. ഈ പരീക്ഷണങ്ങൾ തിരുവസ്ത്രത്തിലേത് പോലെ പ്രതിരൂപം പതിയുന്നതിൽ ഭാഗികമായി വിജയിച്ചിട്ടുമുണ്ട്. പക്ഷേ പൂർണ്ണമായും ഇല്ല.

ശാസ്ത്രജ്ഞന്മാർക്കും അക്കാഡമിക്ക് പണ്ഡിതന്മാർക്കും തിരുവസ്ത്രം ഇപ്പോഴും കുരുക്കഴിക്കാൻ കഴിയാത്ത അദ്ഭുതകരമായ ഒരു പ്രഹേളികയാണ്. വിശ്വാസികൾക്ക് യേശു അനുഭവിച്ച കുരിശു പീഢനാനുഭവങ്ങളുടെ ഒരു ദൃശ്യാനുഭൂതി തിരുവസ്ത്രം നൽകുന്നു. എന്നാൽ യേശു കുരിശു പീഢനത്തെ അതിജീവിക്കുകയും കുരിശിൽ മരിക്കാതെ രക്ഷപ്പെടുകയും ചെയ്തു എന്ന ആശയത്തെ പിന്തുണക്കുന്നവർക്കും ആ വിശ്വാസം തെളിയിക്കപ്പെടാൻ ഏറ്റവും ശക്തമായ ഒരു തെളിവാണ് തിരുവസ്ത്രം. ഇപ്പോൾ ഇത് സംബന്ധിച്ച് അനന്തമായ വിവാദങ്ങൾ നടന്നുവരികയാണ്. കാലം തീർച്ചയായും സത്യം പുറത്തു കൊണ്ടുവരും.

അവസാനമായി, 1999ൽ ലിയോണിഷ്യോ ലാർസ എഴുതിയ The DNA of God? എന്ന പുസ്തകത്തിൽ STURP സംഘം ടൂറിൻ തിരുവസ്ത്ര ത്തിലെ രക്തക്കറയിൽ നിന്നും യേശുവിന്റെ ഡി.എൻ.എ. വേർതിരിച്ചെടുത്തു എന്നു പറയുന്നു. അപ്പോൾ മറ്റേതെങ്കിലും സ്രോതസ്സിലൂടെ യേശുവിന്റെ ഡി.എൻ.എ. ലഭിക്കുകയാണെങ്കിൽ തിരുവസ്ത്രത്തിലെ ഡി.എൻ.എ.യുമായി ഒത്തുനോക്കിയാൽ തിരുവസ്ത്രത്തെ സംബന്ധിച്ചുള്ള വിവാദങ്ങൾ എന്നന്നേക്കുമായി അവസാനിക്കുന്നതാണ്.

**References : The Shroud of Turin**


**1**.The Turin Shroud: The Illustrated Evidence, Ian Wilson & Harrie Schwortz, pp. 151-155, **2**.Ibid - pp. 57-58, **3**.Ibid - pp-58-59, **4**. Ibid - p.60, **5**. Turin Shroud 'The New evidence', **6**.Studies on the radiocarbon sample from the Shroud of Turin, Thermochimica Acta, Volume 425, Issues 1-2, pp. 189-194, **7.**The Turin Shroud is Genuine, Rodney Hoare, 1994-pp 68-69., **8**.The Turin Shroud: The illustrated Evidence, Ian Wilson & Barrie schwortz, 2000-pp. 67-81., **9**. The Turin Shroud is genuine, Rodney Hoare, 1994-pp. 68-69, **10**. Jesus did not Perish on the Cross (Jesus Nicht am Kreuz gestorben) - Kurt Berna. Zurich, Switzerland, 1975 - Extracts from account of Dr. Theodor Hirt - pp. 46-49., **11**. The Jesus Conspiracy, Holger Kersten & Elmar Gruber - 1992 - pp. 281 **12**. Ibid, pp 286, **13**. The Second Messiah, Christopher Knight & Robert Lomas, pp. 200, **14**. http://www.shroud.com/pdfs/schwortzedito1.pdf.


## ഈസ്റ്റർ



യേശുക്രിസ്തു കുരിശിൽ മരിച്ചുവെന്നും അടക്കം ചെയ്തതിനുശേഷം മൂന്നാം ദിവസമായ ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ഞായറാഴ്ച മരണത്തെ അതിജീവിച്ച് ഉയിർത്തെഴുന്നേറ്റുവെന്നും സങ്കല്പിച്ച് ക്രിസ്ത്യാനികൾ ആചരിച്ചുവരുന്ന ഒരു വാർഷികപെരുന്നാളാണ് ഈസ്റ്റർ അഥവാ ഉയിർപ്പ് പെരുന്നാൾ.

ഇംഗ്ലീഷിൽ 'ഈസ്റ്റർ' എന്ന പദം ജർമൻ ഭാഷയിലെ 'ഓസ്റ്റേൺ' എന്ന വാക്കിൽ നിന്ന് വന്നതാണെന്ന് കരുതപ്പെടുന്നു. പുരാതന ജർമൻ വംശജരുടെ ഇടയിൽ 'എപോസറ്റേ' ഉഷസ്സിന്റെയും വസന്തത്തിന്റെയും ദേവതയായി അറിയപ്പെടുന്നു. അതിൽ നിന്നാണ് ഓസ്റ്റേൺ എന്ന പദം നിഷ്പന്നമായത്. വസന്തകാലത്തിലെ ഏപ്രിൽ മാസത്തിനും ഈസ്റ്ററിനും ജർമൻ ഭാഷയിൽ 'ഓസ്റ്റേൺ' എന്ന പദമാണ് ഉപയോഗിക്കുക.

പെസഹാനാളിലാണല്ലോ യേശുവിനെ കുരിശിൽ തറച്ചത്. അതിനുശേഷം മൂന്നാം നാളിലാണ് ഉയിർത്തെഴുന്നേൽപ്പ് സംഭവിച്ചതെന്നാണ് ക്രിസ്ത്യൻ സങ്കല്പം. പെസഹ ക്രിസ്ത്യാനികളുടെ ഒരു പുണ്യദിനമായിരുന്നു. ഈജിപ്ഷ്യൻ ഫറോവമാരുടെ അടിമത്ത്വത്തിൽ നിന്ന് മോസസ് യഹൂദ ജനതയെ മോചിപ്പിച്ചത് ഈ ദിനത്തിലായത് കൊണ്ട് യഹൂദികൾ അന്നേ ദിവസം പെസഹാദിനമായി ആചരിക്കുന്നു. അവരുടെ ചന്ദ്രമാസപഞ്ചാംഗമനുസരിച്ച് നീസാൻ മാസം 14-ാം ദിവസമാണ് പെസഹാ ആചരണം. ഏ.ഡി. 9-ാം നൂറ്റാണ്ടുമുതൽ പഴയ യഹൂദ പാരമ്പര്യം സ്വീകരിച്ചുകൊണ്ട് ഏപ്രിൽ മാസത്തിലെ പൗർണമി കഴിഞ്ഞ് വരുന്ന ഞായറാഴ്ച ഗ്രിഗോറിയൻ സൗരവർഷക്കലണ്ടറനുസരിച്ച് ക്രിസ്ത്യാനികൾ ഈസ്റ്റർ ആചരിക്കുന്നു. അതുകൊണ്ടാണ് ഈസ്റ്റർ തീയതികൾ മറ്റു ക്രിസ്ത്യൻ വിശേഷദിനങ്ങളെ അപേക്ഷിച്ച് വർഷം തോറും മാറി വരുന്നത്.

ഏ.എം

# ഖലീഫത്തുൽ മസീഹിന്റെ ടൂറിൻ തിരുവസ്ത്ര സന്ദർശനം

**ഇറ്റലിയിലെ തിരുവസ്ത്ര എക്സിബിഷൻ സന്ദർശനവേളയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദു(അയ്യദഹു....)മായി എക്സിബിഷന്റെ ഡയറക്ടർ മോൺസിഗ്നർ ഗിബർത്തിയും സഭയുടെ ഇസ്‌ലാമികകാര്യ വിദഗ്ധൻ ഡോൺ ടിനോ നെഗ്രിയും നടത്തിയ സംഭാഷണത്തിന്റെ പൂർണരൂപം.**

**2010** ഏപ്രിൽ 20ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു....) ഇറ്റലിയിലെ തന്റെ പര്യടനവേളയിൽ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇറ്റലിയുടെ പ്രസിഡണ്ട് ഫാതിർ മാലിക്ക് സാഹിബിന്റെ കൂടെ ടൂറിൻ തിരുവസ്ത്രത്തിന്റെ എക്സിബിഷൻ സന്ദർശിക്കുകയുണ്ടായി. ടൂറിനിലെ തിരുവസ്ത്രം ഈ നൂറ്റാണ്ടിൽ ആദ്യമായി പൊതുദർശനത്തിന് വെച്ചതായിരുന്നു.

ക്രിസ്തീയ ലോകത്തെ ഏറ്റവും ആദരണീയമായ ഈ തിരുശേഷിപ്പിന്റെ 10 ദിവസത്തെ പ്രദർശനം അതീവ സുരക്ഷാസന്നാഹത്തോടെയാണ് നടത്തിയത്. ഇരുപത് ലക്ഷം പേരാണ് തിരുവസ്ത്രം ദർശിച്ചത്. എക്സിബിഷൻ ഡയറക്ടർ മോൺസിഗ്നർ ഗിബർത്തി നേരിട്ടുവന്ന് അത്യാദരപൂർവം വി.വി.ഐ.പി.കൾക്കുള്ള പ്രത്യേക കവാടത്തിലൂടെയാണ് ഖലീഫ തിരുമനസ്സിനെ പ്രദർശനം നടക്കുന്ന ചർച്ചിലേക്ക് ആനയിച്ചത്. ഹുസൂർ തിരുമനസ്സിന്റെ സന്ദർശനവേളയിൽ കുറച്ച് സമയത്തേക്ക് പൊതുജനങ്ങൾ ക്കുള്ള പ്രദർശനം നിർത്തിവെക്കുകയുണ്ടായി. സാധാരണ തിരുവസ്ത്രം ഫോട്ടോ എടുക്കാൻ അനുവദിച്ചിരുന്നില്ല. ഹുസൂർ തിരുമനസ്സിന് ഫോട്ടോ എടുക്കാൻ പ്രത്യേകം അനുമതി നൽകുകയുണ്ടായി. സന്ദർശനത്തിനുശേഷം ഡയറക്ടർ ഹുസൂർ തിരുമനസ്സിനെ സമീപമുള്ള സെമിനാരിയിലേക്ക് സ്വീകരിച്ചാനയിച്ചു. അവിടെ സഭയുടെ ഇസ്‌ലാമികകാര്യവിദഗ്ധനായ പ്രൊഫ. ഡോൺ ടിനോ നെഗ്രിയുമുണ്ടായിരുന്നു. ഖലീഫാ തിരുമനസ്സിനെ ആദരപൂർവം സ്വാഗതം ചെയ്ത അവർ ടൂറിൻ തിരുശ്ശീലയെ സംബന്ധിച്ച് ഖലീഫ തിരുമനസ്സുമായി ആശയവിനിമയം നടത്തുകയുണ്ടായി. ആ സംഭാഷണമാണ് ചുവടെ കൊടുക്കുന്നത്.

**മോൺസിഗ്നർ ഗിബർത്തി:** ടൂറിൻ തിരുവസ്ത്രം വന്നുകാണാൻ അങ്ങയെ പ്രത്യേകമായി പ്രചോദിപ്പിച്ചതെന്താണ്?

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ്:** ടൂറിനിലെ തിരുവസ്ത്രപ്രദർശനത്തെ സംബന്ധിച്ച് ആദ്യം അറിഞ്ഞിട്ടില്ലായിരുന്നു. യാദൃച്ഛികമായാണ് ഇവിടെ സന്ദർശിച്ചത്. ഈ ദിവസങ്ങളിൽ ടൂറിൻ തിരുവസ്ത്രം പ്രദർശിപ്പിക്കുന്നതായി ഞങ്ങളുടെ കമ്മ്യൂണിറ്റി എന്നെ അറിയിക്കുകയുണ്ടായി. യേശു മസീഹ് (അ) ന്റെ ശരീരത്തിൽ യഥാർഥത്തിൽ ഉപയോഗിച്ച വസ്ത്രമാണ് ടൂറിൻ തിരുവസ്ത്രമെന്ന് വിശ്വസിക്കുന്ന മുസ്‌ലിംകളിലെ ഒരു വിഭാഗമാണ് ഞങ്ങൾ. യേശുവിനെ സംബന്ധിച്ച് ഞങ്ങളുടെ വീക്ഷണം വ്യത്യസ്തമാണ്. ഞങ്ങളുടെ വിശ്വാസപ്രകാരം യേശു (അ) ദൈവത്താൽ നിയോഗിതനായ മഹാനായ ഒരു പ്രവാചകനാണ്. യഹൂദമതത്തിന്റെ അധ്യാപനപ്രകാരം കുരിശുമരണം ഒരു പ്രവാചകന് ചേർന്നതല്ല. അതുകൊണ്ട് യഹൂദർ അദ്ദേഹത്തെ ക്രൂശിച്ചു കൊല്ലാൻ ശ്രമിച്ചു. പക്ഷേ, ദൈവം അദ്ദേഹത്തെ കുരിശുമരണത്തിൽ നിന്നും രക്ഷിച്ചു. ഞങ്ങൾ വിശ്വസിക്കുന്നത് വാഗ്ദാനം ചെയ്യപ്പെട്ട മസീഹ് അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ സ്ഥാപകരാണെന്നാണ്. യേശു മസീഹിനെ ദൈവം കുരിശ് മരണത്തിൽ നിന്നും രക്ഷിച്ചുവെന്നും തുടർന്ന് അദ്ദേഹം ദീർഘകാലം ജീവിച്ചുവെന്നുമാണ് വിശ്വസിക്കുന്നത്. ഇതാണ് എന്നെ ഇങ്ങോട്ട് വരുവാൻ പ്രേരിപ്പിച്ചത്.

ഈ അർഥത്തിൽ ഇത് അനുഗൃഹീതമായ ഒരു വസ്ത്രമാണ്. ഞങ്ങളുടെ

വീക്ഷണപ്രകാരം ഈ വസ്ത്രം യേശുവിന്റെ കുരിശിൽ വെച്ചുള്ള മരണം തെളിയിക്കുന്നതിനേക്കാൾ തിരുവസ്ത്രത്തിൽ പൊതിയുമ്പോൾ അദ്ദേഹത്തിന് ജീവനുണ്ടായിരുന്നു എന്നതിന്റെ സാക്ഷ്യമാണ് നൽകുന്നത്. ഞങ്ങളുടേത് വേറിട്ട ഒരു വീക്ഷണമാണെങ്കിലും ഈ തിരുവസ്ത്രം അനുഗൃഹീതമായ ഒന്നാണെന്ന് ഞങ്ങൾ കരുതുന്നു.

**പ്രൊഫ. ഡോൺ ടിനോ നെഗ്രി:** അങ്ങയുടെ വിശ്വാസപ്രകാരം യേശു അതി



നുശേഷം കാശ്മീരിലേക്ക് സഞ്ചരിച്ചിട്ടുണ്ടോ?

**ഹ:ഖലീഫത്തുൽ മസീഹ്:** അതെ. ആദ്യമായി ഈ സത്യം അഹ്മദിയ്യാ സമൂഹത്തിന്റെ സ്ഥാപകന് അല്ലാഹു വെളിപ്പെടുത്തിക്കൊടുത്തു. അതിനുശേഷമാണ് ഇത് സംബന്ധമായ ഗവേഷണങ്ങൾ നടക്കുന്നത്. 1899ൽ അദ്ദേഹം 'യേശു മിശിഹ ഇന്ത്യയിൽ' എന്ന ഒരു പുസ്തകം എഴുതുകയുണ്ടായി. ഇക്കാര്യങ്ങളെല്ലാം അദ്ദേഹം അതിൽ പ്രതിപാദിച്ചിട്ടുണ്ട്.

**പ്രൊഫ. ഡോൺ ടിനോ നെഗ്രി:** താങ്കൾക്ക് അഹ്മദിയ്യാ മുസ്‌ലിം സമൂഹത്തിന്റെ സ്ഥാപകനുമായുള്ള ബന്ധം എന്താണ്?

**ഹ:ഖലീഫത്തുൽ മസീഹ്:** ഞാൻ അദ്ദേത്തിന്റെ പ്രപൗത്രനാണ്. പക്ഷേ ഈ ബന്ധുത്വത്തിന് ഖലീഫാസ്ഥാനവുമായി യാതൊരു ബന്ധവുമില്ല. പോപ്പിനെ തിരഞ്ഞെടുക്കുന്നത് പോലെ ഒരു ഇലക്ടറൽ കോളേജ് അടച്ചിട്ട വാതിലിനു പിന്നിലാണ് ഖലീഫയെ തിരഞ്ഞെടുക്കുന്നത്. 2003ൽ നാലാം ഖലീഫ ദിവംഗതനായതിനുശേഷം ലോകത്തിലെ നാനാഭാഗത്ത് നിന്നുമുള്ള ഇലക്ടറൽ കോളേജിലെ അംഗങ്ങൾ ഒരു ഹാളിലിരുന്നാണ് ഖലീഫയെ തെരഞ്ഞെടുത്തത്. വാസ്തവത്തിൽ അത് ഒരു മസ്ജിദിന്റെ അകത്തളമായിരുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഞാൻ ആദ്യ തവണയാണ് ടൂറിൻ തിരുവസ്ത്രത്തിന്റെ എക്സിബിഷൻ കാണാൻ വരുന്നത്. സാധാരണ 25 വർഷത്തിലൊരിക്കലാണ് ഈ പ്രദർശനം നടത്താറുള്ളതെന്ന് ഞാൻ കേട്ടിരുന്നു. പക്ഷേ ഇത്തവണ 10 വർഷത്തിനുശേഷമാണ് പ്രദർശനം നടത്തുന്നതെന്ന് ഞാൻ കരുതുന്നു. ഞാൻ ടൂറിൻ തിരുവസ്ത്രം കാണുവാൻ വളരെ ആഗ്രഹിച്ചിരുന്നു. അല്ലാഹു എനിക്ക് ഇപ്പോൾ അവസരം നൽകിയിരിക്കുന്നു.

**മോൺ സിഗ്നർ ഗിബർത്തി:** എക്സിബിഷന് നിശ്ചിത ഇടവേളകളൊന്നുമില്ല. ചിലപ്പോൾ സുദീർഘമായ ഇടവേളകളുണ്ടാവും. ചിലപ്പോൾ ചെറിയ ഇടവേളകളും.

**ഹ: ഖലീഫത്തുൽ മസീഹ്:** എപ്പോഴാണ് ഈ എക്സിബിഷൻ വീണ്ടും നടക്കുക?. വരുന്ന ഏതാനും വർഷത്തിനുള്ളിൽ നടക്കുമോ? പോപ്പിന്റെ തീരുമാനപ്രകാരമാണോ അത് നടക്കുക? അതല്ല മറ്റു വല്ലവരുമാണോ തീരുമാനിക്കുക?

**മോൺസിഗ്നർ ഗിബർത്തി:** 1889, 1931, 1933, 1978, 1998, 2000, ഇപ്പോൾ 2010ലും പ്രദർശിപ്പിക്കുന്നു.

**ഹ: ഖലീഫത്തുൽ മസീഹ്:** ചിലപ്പോൾ 2 വർഷത്തെ ഇടവേള; മറ്റു ചിലപ്പോൾ 10 വർഷത്തെ ഇടവേളയും. ഏതായാലും അല്ലാഹു എനിക്ക് ഈ അവസരം നൽകി എന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ തിരുവസ്ത്രം കണ്ടു. എനിക്ക് മുമ്പുള്ള ഖലീഫമാരാരും തന്നെ ടൂറിൻ തിരുവസ്ത്രം കണ്ടിട്ടില്ലെന്ന് ഞാൻ കരുതുന്നു.

**മോൺസിഗ്നർ ഗിബർത്തി:** ടൂറിൻ തിരുവസ്ത്രം കണ്ടപ്പോൾ അങ്ങയുടെ വികാരമെന്തായിരുന്നു?.

**ഹ: ഖലീഫത്തുൽ മസീഹ്:** ആദ്യമായി ഒരു പ്രവാചകന്റെ രണ്ടായിരം വർഷം പഴക്കമുള്ള ഒരു ചിത്രമാണ് ഇത്. നിങ്ങൾക്ക് ഒരു പ്രവാചകന്റെ യഥാർഥ ചിത്രം എവിടേയും കാണാൻ സാധ്യമല്ല. ഒരാൾ ശ്രദ്ധയോടെ നോക്കുകയാണെങ്കിൽ മുഖഭാവങ്ങളും മറ്റു പ്രത്യേകതകളും കാണാൻ സാധിക്കും. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ജനിച്ച, അല്ലാഹുവിന്റെ വിശിഷ്ടനായ ഒരു വ്യക്തിയുടെ ചിത്രം കാണുമ്പോൾ ഒരാൾ വാസ്തവത്തിൽ ജാഗരൂഗനായിത്തീരും. ഇത് യഥാർഥ ചിത്രം തന്നെയാണ്. വ്യാജമല്ല.

**മൊൺസിഗ്നർ ഗിബർത്തി:** അദ്ദേഹം പ്രവാചകനാണെന്ന വീക്ഷണവുമായി ഞങ്ങൾ യോജിക്കുന്നില്ല. എങ്കിലും അദ്ദേഹം പീഢനങ്ങൾ അനുവിച്ചിട്ടുണ്ട്.

**ഹ: ഖലീഫത്തുൽ മസീഹ്:** അദ്ദേഹം അത്യധികമായി പീഢനങ്ങൾ സഹിച്ചിട്ടുണ്ട്. അത് തന്നെയാണ് ഞങ്ങളും പറയുന്നത്. അതുകൊണ്ട് തന്നെയാണ് അല്ലാഹു അദ്ദേഹത്തിന് ഇത്ര വലിയ സമ്മാനം നൽകിയത്. അല്ലാഹു അദ്ദേഹത്തെ നഷ്ടപ്പെട്ടുപോയ ഗോത്രങ്ങളെ കണ്ടെത്താൻ വേണ്ടി കാശ്മീരിലേക്ക് അയച്ചു. അവർ ചിതറിത്തെറിച്ച ഇടങ്ങളിൽ നിന്നെല്ലാം അദ്ദേഹം അവരെ ഒരുമിച്ചുകൂട്ടി. അവരോടെല്ലാം ക്രിസ്തുമതത്തെ പറ്റി പ്രബോധിച്ചു. അവരെല്ലാം ക്രിസ്തുമതം സ്വീകരിച്ചു. അങ്ങനെ ലോകം മുഴുവൻ ക്രിസ്തുമതം പരന്നു. 'ഞാൻ അവരെ പെരുപ്പിക്കുമെന്നും അവരെ

ഒരുമിച്ചു കൂട്ടുമെന്നും' അല്ലാഹു പറഞ്ഞ വാഗ്ദാനം നിറവേറ്റി. ലൗകിക വീക്ഷണത്തിൽ അനുഗ്രഹം നൽകുക എന്നാൽ സമ്പത്ത് നൽകുക എന്നാണ്. അല്ലാഹു നൽകിയ എല്ലാ വാഗ്ദാനങ്ങളും അവൻ നിറവേറ്റി. അദ്ദേഹം അനുഭവിച്ച പീഢാനുഭവങ്ങളുടെ സൽഫലങ്ങളാണ് ക്രിസ്തുമതം ഇന്ന് അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഭൗതികാർഥത്തിൽ ക്രിസ്ത്യാനികൾ ഇന്ന് ലോകത്തിന്റെ അത്യുന്നതങ്ങളിലാണ്.

അല്ലാഹുവിന്റെ തിരഞ്ഞെടുത്ത ദാസന്മാർ പീഢാനുഭവങ്ങൾ സഹിച്ചവരാണ്. ആ പീഢനങ്ങളുടെ ഫലമായി അല്ലാഹു അവരെ നശിപ്പിച്ചു കളയുന്നില്ല. പകരം അവർ അനുഗ്രഹിക്കപ്പെടുകയാണ് ചെയ്യുക. അതിനാൽ അല്ലാഹു യേശു (അ)വിനെ തന്റെ വാഗ്ദാനപ്രകാരം അനുഗ്രഹിച്ചു. (ക്രിസ്ത്യാനികളുടെ ഭൗതികാഭിവൃദ്ധിയായിരുന്നു ഖലീഫ തിരുമനസ്സ് അർഥമാക്കിയത്) യേശു(അ)വിന്റെ ആ ജനത ഇന്ന് ഈ നിലയിലെത്തി. ക്രിസ്തുമതം ഇന്ന് ലോകത്തിലെ ഏറ്റവും പ്രബലമായ മതമാണ്. ഈ വലിപ്പം അവർ നേടിയത് യേശു(അ) സഹിച്ച ത്യാഗം ഒന്നുകൊണ്ട് മാത്രമാണ്. ഈ ഔന്നത്യമെല്ലാം ക്രിസ്ത്യാനികൾക്ക് നൽകിയത് കൊണ്ട് യേശുവിന്റെ യഥാർഥ അധ്യാപനങ്ങൾ പ്രചരിപ്പിക്കാനുള്ള ഉത്തരവാദിത്വം അവർക്കുണ്ട്. എന്റെ പ്രാർഥന ഇതാണ്. അതായത് ഈ ജനതക്ക് യേശുവിന്റെ യഥാർഥ അധ്യാപനങ്ങൾ പ്രബോധിക്കാനായി അനുഗ്രഹം അല്ലാഹു നൽകട്ടെ. (പരിഭാഷകന്റെ അഭ്യർഥനപ്രകാരം ഖലീഫത്തുൽ മസീഹ് തന്റെ ഈ പ്രസ്താവന വീണ്ടും ആവർത്തിച്ചു) അവർ ഈ ഉന്നതാവസ്ഥ നേടിയത് ഈ പീഢാനുഭവങ്ങളുടെ ഫലമായിട്ടാണ്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ അവരാണ് യേശുവിന്റെ അധ്യാപനങ്ങളുടെ ധ്വജവാഹകർ. അവർക്ക് അല്ലാഹു യേശു (അ)വിന്റെ യഥാർഥ അധ്യാപനങ്ങൾ ലോകം മുഴുവനും പ്രചരിപ്പിക്കാനുള്ള സൗഭാഗ്യം നൽകുമാറാകട്ടെ.

ഈ പീഢനങ്ങൾ ദൈവത്തിന്റെ പുണ്യാത്മാക്കൾക്ക് സഹിക്കാനുള്ളതാണ്. ഞങ്ങൾ വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്ന് വിശ്വസിക്കുന്ന ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ)യും ഇപ്രകാരം പീഢനങ്ങൾ സഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ശേഷം അദ്ദേഹത്തിന്റെ സമൂഹവും ഇത്തരം പീഢനങ്ങൾ ഇന്ന് വരെ അനുഭവിച്ചു വരുന്നു. അതിന്റെ ഫലമായാണ് ഞങ്ങളുടെ സമൂഹം പുരോഗമിച്ചുകൊണ്ടിരിക്കുന്നത്.

**പ്രൊഫ: ഡോൺ ടിനോ നെഗ്രി:** നിങ്ങളുടെ സമൂഹം മറ്റു മതങ്ങളുമായി നല്ല ബന്ധത്തിലാണോ?

**ഹ ഖലീഫത്തുൽ മസീഹ്:** മതപരമായ കാര്യത്തിൽ ഞങ്ങൾ ദൈവത്തിന്റെ അധ്യാപനങ്ങളാണ് പറയുന്നത്. അതായത് മതത്തിൽ യാതൊരു നിർബന്ധവും പാടില്ല എന്ന്. ദൈവം നമ്മുടെ മുന്നിൽ മാർഗദർശനം വെച്ചിട്ടുണ്ട്. ആരാണോ അത് കൈ കൊള്ളുവാൻ ആഗ്രഹിക്കുന്നത് അയാൾക്ക് അതനുസരിച്ച് ജീവിക്കാം. ആരാണോ അത് തള്ളിക്കളയാൻ ആഗ്രഹിക്കുന്നത് അയാൾക്ക് അപ്രകാരവും ചെയ്യാം. നമ്മുടെ വീക്ഷണപ്രകാരം ജനങ്ങളുടെ ഹൃദയത്തെ മാറ്റിമറിക്കുന്നതും ഒരാളെ ഒരു പ്രത്യേക പാതയിലേക്ക് ആനയിക്കുന്നതും ദൈവത്തിന്റെ ജോലിയാണ്. ആർക്കും അതിൽ നിർബന്ധിക്കാൻ പാടുള്ളതല്ല. ആ വിഷയത്തിൽ വിശുദ്ധ ഖുർആന്റെ പാഠം **'വിശ്വാസ കാര്യത്തിൽ യാതൊരു നിർബന്ധവും പാടില്ല'** എന്നാണ്. ദൈവം പറയുന്നത്, അവൻ മാർഗദർശനം അയക്കുന്നു എന്നാണ്. ആരാണോ ആഗ്രഹിക്കുന്നത് അവനത് അനുസരിക്കുന്നു. ആരാണോ നിഷേധിക്കുന്നത് അവനത് നിരാകരിക്കുകയും ചെയ്യുന്നു. ഒരു ദൈവികസന്ദേശം കൊണ്ടുവരുന്ന ആൾക്കുള്ള ഉത്തരവാദിത്വം അയാൾ അത് ജനങ്ങളെ അറിയിക്കുക എന്നതാണ്. ആ സന്ദേശം ഒരാൾ സ്വീകരിക്കാത്തതിന്റെ പേരിൽ കോപാകുലനാകുന്നത് തെറ്റായ സമീപനമാണ്. നാം വിശ്വസിക്കുന്നത് ദൈവമാണ് മനുഷ്യനെ സൃഷ്ടിച്ചത് എന്നാണ്. അപ്രകാരം മനുഷ്യസമൂഹത്തിൽ ചില മൂല്യങ്ങളുണ്ട്. ഈ മൂല്യങ്ങൾ നിറവേറ്റാൻ വേണ്ടിയാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്.

മനുഷ്യൻ ഏത് മൂല്യങ്ങൾക്ക് വേണ്ടിയാണോ സൃഷ്ടിക്കപ്പെട്ടത് അത് അവൻ മതത്തിനതീതമായി തിരിച്ചറിയേണ്ടത് അത്യാവശ്യമാണ്. അത് മതത്തിന്റെയടിസ്ഥാനത്തിലാണെങ്കിൽ ജനങ്ങൾക്കിടയിൽ സംഘർഷം തുടരുകയാണ് ചെയ്യുക. പരസ്പരം ബഹുമാനവുമുണ്ടാകില്ല. മാനുഷിക മൂല്യങ്ങൾക്ക് ജീർണത സംഭവിക്കുകയും ചെയ്യും. ലോകം ഇന്ന് അസ്വസ്ഥകലുഷിതമാണ്. നാം പറയുന്നത് എല്ലാ മതങ്ങളും യോജിച്ചുകൊണ്ട് ലോകത്ത് സമാധാനം സ്ഥാപിക്കണമെന്നാണ്. കാരണം എല്ലാ മതങ്ങൾക്കും ദൈവം നൽകിയ അധ്യാപനങ്ങൾ അവന്റെ സന്ദേശം പ്രചരിപ്പിക്കണമെന്നാണ്. ദൈവത്തിന്റെ സന്ദേശം ഒരിക്കലും സമാധാനം നശിപ്പിക്കുന്നതായിരിക്കില്ല. യേശു(അ), മൂസ(അ), ഹാറൂൺ (അ) മുതലായ പ്രവാചകന്മാർ ദൈവം അയച്ച ആയിരക്കണക്കിന് പ്രവാചകന്മാരിൽ ചിലരാണ്. വിശുദ്ധ ഖുർആൻ അവരിൽ ചിലരുടെ പേര് മാത്രമേ വെളിപ്പെടുത്തിയിട്ടുള്ളൂ. എല്ലാ ജനസമൂഹങ്ങളിലും പ്രവാചകന്മാർ ആഗതരായിട്ടുണ്ടെന്ന് ഖുർആൻ പറയുന്നു. ദൈവം അവനെ ആരാധിക്കാൻവേണ്ടിയും മനുഷ്യരെയെല്ലാവരെയും ബഹുമാനിക്കണമെന്ന അധ്യാപനങ്ങളുമായി എല്ലാ ജനങ്ങൾക്കിടയിലും പ്രവാചകന്മാരെ അയച്ചിട്ടുണ്ട്. ഞങ്ങൾ എല്ലാ പ്രവാചകന്മാരെയും ആദരിക്കുന്നു. ഇതാണ് വിശുദ്ധ ഖുർആന്റെ സംഗ്രഹസാരം. ഈ സാംസ്കാരിക മൂല്യത്തിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ എല്ലാവരുമായി കാണുകയും അവരുമായി സൗഹൃദസംഭാഷണം നടത്തുകയും ചെയ്യുന്നു. മറ്റു മതസ്ഥർക്ക് അവരുടെ വിശ്വാസങ്ങളും ആശയങ്ങളും ഞങ്ങളെ അറിയിക്കാൻ ഞങ്ങൾ സിമ്പോസിയങ്ങൾ സംഘടിപ്പിക്കാറുണ്ട്. ഈ വഴിക്ക് ഐക്യത്തിന്റെ ഒരു അന്തരീക്ഷവും സമാധാനവും സാഹോദര്യവും സൃഷ്ടിക്കാൻ സാധിക്കും.

**മോൺ സിഗ്നർ ഗിബർതി:** അത്തരം സിമ്പോസിയം ഇംഗ്ലണ്ടിൽ നടക്കാറുണ്ടോ?

**ഹ: ഖലീഫത്തുൽ മസീഹ്:** ഇംഗ്ലണ്ടിൽ നന്നായി നടക്കാറുണ്ട്. ആസ്ട്രേലിയ, ജർമനി, കാനഡ, അമേരിക്ക, ആഫ്രിക്കൻ രാജ്യങ്ങൾ എന്നീ രാജ്യങ്ങളടക്കം ഞങ്ങളുടെ കമ്യൂണിറ്റിയുള്ള ഇരുപത്തിനാലോ ഇരുപത്തിയഞ്ചോ വലിയ രാജ്യങ്ങളിലും ഇത്തരം സിമ്പോസിയങ്ങൾ നടത്താറുണ്ട്. ഞങ്ങളുടെ വീക്ഷണപ്രകാരം ഏതൊരു മതത്തിൽ വിശ്വസിച്ചാലും എല്ലാവരും ആദമിന്റെ മക്കളാണ്. ആദമിന്റെ മക്കൾ മഹത്തായ രീതിയിൽ ബഹുമാനിക്കപ്പെടണം. ഒരിക്കൽ അവൻ സ്വർഗത്തിൽ നിന്നും ബഹിഷ്കൃതനായവനാണ്. വീണ്ടും അവൻ ബഹിഷ്കൃതനായി നരകവാസിയായി തീരാൻ പാടില്ല.

(മോൺസിഗ്നർ ഗിബർത്തിയും പ്രൊഫ. ഡോൺ ടിനോ നെഗ്രിയും ഖലീഫത്തുൽ മസീഹിന് നന്ദി പ്രകടിപ്പിച്ചു. ഖലീഫാ തിരുമനസ്സിനെ അവർ പിന്നീട് ലിബർട്ടി ഓഫ് റിലീജ്യൻസ് ഇൻസ്റ്റിറ്റ്യൂഷനിലേക്ക് ആനയിച്ചു.) ■



# ഇബ്നുബത്ത്വൂത്ത: മഹാനായ സഞ്ചാരി

ആരിഫ് മുനവ്വർ

**ജ്ഞാനമന്വേഷിച്ച് ദേശങ്ങൾ താണ്ടിയ ഇബ്നുബത്ത്വൂത്തയുടെ സഞ്ചാരക്കുറിപ്പുകൾ മദ്ധ്യകാലഘട്ടത്തിലെ ചരിത്രരേഖയാണ്.**

***'ജ്ഞാനസമ്പാദനത്തിനുള്ള വഴി ആരാണോ തിരഞ്ഞെടുക്കുന്നത് അവന്റെ സ്വർഗത്തിലേക്കുള്ള വഴി അല്ലാഹു എളുപ്പമാക്കിക്കൊടുക്കും.... പണ്ഡിതനായ ഒരാൾ ആരാധിക്കുന്നവനേക്കാൾ മീതെയാണ്. മറ്റു ഗ്രഹങ്ങളേക്കാൾ ചന്ദ്രൻ ഉയർന്നു നില്ക്കുന്നത്പോലെ. ജ്ഞാനികൾ പ്രവാചകന്മാരുടെ അനന്തരാവകാശികളാണ്. പ്രവാചകന്മാരാകട്ടെ ഒരു ദിർഹമോ ദീനാറോ അനന്തരാവകാശസ്വത്തായി അവശേഷിപ്പിച്ചുപോകാറില്ല. ജ്ഞാനം മാത്രമാണ് അവരുടെ ശേഷിപ്പ്. ആരാണോ ആ സമ്പത്ത് സ്വായത്തമാക്കുന്നത് അവൻ വലിയ സ്വത്ത് കരസ്ഥമാക്കി!'***

പ്രവാചകന്റെ ഇത്തരം അനുജ്ഞകൾ മൂലം മുസ്‌ലിംകൾ ചരിത്രത്തിലുടനീളം അജ്ഞാതമായ അതിർത്തികൾ ഭേദിച്ച് അപരിചിതമായ സംസ്കാരങ്ങളെ തേടിയും പ്രഗല്ഭമതികളായ ജ്ഞാനികളെ അന്വേഷിച്ചും ദീർഘദൂരങ്ങൾ സഞ്ചരിച്ചു. ഇങ്ങനെ ജ്ഞാനാന്വേഷികളായ സഞ്ചാരികളിൽ മുസ്‌ലിം ലോകത്ത് എക്കാലത്തേയും ഏറ്റവും വലിയ സഞ്ചാരിയാണ് ഇബ്നുബത്ത്വൂത്ത. മുപ്പത് വർഷക്കാലം നീണ്ടുനിന്ന അദ്ദേഹത്തിന്റെ സഞ്ചാരപഥം 75,000 മൈലുകളാണ് (1,24000 കി. മീ) പിന്നിട്ടത്. ഈ ദൂരം പതിമൂന്നാം നൂറ്റാണ്ടിൽ വെനീസിൽ നിന്നും ചൈനയിലേക്ക് മാർക്കോപോളോ സഞ്ചരിച്ചതിന്റെ ഏകദേശം മൂന്നിരട്ടിയാണ്. പാശ്ചാത്യദേശങ്ങളിൽ ഇബ്നുബത്ത്വൂത്ത കൂടുതൽ അറിയപ്പെട്ടിരുന്നില്ല. അതിന് പ്രധാന കാരണം അദ്ദേഹം ഒരു മുസ്‌ലിമായിരുന്നു എന്നതാണ്. മാത്രമല്ല അദ്ദേഹം സഞ്ചരിച്ചിരുന്നത് മിക്കവാറും മുസ്‌ലിം ദേശങ്ങളിലൂടെയായിരുന്നു. ജ്ഞാനാന്വേഷണം മാത്രമായിരുന്നു അദ്ദേഹത്തിന്റെ സഞ്ചാരത്തിനു പ്രചോദനം. ഈ യാത്രയിൽ അദ്ദേഹം മൊറോക്കോ, ഈജിപ്ത്, സിറിയ, ഇന്ത്യ, സോമാലിയ, താൻസാനിയ, ചൈന, തുർക്കി, ഉക്രെയിൻ, അഫ്ഗാനിസ്ഥാൻ, ശ്രീലങ്ക, സൗദി അറേബ്യ മുതലായ 44 രാജ്യങ്ങളിലൂടെ സഞ്ചരിച്ച് സൂഫികൾ, നിയമജ്ഞന്മാർ, നിഗൂഢസിദ്ധന്മാർ, മാന്ത്രികന്മാർ മുതലായ നിരവധി വ്യക്തിത്വങ്ങളെ കണ്ടുമുട്ടുകയുണ്ടായി. അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പുകൾ ഇസ്‌ലാമിക ചരിത്രത്തെപറ്റിയുള്ള ജ്ഞാനം മാത്രമല്ല അവാച്യമായ സാഹിത്യലാവണ്യത്തിന്റെ അനുഭൂതികൂടി നൽകുന്നു.

ആരാണ് ഇബ്നുബത്ത്വൂത്ത? അദ്ദേഹത്തിന്റെ തന്നെ സഞ്ചാരക്കുറിപ്പുകൾ നോക്കിയാൽ അദ്ദേഹത്തെക്കുറിച്ച് കുറഞ്ഞ അറിവ് മാത്രമേ നമുക്ക് ലഭിക്കൂ. അദ്ദേഹം മോറോക്കോവിലെ താൻജീറിൽ ക്രി. വ. 1304 ഫിബ്രവരി 24 നാണ് ജനിച്ചത്. മരിച്ചത് ക്രി. വ. 1369ലും. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ ക്രി. വ. 1325 ജൂൺ 15നാണ് അദ്ദേഹം താൻജീർ വിടുന്നത്. ഒടുവിൽ ആ യാത്ര മൊറോക്കോയിലാണ് അവസാനിക്കുന്നത്. ഇബ്നു ജുസെയ്യാ എന്ന് പേരുള്ള ഒരു പണ്ഡിതന് തന്റെ യാത്രാസംഭവങ്ങൾ അദ്ദേഹം പറഞ്ഞുകൊടുത്തെഴുതിക്കുകയുണ്ടായി. ഈ യാത്രാകുറിപ്പുകൾ 'ഇബ്നുബത്ത്വൂത്തയുടെ സഞ്ചാരങ്ങൾ' (രിഹ്‌ലതു ഇബ്നുബത്ത്വൂത്വഃ) എന്ന പേരിൽ പ്രസിദ്ധീകൃതമായിട്ടുണ്ട്. പതിനാലാം നൂറ്റാണ്ടിൽ 'രിഹ്‌ല' (സഞ്ചാരം) കുറിപ്പുകൾ എഴുതുക എന്നത് ഇസ്‌ലാമിക ലോകത്തെ പൊതുസാഹിത്യപ്രവണതയായിരുന്നു. മുസ്‌ലിം സഞ്ചാരികളും പണ്ഡിതന്മാരും മക്കയിലേക്കും മറ്റിടങ്ങളിലേക്കുമുള്ള ഇത്തരം നിരവധി സഞ്ചാരക്കുറിപ്പുകളെഴുതിയിട്ടുണ്ട്. ഇബ്നുബത്ത്വൂത്ത പദയാത്രികനായും കഴുതപ്പുറത്തും ഒട്ടകപുറത്തുമായാണ് ആയിരക്കണക്കിന് കി.മീ. ദൂരം താണ്ടിയത്. കഠിനചൂടിനാൽ തപിക്കുന്ന മരുഭൂമിയിലൂടേയും മരം കോച്ചുന്ന തണുപ്പുള്ള പർവതങ്ങളിലൂടെയും ആർത്തലക്കുന്ന മഹാസാഗരങ്ങളിലൂടേയും അദ്ദേഹം സഞ്ചരിച്ചു. കൊള്ളക്കാരുടെയും കടൽകൊള്ളക്കാരുടെയും നിരന്തരഭീഷണിയിലായിരുന്നു അദ്ദേഹത്തിന്റെ സഞ്ചാരം. ജ്ഞാനം അന്വേഷിച്ചുള്ള സമുജ്ജ്വലമായ ഈ സഞ്ചാരഗതിയിൽ അദ്ദേഹം അതൊന്നും ഗൗനിച്ചില്ല. അദ്ദേഹത്തിന്റേത് വെറുമൊരു സാഹസികയാത്ര മാത്രമായിരുന്നില്ല. അറിവ് നേടാനും അനുഭവങ്ങൾ ആർജിച്ച് പ്രപഞ്ചസ്രഷ്ടാവിന്റെ അനന്തമായ സൃഷ്ടിരാശികൾക്ക് സാക്ഷ്യം വഹിക്കാനുമായിരുന്നു ആ സഞ്ചാരങ്ങൾ. റസൂൽ തിരുമേനി(സ)യുടെ ഒരു മഹത്തായ വചനത്തിന്റെ ജീവൽ പ്രതീകമായിരുന്നു അദ്ദേഹം.

***'ചൈനയിൽ പോയെങ്കിലും അറിവ് കരസ്ഥമാക്കുക. അറിവിന്റെ ആർജ്ജനം ഓരോ മുസ്‌ലിമിന്റേയും ബാധ്യതയാണ്' എന്നതായിരുന്നു റസൂൽ തിരുമേനി(സ)യുടെ ഉപദേശം.***

**ഇബ്നു ബത്ത്വൂത്തയുടെ യാത്രാപഥം**

ആക്രമണത്തിനുശേഷം മംഗോളി

കളും സംഘങ്ങളും ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ബത്തൂത്ത ലോക സഞ്ചാരം ആരംഭിക്കുന്നത്. ബത്തൂത്ത ദരിദ്രനായിരുന്നെങ്കിലും അദ്ദേഹത്തിന് ആഹാരം ലഭിച്ചു. വിനോദങ്ങളിലേർപ്പെട്ടു. കച്ചവടക്കാരും മംഗോളിയൻ രാജാക്കന്മാരും അദ്ദേഹത്തെ രാജോചിതമായി പരിചരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പുസ്തകത്തിൽ രാജാക്കന്മാർ, സൂഫികൾ എന്നിവരുമായുള്ള അഭിമുഖങ്ങളും മറ്റു നിരവധി വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ട്. എത്രത്തോളമെന്നാൽ ആധുനിക ഭൂമിശാസ്ത്രജ്ഞന്മാർക്ക് ആവശ്യമായ വിവിധ പരിസ്ഥിതി പ്രദേശങ്ങളുടെ വിവരണം, വിദൂരദിക്കുകളിൽ നിന്നുള്ള ഉൽപന്നങ്ങൾ, കയറ്റുമതി ചെയ്യുന്ന ഉൽപന്നങ്ങൾ, വൻനഗരങ്ങൾ, തുറമുഖങ്ങൾ, കടൽ എന്നിവയുടെ വിശദവിവരങ്ങളും അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പുകളിൽ കാണാം. ഇതെല്ലാം അദ്ദേഹത്തിന്റെ സഞ്ചാരകഥകളെ വളരെ രസകരമാക്കിത്തീർക്കുന്നു.

## ക്രി.വ. 1325–1327 മൊറോക്കോയിൽ നിന്നും മക്കയിലേക്കുള്ള യാത്ര

അദ്ദേഹത്തിന്റെ ആദ്യത്തെ യാത്ര മക്കയിലേക്കായിരുന്നു. ആധുനികലോകത്തെ അൾജീറിയ, ടൂണീഷ്യ, ലിബിയ, ഈജിപ്ത്, ജെറുസലേം, സിറിയ, സൗദ്യഅറേബ്യ എന്നീ രാജ്യങ്ങളിലൂടെ സഞ്ചരിച്ചാണ് അദ്ദേഹ മക്കയിലെത്തുന്നത്.

വടക്കെ ആഫ്രിക്ക, മദ്ധ്യപൗരസ്ത്യദേശം എന്നിവിടങ്ങളെ പറ്റി തന്റെ സ്വന്തം നിരീക്ഷണങ്ങൾ ധാരാളമായി പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണത്തിന് താഴെ കാണുന്നത് ദമാസ്കസിലെ സാമൂഹ്യസുരക്ഷാസംവിധാനത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ഒരു നിരീക്ഷണമാണ്.

*'ദമാസ്കസിലെ മതധർമസ്ഥാപനങ്ങളുടെ വൈവിധ്യങ്ങളും അവയുടെ ചെലവുകളും എണ്ണികണക്കാക്കാൻ കഴിയില്ല. നിർധനരായ യുവതികളുടെ വിവാഹം, ജയിൽ ശിക്ഷയനുഭവിക്കുന്നവരുടെ മോചനം മുതലായവയുടെ ചെലവുകൾക്ക് വേണ്ടിയുള്ള ധർമസ്ഥാപനങ്ങളുണ്ട്. സഞ്ചാരികൾക്കുള്ള ധർമസ്ഥാപനങ്ങൾ സഞ്ചാരികൾക്ക് ഭക്ഷണവും വസ്ത്രങ്ങളും യാത്രാചെലവും നൽകുന്നു. തെരുവുകളുടെ പുനർനിർമാണത്തിനും നടപ്പാതകൾ നിർമിക്കുന്നതിനും ധർമസ്ഥാപനങ്ങളുണ്ട്. ഇക്കാരണത്താൽ ദമാസ്ക്കസിലെ എല്ലാ തെരുവുകളും ഇരുവശങ്ങളിലും നടപ്പാത ഉള്ളതാണ്. പദയാത്രികർ നടപ്പാതയിലൂടെയും വാഹനങ്ങൾ (മൃഗങ്ങൾ വലിക്കുന്നവ) മദ്ധ്യത്തിലൂടേയും സഞ്ചരിക്കണം (1)*

അദ്ദേഹം നൈൽനദി, അലക്സാണ്ട്രിയ, കൈറോ എന്നിവയുടെ വാങ്മയ ചിത്രം വരക്കുന്നത് കാണുക:

*നൈലിലൂടെ സഞ്ചരിക്കുന്ന ഒരാൾക്ക് കൈയിൽ യാതൊന്നും കരുതേണ്ടതില്ല. വുളു ചെയ്യാനോ നമസ്കരിക്കാനോ സാധനങ്ങൾ വാങ്ങാനോ നദീതീരത്ത് ഇറങ്ങണമെന്ന് തോന്നിയാൽ അയാൾക്ക് ജലയാനത്തിൽ നിന്നും തീരത്തിറങ്ങാം. അലക്സാണ്ട്രിയയിൽ നിന്നും കൈറോ വരെ നൈൽ തീരത്ത് ബസാറുകളുടെ ഒരു ശൃംഖല തന്നെ കാണാം* (2)

## ക്രി. വ. 1327–1330 കിഴക്കനാഫ്രിക്കയിലേക്കും അവിടെ നിന്ന് തിരിച്ച് അറേബ്യയിലേക്കുമുള്ള യാത്ര

ഹജ്ജ് നിർവഹിച്ചതിനുശഷം ഇറാനും ഇറാഖും സന്ദർശിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഇവിടെ നിന്നാണ് വാസ്തവത്തിൽ അദ്ദേഹത്തിന്റെ ലോകസഞ്ചാരം ആരംഭിക്കുന്നത്.(3) എന്തായിരുന്നാലും ഓരോ യാത്രക്കുശേഷവും മക്കയിൽ തിരിച്ചെത്തുക അദ്ദേഹത്തിന്റെ ശീലമായിരുന്നു ഏഴു തവണ അദ്ദേഹം ഹജ്ജ് നിർവഹിച്ചു.

ഇറാഖിലെ ബസറയിൽ അദ്ദേഹം താമസിച്ചു. ഇസ്ലാമിക ലോകത്ത് മഹാന്മാരായ തത്ത്വജ്ഞാനികൾ, മതഃശാസ്ത്രികൾ, ശാസ്ത്ര വിശാരദന്മാർ, കവികൾ, ചരിത്രകാരന്മാർ മുതലായ പ്രതിഭാശാലികളെ ലോകത്തിന് ദാനം ചെയ്ത നാടായിരുന്നു ഇറാഖ്. ഇറാഖിലെത്തിയപ്പോൾ അദ്ദേഹം ബാഗ്ദാദ് സന്ദർശിച്ചു. മംഗോൾ ആക്രമണത്തിൽ നിലംപരിശായി നല്ലെട്ട് തകർന്നുകിടക്കുന്ന ബാഗ്ദാദിനെയാണ് അദ്ദേഹം കണ്ടത്. അബ്ബാസിയാ ഖിലാഫത്തിന്റെ ആസ്ഥാനമായ ബാഗ്ദാദിന്റെ എല്ലാ ധൈഷണിക പ്രഭാവവും അപ്പോഴേക്കും വിനഷ്ടമായിരുന്നു. പതിമൂന്നാം നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ അബ്ബാസിയാ ഖലീഫമാരുടെ സ്വാധീനം കുറഞ്ഞുവരികയുണ്ടായി.

ക്രി.വ. 751ൽ ഉമയ്യാദുകളെ പരാജയപ്പെടുത്തിയാണ് അബ്ബാസികൾ ഖിലാഫത്ത് പദത്തിൽ അവരോധിതരായത്. ക്രി. വ. 1258ലാണ് ഇറാഖിലൂടെ മംഗോളുകളുടെ പടയോട്ടമുണ്ടായത്. അവർ ബാഗ് ദാദിലെ മഹത്തായ ഗ്രന്ഥാലയം നശിപ്പിച്ചു. വൈദ്യശാസ്ത്രം മുതൽ ഗോളശാസ്ത്രം വരെ നിരവധി ഗ്രന്ഥങ്ങളും ആയിരക്കണക്കിന് ചരിത്രരേഖകളും മംഗോളുകൾ നശിപ്പിച്ചു. അവർ ലക്ഷക്കണക്കിന് മുസ്ലിംകളെയാണ് കൂട്ടക്കൊല ചെയ്തത്. ഇബ്നു ബത്തൂത്തയുടെ ഇറാഖ് സന്ദർശനാവസരത്തിൽ ക്രി. വ. 1320ലെ മംഗോൾ ആക്രമണത്തിന്റെ അവശിഷ്ടങ്ങൾ കാണാമായിരുന്നു. അങ്ങേയറ്റം ദുഃഖിതനായ ബത്തൂത്ത ഇറാഖിന്റെ അവസ്ഥയെക്കുറിച്ച് ഇങ്ങനെ വിവരിക്കുന്നു:

*അവളുടെ മുഖഛായ തന്നെ മാറിപ്പോയിരിക്കുന്നു. നാമമല്ലാതെ അവളുടേതായി യാതൊന്നും അവശേഷിച്ചിരുന്നില്ല. ദൃഷ്ടാവിന്റെ ദൃഷ്ടിയെ ഹരിച്ചിരുന്ന അവളുടെ മാദകസൗന്ദര്യം വിനഷ്ടമായി. അവളുടെ തിരക്കേറിയ തെരുവുകളും വാണിജ്യങ്ങളുമെല്ലാം വിസ്മൃതമായി. (5)*

ഇറാനും ഇറാഖും സന്ദർശിച്ചശേഷം ബത്തൂത്ത മക്കയിലേക്ക് മടങ്ങി. അവിടെനിന്ന് അദ്ദേഹം ചെങ്കടലിലൂടെയും അറബിക്കടലിലൂടേയും ആഫ്രിക്കയുടെ കിഴക്കൻ ഭാഗങ്ങളിലേക്ക് നീങ്ങി. ഇന്നത്തെ ടാൻസാനിയയും സോമാലിയയും അദ്ദേഹം സന്ദർശിച്ചു. അവിടെനിന്ന് ഒമാനിലേക്ക് മടങ്ങി. പിന്നീട് കരമാർഗം ഒരു കച്ചവടസംഘത്തോടൊപ്പം അറേബ്യയിലേക്ക് വീണ്ടും വന്നു. തുടർന്ന് മക്കയിലേക്ക് ചെന്നു. സോമാലിയയിലെ മൊഗാദിശുവിൽ അദ്ദേഹ



ത്തിന് വമ്പിച്ച സ്വീകരണമാണ് ലഭിച്ചത്. ജനങ്ങൾ അദ്ദേഹത്തെ ഹാർദമായി വരവേറ്റു. പതിനാലാം നൂറ്റാണ്ടിലെ കിഴക്കനാഫ്രിക്കയിലെ ഇസ്‌ലാമിക ലോകത്തിന് പേർഷ്യൻ ജനതയുടെ യാതൊരു സാംസ്കാരിക സമാനതയുമുണ്ടായിരുന്നില്ല. ഭരണാധികാരികളും പണ്ഡിതന്മാരും ഉദ്യോഗസ്ഥരും കച്ചവടക്കാരും തുറമുഖത്തൊഴിലാളികളും കൃഷിക്കാരും കൈവേലക്കാരും അടിമകളുമെല്ലാം കറുത്ത തൊലിക്കാരായിരുന്നു. ആഫ്രിക്കൻ ഭാഷയാണ് അവർ നിത്യജീവിതത്തിൽ ഉപയോഗിച്ചുവന്നത്. അറബികൾക്കും പേർഷ്യക്കാർക്കും ഫലഭൂയിഷ്ടവും ജലസമൃദ്ധവുമായ കിഴക്കനാഫ്രിക്ക സാമ്പത്തിക ഭാഗ്യാന്വേഷണത്തിന്റെ നാടായിരുന്നു. പട്ടിണി, വരൾച്ച, ജനപ്പെരുപ്പം, ആഭ്യന്തരയുദ്ധം എന്നിവയിൽ നിന്നെല്ലാം വിമുക്തവുമായിരുന്നു.

### ക്രി. വ. 1330–1341. അനത്തോലിയ, ഏഷ്യ വഴി ഇന്ത്യയിലേക്ക്:

ഇബ്നു ബത്തൂത്ത ഈ കാലമാവുമ്പോഴേക്കും വിദഗ്ധനായ ഒരു സഞ്ചാരിയായി മാറിയിരുന്നു. എന്നിരുന്നാലും സഞ്ചാരത്തിന് പണം ആവശ്യമായിരുന്നു. ഇന്ത്യയിലെ ഡൽഹി സുൽത്താന് ഇസ്‌ലാമിക നിയമങ്ങൾ വ്യാഖ്യാനിക്കാൻ ഒരു ഖാസിയെ വേണമെന്ന വാർത്ത അദ്ദേഹം അറിയാനിടയായി. അങ്ങനെ ക്രി.വ. 1330ൽ ബത്തൂത്ത ഇന്ത്യയിലേക്ക് തിരിച്ചു. ഏഷ്യാമൈനറിലൂടെ (ഇന്നത്തെ തുർക്കി). മദ്ധ്യേഷ്യയും അഫ്ഗാനിസ്ഥാനും പിന്നിട്ടാണ് ഇന്ത്യയിലേക്ക് യാത്ര ചെയ്തത്. തുർക്കിയിലെ പ്രഗല്ഭരായ നിയമവിശാരദന്മാരെ പറ്റി ബത്തൂത്ത തന്റെ പുസ്തകത്തിൽ വിവരിക്കുന്നുണ്ട്. ക്രി. വ. 1333ൽ പേർഷ്യയെയും സിന്ധിനെയും വേർതിരിക്കുന്ന ഹിന്ദുക്കുഷ് പർവതപംക്തികൾ അദ്ദേഹം താണ്ടി. അവസാനം അദ്ദേഹം ഇന്ത്യയിലെത്തി. അവിടെ വെച്ച് അദ്ദേഹം ഡൽഹി സുൽത്താനായിരുന്ന മുഹമ്മദ് തുഗ്ളക്കിന്റെ കൊട്ടാരത്തിലെത്തി. അവിടെ അദ്ദേഹം ഖാസിയായി നിയമിക്കപ്പെട്ടു. ഏഴ് വർഷം അവിടെ അദ്ദേഹം രാജാവിനെ സേവിച്ചു. ഇബ്നുബത്തൂത്ത തന്നെ 'രിഹ്‌ലയിൽ' തുഗ്ളക്കിനെ പറ്റി പണ്ഡിതനായ രാജാവ് എന്നാണ് വിശേഷിപ്പിക്കുന്നത്.

ഇന്ത്യയിലെ രാജാവ് വിദേശീയരെ ബഹുമാനിക്കുന്ന സ്വഭാവക്കാരനും അവരോട് സ്നേഹം പ്രകടിപ്പിക്കുന്നയാളുമായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാര സേവകരിലധികവും ഉദ്യോഗസ്ഥന്മാരും ജഡ്ജിമാരും വിവാഹബന്ധത്തിലൂടെ ഉള്ള ബന്ധുക്കളുമെല്ലാം വിദേശീയരായിരുന്നു. വിദേശീയരെ അദ്ദേഹം അസീസ് (ബഹുമാനിതർ) എന്ന പേരിലാണ് വിളിച്ചിരുന്നത്. (6)

### ക്രി. വ. 1341–1349. ഇന്ത്യയിൽ നിന്നും ചൈനയിലേക്ക്

ക്രി. വ. 1340ൽ ഡൽഹി സുൽത്താൻ ഇബ്നു ബത്തൂത്തയെ ചൈനയിലേക്കുള്ള ഒരു ദൗത്യസംഘത്തിന്റെ തലവനായി നിയമിച്ചു. ദക്ഷിണേന്ത്യയിൽ പോയതിന് ശേഷമാണ് അദ്ദേഹം ചൈനയിലേക്ക് തിരിച്ചത്. സിലോൺ, മാലിദ്വീപ്, ബംഗാൾ, ബർമ, സുമാത്ര എന്നിവിടങ്ങൾ ആ യാത്രയിൽ ബത്തൂത്ത സന്ദർശിച്ചു. ചൈനയെപറ്റി അദ്ദേഹമെഴുതിയത് *ഒരു സഞ്ചാരിയെ സംബന്ധിച്ചേടത്തോളം ലോകത്തിലെ ഏറ്റവും സുരക്ഷിതവും സൗഹൃദപരവുമായ രാജ്യമാണ് ചൈനഎന്നാണ്.(7)* പക്ഷേ ചൈനയിലെ പ്രാകൃതമതം അദ്ദേഹത്തെ ഒട്ടും ആകർഷിച്ചിട്ടില്ല.

*'ചൈന അതിമനോഹരമാണ്. പക്ഷേ എനിക്ക് അത് സന്തോഷം പകർന്നില്ല. മറിച്ച് ആ രാജ്യത്ത് പ്രമുഖമായ പ്രാകൃത മതസമ്പ്രദായം എന്നെ അതീവദുഃഖിതനാക്കി. എന്റെ താമസസ്ഥലത്ത് വെച്ച് വളരെ അപലപനീയമായ കാര്യങ്ങൾ ഞാൻ കാണുകയുണ്ടായി. അത് എന്നെ അസ്വസ്ഥനാക്കി. ഞാൻ മിക്കസമയത്തും താമസസ്ഥലത്ത് വീടിനകത്ത് തന്നെയായിരുന്നു കഴിഞ്ഞുകൂടിയത്. ആവശ്യത്തിന് വേണ്ടി മാത്രമേ പുറത്ത് പോയുള്ളൂ. ചൈനയിലെ വാസകാലത്ത് ഞാൻ ഏതൊരു മുസ്‌ലിമിനെ കണ്ടുമുട്ടിയാലും എനിക്ക് ഈ ഇതേ വികാരം തന്നെയായിരുന്നു ഉണ്ടായിരുന്നത്.(8)*

### ക്രി. വ. 1349–1354. തിരിച്ച് സ്വദേശത്തേക്ക് (മോറോക്കോ)

ഇബ്നുബത്തൂത്ത മക്കയിലേക്ക് വീണ്ടും തിരിച്ചെത്തി. മക്കയിലുള്ള കർമങ്ങളെല്ലാം നിർവഹിച്ചതിനുശേഷം

## ഇബ്നുബത്തൂത്തയും കേരളവും

ഇന്ത്യയിലെത്തിയ ഇബ്നു ബത്തൂത്തയെ ദൽഹി സുൽത്താൻ മുഹമ്മദ് തുഗ്ലക് ചൈനയിലേക്ക് ഒരു ദൗത്യസംഘത്തിന്റെ തലവനായി അയക്കുകയുണ്ടായി. സുൽത്താന്റെ നിരവധി സമ്മാനങ്ങളുമായാണ് ബത്തൂത്ത യാത്ര തിരിച്ചത്. ഈ യാത്രയിലാണ് അദ്ദേഹത്തിന് ഇന്ത്യയുടെ പശ്ചിമ ദക്ഷിണ തീരത്തെ കൊങ്കൺ മലബാർപ്രദേശങ്ങൾ സന്ദർശിക്കാൻ അവസരം ലഭിച്ചത്.

കേരളത്തിലെത്തിയ ബത്തൂത്ത കോഴിക്കോട് തുറമുഖത്ത് നിന്നാണ് ചൈനയിലേക്ക് കപ്പൽ കയറേണ്ടിയിരുന്നത്. ചൈനയിലേക്ക് പോകാനായി കടലിൽ നങ്കൂരമിട്ട കപ്പൽ കാറ്റിലും കോളിലും പെട്ടു മുങ്ങി നശിച്ചു. സംഘത്തിലെ മറ്റംഗങ്ങൾ മരിക്കുകയും ചെയ്തു. ഭാഗ്യത്തിന് കരയിലുണ്ടായിരുന്ന ബത്തൂത്ത രക്ഷപ്പെടുകയാണ് ചെയ്തത്. അങ്ങനെ മൂന്ന് വർഷം അദ്ദേഹത്തിന് കേരളത്തിൽ തങ്ങേണ്ടി വന്നു. പിന്നീടാണ് സിലോൺ മാലിദ്വീപ് ബംഗാൾ ആസം വഴി ചൈനയിലേക്ക് പോയത്.

കേരളത്തിൽ ഏഴിമല, ശ്രീകണ്ഠാപുരം (ജർഫതൻ) ധർമടം, വളപട്ടണം, പന്തലായനി (കൊയിലാണ്ടി), കോഴിക്കോട്, ചാലിയം, കൊല്ലം എന്നിവയാണ് ബത്തൂത്ത സന്ദർശിച്ച സ്ഥലങ്ങൾ. ചേരമാൻ പെരുമാൾ ഇസ്‌ലാം മതം വിശ്വസിച്ച് അറേബ്യയിലേക്കു പോയ കഥയും മാലിക്ബ്നു ദീനാർ ഒമ്പതു പള്ളികൾ നിർമിച്ചതും ഇബ്നു ബത്തൂത്തയുടെ യാത്രാവിവരണത്തിലില്ല. അതേസമയം കോലത്തിരി രാജാവ് ഇസ് ലാംമതം സ്വീകരിച്ചതായും അദ്ദേഹം ധർമടം പള്ളിയും അവിടുത്തെ വിശാലമായ കുളവും നിർമ്മിച്ച കാര്യവും അദ്ദേഹം സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്. മലബാറിലെ രാജാക്കന്മാരെക്കുറിച്ച് പ്രതിപാദിക്കുന്ന ബത്തൂത്ത കേരളത്തിലെ ഏക മുസ്ലിം രാജസ്വരൂപമായ കണ്ണൂരിലെ അറക്കൽ രാജവംശത്തെപറ്റി യാതൊരു പരാമർശവും നടത്തിയിട്ടില്ല. ഈ രാജവംശത്തിന് അക്കാലത്ത് അത്ര പ്രാമുഖ്യമോ ഖ്യാതിയോ ഇല്ലാത്തതായിരിക്കാം കാരണമെന്ന് ചൂണ്ടിക്കാണിക്കപ്പെടുന്നു. കേരളത്തിലെ ജനങ്ങളുടെ സത്യസന്ധത, സാമൂഹിക സമാധാനം, സമാധാനാന്തരീക്ഷം, ഭരണാധികാരി കളുടെ കഠിനമായ ശിക്ഷാ രീതി മലബാറിലെ മറ്റു രാജാക്കന്മാർ എന്നീവിഷയങ്ങളെ പറ്റിയും ബത്തൂത്തയുടെ സഞ്ചാരക്കുറിപ്പുകളിൽ പ്രതിപാദനമുണ്ട്.

– ഏ.എം.

അദ്ദേഹം സ്വദേശമായ മൊറോക്കോയിലുള്ള ഫെസ്സിലേക്ക് യാത്ര തിരിച്ചു. ക്രി. വ. 1349ലാണ് അദ്ദേഹം ഫെസ്സിൽ എത്തിയത്. പക്ഷേ സഞ്ചാരത്തിനുള്ള അദമ്യമായ ആഗ്രഹം അദ്ദേഹത്തെ അസ്വസ്ഥനാക്കി. എ.ഡി. 1350ൽ അദ്ദേഹം വീണ്ടും സഞ്ചാരം ആരംഭിച്ചു. ഐബീരിയൻ പെനിസുലയിലെ (സ്പെയിൻ) ഗ്രനഡയായിരുന്നു ഇത്തവണത്തെ ലക്ഷ്യം. എന്നിട്ടും ദാറുൽ ഇസ്‌ലാമിൽ (ഇസ്‌ലാമിക ലോകം) പൂർണമായും സഞ്ചരിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞില്ല എന്ന വ്യഥയിലായിരുന്നു ഈ ലോകസഞ്ചാരി. അദ്ദേഹം ഒരു യാത്രസംഘത്തോടൊപ്പം സഹാറ മരുഭൂമി മുറിച്ചു കടന്ന് മാലിയിലേക്ക് യാത്രപോയി. 30 വർഷത്തെ സുദീർഘമായ വിശ്വപര്യടനത്തിനുശേഷം ക്രി. വ. 1355ന് അദ്ദേഹം സ്വദേശത്ത് തിരിച്ചെത്തി.

> ഇബ്നുബത്തൂത്ത നടത്തിയ 30 വർഷത്തെ സഞ്ചാരത്തിന്റെ മൂല്യം വേണ്ടവിധത്തിൽ വിലയിരുത്തപ്പെട്ടിട്ടില്ല. ഇക്കാലത്ത് വിജ്ഞാനം എന്നത് പണമുണ്ടാക്കാൻ വേണ്ടിയുള്ള ഒരേർപ്പാടാണ്. എന്നാൽ മദ്ധ്യകാലഘട്ടത്തിൽ ജ്ഞാനത്തിന് വേണ്ടി മാത്രമായിരുന്നു ജ്ഞാനസമ്പാദനം. ലോകജനതയുടെ സാംസ്കാരിക വൈവിധ്യങ്ങൾ മനസ്സിലാക്കാനും പഠിക്കാനും ഇബ്നുബത്തൂത്തയുടെ സഞ്ചാരകുറിപ്പുകൾ യുവജനങ്ങൾക്ക് പ്രചോദനമായിത്തീരും.

## രിഹാല: ഒരു ചരിത്രരേഖ

ഇബ്നു ബത്തൂത്തയുടെ സഞ്ചാരകുറിപ്പുകൾ 14–ാം നൂറ്റാണ്ടിലെ ഇസ്‌ലാമിക ലോകത്തെക്കുറിച്ചുള്ള ചരിത്രം നമുക്ക് നൽകുന്നു. മുസ്‌ലിം ലോക ത്തെ ആതിഥ്യമര്യാദ, ആചാരങ്ങൾ, വിദ്യാഭ്യാസ സമ്പ്രദായങ്ങൾ, ഭൂമിശാസ്ത്രം എന്നീ നിരവധി വിവരങ്ങൾ അദ്ദേഹത്തിന്റെ കുറിപ്പുകളിൽ നിന്നും മനസ്സിലാക്കാം.

*ജെയിംസ് പ്രിസ്റ്റൺ എന്ന ഭൂമിശാസ്ത്ര പണ്ഡിതൻ അറബിയിലെഴുതപ്പെട്ട ഇബ്നുബത്തൂത്തയുടെ ഗ്രന്ഥത്തെപറ്റി 25 വർഷം മുമ്പ് എഴുതിയ പുസ്തകത്തിൽ പറയുന്നു: 'ക്രിസ്തീയ ലോകത്ത് ഈ പുസ്തകം കുറച്ച് സ്വാധീനമേ ഉണ്ടാക്കിയുള്ളൂ. പക്ഷേ ഇക്കാലത്ത് പോലും നമ്മുടെ ചില സ്കൂളുകളിൽ ചില മേഖലയിലെ ചൂടിനെപ്പറ്റി വിവരിക്കാൻ ഇബ്നുബത്തൂത്തയുടെ സഞ്ചാരക്കുറിപ്പുകളെയാണ് ആശ്രയിക്കുന്നത്. ആറ് നൂറ്റാണ്ടു മുമ്പ് ജീവിച്ച ഇബ്നുബത്തൂത്തയാണ് വടക്കനാഫ്രിക്കയിലെ മിതശീതോഷ്ണ മേഖലയിലെ ഉഷ്ണത്തേക്കാൾ കുറഞ്ഞത് ഭൂമദ്ധ്യരേഖാ പ്രദേശത്തെ ഉഷ്ണം മാത്രമാണെന്ന് ചൂണ്ടിക്കാട്ടിയത്.(9)* ഭൂമിശാസ്ത്രത്തിലും ചരിത്രത്തിലും ഇബ്നുബത്തൂത്തയുടെ പങ്ക് പിൽക്കാലത്താണ് തിരിച്ചറിയപ്പെട്ടത്. ഉദാഹരണത്തിന് യാലീ യൂണിവേഴ്സിറ്റിയുടെയും ന്യൂഹെവൻ പബ്ലിക്ക് സ്കൂളിന്റെയും പങ്കാളിത്തത്തോടെ നടത്തുന്ന യാലീ–ന്യൂഹെവൻ ടീച്ചേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടിലെ പൗളാ റാൻഷിയാറ്റോ ഇബ്നുബത്തൂത്തയുടെ റിഹാലയുടെ ചരിത്രമൂല്യത്തെക്കുറിച്ചെഴുതുന്നു:

സോഷ്യൽസ്റ്റഡീസ് ക്ലാസിലെ നമ്മുടെ വിദ്യാർഥികളുടെ കഴിവുകൾ പരിശോധിക്കാനും ജനങ്ങളുടെ സ്വപ്നങ്ങളും അവരുടെ അനുഭവങ്ങളും സാമൂഹികവും സാംസ്കാരികവുമായ പശ്ചാത്തലത്തിൽ പഠിക്കാനും ഈ വിവരണങ്ങൾക്കുള്ള പങ്ക് അനന്യമാണ്.(10)

ജോവാൻ ആർനോ, ഹെലൻ എന്നീ പ്രശസ്തരായ അധ്യാപകർ പതിനാലാം നൂറ്റാണ്ടിലെ ജനങ്ങളുടെ ചരിത്രത്തെപ്പറ്റി പഠിക്കാനുള്ള ഒരു വിദ്യ ഇബ്നുബത്തൂത്തയുടെ സാഹസിക സഞ്ചാരകഥകളിൽ നിന്നും ലഭിക്കുന്നു എന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്.

പതിനാലാം നൂറ്റാണ്ടിലെ മുസ്‌ലിം ലോക ചരിത്രം വ്യക്തിപരമായ അനുഭവങ്ങളുടെ പശ്ചാത്തലത്തിൽ ബത്തൂത്ത രചിക്കുകയായിരുന്നു. അദ്ദേഹത്തിന്റെ അതുല്യമായ വാങ്മയം വസ്തുതാപരമായും വിവരണപരമായും വിപുലമായ അറിവുകളാണ് നല്കുന്നത്. സൂഫികളുമായുള്ള അദ്ദേഹത്തിന്റെ സംഭാഷണങ്ങളും നിയമപണ്ഡിതന്മാരിൽ നിന്നുള്ള വിശദീകരണങ്ങളും പ്രാദേശിക സംസ്കാരങ്ങളെയും ആചാരങ്ങളെയുക്കുറിച്ചുള്ള അഗാധവും സൂക്ഷ്മവുമായ വിവരണങ്ങളും അദ്ദേഹത്തിന്റെ സഞ്ചാരക്കുറിപ്പുകളിലുണ്ട്. ഇബ്നു ബത്തൂത്തയുടെ ചില വ്യക്തിപരമായ അനുഭവങ്ങളുടെ വിവരണങ്ങളിൽ അതിശയോക്തിപരമായ അംശങ്ങൾ ഉള്ളതുകൊണ്ട് അതൊന്നും വിശ്വാസയോഗ്യമല്ല എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിന്റെ വിവരണങ്ങളിൽ പിഴവുകളും അതിവർണനകളും വ്യക്തിപരമായ പക്ഷപാതിത്വങ്ങളും ഉണ്ടായിരിക്കാം. അതുകൊണ്ടു തന്നെ ഏറ്റവും ആധികാരികമായ ഒരു ചരിത്ര രേഖയാകണമെന്നുമില്ല. പക്ഷേ, ഇത്തരം വ്യക്തിപരമായ വിവരണങ്ങൾ അക്കാലത്തെ ജനങ്ങളുടെ ജീവിതത്തെ നോക്കിക്കാണാൻ നമുക്ക് ഒരു ഉൾക്കാഴ്ച നല്കുന്നു എന്ന കാര്യം അനിഷേധ്യമാണ്.

പോൾകൊഗൻ തന്റെ 'ഇബ്നുബത്തൂത്തയുടെ ഏഷ്യയിലേയും ആഫ്രിക്കയിലേയുമുള്ള യാത്രകൾ – ക്രി. വ. 1325–1354 (Ibnu Battuta's Travels in Asia and Africa) AD 1325-1354 എന്ന പുസ്തകത്തിൽ ഇബ്നുബത്തൂത്തയുടെ സഞ്ചാരക്കുറിപ്പുകൾ ഇസ്‌ലാമിക ലോകത്തെ മനസ്സിലാക്കാൻ എങ്ങനെ ഉപകരിക്കുന്നു എന്നതിനെപ്പറ്റി വിവരിക്കുന്നു.

'അവിടത്തെ (മുസ്‌ലിം ലോകം) സ്മാരകങ്ങൾ സന്ദർശിക്കുകയാണെങ്കിൽ അത് ഒരു സൗഭാഗ്യം തന്നെയാണ്. പക്ഷേ, അവിടത്തെ ജനങ്ങളെയും അവരുടെ ജീവിതരീതികളെയും പറ്റി നാം അജ്ഞ രാണ്. അല്ലെങ്കിൽ അറേബ്യൻ രാവുകളിലെ സാങ്കല്പിക ലോകത്തെ അവ്യക്തമായ അനുമാനങ്ങൾ മാത്രമാണ് നമുക്കവയെക്കുറിച്ചുള്ളത്. വിദഗ്ധൻമാർക്ക് പോലും അവരുടെ ജീവിതത്തെ വസ്തുനിഷ്ഠമായി പുനർ നിർമ്മിക്കാനും അക്കാലത്തെ അവരുടെ ജീവിതത്തെപ്പറ്റി നിർജീവമായ ഒരു കാഴ്ചപ്പാടാണ് നല്കുന്നത്. ചരിത്രവും ജീവചരിത്രങ്ങളും ഒരുപാടുണ്ട്. പക്ഷേ, വായനക്കാർ ജീവസ്സുറ്റ രീതിയിൽ അവരുടെ ഹൃദയതന്ത്രികളെ തൊട്ടുണർത്തിയ




# വാഗ്ദത്ത മസീഹും സ്വലാത്തും

സിദ്ധീഖ് അശ്റഫ് അലി, മോഗ്രാൽ

**റസൂൽ തിരുമേനി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടാണ് ഹദ്റത്ത് അഹ്മദ് (അ) ആത്മീയലോകത്തെ കൊടുമുടികളെല്ലാം കീഴടക്കിയത്.**

വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

**അല്ലാഹുവും അവന്റെ മലക്കുകളും നബിക്ക് അനുഗ്രഹങ്ങളാശംസിക്കുന്നു. വിശ്വാസികളേ, അദ്ദേഹത്തിന് ശാന്തിയും സമാധാനവും ലഭിക്കാൻ വേണ്ടി നിങ്ങളും പ്രാർഥിക്കുക** (33:57)

മുസ്‌ലിം സമുദായത്തിലെ ഓരോരോ വ്യക്തിയും ഈ കൽപനയുടെ സംബോധിതർ ആണെങ്കിലും ഈ ഉമ്മത്തിൽ ഈ കൽപനയുടെ ഉത്തമ സംബോധിതനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്ന അനുഗൃഹീത വ്യക്തിത്വമാണ് ആ കർത്തവ്യത്തെ പൂർണമായി നിർവഹിക്കേണ്ടിയിരുന്നത്. അനുഗ്രഹങ്ങൾ സ്വലാത്തിലൂടെ ലഭിക്കണമെന്ന് ഉൽക്കടമായി ആഗ്രഹിക്കുകയും തന്റെ വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ലിഖിതങ്ങളിലൂടെയും സ്വലാത്തിന്റെ അനുഗ്രഹങ്ങൾ ലോകമാകമാനം വ്യാപിപ്പിക്കുകയും ചെയ്ത ദിവ്യാത്മാവാണ് ഹദ്റത്ത് അഹ്മദ് (അ).

## റസൂൽ തിരുമേനി(സ)യോടുള്ള ബന്ധം

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ (സ) വാഗ്ദത്ത മസീഹിനെക്കുറിച്ച് 1400 സംവത്സരങ്ങൾക്ക് മുമ്പ് തന്നെ പ്രവചിക്കുകയും അദ്ദേഹത്തിനെ ഏറ്റവും കൂടുതൽ സ്നേഹിക്കുകയും തന്റെ പേരിൽ ഏറ്റവും കൂടുതൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുന്ന ആ പ്രേമഭാജനത്തിന്റെ ആഗമനം സുനിശ്ചിതമാണെന്നറിയിക്കുകയും ചെയ്തു. താൻ മുഹമ്മദെങ്കിൽ അദ്ദേഹം അഹ്മദും താൻ സൂര്യനെങ്കിൽ അദ്ദേഹം ചന്ദ്രനും താൻ ആദ്യമെങ്കിൽ അദ്ദേഹം അവസാനവും താൻ സന്മാർഗത്തിലേക്ക് നയിക്കുന്നയാളെങ്കിൽ അദ്ദേഹം സന്മാർഗം പ്രാപിച്ചയാളും താൻ മൂസയെങ്കിൽ അദ്ദേഹം ഈസയും താൻ യഥാർഥമെങ്കിൽ അദ്ദേഹം തന്റെ പ്രതിബിംബവുമായിരിക്കും എന്ന് ഈ സമുദായത്തെ അറിയിക്കുകയും ചെയ്തു. നബി(സ) അദ്ദേഹത്തിന് തന്റെ സലാം എത്തിക്കാനായി തന്റെ ഉമ്മത്തിനെ ഉപദേശിക്കുകയും മഞ്ഞുകട്ടകളിലൂടെ ഇഴഞ്ഞ് ചെന്നിട്ടാണെങ്കിലും അദ്ദേഹത്തിന് തന്റെ സലാമെത്തിക്കണമെന്നും അദ്ദേഹത്തിന് ബൈഅത്ത് ചെയ്യണമെന്നും അറിയിക്കുകയും കൂടാതെ അദ്ദേഹവുമായി തനിക്കുള്ള യോജിപ്പിനെയും സ്നേഹ

---

കാതലായ ചരിത്രവസ്തുതകൾ വർണശബളിതമായി അവതരിപ്പിക്കുന്ന ചരിത്രകാരന്മാർ അപൂർവമാണ്. ഇക്കാര്യത്തിൽ ഇബ്നുബത്ത്വൂത്തയുടെ രചനകൾ എല്ലാറ്റിനേയും മികച്ചു നില്ക്കുന്ന വിസ്മയങ്ങളാണ്. 11

## ഉപസംഹാരം

ഇബ്നുബത്ത്വൂത്ത നടത്തിയ 30 വർഷത്തെ സഞ്ചാരത്തിന്റെ മൂല്യം വേണ്ടവിധത്തിൽ വിലയിരുത്തപ്പെട്ടിട്ടില്ല. ഇക്കാലത്ത് വിജ്ഞാനം എന്നത് പണമുണ്ടാക്കാൻ വേണ്ടിയുള്ള ഒരേർപ്പാടാണ്. എന്നാൽ മദ്ധ്യകാലഘട്ടത്തിൽ ജ്ഞാനത്തിന് വേണ്ടി മാത്രമായിരുന്നു ജ്ഞാനസമ്പാദനം. ലോകജനതയുടെ സാംസ്കാരിക വൈവിധ്യങ്ങൾ മനസ്സിലാക്കാനും പഠിക്കാനും ഇബ്നുബത്ത്വൂത്തയുടെ സഞ്ചാരകുറിപ്പുകൾ യുവജനങ്ങൾക്ക് പ്രചോദനമായിത്തീരും. അവരുടെ ജ്ഞാനചക്രവാളം വികസിപ്പിക്കാനും അത് ഉതകും. ഒരാൾ സഞ്ചരിച്ചുകൊണ്ട് സമ്പാദിക്കുന്ന ജ്ഞാനം പുസ്തകങ്ങളിൽ നിന്നും മാസ്മീഡിയയിൽ കൂടി യും ലഭിക്കുന്ന അറിവിനേക്കാൾ വിശ്വസനീയവും അനുഭവസമ്പന്നവുമാണ്. സംസ്കാരങ്ങൾ തമ്മിലുള്ള സങ്കീർണതകൾ ഇത്തരം യാത്രകൾ ലഘൂകരിക്കും. ഇബ്നു ബത്ത്വൂത്തക്ക് പാസ്പോർട്ടിനെക്കുറിച്ചും കസ്റ്റംസിനെക്കുറിച്ചും ചിന്തിക്കേണ്ടതില്ലായിരുന്നു. പക്ഷേ, നാം ഒരു കാര്യം മനസ്സിലാക്കണം. അദ്ദേഹത്തിന്റെ യാത്രാപഥം എളുപ്പമായിരുന്നില്ല. കഴുതപ്പുറത്തും കുതിരപ്പുറത്തും ഒട്ടകപ്പുറത്തും കപ്പലുകളിലും അദ്ദേഹം സഞ്ചരിച്ചു. കൊടുങ്കാറ്റിന്റെയും രോഗങ്ങളുടെയും കടൽകൊള്ളക്കാരുടെയും, കവർച്ചക്കാരുടെയും നിരന്തര ഭീഷണിയെ തൃണവൽഗണിച്ചുകൊണ്ടാണ് അദ്ദേഹം തന്റെ സഞ്ചാരപഥത്തിലൂടെ ദൃഢനിശ്ചയത്തോടെ മുന്നോട്ട് നീങ്ങിയത്. ഇബ്നു ബത്ത്വൂത്തയുടെ ധീരതയും നിഷ്കളങ്കമായ വിജ്ഞാന പ്രതിബദ്ധതയും വിജ്ഞാനം പാനം ചെയ്യാൻ ജ്ഞാന സമുദ്രമന്വേഷിച്ചുള്ള പ്രയാണവും എല്ലാവർക്കും പ്രചോദനമാണ്.

Ref: **1**.http//wwwfamous muslims. com. **2**. Dunn Ross 'the Mamluks, the Adventures of Ibn Bathuta, University of California Press - 1986 p. 45. **3**. Ibid. P. 79 **4**.Ibid P. 97, **5**. Ibid P. 124, **6**. Ibid P.179, **7**. Ibid P. 259, **8**. http/www ucalgary.com **9**. James e preston Martin J. Geoffiery Geography in the middle ages. 2nd Edn P.52., **10**. http//nchs.ucla-edu/uniti

ത്തെയും ഇപ്രകാരം വെളിപ്പെടുത്തുകയും ചെയ്തു. അതായത് 'അദ്ദേഹം എന്റെ കൂടെ എന്റെ ഖബറിൽ മറയടക്കപ്പെടുകയും പുനരുത്ഥാന നാളിൽ ഞങ്ങൾ ഒരേ ഖബറിൽ നിന്ന് ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യുന്നതാണ്.' ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ യജമാനനോടുള്ള സ്നേഹത്തിൽ തന്നെ ലയിപ്പിക്കുകയും അതിനായി തന്റെ വ്യക്തിത്വത്തെ ഇല്ലായ്മ ചെയ്യുകയും ചെയ്തു.

വാഗ്ദത്ത മസീഹ് (അ), ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യോടുള്ള സ്നേഹത്തിന്റെ എല്ലാ ഘട്ടങ്ങളെയും ഉത്തമമായ രീതിയിൽ പൂർത്തിയാക്കിയെന്ന് മാത്രമല്ല, അത് കൂടുതൽ സമുജ്ജ്വലമാക്കുകയും ചെയ്തു. അതായത് 'അല്ലാഹുവിനോടുള്ള ഭയഭക്തിയും റസൂൽ തിരുമേനി(സ)യോടുള്ള അനുരക്തിയുമാണ് എന്റെ കുഫ്റിനുള്ള കാരണമെങ്കിൽ ഞാൻ അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറയുകയാണ്, ഞാൻ കടുത്ത കാഫിറാകുന്നു'.

## സ്വലാത്തിനോടുള്ള ബന്ധം

**'പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ പിന്തുടരുക. എന്നാൽ അല്ലാഹു നിങ്ങളെയും സ്നേഹിക്കുന്നതാണ്.'** (വിശുദ്ധ ഖുർആൻ 3:32) എന്ന കൽപനയ്ക്കനുസരിച്ച് വാഗ്ദത്ത മഹ്ദി അവിടത്തെ കാൽപാടുകളെ പിന്തുടർന്ന് പോന്നു. അതിനുള്ള അത്യുത്തമമായ മാർഗം റസൂൽ തിരുമേനി(സ)യുടെ പേരിൽ അധികമായി സ്വലാത്ത് ചൊല്ലുകയാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. എഴുന്നേൽക്കുമ്പോഴും ഇരിക്കുമ്പോഴും ഉറങ്ങുമ്പോഴുമെല്ലാം അദ്ദേഹം സ്വലാത്തിൽ ലയിക്കുമായിരുന്നു. മുഹമ്മദ് (സ) എന്ന ആ അനുഗൃഹീത നാമത്തെ അദ്ദേഹം തന്റെ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി.

ഹദ്റത്ത് അഹ്മദ് (അ)ന്റെ പ്രിയപുത്രി ഹദ്റത്ത് നവാബ് മുബാറക്കാ ബേഗം സാഹിബ പറയുന്നു: ഉറക്കത്തിൽ വശം മാറി കിടക്കുമ്പോൾ 'സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം' എന്ന് ഉച്ചരിക്കുമായിരുന്നു. എന്നോടും അപ്രകാരം ചെയ്യാനായി ഉപദേശിക്കുകയും ചെയ്തു.

*റബ്ത്ത് ഹെ ജാനെ മുഹമ്മദ് സെ മെരീ ജാ(ൻ) കൊ മുദാം ദിൽ കൊ വോ ജാം ലബാലബ് ഹെ പിലായാ ഹംനെ*

എന്റെ ജീവന് മുഹമ്മദ് നബി (സ)ന്റെ ജീവനുമായി അഭേദ്യമായൊരു ബന്ധവും സമ്പർക്കവുമുണ്ട്. ഞങ്ങൾ ഹൃദയത്തിന് മതിയാവോളം ആ മധുര പാനീയം നൽകിയിരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് സ്വലാത്തുമായി അഗാധമായ ബന്ധവും സമ്പർക്കവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ആത്മീയവും ഭൗതികവുമായ ജീവിതം സ്വലാത്തുമായി ഇഴുകിച്ചേർന്നതായിരുന്നു.

## രോഗത്തിൽ നിന്ന് ശമനം

ഹദ്റത്ത് അഹ്മദ് (അ) പറയുന്നു: "ഒരിക്കൽ എനിക്ക് കഠിനമായ രോഗം പിടിപെടുകയും എന്റെ അനന്തരാവകാശികൾ എന്റെ മരണം ആസന്നമായിരിക്കുന്നുവെന്ന് കരുതുകയും സുന്നത്തനുസരിച്ച് മൂന്ന് പ്രാവശ്യം എനിക്ക് സൂറാ യാസീൻ ഓതിക്കേൾപ്പിക്കുകയും ചെയ്തു. എനിക്കേറ്റവും പ്രിയപ്പെട്ടവർ ചുമരിന് പിന്നിൽ അനിയന്ത്രിതമായി കരയുകയാണ്. എന്നാൽ അവരിൽ പലരും ഇന്ന് ഇഹലോക വാസം വെടിഞ്ഞിരിക്കുന്നു. രോഗശയ്യയിൽ 16–ാം ദിവസം വന്നു. തീർത്തും നിരാശാജനകമായിരുന്നു ആ ദിവസം. മൂന്ന് പ്രാവശ്യം എനിക്ക് സൂറാ യാസീൻ ഓതിക്കേൾപ്പിച്ചു. ആ ദിവസം വൈകുന്നേരമാകുമ്പോഴേക്കും മരണമടയും എന്നാണ് എന്റെ ബന്ധുക്കളെല്ലാവരും ദൃഢമായും വിശ്വസിച്ചത്. എന്നാൽ സംഭവിച്ചത് മറ്റൊന്നായിരുന്നു. അല്ലാഹു തന്റെ നബിമാർക്ക് വിപത്തുകളിൽ നിന്നുള്ള മോക്ഷത്തിനായി ദുആകൾ പഠിപ്പിച്ച് കൊടുക്കുന്നത് പോലെ എനിക്കും ദിവ്യവെളിപാടിലൂടെ ദുആ പഠിപ്പിച്ചു. അത് 'സുബ്ഹാനല്ലാഹി വബിഹംദിഹീ സുബ്ഹാനല്ലാഹിൽ അളീം അല്ലാഹുമ്മസ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദ്' എന്നതായിരുന്നു.

അല്ലാഹു എന്നെ ഇൽഹാമിലൂടെ അറിയിച്ചു: 'മണൽതരിയോട് കൂടിയ നദീജലത്തിൽ കൈ ഇടുകയും ഈ പരിശുദ്ധ വചനങ്ങൾ ഉരുവിട്ട് കൊണ്ട് നെഞ്ചിലും നെഞ്ചിന് ചുറ്റും കൈകളിലും മുഖത്തും തടവുകയും ചെയ്യുക. നിനക്ക് ശമനം ലഭിക്കുന്നതാണ്'. ഉടനെ മണലിനോട് കൂടിയ നദീജലം കൊണ്ടു വരപ്പെട്ടു. എന്നെ അറിയിച്ചത് പോലെ തന്നെ ഞാൻ ചെയ്യാൻ തുടങ്ങി. എന്റെ അപ്പോഴത്തെ അവസ്ഥയെ കുറിച്ച് പറയുകയാണെങ്കിൽ എന്റെ ഓരോ രോമകൂപങ്ങളിൽ നിന്നും തീ പുറത്ത് വരുന്നത് പോലെ എനിക്ക് തോന്നി. ശരീരം മുഴുവൻ വളരെ വേദനയോടെ ജ്വലിക്കുകയായിരുന്നു. ഈ അവസ്ഥയിൽ മരണം സംഭവിച്ചെങ്കിൽ എത്ര നന്നായിരുന്നുവെന്ന് എനിക്ക് തോന്നിപ്പോയി. എന്നാൽ ആ പ്രവൃത്തി തുടങ്ങിയ ശേഷം എന്റെ ജീവൻ ആരുടെ കയ്യിലാണോ ആ അല്ലാഹുവാണെ സത്യം ആ പരിശുദ്ധ വചനം ഉരുവിട്ട് കൊണ്ട് ഓരോ പ്രാവശ്യവും ജലം ശരീരത്തിൽ തടവുമ്പോൾ എന്റെ ശരീരതാപം പുറത്തേക്ക് പോകുന്നതായും പകരമായി തണുപ്പും സുഖവും ലഭിക്കുന്നതായും എനിക്ക് തോന്നി. ആ പാത്രത്തിലെ ജലം തീരുന്നതിന് മുമ്പ് തന്നെ രോഗത്തിൽ നിന്ന് പൂർണ്ണമായും എനിക്ക് ശമനം ലഭിച്ചിരുന്നു. അങ്ങനെ 16 ദിവസങ്ങൾക്ക് ശേഷം സുഖമായി ഞാൻ ഉറങ്ങി." (തിർയാഖുൽ ഖുലൂബ്, ഒന്നാം പതിപ്പ്, പേജ് 37, 38)

സ്വലാത്തിന്റെ അനുഗ്രഹത്താൽ അല്ലാഹു വാഗ്ദത്ത മസീഹ് (അ)ന് പുതുജീവൻ പ്രദാനം ചെയ്യുകയും പ്രസ്തുത സംഭവം അദ്ദേഹത്തിന്റെ ജീവിതത്തിൽ മഹത്തായ പരിവർത്തനം വരുത്തിത്തീർക്കുകയും ചെയ്തു. പറയുന്നു:

'എന്തൊരു അദ്ഭുതകരമായ രീതിയിലാണ് എനിക്ക് ജീവൻ നൽകപ്പെട്ടിരിക്കുന്നത്. എന്തൊരു ആശ്ചര്യജനകമായ ജീവിതമാണ് അങ്ങ് എനിക്ക് നൽകിയിരിക്കുന്നത്'.

സ്വലാത്ത് ചൊല്ലാനുള്ള കൽപന അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ ദിവ്യവെളിപാടുകളിലൂടെ പല പ്രാവശ്യം അറിയിച്ചുകൊണ്ട് പറഞ്ഞു: നബി(സ)നും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുക. അദ്ദേഹം ആദ്യമേ തന്നെ വളരെ ഇഷ്ടപ്പെട്ടിരുന്ന ഒരു കാര്യമായിരുന്നു അത്. ആ കൽപനയ്ക്ക് അനുസൃതമായി പ്രവർത്തിച്ചത് കൊണ്ടുതന്നെ വളരെയധികം പ്രതിഫ

ലങ്ങളും പദവികളും ലഭിച്ചു. ഇപ്രകാരം വെളിപാടുണ്ടായി. *'സ്വല്ലി അലാ മുഹമ്മദിൻ വആലി മുഹമ്മദിൻ സയ്യിദു വുലിദ ആദമ വ ഖാത്തമുന്നബിയ്യീൻ.'*

അതായത് മുഹമ്മദിനും അദ്ദേഹത്തിന്റെ കുടുംബാദികൾക്കും മേൽ സ്വലാത്ത് ചൊല്ലുക. അദ്ദേ ഹം ആദം സന്തതികളുടെ നേതാവും പ്രവാചകശ്രേഷ്ഠനുമാകുന്നു. (ബറാഹീനെ അഹ്മദിയ്യാ പേജ് 507)

പിന്നീട് സ്വലാത്ത് അദ്ദേഹത്തിന്റെ ശരീരത്തിനും ആത്മാവിനുമുള്ള ഭക്ഷണമായി മാറി. ഇക്കാര്യത്തെക്കുറിച്ച് വളരെ ഹൃദയസ്പൃക്കായ രീതിയിൽ അദ്ദേഹം വിവരിക്കുന്നതിപ്രകാരമാണ്:

*'ഞാൻ സത്യമായും പറയുന്നു, എന്റെ അനുഭവങ്ങളിലൂടെ എനിക്ക് മനസ്സിലാക്കാൻ സാധിച്ചത് പ്രിയങ്കരനായ പ്രവാചകൻ മുഹമ്മദ് നബി(സ)യെ പരിപൂർണ്ണമായി പിൻപറ്റാത്തത് വരെ ഏറ്റവും കൂടുതൽ ഹൃദയശുദ്ധി കൈവരിച്ച ഒരു വ്യക്തിക്കും യഥാർഥമായ രീതിയിൽ നന്മ കരഗതമാക്കാനോ അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാനോ ദൈവികാനുഗ്രഹങ്ങൾ കരസ്ഥമാക്കാനോ ദൈവികജ്ഞാനങ്ങളും യാഥാർഥ്യങ്ങളും മനസ്സിലാക്കാനോ സാധ്യമല്ലഎന്നാണ്. അതിന്റെ തെളിവുകൾ വിശുദ്ധ ഖുർആൻ തന്നെ നമുക്ക് നൽകുന്നു. 'ഖുൽ ഇൻകുൻത്തും തുഹിബുനല്ലാഹ ഫത്തബിഊനീ യുഹ്ബിബ്ക്കുമുള്ളാഹ്. ഈ വാദത്തിന്റെ പ്രാവർത്തികവും ജീവസുറ്റതുമായ രൂപം ഞാൻ തന്നെയാകുന്നു.' (അൽഹക്കം 17 സെപ്റ്റംബർ 1901, പേജ് 1, 2)*

ഹദ്റത്ത് മസീഹ് മൗഊദ് (അ) തന്റെ ഒരു സഹാബിയെ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: "താങ്കൾ സ്വലാത്ത് ചൊല്ലുന്നതിൽ കാര്യമായി ശ്രദ്ധിക്കുക. നബിതിരുമേനി(സ)യോടുള്ള സത്യസന്ധമായ ബന്ധവും സ്നേഹവും ആത്മീയ പവിത്രതയും ഉൾകൊണ്ട് കൊണ്ട് അവിടത്തെയും കുടുംബത്തിന്റെയും മേൽ സ്വലാത്തിന്റെ വരികളിൽ പറയപ്പെട്ടത് പോലെ അനുഗ്രഹാശിസ്സുകൾ അർപ്പിക്കുക. നബി(സ)ക്ക് മറ്റാരുടെയും ദുആകൾ ആവശ്യമില്ല, എങ്കിലും ഇതിൽ ഗഹനമായ ഒരു രഹസ്യം അടങ്ങിയിട്ടുണ്ട്. ഒരു വ്യക്തിയോടുള്ള സ്നേഹാതിരേകത്താൽ ആ വ്യക്തിയിൽ അനുഗ്രഹങ്ങൾ വർഷിക്കപ്പെടണം എന്ന ആഗ്രഹമുണ്ടാകുന്നു. തൽഫലമായി ആ സ്നേഹം ആ വ്യക്തിയു ടെ ജീവിതത്തിന്റെ ഭാഗമായി മാറുന്നു. താൻ ഇഷ്ടപ്പെടുന്നയാളിൽ അനുഗ്രഹങ്ങൾ വർഷിക്കപ്പെടണം എന്നാഗ്രഹിക്കുമ്പോൾ ആ അനുഗ്രഹവർഷം ആ വ്യക്തിയിലുമുണ്ടാകുന്നു.' (മക്ത്തൂബാത്തെ അഹ്മദിയ്യാ) ഇതുമായി ബന്ധപ്പെട്ട് ഹദീസിൽ ഇപ്രകാരം കാണാം.

ഹദ്റത്ത് അനസ്(റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി(സ) ഇപ്രകാരം അരുൾ ചെയ്തു: 'പുനരുത്ഥാനനാളിന്റെ ഭീതിയിൽ നിന്നും ഭയാശങ്കകളിൽ നിന്നും ഏറ്റവും കൂടുതൽ സുരക്ഷിതനായിരിക്കുന്നവൻ ഇഹലോകത്ത് എന്റെ പേരിൽ കൂടുതൽ സ്വലാത്ത് ചൊല്ലിയവനായിരിക്കും. അല്ലാഹുവിന്റെയും മലക്കുകളുടെയും അനുഗ്രഹാശിസ്സുകൾ തന്നെ എനിക്ക് മതിയായതാണ്. എന്നാൽ ഇത് നിങ്ങൾക്ക് പ്രതിഫലം കരസ്ഥമാക്കാനുള്ള ഒരവസരമാണ്.' (ദുർറെമൻസൂർ)

ഹദ്റത്ത് മസീഹ് മൗഊദ് (അ) അരുൾ ചെയ്യുന്നു: 'നബിതിരുമേനി(സ) യുടെ പേരിൽ സ്വലാത്ത് ചൊല്ലുന്നതിൽ ദീർഘകാലമായി ഞാൻ വളരെയധികം നിമഗ്നനായിരുന്നു. കാരണം അല്ലാഹുവിലേക്കുള്ള വഴികൾ വളരെ ഇടുങ്ങിയതാണെന്നും ആ മാർഗം നബി(സ) യോടുള്ള ബന്ധത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ലഭ്യമാവുകയുള്ളൂ എന്നും എനിക്ക് ബോധ്യമുണ്ടായിരുന്നു. അല്ലാഹുവും അപ്രകാരം തന്നെയാണ് പറയുന്നത് 'വബ്ത്തഊ ഇലൈഹിൽ വസീല (ഹഖീഖത്തുൽ വഹ്യ്)

ഹദ്റത്ത് മസീഹ് മൗഊദ് (അ) തുടരുന്നു:

'ഒരു രാത്രി ഈ വിനീതൻ ആത്മാവും ഹൃദയവും പരിമളനിർഭരിതമായിത്തീരുമാറ് നബിതിരുമേനി(സ) യുടെ പേരിൽ ധാരാളം സ്വലാത്ത് ചൊല്ലുകയുണ്ടായി. അന്നുരാത്രി ഞാൻ കണ്ട ഒരു ദർശനത്തിൽ മലക്കുകൾ സ്വച്ഛജലം നിറച്ച കുടങ്ങൾ ഏന്തി എന്റെ വീട്ടിൽ പ്രവേശിച്ചിരിക്കുന്നതായി കാണുകയുണ്ടായി. അവരിൽ ഒരാൾ എന്നോട് 'നീ മുഹമ്മദ് നബി(സ)യുടെ പേരിലയച്ച അനുഗ്രഹങ്ങളാണിവ എന്ന് പറയുകയുണ്ടായി.' (ബറാഹീനെ അഹ്മദിയ്യ നാലാം ഭാഗം അവലംബം ശറഹ് അൽഖസീദ പേജ് 169 ഗ്രന്ഥകർത്താവ് മൗലാനാ ജലാലുദ്ദീൻ ശംസ് സാഹിബ്)

## അനുഗ്രഹങ്ങളുടെ നീരുറവ

അതെ, ഹദ്റത്ത് മസീഹ് മൗഊദ് (അ)ന് ലഭിച്ചതെല്ലാം തന്റെ പ്രിയ യജമാനൻ ഹദ്റത്ത് മുഹമ്മദ് നബി(സ) യിൽ നിന്നാണ്. എല്ലാം കരസ്ഥമാക്കിയത് സ്വലാത്ത് മുഖേനയായിരുന്നു.

'ഞാൻ എല്ലാം തന്നെ അദ്ദേഹത്തിൽ നിന്നാണ് കരസ്ഥമാക്കിയിരിക്കുന്നത്. അല്ലാഹുവേ, നീ അതിന് സാക്ഷിയുമാണ്. ഞങ്ങൾക്ക് സത്യപാത കാണിച്ചു തന്ന പൂർണചന്ദ്രനാണദ്ദേഹം. ദീനുമായി ബന്ധപ്പെട്ട രഹസ്യങ്ങളത്രയും പറഞ്ഞ് തന്നത് അദ്ദേഹമാണ്. സമ്പത്ത് നൽകുന്ന അനുസരണശീലനാണദ്ദേഹം. ആ പ്രകാശധാരയിൽ ഞാനിതാ അർപ്പിതനായിരിക്കുന്നു. അതിൽ നിന്നുമുണ്ടായതാണു ഞാൻ. യഥാർഥത്തിൽ എല്ലാം അങ്ങ് തന്നെയാണ്. എനിക്കെന്തു പ്രസക്തിയാണുള്ളത്. ഇതു തന്നെയാണ് സാരം.'

## സ്വലാത്ത് ഏറ്റവും മഹത്തായ യോഗ്യത

ഇസ്‌ലാമിന്റെ പുനരുജ്ജീവനത്തിനായി എഴുന്നേൽപ്പിക്കപ്പെടുന്ന വ്യക്തി തന്റെ നാഡീഞരമ്പുകളിൽ നബിതിരുമേനി(സ)യോടുള്ള സ്നേഹത്തെ പ്രവഹിപ്പിച്ചയാളും തന്റെ ഓരോ അവയവങ്ങളിലും ആ സ്നേഹത്തെ പ്രതിഫലിപ്പിച്ചയാളും തന്റെ ശ്വാസം പോലും സ്വലാത്തെന്ന അച്ചിൽ വാർത്തിരുന്നയാളുമായിരുന്നു. അപ്രകാരമുള്ള സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടാണ് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ് (അ) നെ ദീനിന്റെ പുനരുജ്ജീവനത്തിനായി നിയോഗിച്ചത്. അദ്ദേഹം അരുൾ ചെയ്യുന്നു:

'ഒരിക്കൽ എനിക്ക് ഇൽഹാമുണ്ടായി. അതിന്റെ അർഥം ഇപ്രകാരമാണ്. അതായത് വാനലോകത്തുള്ളവർ കലഹിക്കുകയാണ്. അല്ലാഹു തന്റെ ദീനിനെ പുനരുജ്ജീവിപ്പിക്കുന്ന കാര്യത്തിൽ ഉത്സുകനാണ്. എന്നാൽ അതിന് പറ്റിയ ആൾ ആരാണെന്ന കാര്യത്തിലാണ് അഭിപ്രായവ്യത്യാസമുള്ളത്. തദ




# അൽമീസാൻ അഥവാ സന്തുലനം

**ഡോ. ഖൗലാ റഹ്മാൻ**

**കോ**ടിക്കണക്കിനു ജനങ്ങൾക്ക് ജലവിതരണം നടത്തുന്ന ഹിമാലയത്തിലെ ഹിമാനികൾക്ക് ഹരിതഗൃഹവാതകങ്ങളിൽ നിന്ന് മാത്രമല്ല ഭീഷണി. ഇന്ത്യ, പാക്കിസ്താൻ, നേപ്പാൾ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ താഴ്‌വാരങ്ങളിൽ നിന്നും ഉൽപാദിപ്പിക്കപ്പെടുന്ന പുകപടലങ്ങളും ഹിമാനികൾക്ക് ഭീഷണിയായിത്തീരുന്നു.

ഹിമാലയത്തിന് പടിഞ്ഞാറും തെക്കുമുള്ള പ്രവിശാലമായ താഴ്‌വരകളിൽ നിന്ന് ഉയർന്ന തോതിൽ ഉൽസർജിക്കപ്പെടുന്ന ഈ പുകപടലങ്ങൾ ഹിമാനികളുടെ ഉരുകലിന് ആക്കം കൂട്ടുന്നു എന്ന് ഗവേഷകന്മാർ വിശ്വസിക്കുന്നു. ഓരോ വർഷവും ഏപ്രിൽമാസത്തിൽ ഉയർന്ന തോതിലുള്ള പുകപടലങ്ങൾ അന്തരീക്ഷത്തിൽ ഘനീഭവിക്കുകയും വൻതോതിൽ സൂര്യപ്രകാശം ആഗിരണം ചെയ്യുകയും വായുവിനെ ചൂടാക്കുകയും ചെയ്യുന്നു. മെയ്മാസത്തിൽ മൺസൂൺ സീസൺ ആരംഭിക്കുമ്പോൾ ചൂടുള്ള വായു കൂടുതൽ ജലബാഷ്പം വഹിക്കുകയും പീഠഭൂമിയിലേക്ക് അത് വീശിയടിക്കുകയും ചെയ്യുന്നു. ഈ പ്രതിഭാസം ഹിമാനികൾക്ക് മീതെയുള്ള വർഷപാതം വർധിപ്പിക്കുകയും ഉരുകൽ പ്രക്രിയ വേഗത്തിലാക്കുകയും ചെയ്യുന്നു. ഹിമാനികളുടെ ഈ ഉരുകൽ പ്രക്രിയ മൂലം തീരദേശങ്ങളിലെ നിരവധി നഗരങ്ങൾ കടൽ വിഴുങ്ങുമെന്ന ഭീഷണിയിലാണ്. അപ്രകാരം ഹരിതഗൃഹവാതകങ്ങളുടെ ആധിക്യം കാരണം കൊടുങ്കാറ്റിന്റെ ഭീഷണിയുമുണ്ട്. ഇങ്ങനെ ആഗോളതാപനം മൂലം ജലം ഉരുകി ഒലിച്ചുപോകുകയാണെങ്കിൽ പ്രളയജലം ഉണ്ടാകുകയും അതുപോലെ ജലസുരക്ഷയെ ഗുരുതരമായി അത് ബാധിക്കുകയും ചെയ്യുമെന്ന് ശാസ്ത്രജ്ഞന്മാർ പ്രവചിക്കുന്നു. ഹിമാലയത്തിൽ നിന്ന് ഉദ്ഭവിക്കുന്ന സിന്ധു, ഗംഗ, ബ്രഹ്മപുത്ര, യാംഗ്സി, മഞ്ഞനദി എന്നീ അഞ്ച് മുഖ്യനദികളെ ഈ ഉരുകൽ പ്രക്രിയ ഗുരുതരമായി ബാധിക്കുന്നു.

എന്ത് കൊണ്ടാണ് മാനവരാശിക്ക് ഇങ്ങനെയുള്ള പ്രകൃതിദുരന്തങ്ങൾ അനുഭവിക്കേണ്ടി വരുന്നത്? അതിനു കാരണം അല്ലാഹുവിന്റെ അനുഗ്രഹങ്ങളെ സംബന്ധിച്ചും അതിന്റെ സന്തുലന വ്യവസ്ഥയെ സംബന്ധിച്ചും നാം ബോധവാന്മാരാകുകയോ അതിനെ സംബന്ധിച്ച് നന്ദി പ്രകടിപ്പിക്കുകയോ ചെയ്യുന്നില്ല എന്നത് കൊണ്ടാണ്.

---

വസരത്തിൽ ഞാൻ ഒരു ദർശനത്തിൽ ജനങ്ങൾ ഒരു സമുദായോദ്ധാരകനെ അന്വേഷിച്ച് അങ്ങുമിങ്ങും നടക്കുന്നത് കാണുകയുണ്ടായി. അപ്പോൾ ഒരാൾ ഈ വിനീതന്റെ അടുത്തു വന്ന് ഇപ്രകാരം സൂചിപ്പിച്ചു. 'ഹാദാ റജ്‌ലുൻ യുഹിബ്ബു റസൂലുല്ലാഹി' അതായത് ഈ മനുഷ്യൻ റസൂൽ (സ)യെ സ്നേഹിക്കുന്ന ആളാകുന്നു. ഇതിൽ നിന്ന് സമുദായോദ്ധാരണത്തിനുള്ള ഏറ്റവും മഹത്തായ നിബന്ധനയും അർഹതയും റസൂൽ തിരുമേനി(സ) യോടുള്ള സ്നേഹാതിരേകമാണെന്ന് മനസ്സിലാവുന്നു. (ബറാഹീനെ അഹ്മദിയ്യ. നാലാം ഭാഗം പേജ് 502)

## സ്വലാത്ത് നബി(സ)യിലേക്കെത്തുന്നു

അല്ലാഹു വിശുദ്ധ ഖുർആനിൽ വിശ്വാസികളോട് നബി(സ) തിരുമേനിക്ക് മേൽ സ്വലാത്ത് ചൊല്ലാനായി കൽപ്പിക്കുകയുണ്ടായി. അതുപോലെ നബി(സ) തിരുമേനിയും മുസ്‌ലിംകളെ സ്വലാത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അനുഗ്രഹങ്ങളെക്കുറിച്ചും ബോധവൽക്കരിക്കുകയുണ്ടായി.

ഹദീസിൽ ഇപ്രകാരം വരുന്നു. ഒരു സ്വഹാബി ഇപ്രകാരം ചോദിച്ചു: യാ റസൂലുല്ലാ! ഞാൻ എന്റെ സ്വന്തം ആവശ്യത്തിനായി ഒരു ദുആയും ചെയ്യാറില്ല. അങ്ങയുടെ മേൽ സ്വലാത്ത് ചൊല്ലി അങ്ങേക്ക് വേണ്ടിയാണ് ഞാൻ ദുആ ചെയ്യാറുള്ളത്. അത് കേട്ട് നബി(സ) ഇപ്രകാരം പറഞ്ഞു: 'നിനക്ക് മറ്റൊരു ദുആയും ചെയ്യേണ്ടതായി വരില്ല. എന്തുകൊണ്ടെന്നാൽ എനിക്ക് വേണ്ടി ദുആ ചെയ്യുകയും എന്റെ മേൽ സ്വലാത്ത് ചൊല്ലുകയും ചെയ്യുന്നവരുടെ എല്ലാ കാര്യങ്ങളും അല്ലാഹു സ്വയം ഏറ്റെടുക്കുന്നതാണ്.'

ഹദ്റത്ത് അബൂഹുറൈറ (റ) നിവേദനം ചെയ്യുന്നു. നബിതിരുമേനി(സ) ഇപ്രകാരം അരുൾ ചെയ്തു: 'എന്റെ ഖബറിൽ വന്ന് കൊണ്ട് ആരാണോ എന്റെ മേൽ സ്വലാത്ത് ചൊല്ലുന്നത് ഞാനത് കേൾക്കുന്നതാണ്'.


റസൂൽ തിരുമേനി(സ)യുടെ മേൽ സ്വലാത്ത് ചൊല്ലിക്കൊണ്ടിരിക്കുന്നവരായി തീരാൻ അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ (ആമീൻ).

**വിവ: ശഫീഖ് അഹ്മദ്, പത്തപിരിയം**

വാസ്തവത്തിൽ ഈ പ്രകൃതി സംവിധാനമാണ് നമുക്ക് ഭക്ഷണവും വെള്ളവും നമ്മുടെ ആവാസവ്യവസ്ഥയും ഒരുക്കുന്നത്. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

**'നാം ഭൂമിയെ വികസിപ്പിക്കുകയും അതിൽ ഉറച്ചുനിൽക്കുന്ന പർവതങ്ങളെ സ്ഥാപിക്കുകയും കൃത്യമായ അളവിൽ എല്ലാ വസ്തുക്കളേയും നാം അതിൽ മുളപ്പിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾക്കും, നിങ്ങൾ ഭക്ഷണം നൽകാത്ത (ഇതരജീവികൾക്കും) നാം ഉപജീവനമാർഗങ്ങൾ അതിൽ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു. ഒരു വസ്തുവിന്റെയും ഖജനാവ് നമ്മുടെ പക്കൽ അല്ലാതില്ല. നിശ്ചിത അളവിലല്ലാതെ നാം അത് ഇറക്കാറുമില്ല.(ജലാംശങ്ങൾ) വഹിച്ചുകൊണ്ടുപോകുന്ന കാറ്റുകളെ നാം അയച്ചു. എന്നിട്ട് മേഘങ്ങളിൽ നിന്ന് നാം വെള്ളമിറക്കി. അങ്ങനെ നാം അത് നിങ്ങൾക്ക് കുടിക്കുവാൻ തന്നു; നിങ്ങൾ അതിന്റെ നിക്ഷേപകരല്ലതാനും** (15.20–23)

ഈ ഖുർആനിക വെളിപാടുകൾ അവതരിക്കുന്ന കാലത്ത് മനുഷ്യന് ജലചക്രത്തെക്കുറിച്ചോ മനുഷ്യന് വേണ്ടി ഭൂഗർഭജലവും ഹിമാനികളും എപ്രകാരമാണ് ഒരു ജലസംഭരണി പോലെ വർത്തിക്കുന്നത് എന്നത് സംബന്ധിച്ചോ യാതൊരറിവും ഉണ്ടായിരുന്നില്ല. മനുഷ്യന് ഒരിക്കലും പുനഃസൃഷ്ടിക്കാൻ കഴിയാത്ത ജലസംഭരണ പ്രതിഭാസത്തെ പറ്റിയാണ് വിശുദ്ധ ഖുർആൻ ഇവിടെ പറയുന്നത്. ദൈവത്തിന്റെ സർവജ്ഞതയാണ് ഇവിടെ വിശുദ്ധ ഖുർആൻ വെളിപ്പെടുത്തുന്നത്. അല്ലാഹു അവന്റെ അനന്തമായ ജ്ഞാന വിവേകം കൊണ്ട് നമ്മുടെ ഗ്രഹത്തിൽ അദ്ഭുതകരമായ ജീവരാശി സൃഷ്ടിച്ചിരിക്കുന്നു. ഒരു കണക്ക് പ്രകാരം 30 ദശലക്ഷം ജീവിവർഗങ്ങളും സസ്യവർഗങ്ങളും ഭൂമുഖത്തുണ്ട്. അതിൽ ഏറ്റവും ബലഹീനമായ ജീവികൾ തൊട്ട് കായികബലമുള്ള ജീവികൾക്ക് വരെ ഭക്ഷണം ഒരുക്കിവെച്ചിരിക്കുന്നു. ഇതിനെപറ്റി പഠിക്കുമ്പോഴാണ് വിശുദ്ധ ഖുർആന്റെ *'നിങ്ങൾക്കും, നിങ്ങൾ ഭക്ഷണം നൽകാത്ത ഇതരജീവികൾക്കും നാം ഉപജീവനമാർഗങ്ങൾ അതിൽ ഉണ്ടാക്കുകയും ചെയ്തിരിക്കുന്നു'* എന്ന വചനം നമ്മെ ഇരുത്തിചിന്തിപ്പിക്കുന്നത്. പ്രകൃതിയിൽ കാണുന്ന ഈ സന്തുലനവ്യവസ്ഥ അതിലംഘിക്കപ്പെടുമ്പോൾ ജീവികൾക്ക് ഉന്മൂലനം സംഭവിക്കുന്നു.



ജെല്ലിമത്സ്യം

ഈ ഭൂമിയിലെ വിവിധ ആവാസവ്യവസ്ഥയിലെ ദൈവകാരുണ്യത്തെപറ്റി അറിയാൻ നമുക്ക് ജെല്ലി മത്സ്യത്തിന്റെ ഉദാഹരണമെടുക്കാം. അത് 2 ശതമാനം പ്രോട്ടീൻ, 2 ശതമാനം ഖനിജങ്ങൾ, 96 ശതമാനം ജലം എന്നിവയാൽ സൃഷ്ടിക്കപ്പെട്ടതാണ്. ജെല്ലി മത്സ്യത്തിന് മൂന്ന് ഭാഗങ്ങളുണ്ട്. കുട പോലെയുള്ള ശരീരം അഥവാ വയർ. ഈ ഭാഗം ജെല്ലി മത്സ്യത്തെ തെന്നി നീങ്ങാൻ സഹായിക്കുന്നു. അതിന്റെ നീണ്ട സ്പർശനഗ്രാഹികൾ ഇരയെ കുത്താനും നിശ്ചലമാക്കാനും ഉള്ളതാണ്. അതിന്റെ വക്ത്രാവയവം ഇരയെ പിടിച്ചുതിന്നാൻ ഉപയോഗിക്കുന്നു. ഇതാണ് അതിന്റെ അടിസ്ഥാന അവയവങ്ങൾ. ഈ അവയവങ്ങൾ കൊണ്ട് ജെല്ലി മത്സ്യത്തിന് അപകടങ്ങളെ സ്വയം പ്രതിരോധിക്കാൻ സാധിക്കുന്നു. അതുപോലെ ദിനേനയും സീസണുകൾ തോറും അവ നടത്തുന്ന യാത്രകൾക്കും ലോകത്തിലെ എല്ലാ കടലുകളിലും ജീവിക്കാനും അതിന് ഈ ലളിതമായ അവയവങ്ങൾ മുഖേന കഴിയുന്നു. ജെല്ലിമത്സ്യത്തിന്റെ അതിജീവനത്തിനുള്ള ഈ ശരീരഘടന അതീവലളിതവും ലോലവും സങ്കീർണതകൾ വളരെ കുറഞ്ഞതുമാണ്. എന്നിട്ടും 650 ദശലക്ഷം വർഷങ്ങളായി അവ നമ്മുടെ ഈ ജലഗ്രഹത്തിൽ ജീവിക്കുന്നു. വിശുദ്ധ ഖുർആൻ ഇത്തരം പ്രതിഭാസത്തെക്കുറിച്ച് ഇങ്ങനെ വിവരിക്കുന്നു.

**ഭൂമിയിൽ ചലിക്കുന്ന ഒരു ജീവിക്കും അതിന് ആഹാരം നൽകി പരിപാലിക്കുന്നതിനുള്ള ബാധ്യത അല്ലാഹുവിങ്കലായിട്ടല്ലാതെയില്ല. അതിന്റെ താൽക്കാലിക വാസസ്ഥലവും സ്ഥിരവാസ സ്ഥലവും അവൻ അറിയുന്നു. എല്ലാം സ്പഷ്ടമായ ഒരു ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.** (11:7)

ചെറിയ അസന്തുലനങ്ങൾ മിക്ക ജീവികളുടെയും ആവാസവ്യവസ്ഥയെ ബാധിക്കുന്നില്ല. പ്രകൃതി തന്നെ അതിന്റെ സന്തുലനം വീണ്ടെടുക്കുന്നു. ഉന്നതമായ ധിഷണാശേഷിയുള്ള മനുഷ്യൻ തന്റെ ഒരേയൊരു ആവാസവ്യവസ്ഥയെ അപകടപ്പെടുത്തുന്നവിധം അതിന്റെ സന്തുലനത്തിൽ ഇടപെടരുതെന്ന വിശുദ്ധ ഖുർആന്റെ താക്കീത് നാം ഓർക്കേണ്ടതുണ്ട്. ആ ആയത്തിന്റെ തലവാചകം തന്നെ അർറഹ്മാൻ (കരുണാനിധിയായ ദൈവം) എന്നാണ്. വിശുദ്ധ ഖുർആൻ നടത്തുന്ന ഹൃദയസ്പൃക്കായ അഭ്യർഥന ശ്രദ്ധേയമാണ്. ദൈവത്തിന്റെ അപരിമേയമായ കാരുണ്യത്താലാണ് അവൻ നമുക്ക് വിസ്മയകരമായ ഈ വസുന്ധരയെ നമ്മുടെ ആവാസവ്യവസ്ഥയായി നൽകിയത്. അല്ലാഹു പറയുന്നു.

**'സൂര്യനും ചന്ദ്രനും ഒരു നിശ്ചിത കണക്കനുസരിച്ച് ചലിച്ചുകൊണ്ടിരിക്കുന്നു. ലതകളും വൃക്ഷങ്ങളും അവന്റെ ഹിതത്തിന് വഴങ്ങുന്നു. ആകാശത്തെ അവൻ ഉയർത്തുകയും നീതിന്യായത്തിന്റെ സന്തുലനം (മീസാൻ) സ്ഥാപിക്കുകയും ചെയ്തിരിക്കുന്നു. നിങ്ങൾ ആ സന്തുലനത്തെ അതിലംഘിക്കാതിരിക്കാൻ വേണ്ടി. നിങ്ങൾ നീതിപൂർവം സന്തുലനം നിലനിർത്തുക: നിങ്ങൾ അനുപാതങ്ങളിൽ കുറവ് വരുത്തരുത്** (55:6–10)

ഇവിടെ ഉപയോഗിച്ച അറബിപദം **'അൽ–മീസാൻ'** എന്നാണ്. അത് മൂന്നുതവണ ഈ ചെറിയ വചനങ്ങളിൽ ആവർത്തിക്കുന്നു. ദൈവത്തിന്റെ സൃഷ്ടിയിൽ കാണുന്ന സന്തുലനവും തുലനപ്പെടുത്തലും മനുഷ്യന്റെ പ്രവർത്തികളിൽ പകർത്തണം എന്നാണ് ഈ വചനം ആഹ്വാനം ചെയ്യുന്നത്. ഈ ഭൂഗോളത്തിന്റെ സൂക്ഷിപ്പുകാരായ മനുഷ്യരോടു ഈ സന്തുലനവ്യവസ്ഥയെ തകിടംമറിക്കരുത് എന്ന് വിശുദ്ധ ഖുർആൻ ഹൃദയസ്പൃക്കായ രീതിയിൽ അഭ്യർഥിക്കുകയാണ്. അതിനേക്കാളുപരി വിശുദ്ധ ഖുർആൻ ഇവിടെ സൂര്യന്റെയും ചന്ദ്രന്റെയും ഒരു നിശ്ചിത ചലനത്തെക്കുറിച്ച് പറയുന്നു. സൂര്യചന്ദ്രന്മാരുടെ സുനിശ്ചിതമായ ചലനത്തെപ്പറ്റിയും ഗുരുത്വാകർഷണ നിയമത്തെപറ്റിയും സർ ഐസക് ന്യൂട്ടൺ ഗവേഷണം നടത്തുന്നതിന് 10 നൂറ്റാണ്ടുകൾക്ക് മുമ്പേ വിശുദ്ധ ഖുർആൻ നടത്തിയ ഈ പ്രസ്താവന അദ്ഭുതകരമല്ലേ? ഈ സന്തുലനവ്യവസ്ഥയെ നിരീക്ഷിച്ചുകൊണ്ട് ആ തത്ത്വം നമ്മുടെ നിത്യജീവിതത്തിലും നീതിപൂർവം പാലിക്കപ്പെടണം എന്ന് നമ്മോട് ഉപദേശിക്കുകയും ചെയ്യുന്നു. കഴിഞ്ഞ നൂറ്റാണ്ടുകളിൽ ഈ വചനത്തെ വ്യാഖ്യാനിച്ച മുസ്

ലിം പണ്ഡിതന്മാർ മനുഷ്യന്റെ വ്യക്തി ജീവിതത്തിൽ പാലിക്കേണ്ട നീതിതത്ത്വങ്ങളെ കുറിച്ചായിരുന്നു സംസാരിച്ചത്. എന്നാൽ ആധുനികകാലത്ത് മനുഷ്യൻ ആർജിച്ച വിജ്ഞാനങ്ങളുടെ വെളിച്ചത്തിൽ അവന്റെ പരിസ്ഥിതിയുടെ സന്തുലനത്തെ അപകടപ്പെടുത്തുന്ന രീതിയിൽ അതിൽ ഇടപെടാൻ പാടില്ല എന്ന സന്ദേശം ഈ വചനത്തിൽ ഉണ്ടെന്ന് വ്യക്തമാവുന്നു. പരിസ്ഥിതി സംരക്ഷണത്തിന് വിശുദ്ധ ഖുർആൻ നൽകിയ പ്രാധാന്യം ഈ വചനത്തിൽ നിന്ന് വ്യക്തമാണ്. ഈ വചനത്തെ ഇങ്ങനെ വ്യാഖ്യാനിക്കുന്നതിനോട് വിയോജിപ്പുള്ളവർ തൊട്ടടുത്ത് വരുന്ന ഖുർആനിക വചനം കൂടി ശ്രദ്ധിക്കുക. ജീവിലോകത്തെക്കുറിച്ചും സസ്യലോകത്തെക്കുറിച്ചുമാണ് അത് പ്രതിപാദിക്കുന്നത്. അതായത് മനുഷ്യവംശത്തെപോലെ തന്നെ ജീവികൾക്കും സസ്യങ്ങൾക്കും ഭൂമിയിൽ അവകാശമുണ്ടെന്നും ആ വ്യവസ്ഥയുടെ സന്തുലനം നിലനിർത്താൻ മനുഷ്യൻ ബാധ്യസ്ഥനാണെന്നും നമ്മെ ഉണർത്തുന്നു. വിശുദ്ധ ഖുർആൻ പറയുന്നു.

**'ഭൂമിയെ അവൻ എല്ലാ സൃഷ്ടിജാലങ്ങൾക്കും വേണ്ടി സ്ഥാപിച്ചു. അതിൽ പഴങ്ങളുണ്ട്. പോളകളിൽ പൊതിഞ്ഞ പഴങ്ങളുള്ള ഈന്തപ്പനകളും ഉമിയോടുകൂടിയ ധാന്യങ്ങളും സുഗന്ധച്ചെടികളുമുണ്ട്. അപ്പോൾ നിങ്ങളിരുകൂട്ടരുടേയും നാഥന്റെ അനുഗ്രഹങ്ങളിൽ ഏതിനെയാണ് നിങ്ങൾ നിഷേധിക്കുന്നത്** (55:11–14)

ദൈവസൃഷ്ടിയുടെ ഉദ്ദേശ്യത്തെയും അതിലെ ക്രമവിന്യാസത്തേയും സൗന്ദര്യത്തേയും കുറിച്ച് 'Islam its meanign for modern man' എന്ന ഗ്രന്ഥത്തിൽ സർ സഫറുല്ലാഹ് ഖാൻ പറയുന്നു.

*'ദൈവത്തിന്റെ സമസ്തസൃഷ്ടിപ്പിലും രമ്യമനോഹരമായ പൊരുത്തം നമുക്ക് ദർശിക്കാം. അതിൽ ക്രമരാഹിത്യമോ വൈകല്യമോ അസാംഗത്യമോ ഇല്ല. എല്ലാംതന്നെ അതിന്റെ ലക്ഷ്യം നിർവഹിക്കുന്ന രീതിയിൽ പൊരുത്തപ്പെടുത്തിയിരിക്കുന്നു. (67:2–5) ഈ പ്രപഞ്ചനിർമിതിയുടെ ഉദ്ദേശ്യം തന്നെ മനുഷ്യർ ഏതൊന്നിന് വേണ്ടിയാണോ സൃഷ്ടിക്കപ്പെട്ടത് ആ ലക്ഷ്യം നിറവേറ്റാൻ വേണ്ടിയാണ്. ഇത് ദൈവത്തിന്റെ മനുഷ്യനോടുള്ള അപാരമായ കാരുണ്യത്തിന്റെ പ്രകടനമാണ്.*

പ്രപഞ്ചത്തിന്റെ മകുടചാർത്തായാണ് മനുഷ്യനെ അല്ലാഹു സൃഷ്ടിച്ചത്. അവൻ മനുഷ്യന് മഹത്തായ ഗുണങ്ങളും സ്വഭാവങ്ങളും നൽകി അനുഗ്രഹിച്ചിരിക്കുന്നു. ദൈവത്തിന്റെ ദിവ്യഗുണങ്ങൾ പ്രതിഫലിക്കുന്ന ഒരു കണ്ണാടിപോലെയാണ് മനുഷ്യനെ അവൻ സൃഷ്ടിച്ചത്. മനുഷ്യനെ ഭൂമിയുടെ സൂക്ഷിപ്പുകാരനായിട്ടാണ് അല്ലാഹു നിയോഗിച്ചത്. വിശുദ്ധ ഖുർആൻ ഉപയോഗിച്ച വാക്ക്, **'മനുഷ്യനെ ഭൂമിയിൽ ഖലീഫയാക്കിരിക്കുന്നു'** എന്നാണ്. മനുഷ്യസൃഷ്ടിപ്പിനു പിന്നിൽ ഒരു ഉദ്ദേശ്യമുണ്ട്. അതനുസരിച്ച് അവൻ കണക്ക് ബോധിപ്പിക്കേണ്ടവനാണ്. ഈ കണക്ക് ബോധിപ്പിക്കേണ്ടതിനെ സംബന്ധിച്ച് വിശുദ്ധ ഖുർആൻ അതിന്റെ ശൈലി ഉപയോഗിച്ചു പറയുന്നത് **'മനുഷ്യൻ ദൈവത്തിലേക്ക് മടങ്ങുന്നവൻ'** എന്നാണ്. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം തന്നെ ദൈവത്തിന്റെ പരിശുദ്ധ ഗുണങ്ങൾ മനുഷ്യന്റെ പരിമിതിക്കുള്ളിൽ പൂർണമായും പ്രതിഫലിപ്പിക്കുക എന്നാണ്. മനുഷ്യൻ ദൈവത്തിന്റെ ഗുണങ്ങൾ പ്രകാശിപ്പിക്കണമെന്നാണ് ദൈവം ഇച്ഛിക്കുന്നത്. ഈയൊരാവശ്യത്തിന് വേണ്ടിയാണ് പ്രപഞ്ചത്തെയും അതിലെ പ്രതിഭാസങ്ങളെയും ദൈവം സൃഷ്ടിച്ചതും അതിനെ സംബന്ധിച്ച് ആവർത്തിച്ചാവർത്തിച്ച് മനുഷ്യനെ ഉണർത്തുകയും ചെയ്യുന്നത്. ദൈവത്തിന്റെ ഈ അനുഗ്രഹങ്ങളെ സംബന്ധിച്ച് ഗാഢമായി ചിന്തിക്കാനും പാഠങ്ങൾ ഉൾക്കൊള്ളാനും മനുഷ്യനെ വിശുദ്ധ ഖുർആൻ നിരന്തരം പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്നു.

**'അവനത്രെ നിങ്ങൾക്ക് വേണ്ടി ആകാശത്തുനിന്ന് വെള്ളമിറക്കിയവൻ. അതിൽ നിങ്ങൾക്ക് പാനീയമുണ്ട്. അത് മൂലം ചെടികൾ (മുളക്കുകയും) അതിൽ നിങ്ങൾ കന്നുകാലികളെ മേയ്ക്കുകയും ചെയ്യുന്നു. ധാന്യകൃഷിയും ഒലീവും ഈത്തപനകളും മുന്തിരികളും മറ്റെല്ലാ ഫലവർഗങ്ങളുടെ ചെടികളും അത് മൂലം അവൻ നിങ്ങൾക്ക് വേണ്ടി മുളപ്പിക്കുന്നു. ചിന്തിക്കുന്ന ജനങ്ങൾക്ക് അതിൽ നിശ്ചയമായും വലിയ ദൃഷ്ടാന്തങ്ങളുണ്ട്. രാവിനെയും പകലിനെയും സൂര്യനെയും ചന്ദ്രനെയും അവൻ നിങ്ങളുടെ സേവനത്തിനായി ഏർപ്പെടുത്തി തന്നിരിക്കുന്നു. നക്ഷത്രങ്ങളും അവന്റെ കല്പനയനുസരിച്ച് വിധേയമാക്കപ്പെട്ടവയാണ്. ബുദ്ധി ഉപയോഗിക്കുന്ന ജനങ്ങൾക്ക് ഇതിൽ തീർച്ചയായും പലദൃഷ്ടാന്തങ്ങളുമുണ്ട്. വിവിധ വർണ്ണങ്ങളുള്ളതായി ഭൂമിയിൽ അവൻ നിങ്ങൾക്ക് വേണ്ടി സൃഷ്ടിച്ചുതന്നിട്ടുള്ള വസ്തുക്കളേയും (അവൻ നിങ്ങൾക്ക് വിധേയമാക്കിത്തന്നിരിക്കുന്നു) ഉപദേശം സ്വീകരിക്കുന്ന ജനങ്ങൾക്ക് ഇതിൽ തീർച്ചയായും മഹത്തായ ദൃഷ്ടാന്തമുണ്ട്. സമുദ്രത്തെ കീഴ്പ്പെടുത്തിയവനത്രെ അവൻ. നിങ്ങളതിൽ നിന്നുള്ള പുതിയ മാംസം ഭക്ഷിക്കുന്നതിനും നിങ്ങൾ ധരിക്കുന്ന ആഭരണപദാർഥങ്ങൾ നിങ്ങളതിൽ നിന്ന് പുറത്തെടുക്കുന്നതിനുംവേണ്ടി. അതിൽ (ജലത്തെ) പിളർന്ന് ഓടുന്ന കപ്പലുകൾ നിനക്ക് കാണാം. അവന്റെ അനുഗ്രഹത്തിൽ നിന്ന് നിങ്ങൾ അന്വേഷിക്കുന്നതിനും നിങ്ങൾ നന്ദി കാണിക്കുന്നതിനും വേണ്ടി** (16:11–15)


നമ്മുടെ പാരിസ്ഥിതിക ഉത്തരവാദിത്വങ്ങൾ നിർവഹിക്കാനുള്ള മൗലികസന്ദേശങ്ങളാണ് നാം മുകളിൽ ചർച്ച ചെയ്ത **അൽ മീസാൻ** എന്ന സംജ്ഞയിലടങ്ങിയിരിക്കുന്നത്. നാം വിശുദ്ധ ഖുർആന്റെ ഈ വചനത്തെ മറ്റു വചനങ്ങളുമായി കൂട്ടി യോജിപ്പിച്ചു വായിക്കുമ്പോൾ പ്രകൃതിസംരക്ഷണത്തെക്കുറിച്ച് വളരെ ഉൾപ്പൊരുത്തത്തോടുകൂടിയതും സംയുക്തവുമായ ഒരു പ്രമേയം ലഭിക്കുന്നു. പ്രകൃതിയിലെ സന്തുലനം നിലനിർത്താനാണ് ഈ പ്രമേയം നമ്മോട് ആവശ്യപ്പെടുന്നത്.

(ലേഖിക ന്യൂയോർക്കിലെ സ്ലീപ് മെഡിസിനിൽ വിദഗ്ധയാണ്. പരിസ്ഥിതി വിഷയത്തിൽ ഒരു എഴുത്തുകാരിയുമാണ്.)



# പാകിസ്താൻ പാസ്പോർട്ട് നാശത്തിലേക്കുള്ള പാസ്പോർട്ടോ?

ആസിഫ് എം. ബാസിത്




**പാകിസ്താനിൽ പാസ്പോർട്ടിന് അപേക്ഷിക്കുന്ന പൗരന്മാർ അല്ലാഹു അയച്ച ഒരു പുണ്യാത്മാവിനെ വ്യാജനാണെന്ന് സാക്ഷ്യപ്പെടുത്തണം. അല്ലാഹുവിന്റെ കോപവും ശിക്ഷയും പതിക്കാൻ ഇതിൽപരം മറ്റെന്ത് ധിക്കാരമാണ് ഒരു ജനത ചെയ്യേണ്ടത്.**

ഒരു രാജ്യത്തെ പൗരന്റെ ഔദ്യോഗികമായ തിരിച്ചറിയൽ രേഖയാണ് പാസ്പോർട്ട്. ജാതി, മത, വർണ, വർഗ അടയാളങ്ങളെപറ്റി യാതൊരു പരാമർശവുമില്ലാതെ ഒരു വ്യക്തിക്ക് തങ്ങളുടെ പൗരനാണെന്ന് പറഞ്ഞ് രാഷ്ട്രം നൽകുന്ന ഈ അമൂല്യ രേഖ അന്തർദേശീയ സമൂഹം വളരെയേറെ വിലമതിക്കുകയും ഭരണകൂടങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നു. പൗരന്റെ സിവിൽ ഐഡന്റിറ്റി വെളിപ്പെടുത്തുന്ന പാസ്പോർട്ടിനെ മതപൗരോഹിത്യത്തിന്റെ ഹീനമായ സങ്കുചിതത്വത്തിന് വിധേയമാക്കുന്ന കാഴ്ചയാണ് പാകിസ്താനിൽ കാണുന്നത്. അവിടെ പാസ്പോർട്ടിന് അപേക്ഷയിൽ വിചിത്രമായ ഒരു സാക്ഷ്യം കൂടി നൽകേണ്ടതുണ്ട്. ഇത് അപേക്ഷകന്റെ വിശ്വാസത്തെക്കുറിച്ചുള്ളതാണ്. ഈ അപേക്ഷയിൽ അപേക്ഷകൻ തന്റെ മതം ഇസ്ലാം എന്നു രേഖപ്പെടുത്തുമ്പോൾ അതോടൊപ്പം മറ്റൊരു രേഖയിലും ഒപ്പുവെക്കേണ്ടതുണ്ട്. ആ രേഖ ഇപ്രകാരമാണ്.

DECLARATION IN CASE OF MUSLIM

I........................ S/d/w/of......................aged adult Muslim, resident of...................hereby solemnly declare that:

a. I am a Muslim and believe in the absolute and unqualified finality of the prophethood of Muhammed (peace be upon him) the last of the prophets.

b. I do not recognize any person who claims to be prophet in any sense of the word or of any description what so after Muhammed (Peace be upon him) or recognize such a claimant as prophet or a religious reformer as a Muslim.

c. I consider Mirza Ghulam Ahmad Qadiani to be an imposter Nabi and also consider his followers whether belonging to the Lahori or Qadiani group to be Non-Muslim.

Date............

Signature & thumb impression

ജന്മം കൊണ്ട് പാകിസ്താനിയായ എനിക്ക് അത്യന്തം ലജ്ജ തോന്നുന്നു. പാകിസ്താനി നിയമപ്രകാരം ഒരു മുസ്ലിമാകാൻ ഒരാൾക്ക് 'കലിമ' ചൊല്ലേണ്ടുന്ന ആവശ്യമില്ല. മറിച്ചു പാസ്പോർട്ട് അധികാരികളുടെ മുമ്പിൽ ഈ രേഖയിൽ ഒപ്പു വച്ചാൽ മതി. നിങ്ങളാരാണ് എന്നല്ല "നിങ്ങളാരല്ല" എന്നാണുപോലും. നിങ്ങളുടെ വിശ്വാസം എന്താണ് എന്നല്ല മറിച്ച് നിങ്ങളുടെ വിശ്വാസം "എന്തല്ല" എന്നാണ് സാക്ഷ്യപ്പെടുത്തേണ്ടത്. ഒരു മുസ്ലിമാണെന്ന രേഖ ലഭിക്കാൻ, മറ്റൊരു വിഭാഗത്തെ മുസ്ലിമല്ല എന്നു സാക്ഷ്യപ്പെടുത്തിയേ മതിയാകൂ. അത്യന്തം പരിഹാസജനകം മാത്രമല്ല മറിച്ച് അനിസ്ലാമികവും കൂടിയാണ് ഇത്.

ഇസ്ലാം ഏറെ വിമർശിക്കപ്പെടുകയാണ്. ഇതിനെതിരെ ഇസ്ലാമിക വിശ്വാസം എന്താണ് എന്ന് യുക്തിസഹമായ വാദമുഖങ്ങൾ നിരത്തി പ്രതിരോധിക്കുന്നതിനുപകരം ഇവിടെ നാം കാണുന്നത്, യുക്തിരഹിതമായ സാക്ഷ്യങ്ങൾ നിരത്തി ഒരുകൂട്ടരെ അമുസ്ലിംകളാക്കി മുദ്രകുത്തുന്ന ഒരവസ്ഥയാണ്. മുസ്ലിംകൾക്ക് ഇത്തരത്തിലുള്ള ഒരു ദുരവസ്ഥ വരാൻ കാരണമെന്താണ്? അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു:

**"ഒരു രാജ്യത്തെ അവിടത്തുകാരുടെ (ദുഷ്ചെയ്തികൾ നിമിത്തം) നാം നശിപ്പിക്കാനുദ്ദേശിച്ചാൽ അതിലെ സുഖലോലുപന്മാരെ (പ്രവാചകൻ മുഖേന) നാം ശാസിക്കുന്നു. അപ്പോൾ അവർ അതിൽ ധിക്കാരം പ്രവർത്തിക്കുന്നു. അതിനാൽ അതിനെതിരിൽ നമ്മുടെ ശിക്ഷയുടെ വചനം പൂർത്തിയാക്കുന്നു. അങ്ങനെ നാം അതിനെ നിശേഷം നശിപ്പിച്ചു കളയുന്നു.''** (17:17) എല്ലാകാലത്തേക്കും ബാധകമായിട്ടുള്ള ഒരു ദൈവിക നിയമമാണ് മേൽപറഞ്ഞിട്ടുള്ളത്. എല്ലാ മുസ്ലിംകളും ഇതിനോട് യോജിക്കുന്നു. ഒരു ദൂതൻ അവതരിക്കുന്നത് വിശ്വാസികൾക്ക് സുവാർത്ത അറിയിക്കുവാൻ മാത്രമല്ല; അതോടൊപ്പം ദൈവീകശിക്ഷയെക്കുറിച്ച് മുന്നറിയിപ്പ് നൽകുന്നതിനും കൂടിയാണ്.

ഇസ്ലാമിൽ അവതരിക്കുന്ന ഇമാം മഹ്ദിയെക്കുറിച്ച് റസൂൽ (സ) പ്രവചനം ചെയ്തു. ഇസ്ലാമിലെ എല്ലാ കക്ഷികളും ആ മഹാത്മാവിന്റെ വരവിനെയും പ്രതീക്ഷിച്ചിരുന്നു. ഇസ്ലാം എല്ലാ വിധത്തിലും ആക്രമിക്കപ്പെട്ടുകൊണ്ടിരുന്ന ഒരു അവസ്ഥ വന്നുപെട്ടു.

മതപരവും രാഷ്ട്രീയവും സാമൂഹ്യവും ധാർമികവും ബുദ്ധിപരവുമായി ഇസ്ലാം പരിഹാസങ്ങൾക്കും പരാതികൾക്കും പാത്രീഭവിച്ചു. ഈ സന്ദർഭത്തിലാണ് പ്രവചനത്തിന്റെ പൂർത്തീകരണമായി അവസാനകാലത്ത് ആഗതനാകുമെന്ന് പ്രവചിക്കപ്പെട്ട ആ വാഗ്ദത്ത പരിഷ്കർത്താവ് താനാണെന്ന് മിർസാ ഗുലാം അഹ്മദ് (അ) വാദിക്കുന്നത്.

സത്യാന്വേഷികളായ പലരും അദ്ദേഹത്തിൽ വിശ്വസിച്ചപ്പോൾ മുസ്‌ലിം ഭൂരിപക്ഷം അദ്ദേഹത്തെ എതിർത്തു. ഇന്നും എതിർത്തുകൊണ്ടിരിക്കുന്നു. പാകിസ്താനാകട്ടെ ഇതിൽ മുൻപന്തിയിലും. മഹ്ദി ഇമാമിന്റെ അദ്ധ്യാപനങ്ങൾ 85 ഓളം ഗ്രന്ഥങ്ങളിലായി വ്യാപിച്ചുകിടക്കുന്നു. പ്രധാനമായും 3 വിഷയങ്ങളാണ് അത് കൈകാര്യം ചെയ്യുന്നത്. ഇസ്‌ലാമിന്റെ സത്യതയിലേക്കുള്ള തെളിവുകൾ, വിശ്വാസികൾക്കുള്ള സുവാർത്തകൾ, നിഷേധികളുടെ പര്യവസാനത്തെക്കുറിച്ചുള്ള പ്രവചനങ്ങൾ. അദ്ദേഹത്തിന്റെ ആഗമനത്തോടുകൂടി ഇസ്‌ലാമിന്റെ പുണ്യപ്രവാചകർ ചെയ്ത പ്രവചനം എല്ലാ അർഥത്തിലും പുലരുകയാണുണ്ടായത്. അതുകൊണ്ട് തന്നെ യഥാർഥ ഇസ്‌ലാമിന്റെ തണലിലേക്ക് വരുവാൻ അദ്ദേഹം എല്ലാവരെയും ക്ഷണിച്ചു. സത്യനിഷേധികളും അക്രമകാരികളുമായ ശത്രുക്കൾക്ക് വന്ന് ഭവിക്കാവുന്ന മാരകമായ ദൈവീക ശിക്ഷകളെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പ് നൽകി. രാഷ്ട്രീയ കലാപങ്ങൾ, യുദ്ധങ്ങൾ, വ്യക്തിപരവും സാമൂഹ്യപരവുമായ അശാന്തി, ഭൂകമ്പങ്ങൾ, മറ്റു പ്രകൃതിക്ഷോഭങ്ങൾ എന്നിങ്ങനെ ഒട്ടനവധി വിപത്തുകൾ ആ മുന്നറിയിപ്പുകളിലുൾപ്പെടുന്നു.

"കൂട്ടമരണങ്ങൾ പരിഭ്രാന്തി പരത്തുകയും രക്തപ്പുഴ ഒഴുകുകയും ചെയ്യും. ഭൂമിയിൽ ഭയങ്കരമായ പ്രകൃതിക്ഷോഭങ്ങൾ സംഭവിക്കും. സ്വർഗം അടുപ്പിക്കപ്പെടുകയും ചെയ്യും. ഒരുപാടാളുകൾ കൊല്ലപ്പെടും. പലരും രക്ഷിക്കപ്പെടുകയും ചെയ്യും. ആ ദിനങ്ങൾ സമീപസ്ഥമാണ്. അല്ല അവ വളരെ അടുത്താണ്. ഇന്നുവരെ കാണാത്ത തരത്തിലുള്ള നാശം ലോകം കാണുമാറാകും. ഭയങ്കരമായ ഭൂകമ്പങ്ങൾ മാത്രമല്ല വിനാശകരമായ മറ്റു വിപത്തുകളും കാണുമാറാകും. കാരണം മനുഷ്യർ ദൈവത്തെ മറന്ന് ഭൗതികതയിൽ നിമഗ്നരായിരിക്കുന്നു.

ഞാൻ വന്നില്ലായിരുന്നുവെങ്കിൽ ഈ വിപത്തുകളുടെ സമയം നീട്ടിക്കിട്ടുമായിരുന്നു. എന്നാൽ എന്റെ വരവോടുകൂടി അല്ലാഹുവിന്റെ നിയമം നടപ്പാകുക തന്നെ ചെയ്യും. അതായത് ഭൂമിയിൽ ഒരു ദൂതനെ അയക്കാതെ അവൻ ശിക്ഷ ഇറക്കുകയില്ല. പശ്ചാത്തപിക്കുന്നവർ രക്ഷിക്കപ്പെടും. അതുപോലെ ദൈവഭയം കൈക്കൊള്ളുന്നവരുടെ മേൽ കരുണ ചെയ്യപ്പെടും.

> "കൂട്ടമരണങ്ങൾ പരിഭ്രാന്തി പരത്തുകയും രക്തപ്പുഴ ഒഴുകുകയും ചെയ്യും. ഭൂമിയിൽ ഭയങ്കരമായ പ്രകൃതിക്ഷോഭങ്ങൾ സംഭവിക്കും. സ്വർഗം അടുപ്പിക്കപ്പെടുകയും ചെയ്യും. ഒരുപാടാളുകൾ കൊല്ലപ്പെടും. പലരും രക്ഷിക്കപ്പെടുകയും ചെയ്യും. ആ ദിനങ്ങൾ സമീപസ്ഥമാണ്."

നിങ്ങളുടെ തയ്യാറെടുപ്പുകളും സൂത്രങ്ങളും നിങ്ങളെ രക്ഷപ്പെടുത്തുമെന്നു കരുതിയെങ്കിൽ നിങ്ങൾക്കു തെറ്റി. വിദൂരങ്ങളായ രാജ്യങ്ങളിലാണ് ഭൂകമ്പങ്ങൾ സംഭവിക്കുന്നതെന്ന് കണ്ട് നിങ്ങൾ സമാധാനിക്കേണ്ടതില്ല. അമേരിക്കയിൽ നടക്കുന്ന ഭൂകമ്പങ്ങളേക്കാൾ വിനാശകാരിയായ ഭൂകമ്പങ്ങൾ നിങ്ങൾക്കായി ഒരുക്കപ്പെട്ടിരിക്കുന്നു.

അല്ലയോ യൂറോപ്പേ, നീ രക്ഷയിലല്ല! അല്ലയോ ഏഷ്യാ, നീയും രക്ഷയിലല്ല! ഓ ദ്വീപുകളിൽ വസിക്കുന്നവരേ, നിങ്ങളാൽ നിർമിതമായ ഒരു ദൈവവും ആ നാളിൽ നിങ്ങളെ സഹായിക്കുകയില്ല. മഹാനഗരങ്ങൾ മറിഞ്ഞു വീഴുന്നതു ഞാൻ കാണുന്നു. ജനബാഹുല്യമുള്ള സ്ഥലങ്ങൾ ശൂന്യമാകുന്നതും ഞാൻ കാണുന്നു. തന്റെ മുമ്പാകെ പല നിന്ദ്യമായ കർമങ്ങളും ചെയ്യപ്പെട്ടിട്ടും ഒരു ദീർഘകാലം വരെ ദൈവം മൗനമവലംബിച്ചു. ഇനി അവൻ അത്യന്തം ഭയങ്കരതയോടുകൂടി തന്റെ മുഖം കാണിക്കും. ആ കാലം വിദൂരമല്ല. ചെവിയുള്ളവർ കേട്ടു കൊള്ളട്ടെ. ഞാൻ എല്ലാവരെയും ദൈവത്തിന്റെ രക്ഷയിൽ ഒരുമിച്ചുകൂട്ടുന്നതിന് ആവതും ശ്രമിച്ചു. എന്നാൽ നിയതിനിയമം പൂർത്തിയാകേണ്ടത് ആവശ്യമാണല്ലോ. ഞാൻ സത്യമായും നിങ്ങളോടു പറയുന്നു. ഈ രാജ്യത്തിന്റെ അവധിയും സമീപിച്ചുകൊണ്ടിരിക്കുന്നു. നൂഹിന്റെ കാലം നിങ്ങളുടെ കൺമുമ്പാകെ വരും. ലൂത്തിന്റെ രാജ്യത്ത് സംഭവിച്ചത് നിങ്ങൾ നിങ്ങളുടെ സ്വന്തം കണ്ണുകൾ കൊണ്ട് കാണും. എന്നാൽ ദൈവം ക്രോധത്തെ വെളിപ്പെടുത്തുന്നതിൽ സാവധാനിയാകുന്നു. തന്മൂലം നിങ്ങൾ ദൈവകാരുണ്യത്തിനു പാത്രമായിത്തീരുന്നതിന്നു പശ്ചാത്തപിച്ചു മാനസാന്തരപ്പെടുവിൻ. ഏതൊരുവൻ ദൈവത്തെ കൈവെടിയുന്നുവോ അവൻ മനുഷ്യനല്ല. വെറുമൊരു കീടമത്രെ! ഏതൊരുവൻ സർവശക്തനെ ഭയപ്പെടുന്നില്ലയോ, അവൻ മൃതപ്രായനാകുന്നു – ജീവനുള്ളവനല്ല." *(ഹഖീഖത്തുൽ വഹ്‌യ് റൂഹാനി ഖസാഈൻ വാ. 22, പേ. 267–269).*

ഹദ്റത്ത് അഹ്മദ് (അ) ഈ താക്കീത് മുഴുലോകത്തിനു നൽകി. അദ്ദേഹത്തിൽ വിശ്വസിക്കാത്തവരായി പലരുമുണ്ടെങ്കിലും നിയമത്തിന്റെ കയ്യൂക്ക് ഉപയോഗിച്ചു ഈ പ്രസ്ഥാനത്തെ നശിപ്പിക്കാൻ ശ്രമിച്ചത് പാകിസ്താൻ മാത്രമാണ്. ഓരോ പാകിസ്താനിയും പാസ്പോർട്ടിനപേക്ഷിക്കുമ്പോൾ, ഈ വാഗ്ദത്ത ലോകോദ്ധാരകനെ (നഊദുബില്ലാഹ്) ഒരു കറ്റുകെട്ടുകാരനും കള്ളവാദിയുമായി സാക്ഷ്യപ്പെടുത്തേണ്ടി വരുന്നു. നിയമത്തിന്റെ പിൻബലത്താൽ ഇന്ന് പാകിസ്താനിലെ അഹ്മദികൾക്ക് എല്ലാവിധ മനുഷ്യാവകാശങ്ങളും നിഷേധിക്കപ്പെടുന്നു. പലരും ക്രൂരമായി വധിക്കപ്പെടുകയുണ്ടായി.

ദൈവികശിക്ഷ അതിഘോരവും നാശകരവുമായിരിക്കും. ഉരുൾപൊട്ടലും മഴയും പ്രകൃതിപ്രതിഭാസങ്ങളാണ്. പക്ഷേ ഒരു ദേശത്ത് തിന്മ വർധിക്കുമ്പോൾ പ്രകൃതിപ്രതിഭാസങ്ങൾ ശിക്ഷയുടെ രൂപത്തിൽ സംഹാരാത്മകവും ദുരന്തവുമായിപതിക്കുന്നതിന് ദൈവികഗ്രന്ഥങ്ങൾ സാക്ഷ്യം വഹിക്കുന്നു. കഴിഞ്ഞ ചില വർഷങ്ങളായി പാകിസ്താൻ പല തരത്തിലുള്ള പ്രകൃതിക്ഷോഭങ്ങൾക്കും ഇരയായിക്കൊണ്ടിരി

# വാഗ്ദത്ത പരിഷ്കർത്താവിനെക്കുറിച്ച് ഒരു 'വലി'യുടെ പ്രവചനം

നജ്മുദ്ദീൻ, ഐരാപുരം

**വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദി (അ) ന്റെ ആഗമനത്തെക്കുറിച്ച് വെളിപ്പെടുത്തിയ 6 – ാം നൂറ്റാണ്ടിലെ ദിവ്യാത്മാവ് ഹദ്റത്ത് നിഅ്മത്തുല്ലാഹ് വലിയുടെ രചനയെപ്പറ്റി**

ഹദ്റത്ത് മുഹമ്മദ് നബി(സ) മുസ്‌ലിം ഉമ്മത്തിന്റെ ഭാവിയെ സംബന്ധിച്ചു പ്രവചിക്കുകയുണ്ടായി.

"എന്റെ ഉമ്മത്തിലെ ഏറ്റവും ഉത്തമമായ നൂറ്റാണ്ട് എന്റെ നൂറ്റാണ്ടും അതിനുശേഷം അതിനടുത്ത നൂറ്റാണ്ടും പിന്നെ അതിനടുത്ത നൂറ്റാണ്ടുമാണ് പിന്നെ വ്യാജം വ്യാപിക്കുന്നതാണ്" അതായത് ഇസ്‌ലാമിന്റെ തുടക്കത്തിലെ മൂന്നു നൂറ്റാണ്ടുകൾ റസൂൽ തിരുമേനി (സ) ജീവിച്ചിരുന്ന നൂറ്റാണ്ട്, പിന്നെ സ്വഹാബാക്കളുടെ കാലഘട്ടം, പിന്നെ അവരെ പിൻതുടർന്നവരുടെ നൂറ്റാണ്ട്. പിന്നീട് സംഭവിച്ചത് ഒരായിരം വർഷത്തേക്ക് ഇസ്‌ലാമിന്റെ പ്രതാപവും പ്രൗഢിയും ആകാശത്തേക്ക് ഉയർന്ന് അപ്രത്യക്ഷമായി.

ഈ നീണ്ട 1300 വർഷക്കാലത്തിനു ശേഷം വീണ്ടും ഇസ്‌ലാമിന്റെ പഴയ പ്രൗഢിയും പ്രതാപവും പുനഃസ്ഥാപിക്കപ്പെടുന്നതാണ് എന്നും നബി (സ) അരുൾ ചെയ്തിട്ടുണ്ട്. ആയിരത്തി ഇരുന്നൂറ്റിനാല്പത് വർഷം കഴിഞ്ഞാൽ അല്ലാഹു ഇമാം മഹ്ദിയെ അയക്കുമെന്നും ഓരോ നൂറ്റാണ്ടിന്റെ തലയ്ക്കലും മുജദ്ദിദുമാരെ അയക്കുന്നതാണ് എന്നും അരുൾചെയ്യുകയുണ്ടായി.

ഇതെല്ലാം കൂട്ടി ചിന്തിക്കുമ്പോൾ 14–ാം നൂറ്റാണ്ടിൽ ഒരു വാഗ്ദത്ത പരിഷ്കർത്താവ് വരിക തന്നെ ചെയ്യും എന്നത് ഒരു സത്യവിശ്വാസിക്കു നിഷേധിക്കാൻ സാധ്യമല്ല.

അങ്ങനെ നബിതിരുമേനി(സ)യുടെ പ്രവചനസാക്ഷാൽക്കാരമായി കൃത്യം 1240 വർഷം കഴിഞ്ഞപ്പോൾ ഹദ്റത്ത് അഹ്മദ് (അ)നെ അല്ലാഹു വാഗ്ദത്ത പരിഷ്കർത്താവായി നിയോഗിച്ചയയ്ക്കുകയുണ്ടായി. 1250 ശവ്വാൽ 14ന് ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) അവതരിച്ചു.

അഹ്മദ് എന്നു പേരുള്ള ഒരു പരിഷ്കർത്താവ് 14–ാം നൂറ്റാണ്ടിൽ അവതീർണ്ണനാകും എന്ന് അല്ലാഹുവിന്റെ സ്നേഹിതന്മാരായ, അല്ലാഹുവിൽ നിന്ന് ദീർഘദർശനം സിദ്ധിച്ചിട്ടുള്ള പല മഹാത്മാക്കളും പ്രവചിച്ചിട്ടുണ്ട്. 13–ാം നൂറ്റാണ്ടിൽ നന്മയുടെ പൊടിപോലും കാണാതെ ഒരു കാലഘട്ടത്തിലായിരിക്കും അദ്ദേഹം വരിക എന്നും ദീർഘദർശികളായ ആ ദിവ്യാത്മാക്കൾ പ്രവചിച്ചിട്ടുണ്ട്.

അല്ലാഹുവിന്റെ അങ്ങനെയുള്ള പ്രത്യേക ദാസരിൽ ഒരാളാണ് 'ഹദ്റത്ത് നിഅ്മത്തുല്ലാഹ് വലി.' അദ്ദേഹം ദൈവഭാഷണം സിദ്ധിച്ചയാളും അല്ലാഹുവിൽ നിന്ന് ദർശനങ്ങൾ ലഭിച്ചുകൊണ്ടിരുന്ന ആളും എന്ന നിലയിൽ ഇന്ത്യയിൽ വളരെ ആദരണീയനായിരുന്നു. ഹിജ്റ വർഷം 560 ആയിരുന്നു അദ്ദേഹത്തിന്റെ കാലഘട്ടം. അദ്ദേഹം രചിച്ച ഒരു ഫാർസി കവിതയിൽ 14–ാം നൂറ്റാണ്ടിൽ ഇന്ത്യയിൽ ഇമാം മഹ്ദി വെളിപ്പെടുമെന്നും ഈസയും മഹ്ദിയും രണ്ടും ഒരാളായിരിക്കുമെന്നും ഇമാം മഹ്ദിയുടെ വിജയപ്രദമായ ജീവിതകാലത്തിനുശേഷം അദ്ദേഹത്തിന്റെ ഒരു പുത്രൻ അതേ ഗുണങ്ങളോടുകൂടി ഭൂമിയിൽ ഉണ്ടായിരിക്കുമെന്നുമുള്ള പ്രവചനങ്ങൾ ദർശനത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിട്ടുണ്ട്.

ഈ മഹത്തായ അതിശയകരമായ

---

ക്കുന്നു. ഈയിടെയുണ്ടായ വെള്ളപ്പൊക്കം മൂലം ആയിരക്കണക്കിനാളുകൾക്ക് ജീവൻ നഷ്ടപ്പെടുകയും ലക്ഷക്കണക്കിനാളുകൾ വഴിയാധാരമാവുകയും ചെയ്തു. ഇത് ഒരു സാധാരണ വെള്ളപ്പൊക്കം മാത്രമാണോ അതോ ഈ പ്രവചനത്തിന്റെ പൂർത്തീകരണമോ? രണ്ടു കാര്യങ്ങൾ ശ്രദ്ധിച്ചാൽ ഇതെന്താണെന്നു നമുക്കു മനസ്സിലാക്കാം.

നേരത്തെ പറഞ്ഞ ഖുർആനിക വചനപ്രകാരം ഒരു മുന്നറിയിപ്പുകാരൻ താക്കീതു നൽകിയിരുന്നുവോ? ഇതിനുള്ള മറുപടി 'അതെ' എന്നാണ്. കാരണം ഈ നാട്ടിലെ ഓരോ പൗരനും ജീവിതത്തിലൊരിക്കലെങ്കിലും ഈ താക്കീതുകാരനെ ഒരു കള്ളനും കറ്റുകെട്ടുകാരനുമായി സാക്ഷ്യപ്പെടുത്തേണ്ടി വരുന്നു.

രണ്ടാമത്തെ കാര്യവും വിശുദ്ധ ഖുർആന്റെ പാഠമാണ്. അത് താക്കീതുകാരന്റെ മുന്നറിയിപ്പുകളെ ധിക്കരിച്ചുതള്ളിക്കളഞ്ഞവർക്കുള്ള ശിക്ഷയെക്കുറിച്ചുള്ളതാണ്. **"അവരുടെ മേൽ നാം ഒരു മഴ വർഷിച്ചു. താക്കീത് നൽകപ്പെടുന്നവരുടെ മേൽ മഴ എത്ര ദോഷകരം"** (27:59).

മേൽപ്പറഞ്ഞ കാര്യങ്ങളെല്ലാം വിശുദ്ധ ഖുർആന്റെ വ്യക്തമായ പാഠങ്ങളാണ്. മുസ്‌ലിംകൾ ആയിക്കൊണ്ടു തന്നെ ദുരിതം പേറുന്ന ഈ ജനതക്കു വേണ്ടി നമുക്ക് പ്രാർഥിക്കാം. അഹ്മദിയ്യാ ഖലീഫ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദി(അയ്യദഹു)ന്റെ വചനങ്ങളോടുകൂടി ഞാനീ ലേഖനം അവസാനിപ്പിക്കാം.

"ലോകത്തിന് ഈ പരിഷ്കർത്താവിനെ തിരിച്ചറിയാനും വിശ്വസിക്കാനും ഉള്ള ബുദ്ധിയും സൗഭാഗ്യവും അല്ലാഹു നൽകുമാറാകട്ടെ. ഇസ്‌ലാമിന്റെ സന്ദേശം ലോകം മുഴുവൻ പരത്താനുള്ള ഭാഗ്യം അവൻ നമുക്കും നൽകട്ടെ. ഈയവസരത്തിൽ വന്നുഭവിക്കുന്ന കഷ്ടനഷ്ടങ്ങളെ കണ്ട് ഭയചകിതരാകാതെ വിശ്വാസസ്ഥൈര്യത്തോടുകൂടി മുന്നേറാനുള്ള കരുത്തും അവൻ നമുക്ക് നൽകുമാറാകട്ടെ. (ജുമുഅ ഖുത്ബ, 5/3/2010, അൽ–ഫസൽ ഇന്റർനാഷനൽ, ലണ്ടൻ)

**വിവ: വി.പി. ബശീർ, കോഴിക്കോട്**

പ്രവചനങ്ങൾ അടങ്ങുന്ന കവിത ക്രി.വ. 1268ൽ ആണ് പുറത്തിറങ്ങുന്നത്. 560 ഹിജ്രി ആണ് അദ്ദേഹത്തിന്റെ കാലഘട്ടം എന്നു നാം കണ്ടു. ഇന്ന് ഹിജ്റ വർഷം 1432ലാണ് നാം ഉള്ളത്. ഹദ്റത്ത് അഹ്മദ് (അ) ജനിക്കുന്നതിനു നൂറ്റാണ്ടുകൾക്കു മുൻപാണ് ഈ കവിത എഴുതപ്പെട്ടത് എന്നത് പ്രത്യേകം ശ്രദ്ധേയമാണ്.

മഹ്ദി ഇമാമിനെക്കുറിച്ച് ഇന്ന് നാം കേട്ടുകൊണ്ടിരിക്കുന്നത്ര ചർച്ചകളൊന്നും തന്നെ ഇല്ലാതിരുന്ന കാലത്തായിരുന്നു അത്. അക്കാലത്താണ് മഹ്ദിയും ഈസായും ഒരാളായിരിക്കുമെന്നും ഒരു നബിയുടെ എല്ലാ ഗുണങ്ങളും അദ്ദേഹത്തിൽ സമ്മേളിച്ചിരിക്കുമെന്നും അദ്ദേഹത്തിന് ശത്രുക്കൾ ധാരാളം ഉണ്ടാകുമെന്നും പക്ഷേ അല്ലാഹു അവരെയെല്ലാം നിന്ദ്യരാക്കിക്കളയുമെന്നൊക്കെയുള്ള പ്രവചനങ്ങളുള്ള കവിത രചിക്കുന്നത്.

ഇന്ന് മുസ്ലിം സമുദായത്തെ ഒന്നടങ്കം അതിശയിപ്പിക്കേണ്ട ആ വരികൾ ഹദ്റത്ത് ഇമാം മഹ്ദി (അ) തന്റെ തൂലികയിൽ രചിച്ച ' നിശാനെ ആസ്മാനി' എന്നും 'ശഹാദത്തുൽ മുൽഹിമീൻ' എന്നും പേരുകളുള്ള ഗ്രന്ഥത്തിൽ എടുത്തുദ്ധരിച്ചിട്ടുണ്ട്. ആകാശത്തുനിന്നുള്ള ഒരടയാളമായും മാർഗദർശനം ലഭിച്ചവരുടെ സത്യസാക്ഷ്യവും എന്ന നിലക്കാണ് ഹദ്റത്ത് ഇമാം മഹ്ദി(അ) ഇത് ജനസമക്ഷം സമർപ്പിക്കുന്നത്. ആ പ്രവചനങ്ങളുടെ അടിസ്ഥാനത്തിൽ വന്ന 'അഹ്മദ്' എന്ന് പേരുള്ള വാഗ്ദത്ത പരിഷ്കർത്താവ് താൻ തന്നെയാണ് എന്ന് ഹദ്റത്ത് അഹ്മദ് ഖാദിയാനി (അ) അല്ലാതെ മറ്റാരും വിളംബരം ചെയ്തിട്ടില്ല.

'ഹദ്റത്ത് നിഅ്മത്തുല്ലാഹ് വലി'യുടെ ഫാർസി കവിതയിലെ ചില വരികൾ വിവർത്തനത്തോടൊപ്പം പരിശോധിക്കാം.

അദ്ദേഹം അരുളുന്നു:

"ഞാൻ ഈ കവിതയിൽ എഴുതാൻ പോകുന്ന കാര്യങ്ങൾ എല്ലാം തന്നെ അല്ലാഹുവിൽ നിന്ന് ലഭിച്ച ഇൽഹാമിന്റെ അടിസ്ഥാനത്തിലാണ് എഴുതുന്നത്"

*"ആയിരത്തി ഇരുന്നൂറുവർഷം കഴിയുമ്പോൾ വിചിത്രമായിട്ടുള്ള, അതിശയിപ്പിക്കുന്ന കാഴ്ചകൾ ഞാൻ കാണുന്നു."*

*"13–ാം നൂറ്റാണ്ടിൽ ലോകത്തുനിന്ന് നന്മയും ഭയഭക്തിയും ഉയർന്നുപോകുകയും ഫിത്നകളുടെ പൊടിപടലങ്ങൾ ഉയരുകയും തിന്മയാകുന്ന തുരുമ്പ് എല്ലായിടത്തും ബാധിക്കുകയും ചെയ്യുന്നതാണ്."*

*"രാജ്യത്ത് അക്രമത്തിന്റെ അന്ധകാരം അതിന്റെ പാരമ്യതയിൽ എത്തുന്നതാണ്. ഭരണകർത്താക്കൾ ഭരണകർത്താക്കളുടെ മേലും രാജാക്കന്മാർ രാജാക്കന്മാരുടെ മേലും അതിക്രമം ചെയ്യുന്നതായിരിക്കും. നീതിയിൽ നിലനിൽക്കുന്നവർ നന്നേ കുറവായിരിക്കും."*

"ജംഗോ ആശൂബോ ഫിത്ന വ ബേദാർ

ദർമിയാൻ വക്കിനാർ മേ ബീനം"

അതായത് ഇന്ത്യയുടെ നടുക്കും അതിന്റെ അറ്റങ്ങളിലും വലിയ വലിയ പ്രശ്നങ്ങൾ തലപൊക്കുകയും യുദ്ധങ്ങളും അക്രമങ്ങളും ഉണ്ടാകുന്നതുമാണ്. യജമാനൻ ദാസനും ദാസൻ യജമാനനുമായിത്തീരും. ധനികൻ ദരിദ്രനും ദരിദ്രൻ ധനികനുമായി മാറുന്നതാണ്.

"ഇന്ത്യയിലെ പഴയ രാജഭരണം പൊയ്പോകുകയും മൂല്യം കുറവുള്ള പുതിയ നാണയങ്ങൾ പ്രചരിക്കുന്നതുമാണ്....

"വരൾച്ച ഉണ്ടാകും. തോട്ടങ്ങൾ ഫലം നൽകാതെയാകും."

"13–ാം നൂറ്റാണ്ടിലെ ഹേമന്തകാലം കഴിഞ്ഞാൽ 14–ാം നൂറ്റാണ്ടിലെ തലയ്ക്കൽ വസന്തത്തിന്റെ സൂര്യൻ ഉദിച്ചു പൊങ്ങുന്നതാണ്.

''ദാറെ ഉ ചൂം ശൂദ് തമാം ബകാം

പിസ്റശ് യാദ്ഗാർ മേ ബീനം"

അദ്ദേഹത്തിന്റെ ജീവിതകാലം വിജയകരമായി കഴിഞ്ഞുപോയാൽ പിന്നെ അദ്ദേഹത്തിന്റെ പുത്രൻ അതേ ഗുണങ്ങളോടെ ഉണ്ടായിരിക്കുന്നതാണ് (അതായത് ഒരു വാഗ്ദത്ത പുത്രൻ അദ്ദേഹത്തിനുണ്ടാകുന്നതാണ്).

"നേതാക്കളും രാജാധികാരികളും അദ്ദേഹത്തോട് പ്രത്യേക ബന്ധം ഉണ്ടാക്കുന്നതായിരിക്കും. അത് പലർക്കും അവരുടെ അഭിവൃദ്ധിക്കു കാരണമായിത്തീരുകയും ചെയ്യും."

(ഇത്, 'രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽ നിന്ന് അനുഗ്രഹം തേടുന്നതാണ്' – എന്ന ഹദ്റത്ത് അഹ്മദ് (അ) നുണ്ടായ അല്ലാഹുവിന്റെ വെളിപാടുമായി ബന്ധപ്പെട്ടതാണ്.)

"അദ്ദേഹത്തിലൂടെ (ഇമാം മഹ്ദിയിലൂടെ) ശരീഅത്ത് പുതുപുത്തനാക്കപ്പെടുന്നതാണ്. ദീനിന്റെ മൊട്ടുകളിന്മേൽ ഫലം പിടിക്കുന്നതുമാണ്.'

('നീ മുഖേന നാം ഇസ്ലാമിന് സർവമതങ്ങളുടെയും മേൽ വിജയം നൽകുന്നതാണ്' എന്നുള്ള ബറാഹീനെ അഹ്മദിയ്യായിലെ ഇൽഹാമുമായി ബന്ധപ്പെട്ടതാണിത്.)

"താൻ ഇമാം മുൽഹിം ആണ് എന്ന് സ്വയം വെളിപ്പെടുത്തിയതുമുതൽ നാൽപ്പത് വർഷം അദ്ദേഹം ജീവിക്കുന്നതാണ്."

ഇതു സംബന്ധമായി ഹദ്റത്ത് അഹ്മദ് (അ) അരുളുന്നു:

*"ഈ വിനീതനെ നാൽപ്പതാംവയസ്സിൽ അല്ലാഹു സത്യത്തിലേക്ക് ജനങ്ങളെ ക്ഷണിക്കുന്നതിനായി നിയോഗിച്ചുകൊണ്ട് ഇൽഹാമിലൂടെ അറിയിക്കുകയുണ്ടായി. അതുപോലെ നിന്റെ ആയുസ്സ് എൺപത് വർഷമോ അതിനടുത്തോ ആയിരിക്കുമെന്നും അല്ലാഹു സുവാർത്ത അറിയിച്ചിട്ടുണ്ട്." (നിശാനെ ആസ്മാനി)*

*"ആ ഇമാമിന് (14–ാം നൂറ്റാണ്ടിൽ വരുന്ന) ധാരാളം ശത്രുക്കളും എതിരാളികളും ഉണ്ടായിരിക്കും. എന്നാൽ അവരെല്ലാം അവസാനം നിന്ദിതരും ലജ്ജിതരുമായിത്തീരുന്നതാണെന്നും വിധിക്കപ്പെട്ടിരിക്കുന്നു."*

ഹദ്റത്ത് അഹ്മദ് (അ)ന്റെ 'ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനത്തക്' എന്ന ഇൽഹാമുമായി ബന്ധപ്പെട്ടതാണിത്

"അദ്ദേഹത്തിന്റെ പ്രകാശിതമായ കരങ്ങൾ ഇസ്ലാമിക പ്രചാരണത്തിനായി വെട്ടിത്തിളങ്ങുന്ന വാൾപോലെ തിളങ്ങുന്നു.'' അദ്ദേഹത്തെ ഞാൻ 'ദുൽഫിഖാർ' കൂടെയുള്ളവനായി കാണുന്നു."

ഹദ്റത്ത് അഹ്മദ് (അ) ഇതു സംബന്ധമായി അരുളുന്നു – "അലി(റ)ന്റെ കയ്യിൽ 'ദുൽഫിഖാർ' ഉണ്ടായിരുന്ന ഒരു കാലം കഴിഞ്ഞുപോയി. അല്ലാഹു ആ 'ദുൽഫിഖാർ' പിന്നെ ഈ ഇമാമിനെ ഏല്പിക്കുന്നതാണ്. അങ്ങനെ മുൻകാലത്ത് 'ദുൽഫിഖാർ' ചെയ്തിരുന്ന അതേ പ്രവൃത്തി ഈ പ്രകാശിതമായ കരങ്ങൾ കൊണ്ട് ചെയ്യുന്നതാണ്." "ഇതുകൊണ്ടുദ്ദേശിക്കുന്നത് ആ ഇമാം 'സുൽത്താനുൽഖലം' ആയിരിക്കുമെന്നും അദ്ദേഹത്തിന്റെ തൂലിക 'ദുൽഫിഖാറി'ന്റെ ഉപയോഗം ചെയ്യുന്നതാണ് എന്നുമാണ്.

"ഈ പ്രവചനം ഇന്നേക്ക് പത്തു വർഷം മുമ്പ് ബറാഹീനെ അഹ്മദിയ്യാ

യിൽ പ്രസിദ്ധീകരിച്ച ഇൽഹാമിന്റെ തന്നെ വിവർത്തനമാണ്. അതായത് 'കിതാബുൽ വലിയ്യ ദുൽഫിഖാർ അലി' – ഈ പുസ്തകം ആ വലിയുടെ 'ദുൽഫിഖാർ അലി' കൊണ്ട് എഴുതിയ താണ്. ഇത് കൊണ്ട് ഈ വിനീതനെ യാണ് സൂചിപ്പിക്കുന്നത്." (നിശാനെ ആസ്മാനി)

ഇമാം മഹ്ദിയുടെ കാലത്ത് വാളിന്റെ ജോലി പേന കൊണ്ടായി രിക്കും എന്ന് സൂചിപ്പിക്കുന്നതാണീ വചനങ്ങൾ.

*"സൂറത്ത് വ സീറത്തസ് ചൂ പൈ ഗംബർ*

*ഇൽമോ ഹിലംസ് ശിആർ മേ ബീനം"*

രൂപത്തിലും ഭാവത്തിലും അദ്ദേഹം നബിയെപ്പോലെയായിരിക്കും. നുബുവ്വ ത്തിന്റെ പ്രതാപം അദ്ദേഹത്തിൽ പ്രകട മായിരിക്കും. ജനനവും ആർദ്രതയും അദ്ദേഹത്തെ തിരിച്ചറിയാനുള്ള അടയാ ളമായിരിക്കും.

അതായത് നബി(സ) തിരുമേനിയെ പരിപൂർണമായും പിൻപറ്റിയതിനാൽ അതേ രൂപവും ഭാവവും കരഗതമാവു ന്നതാണ്. ഹദ്റത്ത് അഹ്മദ് (അ) ഇതു സംബന്ധമായി അരുളുന്നു:

"ഇത് ബറാഹീനെ അഹ്മദിയ്യായിൽ പ്രസിദ്ധീകരിച്ച 'ജരിയുല്ലാഹി ഫീഹുല ലിൽ അമ്പിയാഅ്' – അല്ലാഹുവിന്റെ ഫയൽവാൻ പ്രവാചകന്മാരുടെ ആടയ ണിഞ്ഞനിലയിൽ – എന്ന ഈ വിനീത നെക്കുറിച്ചുള്ള ഇൽഹാമുമായി ബന്ധ പ്പെട്ടതാണിത്."

*"അലിഫ് ഹാ മീം വദാൽ മേ ഖാനം*

*നാമെ ആ നാമ്ദാർ മേ ബീനം."*

അതായത് – ദർശനത്തിലൂടെ എനിക്ക് അറിയാൻ കഴിഞ്ഞത് ആ ഇമാ മിന്റെ പേര് 'അഹ്മദ്' എന്നായിരിക്കും.

"അദ്ദേഹത്തിന്റെ വരവോടെ ഇസ്‌ലാമിന്റെ സുദിനങ്ങൾ ആരംഭിക്കു ന്നതാണ്. ദീനിനും ദുനിയാവിനും അഭി വൃദ്ധി ഉണ്ടായിരിക്കുന്നതായിരിക്കും."

ഇത് ബറാഹീനെ അഹ്മദിയ്യായിലെ ഹദ്റത്ത് അഹ്മദ് (അ)നുണ്ടായ ഇൽഹാം – *"വ ജാഇലുല്ലദീനത്തബ ഊക്ക ഫൗഖല്ലദീന കഫറൂ ഇലായൗ മിൽ ഖിയാമ" എന്നതുമായി ബന്ധപ്പെ ട്ടതാണിത്'.*

"ഉന്നതകുലജാതനായ ഒരു രാജാവി നെപ്പോലെ അദ്ദേഹത്തെ ദർശനത്തിൽ ഞാൻ കണ്ടു."

ഹദ്റത്ത് ഈസാ(അ)നെക്കുറിച്ച് മുൻഗ്രന്ഥങ്ങളിൽ ഉള്ള പ്രവചനം അദ്ദേഹം രാജാവായിരിക്കും അദ്ദേഹ ത്തോടൊപ്പം ഒരു സൈന്യവുമുണ്ടായി രിക്കും എന്നൊക്കെയാണ്. എന്നാൽ ദരിദ്രരുടെയും പാവപ്പെട്ടവരുടെയും വേഷമണിഞ്ഞ് മസീഹ് വന്നപ്പോൾ ലക്ഷണങ്ങളൊന്നും ബാഹ്യരൂപത്തിൽ കാണാത്തതിനാൽ യഹൂദികൾ അദ്ദേ ഹത്തെ നിഷേധിക്കുന്നവരിൽപ്പെട്ടവരാ യിത്തീർന്നു.

"മഹ്ദിയെ വഖ്ത് വഈസാ ദൗറാൻ

ഹർ ദൊ റാ ശഹ്സവാർ മീ ബീ നം."

അദ്ദേഹം മഹ്ദിയും ഈസായും ആയിരിക്കും. രണ്ടുപേരുടെയും ഗുണ ങ്ങൾ അദ്ദേഹത്തിൽ സമ്മേളിച്ചിരിക്കും.

വരാനുള്ള മഹ്ദിയും മസീഹും ഒരാൾ തന്നെയായിരിക്കും എന്നുള്ള നൂറ്റാണ്ടുകൾക്കു മുൻപുള്ള ഈ പ്രവ ചനം നമ്മെ അതിശയിപ്പിക്കുന്നതാണ്. താൻ തന്നെയാണ് മഹ്ദി, താൻ തന്നെ യാണ് ഈസാ എന്ന് ഹദ്റത്ത് അഹ്മദ് (അ) അല്ലാതെ മറ്റാരും ഇതേ വരെ വാദി ച്ചിട്ടില്ല.

ഇന്ന് മുസ്‌ലിം സമുദായം ആകാശ ത്തുനിന്ന് ഇറങ്ങുന്ന ഈസായെ കാത്തിരിക്കുകയാണ്. ഏലിയാ പ്രവാച കന്റെ രണ്ടാം ആഗമനം യഹ്‌യാ ബിൻ സക്കരിയ്യായിലൂടെ പൂർത്തിയായതറി യാതെ ഇന്നും യഹൂദർ ആകാശത്തു നിന്ന് ഏലിയാവിനേയും ശേഷം മസീ ഹിനേയും പ്രതീക്ഷിച്ചിരിക്കുന്നു.

യഹൂദികൾ കാൽ വച്ച് വഴുതിവീ ണതു കണ്ട അതേ സ്ഥലത്തുതന്നെ മുസ്‌ലിം സമുദായവും കാൽ വയ്ക്കു കയാണ്. ഒരാൾ വഴുതിവീണ സ്ഥലത്ത് ബുദ്ധിയുള്ള മറ്റൊരാളും കാൽ വയ്ക്കു കയില്ല. യഹൂദികൾ കുഴിച്ച് നിരാശരായി മടങ്ങിയ അതേ കുഴിയിൽ തന്നെ ഇന്ന് മുസ്‌ലിം സമുദായവും കുഴിച്ചുകൊണ്ടി രിക്കുന്നു.

ഇതെല്ലാം റസൂൽ(സ) തിരുമേനി യുടെ പ്രവചനങ്ങളുടെ പുലർച്ചയാ യാണ് നാം വിലയിരുത്തേണ്ടത്. "മുസ്‌ലിം സമുദായം യഹൂദീ നസാറാ ക്കളെപ്പോലെ ആയിത്തീരും" എന്നുള്ള നബി(സ) തിരുമേനിയുടെ പ്രവചനവും പൂർത്തിയാകേണ്ടതാണല്ലോ!

('നിശാനെ ആസ്മാനി' – റൂഹാനീ ഖസായീൻ വാള്യം 4 പേജ് 371 മുതൽ 377 വരെ ആധാരമാക്കി എഴുതിയത്.)

Reaching the Corners of the Earth
MTA INTERNATIONAL
AL ISLAM
The Official Website of Ahmadiyya Muslim Community

അഫ്ഇദത്തുൽ സലാം വി. എം.

## മതേതരനായ ജിന്നയെ മതരാഷ്ട്ര വാദികൾ ഹൈജാക്ക് ചെയ്യുന്നു!

പാകിസ്താൻ രാഷ്ട്രീയ വിപണിയിൽ ജിന്നയുടെ ക്രയമൂല്യം കണ്ടറിഞ്ഞ മുല്ലായിസം തികഞ്ഞ മതേതര വാദിയായ ജിന്നയെ മതരാഷ്ട്ര വാദത്തിന്റെ വക്താവായി പുനരവതരിപ്പിക്കാൻ ശ്രമിക്കുകയാണ്. ചരിത്രകാരിയായ സലീന കരീം “Secular Jinnah and Pakistan: What the Nation doesn’t know” എന്ന തന്റെ ഗ്രന്ഥത്തിലൂടെയാണ് തിയോക്രാറ്റിക് പാക്കിസ്താനെ സ്വപ്നം കണ്ട ജിന്നയെ പരിചയപ്പെടുത്താൻ ശ്രമിക്കുന്നത്. 1947 മെയ് 21ന് റോയിട്ടേഴ്സിന്റെ പ്രതിനിധിക്ക് നൽകിയ അഭിമുഖത്തിൽ ജനങ്ങളെ പ്രതിനിധീകരിക്കുന്ന, ജനാധിപത്യരൂപത്തിലുള്ള ഗവൺമെന്റും ക്യാബിനറ്റുമായിരിക്കും പാകിസ്താനിൽ ഉണ്ടാവുക എന്നും ജാതി മത വർഗ്ഗ വർണ്ണ വ്യത്യാസങ്ങൾക്കതീതമായി മുഴുവൻ ജനങ്ങളോടുമായിരിക്കും അതിന്റെ ഉത്തരവാദിത്വം എന്ന് ജിന്ന പറഞ്ഞിരുന്നു. ഇതിനെ ആധാരമാക്കിയാണ് ഇത്തരമൊരു വാദം ലേഖിക മുന്നോട്ട് വെയ്ക്കുന്നത്. ജനാധിപത്യ വ്യവസ്ഥിതി ഒരു രാഷ്ട്രീയ വ്യവസ്ഥിതിയെന്ന നിലയിൽ പരാജയമാണെന്ന് മനസ്സിലാക്കിക്കൊണ്ട് അതിനോട് വിമുഖത പ്രകടിപ്പിക്കുകയാണ് ജിന്ന ചെയ്തതെന്നും, ആധുനിക ജനാധിപത്യ രാഷ്ട്രം എന്ന് പാകിസ്താനെ സംബോധന ചെയ്യുന്നതിനു പകരം ജനാധിപത്യരൂപത്തിലുള്ള ഗവൺമെന്റായിരിക്കും അതിനുണ്ടാവുക എന്നു പറയുക മാത്രമാണ് ചെയ്തതെന്നും മതേതര പാക്കിസ്ഥാനെയല്ല ജിന്ന വിഭാവനം ചെയ്തതെന്നതിന് ഇത് തെളിവാണെന്ന് ഗ്രന്ഥകാരി പറയുന്നു. എന്നാൽ ഇതിന്റെ ഏറ്റവും രസകരമായ വശം ഇതേ അഭിമുഖം തന്നെയാണ് 1979ൽ ജസ്റ്റിസ് മുഹമ്മദ് മുനീർ തന്റെ “From Jinnah to Ziya” എന്ന ഗ്രന്ഥത്തിൽ മതേതര പാക്കിസ്ഥാനെയാണ് ജിന്ന വിഭാവനം ചെയ്തതെന്നതിന് തെളിവായി ഉദ്ധരിക്കുന്നതും.



ചരിത്രകാരിയായ സലീന കരീമിന്റെ ഈ പ്രതിലോമവാദം പാകിസ്താനിലെ മതരാഷ്ട്ര വാദികളെ സന്തോഷിപ്പിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ള താണ്. അല്ലാമ ഇഖ്ബാലിന്റെ മകനും റിട്ട. ജസ്റ്റിസുമായ ജാവേദ് ഇഖ്ബാൽ ഒരു ടെലിവിഷൻ അഭിമുഖത്തിൽ തന്റെ പിതാവും ജിന്നയുമെല്ലാം മതേതരപാക്കിസ്ഥാനെ സൃഷ്ടിക്കാനാണ് യത്നിച്ചതെന്ന് പറയുകയുണ്ടായി. ജനറൽ സിയായുടെ കാലഘട്ടത്തിലാണ് മതരാഷ്ട്ര മൗലീകവാദം പാകിസ്താനിൽ അടിച്ചേൽപ്പിച്ചത്.

മുസ്‌ലിംകളിലെ മിതവാദികളുടേയും സെക്കുലർ ചിന്താഗതിക്കാരുടേയും ആവേശമായ ജിന്നയെ മത തീവ്രവാദികൾ സ്വന്തമാക്കാതിരിക്കട്ടെ.


## ഭൂകമ്പ ബാധിതർക്ക് ആശ്വാസവുമായി ഹ്യുമാനിറ്റിഫസ്റ്റ്

ചരിത്രത്തിലെ ഏറ്റവും ശക്തമായ ഭൂകമ്പത്തിന്റെയും തുടർന്നുണ്ടായ സുനാമിയുടെയും ആഘാതമേറ്റ ജപ്പാന്റെ നഷ്ടം ഊഹാതീതമാണ് ന്യൂക്ലിയർ റിയാക്ടറുകളുടെ ചോർച്ച ദുരന്തത്തെ അതീവ ഭീകരമാക്കി മാറ്റുന്നു. ജീവൻ പോയ ഹതഭാഗ്യരുടെ കണക്ക് ഇനിയും വ്യക്തമല്ല. ഭക്ഷണ വസ്തുക്കളിലും ജലത്തിലും ആണവവികിരണാംശം കണ്ടെത്തിയത് ഭീതിദമാണ്. ഭൂകമ്പവും സുനാമിക്കും ജാപ്പനീസ് ജനതയ്ക്ക് വരുത്തിവെച്ച നാശനഷ്ടങ്ങളുടെ പൂർണമായ ചിത്രം ഇനിയും പുറത്തുവരാനിരിക്കുന്നേയുള്ളുവെങ്കിലും ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ജപ്പാനിലേക്ക് സഹായ വാഗ്ദാനങ്ങൾ പ്രവഹിക്കുകയാണ്.



അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ നേതൃത്വത്തിൽ രാജ്യാന്തര തലത്തിൽ പ്രവർത്തിക്കുന്ന ജീവകാരുണ്യ സംഘടനയായ ഹ്യുമാനിറ്റി ഫസ്റ്റ് ജപ്പാനിലെ ഭൂകമ്പ ബാധിത മേഖലയിൽ ക്യാമ്പുകൾ തുറന്നിട്ടുണ്ട്. ഫുകുഷിമയിലും സെൻഡായിലും ആരംഭിച്ചിട്ടുള്ള ക്യാമ്പുകളിൽനിന്നാണ് വസ്ത്രങ്ങളും, ഭക്ഷണപദാർത്ഥങ്ങളും വിതരണം ചെയ്യുന്നത്. കൂടാതെ താത്ക്കാലിക താമസ സൗകര്യവും ദുരന്ത ബാധിതർക്ക് വേണ്ടി തയ്യാറാക്കിയിട്ടുണ്ട്. ഭൂകമ്പം ശക്തമായി നാശം വിതച്ച സെൻഡായി നഗരത്തിൽ, മിയാഗി പെർഫെക്ച്ചറിലെ ജൂനിയർ ഹൈസ്കൂളിൽ റിലീഫ് ക്യാമ്പ് തുറന്നുകൊണ്ട് അവിടെ തങ്ങുന്ന നൂറുകണക്കിനു പേർക്ക് ഭക്ഷണവും മറ്റുസൗകര്യങ്ങളും നൽകി വരുന്നു.

## അസ്സലാമു അലൈക്കും പാരിസ്




പാരീസ് തെരുവിൽ എല്ലാവർക്കും സമാധാനമാശംസിച്ചുകൊണ്ട് വീടുവീടാന്തരം കയറിയിറങ്ങി ഇസ്‌ലാമിനെ പരിചയപ്പെടുത്തുകയാണ് ആദം അലക്സാണ്ടറും, റിഹാൻ ശരീഫും, കശിഫ് ഖോക്കറും, അസദ് ഖാദിമുമടങ്ങുന്ന നാലംഗ സംഘം. ഇസ്‌ലാംഭീതിയിൽ കഴിയുന്ന പാരീസ് ജനതയുടെ ഇസ്‌ലാമിനെകുറിച്ചുള്ള തെറ്റിദ്ധാരണകൾ നീക്കൻ ശ്രമിച്ചുകൊണ്ട് ലോകസമാധാനത്തിനായ് ഒന്നിച്ച് പ്രവർത്തിക്കാനാണി ഈ നാൽവർ സംഘം ആഹ്വാനം ചെയ്യുന്നു. മുസ്‌ലിംകളിലൂടെ ഇസ്‌ലാമിനെ മനസ്സിലാക്കുന്നതിനുപകരം ഇസ്‌ലാമിലൂടെ മുസ്‌ലിംകളെ മനസ്സിലാക്കാനും മതയുദ്ധത്തിന്റേതല്ല, ആശയസമരത്തിന്റെ കാലമാണിതെന്നും, എല്ലാവർക്കും സമാധാനം ആശംസിക്കാൻ പ്രോത്സാഹനം നൽകുകയാണ് വി.ഖുർആൻ ചെയ്യുന്നതെന്നും അവർ പറയുകയുണ്ടായി.



# അപ്രതിരോധ്യവും അപ്രവചനീയവുമായ പ്രകൃതി ദുരന്തങ്ങൾ

മുസാഫിർ

സുനാമി എന്ന പദം ലോകത്തിന് സമ്മാനിച്ച ജപ്പാനിലേക്ക് തന്നെ സുനാമിത്തിരകൾ ഇരച്ചുകയറിയപ്പോൾ അത് ചരിത്രത്തിലെ ഏറ്റവും വലിയ പ്രകൃതി ദുരന്തങ്ങളിലൊന്നായി മാറി. വൈദ്യുതിയുൽപാദനത്തിനായി ഫുക്കുഷിയാമ കടൽത്തീരത്ത് നിർമ്മിച്ച അണുനിലയത്തിലെ മൂന്നു റിയാക്റ്ററുകളിലെ ആണവ ഇന്ധനം സൂക്ഷിച്ച അകക്കാമ്പ് ഉരുകിത്തകർച്ചക്ക് (മെൽട്ട്ഡൗൺ) വിധേയമായിട്ടുണ്ടോ എന്ന് സംശയിക്കുന്നു. അതീവ ഗുരുതരമായ ആണവ പ്രസരണ ഭീഷണിയാണ് ഇപ്പോൾ ജപ്പാൻ അഭിമുഖീകരിക്കുന്നത്. ആറ്റം ബോംബ് വർഷിക്കപ്പെട്ട ജപ്പാൻ അതുപോലെ മറ്റൊരു ദുരന്തത്തിന് വിധേയമായിരിക്കുകയാണ്. ഭൂകമ്പത്തിന്റെയും സുനാമിയുടെയും വിപത്തുകളിൽനിന്നും പെട്ടെന്ന് കരകയറാനാവും. എന്നാൽ മനുഷ്യനിർമ്മിതിയിൽ നിന്നും ഉണ്ടായ ആണവ വിപത്ത് അതിദീർഘകാലം മാരകമായ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുക. ഭൂമിശാസ്ത്രപരമായി ഭൂകമ്പ സാധ്യതയുള്ള അപഭ്രംശമേഖലയിലായതിനാൽ ചെറിയ ഭൂചലനങ്ങൾ അവിടെ സാധാരണമാണെങ്കിലും ശാസ്ത്ര സാങ്കേതിക വിദ്യയുടെ ഉച്ചിയിൽ വിരാജിക്കുന്ന ജപ്പാൻ അവിചാരിതമായുണ്ടായ ഈ ദുരന്തങ്ങളുടെ ശൃംഖലയിൽ ഉലഞ്ഞിരിക്കുകയാണ്. 20,000ത്തിലധികം പേർ മരിച്ചതായാണ് ഔദ്യോഗിക റിപ്പോർട്ട്.

മാർച്ച് 11 ന് വെള്ളിയാഴ്ച ജപ്പാന്റെ വടക്ക് കിഴക്കൻ തീരത്ത് ടോക്യോ നഗരത്തിന് 400 കിലോമീറ്റർ അകലെയാണ് ഭൂകമ്പത്തിന്റെ പ്രഭവകേന്ദ്രം. എ.ഡി 1900 മുതൽ റിച്ചർ സ്കെയിൽ നിലവിൽ വന്നതിന് ശേഷം 9 മാഗ്നിറ്റ്യൂഡ് രേഖപ്പെടുത്തിയ നൂറ്റാണ്ടിലെ ഏറ്റവും വലിയ ഭൂകമ്പങ്ങളിലൊന്നായി ഇത് കണക്കാക്കപ്പെടുന്നു. ഭൂകമ്പത്തിന്റെ ആഘാതത്തിൽ വടക്ക് കിഴക്ക് ജപ്പാന്റെ ഭാഗം 2.4 മീറ്റർ (7.9 അടി) വടക്കൻ അമേരിക്കയുടെ ഭാഗത്തേക്ക് നീങ്ങുകയുണ്ടായി. ജപ്പാന്റെ ഭൂവിസ്തൃതി ഇത്മൂലം അല്പം കൂടിയിട്ടുണ്ട്. ഭൂമിയുടെ അച്ചുതണ്ട് 25 സെ.മീ അകത്തേക്ക് മാറിയിട്ടുണ്ട്. അത് പോലെ ഭൂമിയുടെ സ്വയം ഭ്രമണം 1.8 മൈക്രോസെക്കന്റ് കുറയുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം തന്നെ ഉപഗ്രഹസംവിധാനം വഴിയുള്ള ജി.പി.എസ് സിസ്റ്റം മുഖേന കൃത്യമായി ഗണിച്ചെടുക്കാൻ ശാസ്ത്രത്തിന് സാധിക്കുമെങ്കിലും ഭൂകമ്പത്തെ പൂർണ്ണമായും പ്രതിരോധിക്കുവാനോ കൃത്യമായി പ്രവചിക്കുവാനോ മനുഷ്യന് ഇന്നേവരെ സാധ്യമായിട്ടില്ല.

ഭൂകമ്പങ്ങൾക്ക് കാരണം ഭൂഫലകങ്ങളുടെ നീക്കങ്ങളാണെന്ന (പ്ലെയിറ്റ് ടാക്റ്റോണിക്സ്) സിദ്ധാന്തം 1912 ൽ ആൽഫ്രഡ് വെഗ്നർ എന്ന ശാസ്ത്രജ്ഞനാണ് മുന്നോട്ടു വെച്ചത്. അതിന്ശേഷം ഈ സിദ്ധാന്തം വളരെയേറെ മുന്നോട്ടുപോയെങ്കിലും പ്ലെയിറ്റ് ടാക്റ്റോണിക്സിന്റെ യഥാർത്ഥ കാരണങ്ങൾ ഇന്നും അജ്ഞാതമാണ്. ഭൂമി നിർമ്മിക്കപ്പെട്ടിരിക്കുന്നത് 10 വൻ ഭൂഫലകങ്ങളും 20 ചെറിയ ഭൂഫലകങ്ങളും കൊണ്ടാണ്. അവ പരസ്പരം അകലുകയും അടുക്കുകയും ചെയ്യുന്ന പ്രതിഭാസമാണ് പ്ലെയിറ്റ് ടാക്റ്റോണിക്സ്. അതിന് മുമ്പ് ഭൂമി ഏകശിലാ ഘടനയുള്ള ഒരു ഖണ്ഡമായിട്ടാണ് കരുതിപ്പോന്നത്. ഭൂഖണ്ഡങ്ങളുടെ രൂപീകരണം, ഭൂകമ്പങ്ങൾ, അഗ്നിപർവ്വതങ്ങൾ, പർവ്വതങ്ങളുടെ വളർച്ച ഇവയെല്ലാം സംഭവിക്കുന്നത് ഈ ഭൗതിക പ്രതിഭാസത്തിന്റെ ഫലമായിട്ടാണ്. നമ്മുടെ കാൽചുവട്ടിൽ നിരന്തരം നടന്നുകൊണ്ടിരിക്കുന്ന ഇത്തരം നിർമാണാത്മകവും സംഹാരാത്മകവുമായ ഭൗമപ്രതിഭാസങ്ങളെപ്പറ്റി ഭൂമിയുടെ സൃഷ്ടാവായ അല്ലാഹു നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ വിശുദ്ധ ഖുർആനിൽ വ്യക്തമായി സൂചിപ്പിച്ചിട്ടുണ്ട്. ദൈവത്തിന്റെ സൃഷ്ടി വൈഭവത്തെക്കുറിച്ച് മനുഷ്യൻ മനസ്സിലാക്കി അവന് സ്തോത്രം ചെയ്യാനാണ് ഈ വചനങ്ങളിലൂടെ അല്ലാഹു ഉദ്ദേശിക്കുന്നത്. ഖുർആൻ പറയുന്നു:

**ഭൂമിയിൽ അടുത്തടുത്ത് കിടക്കുന്ന പല ഖണ്ഡങ്ങളുമുണ്ട് (13:5) അവൻ ഭൂമിയിൽ അടിയുറച്ച മലകൾ സ്ഥാപിച്ചിരിക്കുന്നു; നിങ്ങളേയും കൊണ്ട് ഭൂമി കുലുങ്ങാതിരിക്കാൻ വേണ്ടി (16:16) പർവതങ്ങൾ ഉറച്ചുനിൽക്കുന്നതായി നീ കാണുന്നു. എന്നാൽ അവ മേഘങ്ങൾ ചലിക്കുന്നത്പോലെ ചലിക്കുന്നതാണ്. എല്ലാ വസ്തുക്കളേയും സൃഷ്ടിച്ചു ബലപ്പെടുത്തിയിരിക്കുന്ന അല്ലാഹുവിന്റെ പ്രവർത്തനമാണിത് (27:89).**

ഭൂകമ്പങ്ങളെക്കുറിച്ച് മനുഷ്യർ എത്ര തന്നെ മനസ്സിലാക്കിയാലും ഭൂകമ്പങ്ങളുടെ കാരണവും അതിന്റെ അളവും സംഭവിക്കുന്ന സമയവും അപ്രവചനീയമായി തന്നെ തുടരാനാണ് സാധ്യത. കാരണം ഭൗമ ഫലകങ്ങളുടെ ബലതന്ത്രത്തിന്റെ എല്ലാ ഘടകങ്ങളും നിർണ്ണയിച്ചു ഗണിച്ചെടുക്കാൻ മനുഷ്യന് സാധ്യമല്ല. സൂക്ഷ്മകണങ്ങളെ (Particle physics) പറ്റിയുള്ള ശാസ്ത്രം മുതൽ ഖഗോള ശാസ്ത്രം വരെയുള്ള മേഖലകളിൽ ഈ അപ്രവചനീയതയെ അഥവാ അരേഖീയത (Non Linearity)യെ സംബന്ധിച്ച് ശാസ്ത്രത്തിന് ബോദ്ധ്യം വന്നിരിക്കുന്നു. എല്ലാ ഭൗതിക പ്രവർത്തനങ്ങളും നാം അറിഞ്ഞുകഴിഞ്ഞു, അല്ലെങ്കിൽ നമുക്ക് അറിയാൻ കഴിയുന്ന നിശ്ചിത നിയമങ്ങൾ പ്രകാരമാണ് സംഭവിക്കുന്നത് എന്നായിരുന്നു ക്ലാസ്സിക്കൽ ഭൗതികശാസ്ത്രം ധരിച്ചിരുന്നത്. അതായത് ഒരു വസ്തുവിന്റെ അല്ലെങ്കിൽ ഒരു വ്യൂഹത്തിന്റെ ചലനത്തിൽ, പ്രാരംഭികാവസ്ഥ എത്ര കൃത്യമായി അറിയുന്നുവോ അതേ കൃത്യതയോടെ അതിന്റെ ഭാവി അവസ്ഥകളും പ്രവചിക്കാൻ കഴിയുമെന്നാണ് ക്ലാസിക്കൽ ഭൗതികത്വത്തിന്റെ നിലപാട്. ഈ ദർശനധാരക്കാണ് നിർണ്ണയതത്വം അഥവാ നിശ്ചിത തത്വം (Determinism)

എന്ന് പറയുന്നത്. ഭൗതികശാസ്ത്രത്തിന്റെ ക്ലാസിക്കൽ കാലഘട്ടത്തിലുണ്ടായിരുന്ന നിർണിത തത്വം ക്വാണ്ടം തിയറിയുടെ വരവോടെ ചോദ്യം ചെയ്യപ്പെടുകയു ണ്ടായി. അതായത് ഒരു ഭൗതിക പിണ്ഡത്തിന്റെ അസ്തിത്വം നിർണയിക്കണമെങ്കിൽ അതിന്റെ സ്ഥാനവും വേഗതയും അറിയേണ്ടതുണ്ട്. എന്നാൽ സൂക്ഷ്മ കണങ്ങളെ ഈ ഭൗതികമാനദണ്ഡങ്ങളുപയോഗിച്ച് അളക്കാൻ സാധ്യമല്ല. ഉദാഹരണത്തിന് ചലിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രോണിന്റെ സ്ഥാനം എത്ര കൂടുതൽ കൃത്യമായി അളക്കാൻ ശ്രമിക്കുന്നുവോ അത്രയും കൂടുതൽ തെറ്റായിരിക്കും അതിന്റെ വേഗതയെ സംബന്ധിച്ച അറിവ്. അപ്രകാരം വേഗത കൃത്യമായി നിർണ്ണയിക്കാൻ ശ്രമിച്ചാൽ സ്ഥാനത്തെ സംബന്ധിച്ച അകൃത്യതയായിരിക്കും ഫലം. സ്ഥാനത്തിന്റെയും ചലനത്തിന്റെയും അടിസ്ഥാനത്തിൽ അനിശ്ചിതവും ചലനാത്മകവുമായ നിരവധി ഘടകങ്ങൾ സംയോജിക്കുമ്പോൾ അതിന്റെ ഫലവും ഒരു നിശ്ചിതസ്ഥലകാലത്തിൽ സംഭവിക്കുമെന്ന് ഉറപ്പിച്ചു പറയാൻ സാധ്യമല്ല. ഈ കണ്ടെത്തലോടെ സ്ഥാനത്തിന്റേയും ചനലനത്തിന്റേയും അടിസ്ഥാനത്തിലുള്ള പ്രതിഭാസങ്ങൾ പ്രവചിക്കാമെന്ന ഭൗതികശാസ്ത്രത്തിന്റെ അവകാശവാദത്തിന് ഇളക്കം തട്ടുകയുണ്ടായി. പദാർത്ഥങ്ങൾ നിർമ്മിച്ചിരിക്കുന്ന അതിസൂക്ഷ്മ കണങ്ങൾ പദാർത്ഥങ്ങളെ സംബന്ധിക്കുന്ന ഭൗതിക നിയമങ്ങൾക്ക് വഴങ്ങുന്നില്ല എന്ന അറിവ് ആധുനിക കാലത്ത് ഭൗതിക ശാസ്ത്രത്തിന്നേറ്റ മറ്റൊരു പ്രഹരമാണ്. അനിശ്ചിതത്വം, സംഭവ്യത (probability) അതായത് സംഭവിക്കുമോ ഇല്ലയോ എന്ന സാധ്യത, സ്ഥാനം നിർണ്ണയിക്കാൻ സാധിക്കായ്ക മുതലായ പ്രതിഭാസങ്ങൾ ഭൗതിക ശാസ്ത്രം അംഗീകരിച്ചു കഴിഞ്ഞു. ഇത്തരം പരികല്പനകളുടെ അടിസ്ഥാനത്തിൽ അനിശ്ചിതത്വം എന്നത് അദൃശ്യങ്ങളിൽക്കൂടി വേരുകളുള്ള ഒരു സ്ഥൂല യാഥാർത്ഥ്യമാണെന്ന തിരിച്ചറിവ് ശാസ്ത്രത്തിന് കൈവന്നിട്ടുണ്ട്. ആധുനിക ശാസ്ത്രത്തിൽ ഉടലെടുത്ത 'കയോസ് സിദ്ധാന്തം' അഥവാ 'അവവ്യവസ്ഥാസിദ്ധാന്തം' അതാണ് വ്യക്തമാക്കുന്നത്. എല്ലാം പ്രവചനത്തിന് വിധേയമാണെന്ന നിർണിത ശാസ്ത്രവാദത്തിന്റെ ശവപ്പെട്ടിയിൽ അടിച്ചിറക്കിയ മറ്റൊരു ആണിയാണ് കയോസ് സിദ്ധാന്തം.

ഖ ഗോള ബലതന്ത്രത്തിൽ ഏറെ ശ്രദ്ധ പിടിച്ചു പറ്റിയ ഒരു വിഷയമായിരുന്നു മൂന്നു വസ്തുക്കളുടെ ചലനം. രണ്ട് വസ്തുക്കൾ നിശ്ചിത വേഗ ത്തിൽ പരസ്പരം ആകർഷിച്ച് ചുറ്റിത്തിരിയുമ്പോൾ അത് നമുക്ക് കൃത്യമായി പ്രവചിക്കാൻ സാധിക്കുന്നു. എന്നാൽ മൂന്നാമതൊരു ഗുരുത്വാകർഷണ വസ്തു കൂടി ഈ ചലനത്തിൽ പങ്കെടുക്കുമ്പോൾ പ്രവചനം സങ്കീർണ്ണവും അസാധ്യവുമാവും. ചലനത്തിൽ പങ്കെടുക്കുന്നത് വിവിധങ്ങളായ വലിപ്പവും ശക്തിയുമുള്ള മൂന്നിൽ കൂടുതൽ വസ്തുക്കളാണെങ്കിൽ സങ്കീർണതകൾക്ക് മേൽ സങ്കീർണത സൃഷ്ടിച്ച് ഈ പ്രതിഭാസത്തെ കൂടുതൽ അപ്രവചനീയമാക്കിത്തീർക്കുന്നു. ഗോളചലനങ്ങളുടെ അതിസൂക്ഷ്മതലത്തിൽ ഈ അപ്രവചനീയതയുടെ വിരൽ സ്പർശമുണ്ട്. തിളയ്ക്കുന്ന വെള്ളത്തിലെ കോർക്കിന്റെ ചലനം, പുകച്ചുരുളുകളുടെ ചലനം, തിരമാലകളുടെ ചലനം, ഗ്ലാസ്സിന്റെ പൊട്ടിച്ചിതറൽ എന്നീ ഭൗതിക പ്രതിഭാസങ്ങൾ ഏതു രൂപത്തിൽ സംഭവിക്കുമെന്ന് ശാസ്ത്രത്തിന് പ്രവചിക്കാൻ സാധ്യമല്ല. ആകാശത്തിലെ നക്ഷത്രങ്ങളുടെ വിന്യാസം തൊട്ട് കോശഘടനയിൽ വരെ പ്രപഞ്ചത്തിൽ മുഴുവൻ വ്യാപിച്ചു നിൽക്കുന്ന ഈ ക്രമരാഹിത്യ പ്രതിഭാസത്തിന്റെ സൂത്രവാക്യം ശാസ്ത്രത്തിന് പിടികിട്ടിയിട്ടില്ല. പ്രകൃതി പ്രതിഭാസങ്ങളെല്ലാം കുഴഞ്ഞ് മറിഞ്ഞതാണെന്നോ അസ്ഥിരമാണെന്നോ ഇതിന് അർത്ഥമില്ല. സംഭവിച്ചുകഴിഞ്ഞ ഈ യാഥാർത്ഥങ്ങളെയാണ് ശാസ്ത്രം ക്രമരാഹിത്യം എന്നു പറയുന്നത്. വാസ്തവത്തിൽ ഇതാണ് ക്രമം. അതായത് ശാസ്ത്രത്തിന് പിടി കിട്ടാത്ത ദൈവത്തിന്റെ ക്രമം. അതിനെ ശാസ്ത്രമുണ്ടാക്കിയ ക്രമത്തിന്റെ സമവാക്യങ്ങളുടെ അടിസ്ഥാനത്തിൽ ക്രമരാഹിത്യം എന്നു വിളിക്കുന്നത് വിവരക്കേടാണെന്ന് ശാസ്ത്രത്തിന് ഇന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടാണ് ഈ ക്രമരാഹിത്യങ്ങളെ കയോസ് സിദ്ധാന്തം ഭവ്യതയോടെ 'ക്രമമില്ലായ്മയിൽ മറഞ്ഞിരിക്കുന്ന ക്രമം' എന്ന് വിളിക്കുന്നത്. ചുരുക്കത്തിൽ ഭൗതിക പ്രതിഭാസങ്ങളുടെ സൂക്ഷ്മ യാഥാർത്ഥ്യങ്ങളിലേക്ക് പോകുമ്പോൾ അനിശ്ചിതത്വവും അരേഖീയതയും അപ്രവചനീയതയും അവഗണിക്കാൻ സാധ്യമല്ല. ക്ലാസിക്കൽ ഭൗതികശാസ്ത്രത്തിന് ഇത് ഉൾക്കൊള്ളാൻ പ്രയാസമായിരുന്നു. ക്വാണ്ടം തിയറി ഇത് ചൂണ്ടിക്കാണിച്ചപ്പോൾ ഒരു ഭൗതിക ശാസ്ത്രജ്ഞൻ ആത്മഹത്യയ്ക്ക് ശ്രമിച്ചത് അതുകൊണ്ടാണ്.

അത്ഭുതമെന്ന് പറയട്ടെ ഭൂകമ്പങ്ങളടക്കമുള്ള പ്രകൃതികോപങ്ങളെപ്പറ്റിയും മറ്റു പല സംഭവങ്ങളെപ്പറ്റിയും പ്രവാചകന്മാർ പ്രവചിക്കുകയും അതേപടി പുലരുകയും ചെയ്യുമ്പോൾ അവർക്ക് ലഭിച്ച ദിവ്യവെളിപ്പാടുകളുടെ സ്രോതസ്സിനെയാണ് അത് സത്യപ്പെടുത്തുന്നത്. പ്രവചനങ്ങൾ പുലരുന്നത് നമ്മുടെ അനുഭവ യാഥാർത്ഥ്യങ്ങളാവുമ്പോൾ ശാസ്ത്രത്തിന് ഇത്തരം അതീത യാഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ വിനയാന്വിതമായി നില്ക്കാനേ അവകാശമുള്ളൂ. കാരണം ഭൗതികമേഖലയിൽ തന്നെ വിശദീകരണങ്ങളില്ലാതെ അദൃശ്യങ്ങളിലും അനിശ്ചിതത്വത്തിലും ചൂഴ്ന്ന് നില്ക്കുന്ന, അതീത യാഥാർത്ഥ്യങ്ങൾക്ക് മുമ്പിൽ എത്തും പിടിയും കിട്ടാതെ അന്തം വിട്ടു നിൽക്കുന്ന ഭൗതിക ശാസ്ത്രത്തിന് വെളിപാടുകളിലൂടെ ലഭിക്കുന്ന പ്രവചനങ്ങൾ പുലർന്ന്, അനുഭവ യാഥാർത്ഥ്യങ്ങളായി മാറുമ്പോൾ അതിനെ നിഷേധിക്കാൻ അർഹതയും അവകാശവുമില്ല. അത് വിശകലനം ചെയ്യാനുള്ള രീതിശാസ്ത്രം ശാസ്ത്രത്തിന്റെ കൈയിലില്ല.

ദൈവം സൃഷ്ടിച്ച പ്രകൃതിയുടെ ഭൗതിക നിയമങ്ങളിൽ തന്നെ ലീനമായി കിടക്കുന്ന നീതിയുടെ നിയമങ്ങളുമുണ്ട്. ദൈവത്തിന്റെ വിധിവരുമ്പോൾ അത് പ്രാവർത്തികമാവുന്നു. പാപങ്ങൾ ലോകത്ത് അധികരിക്കുമ്പോൾ പ്രകൃതി പ്രകമ്പിതവും പ്രകോപിതവുമാവുന്നു. പ്രവാചകന്മാരിലൂടെ ലോകത്ത് അവതരിപ്പിക്കപ്പെട്ട ധാർമ്മിക നിയമത്തിന്റെയും പ്രകൃതിയുടേയും സ്രഷ്ടാവ് ദൈവമാണ്. ദൈവത്തിന്റെ നീതിയും നിയമങ്ങളുമാണ് മനുഷ്യനെയും പ്രകൃതിയെയും ഭരിക്കുന്നത്. അതായത് പ്രകൃതിയും മനുഷ്യനും ഉൾപ്പെട്ട പ്രപഞ്ച സാകല്യത്തിന് ഒരു ധാർമ്മിക പരിപ്രേക്ഷ്യമുണ്ട് എന്ന് സാരം. സ്വതന്ത്ര ജീവിയായ മനുഷ്യന് വേണ്ടിയാണ് ദൈവം പ്രപഞ്ചം സൃഷ്ടിച്ചത്. മനുഷ്യൻ പരിധി ലംഘിച്ച് പാപങ്ങൾ ചെയ്ത് മാർഗ്ഗ ഭ്രംശത്തിലാകുമ്പോൾ അല്ലാഹുവിന്റെ അധീനതയിലുള്ള പ്രകൃതി പ്രകോപിതയാകുന്നു. ദുരന്തങ്ങൾ വിതയ്ക്കുന്നു. ഇങ്ങനെ നാശവും ദുരന്തങ്ങളും ഉണ്ടാകുന്നതിന് മുമ്പ് ഒരു പ്രവാചകനെ അയച്ചു കൊണ്ട് കാരുണ്യവാനായ അല്ലാഹു ആ ജനതയെ താക്കീത് ചെയ്യുന്നു. ഇത്

# ഡോ: ഹാഫിസ് സാലിഹ് മുഹമ്മദ് അലാദ്ദീൻ സാഹിബ്



സദർ അഞ്ചുമൻ അഹ്മദിയ്യാ പ്രസിഡണ്ടും, ലോക പ്രശസ്ത ഖഗോളശാസ്ത്രജ്ഞനുമായ ഡോ: ഹാഫിസ് സാലിഹ് മുഹമ്മദ് അലാദ്ദീൻ സാഹിബ് (80) മാർച്ച് 21 ന് തിങ്കളാഴ്ച രാത്രി 11.30ന് അമൃത്സറിലെ എസ്കോർട്ട് ഹോസ്പിറ്റലിൽ നിര്യാതനായി. ഇന്നാലില്ലാഹി...

വിശുദ്ധഖുർആനെ അഗാധമായി സ്നേഹിച്ച ഹാഫിസ് സാഹിബ് ഖുർആൻ പൂർണമായും ഹൃദിസ്ഥമാക്കിയ ഒരു മതപണ്ഡിതനും മാതൃകാപരമായ സാത്വിക ജീവിതത്തിന്റെ ഉടമയുമായിരുന്നു. 2007 ൽ ഹദ്റത്ത് മിർസാ വസിം അഹ്മദ് സാഹിബിന്റെ വിയോഗത്തെ തുടർന്ന് സേട്ട് അലാദ്ദീൻ സാഹിബിനെ ഖലീഫാ തിരുമനസ്സ് സദർ അഞ്ചുമൻ അഹ്മദിയ്യാ പ്രസിഡന്റായി നിയമിക്കുകയായിരുന്നു. ഇന്ത്യയിലെ ജമാഅത്തിന്റെ ഈ ഉന്നത പദവിയിൽ ഖാദിയാനിൽ സേവനമനുഷ്ഠിച്ചു വരികെയാണ് അദ്ദേഹത്തിന്റെ ഈ വേർപാടുണ്ടായത്.

നഗരത്തിൽ നിന്നും വിദൂരസ്ഥമായ ഒരിടത്ത് വിശാലമായ ടെറസ്സുള്ള ഒരു വീട്ടിൽ കുട്ടിക്കാലത്ത് താമസിച്ചിരുന്ന ഹാഫിസ് സാഹിബ് ചെറുപ്പത്തിൽ തന്നെ പ്രവിശാലമായ വാനലോകത്തെ പ്രണയിച്ചിരുന്നു. വാനലോകവുമായുള്ള അദ്ദേഹത്തിന്റെ ഈ ബന്ധം മൂലമാണ് ഖലീഫത്തുൽ മസീഹ് തന്റെ ഖുത്ബയിൽ **"ഉലുൽ അൽബാബ്"** (ധിഷണാശാലികൾ) എന്ന് ഖുർആൻ വിശേഷിപ്പിച്ച വ്യക്തികളുടെ ഗണത്തിൽ അദ്ദേഹത്തെ ഉൾപ്പെടുത്തിയത്. പ്രാഥമിക, ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ശേഷം 1955ൽ അദ്ദേഹം ഉഥ്മാനിയ യൂണിവേഴ്സിറ്റിയിൽ നിന്നും എം.എസ്.സി ഫിസിക്സ് പാസ്സായി. അന്ന് ഉഥ്മാനിയാ യൂണിവേഴ്സിറ്റിയിൽ അസ്ട്രോണമി ഡിപ്പാർട്ട്മെന്റ് ഇല്ലായിരുന്നു. ഫിസിക്സ് അദ്ധ്യാപകൻ സത്യനാരായണന്റെ ജ്യോതിശ്ശാസ്ത്രത്തെ സംബന്ധിച്ച പരാമർശങ്ങളായിരുന്നു ആകാശഗോളങ്ങളെപ്പറ്റി ശാസ്ത്രീയമായി പഠിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്. 1955 ൽ ഖലീഫത്തുൽ മസീഹ് രണ്ടാമൻ ഹദ്റത്ത് മീർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) അസ്ട്രോണമിയിൽ പി.എച്ച്.ഡി ബിരുദമെടുക്കാൻ ഹാഫിസ് സാഹിബിനെ നിർബന്ധിച്ചു. അദ്ദേഹം ഹാഫിസ് സാഹിബിന് വേണ്ടി പ്രാർത്ഥിക്കുകയും വിജയം പ്രാപിക്കുന്നതായി സ്വപ്നത്തിൽ ദർശിക്കുകയുമുണ്ടായി.

ഇന്തോ–അമേരിക്കൻ എഡ്യുക്കേഷൻ എക്ചേഞ്ച് പ്രോഗ്രാമിന്റെ ഭാഗമായി

---

അല്ലാഹുവിന്റെ അലംഘനീയമായ ഒരു നിയമമാണെന്ന് ഖുർആൻ ആവർത്തിച്ചു പറയുന്നു. **"ഒരു ദൂതനെ അയയ്ക്കുന്നത് വരെ നാം ശിക്ഷിക്കാറില്ല"** (17:16) **'നിന്റെ നാഥൻ നാടുകളെ നശിപ്പിക്കുന്നവനല്ല; അവയുടെ കേന്ദ്രസ്ഥാനത്ത് നമ്മുടെ വചനങ്ങൾ ഓതി ക്കേൾപ്പിക്കുന്ന ഒരു ദൂതനെ നിയോഗിച്ച് മുന്നറിയിപ്പു നൽകുന്നത് വരെ . നാട്ടുകാർ അക്രമികളാകുന്ന അവസ്ഥയിലല്ലാതെ നാം നാടുകളെ നശിപ്പിക്കാറില്ല** (28:60) റസൂൽ തിരുമേനിയുടെ പ്രവചനപ്രകാരം ഈ കാലഘട്ടത്തിൽ ആഗതരായ വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദുൽ ഖാദിയാനി (അ) ആധുനിക യുഗത്തിന്റെ സന്മാർഗ്ഗ ഭ്രംശങ്ങളേയും അപഥസഞ്ചാരങ്ങളേയും പാപത്തിന്റെ ആധിക്യത്തേയും നോക്കി ഭൂകമ്പം പോലെയുള്ള വമ്പിച്ച പ്രകൃതി കോപങ്ങളെപ്പറ്റി താക്കീത് നൽ കുകയുണ്ടായി. ജപ്പാനിലെ ഭൂകമ്പവും ആഞ്ഞടിച്ച രാക്ഷസ തിരമാലകളും നമ്മുടെ ഹൃദയത്തിലും പ്രകമ്പനം സൃഷ്ടിക്കുന്നു. മരിച്ചവർക്ക് ഒരു നിമിഷം മാത്രമേ ദുരിതമനുഭവിക്കേണ്ടതുള്ളൂ. ലോകത്ത് ജീവിച്ചിരുന്ന സർവ്വ മനുഷ്യരിലും ഈ ദുരന്തങ്ങൾ ആധിയും ആശങ്കയും സൃഷ്ടിക്കുന്നു. മനുഷ്യനിർമ്മിതമായ ഒരു സുരക്ഷാ സംവിധാനത്തിനും അവനെ സഹായിക്കാൻ കഴിയാത്ത ഇത്തരം ഘട്ടങ്ങൾ മനുഷ്യന്റെ നിസ്സാഹയതയും നിസ്സാരതയും അവനെ ഓർമ്മിപ്പിക്കുന്നു. ദുരന്തങ്ങൾ മനുഷ്യനിൽ ദൈവചിന്ത ഉണർത്തുകയും മനുഷ്യഹൃദയം ആർദ്രചിത്തമായിത്തീരുകയും ചെയ്യുന്നു. സമൂഹത്തിന് അവരുടെ പാപകൃത്യ ങ്ങളെ സംബന്ധിച്ച് വീണ്ടുവിചാരത്തിന് അത് അവസരമൊരുക്കുകയും ചെയ്യുന്നു. പക്ഷേ ദുരന്തങ്ങൾ മനുഷ്യ മനസ്സിൽ ഉണർത്തുന്ന വീണ്ടു വിചാരങ്ങൾ അവനെ യഥാർഥ പരിഷ്ക്കരണത്തിലേക്ക് നയിക്കുമോ എന്നതാണ് പ്രശ്നം. ഈ കാലഘട്ടത്തെ സന്മാർഗത്തിലേക്ക് നയിക്കാൻ ദൈവനിയുക്തനായ വാഗ്ദത്ത മസീഹിന്റെ വചനങ്ങൾ ഒന്നു കൂടി നാം ശ്രദ്ധിക്കുക.

"അല്ലാഹുവിന്റെ വഹ്യിൽ ഭൂകമ്പങ്ങളെപ്പറ്റി അടിക്കടി പറയപ്പെട്ടിരിക്കുന്നു. ഖിയാമത്തിന്റെ മാതൃകയിലുള്ള ഭൂകമ്പങ്ങൾ ആയിരിക്കുമെന്നും വിവരിക്കുന്നു. വിശുദ്ധ ഖുർആൻ 99 –ാം അദ്ധ്യായം തുടക്കത്തിൽ വിവരിച്ചത് പോലെയുള്ള ഭൂകമ്പം തന്നെയായിരിക്കുമെന്ന് ഉറപ്പിച്ചു പറയാൻ എനിക്ക് സാധ്യമല്ല. ഇത് സാധാരണ ഭൂകമ്പം അല്ലാതിരിക്കാനും സാധ്യതയുണ്ട്.... ഈ ഭയങ്കരമായ വിപത്ത് മതപരമായ ഭിന്നിപ്പിന്റെ കാരണത്താലോ ക്രിസ്ത്യാനിയോ ഹിന്ദുവോ ആയിരിക്കുന്നത് കാരണമായോ ആരുടേയെങ്കിലും മേൽ ആപതിക്കുന്നതല്ല. ആരെങ്കിലും എന്റെ അനുയായി വൃന്ദത്തിൽ പ്രവേശിച്ചിട്ടില്ലാത്തതിനാൽ സംഭവിക്കുന്നതുമല്ല. ഇവരെല്ലാം ഈ അസ്വാസ്ഥ്യത്തിൽ നിന്നും മുക്തരാകുന്നു. ഏതെങ്കിലും മതവുമായി ബന്ധപ്പെട്ടവരായിരിക്കെ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന സ്വഭാവക്കാരനും ചതിയിലും വഞ്ചനയിലും മുഴുകിയവനും, വ്യഭിചാരിയും കൊലയാളിയും കള്ളനും ദ്രോഹിയും ദുർഭാവനക്കാരനും ദുർഭാഷിയും ദുർവൃത്തനും ആരോ അവൻ അതിനെ തൊട്ട് പേടിക്കേണ്ടതാകുന്നു. അവർ പശ്ചാത്തപിച്ചു പിൻമാറുന്നുവെങ്കിൽ അവർക്കും വ്യസനിക്കേണ്ടതില്ല. നന്മ പ്രവർത്തിക്കുന്നവനും സദ്വൃത്തരുമാണെങ്കിൽ ഈ വിപത്ത് ഒഴിഞ്ഞു പോകുന്നതാണ്. (ബറാഹീൻ, പേ. 120) അല്ലാഹു ലോകത്തെ പാപകൃത്യങ്ങളിൽ നിന്നും അതുക്ഷണിച്ചു വരുത്തുന്ന സർവ്വനാശത്തിൽ നിന്നും രക്ഷിക്കട്ടെ! ■

ഹാഫിസ് സാഹിബിന് അമേരിക്കയിലെ ചിക്കാഗോ യൂണിവേഴ്സിറ്റിയിൽ സ്കോളർഷിപ്പോടെ പോകാനുള്ള അവസരമുണ്ടായി. പി.എച്ച്.ഡി അടിസ്ഥാന യോഗ്യതക്കുള്ള ഫിസിക്സിലെ പ്രത്യേക ബിരുദം അവിടെനിന്നും നേടി. പിന്നീട് യോർക്ക് യൂണിവേഴ്സിറ്റയിൽ നിന്ന് അസ്ട്രോണമിയിൽ പി.എച്ച്.ഡി സമ്പാദിക്കുകയും ചെയ്തു. ഇന്ത്യയിലും അമേരിക്കയിലും പഠിപ്പിക്കുന്ന ടെക്സ്റ്റ് ബുക്കുകൾ ഒന്നുതന്നെയാണെങ്കിലും സൈദ്ധാന്തിക ശാസ്ത്രീയ പ്രശ്നങ്ങൾ പ്രായോഗികമായി പരിഹരിക്കുന്ന ശാസ്ത്രീയ പരിശീലനമാണ് അമേരിക്കൻ പഠനരീതിയെ മികവുറ്റതാക്കുന്നതെന്ന് ഹാഫിസ് സാഹിബ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഓക്സ്ഫോർഡ്, കേംബ്രിഡ്ജ്, ഇറ്റലിയിലെ ട്രീസ്റ്റിലെ ഇന്റർനാഷണൽ സയൻസ് സെന്റർ എന്നിവിടങ്ങളിൽ അദ്ദേഹം വിസിറ്റിംഗ് പ്രൊഫസറായിരുന്നു. ഇന്ത്യൻ പ്ളാസ് മാസയിൻസ് സൊസൈറ്റിയിലും, ഇന്ത്യൻ അസോസ്സിയേഷൻ ഫോർ ജനറൽ റിലേറ്റിവിറ്റി ഓഫ് ഗ്രാവിറ്റേഷനിലും അംഗമായിരുന്ന ഹാഫിസ് സാഹിബ് ഉഥ്മാനിയ യൂണിവേഴ്സിറ്റിയിലെ അസ്ട്രോണമി ഡിപ്പാർട്ട്മെന്റ് തലവനായാണ് ജോലിയിൽ നിന്നും വിരമിച്ചത്.

ഹാഫിസ് സാഹിബിന് അദ്ദേഹത്തിന്റെ അക്കാദമിക ജീവിതത്തിൽ ലഭിച്ച പുരസ്കാരങ്ങളും ബഹുമതികളും അദ്ദേഹം വഹിച്ച പദവികളും നിരവധിയാണ്. അസ്ട്രോണമിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യയുടെ വൈസ് പ്രസിഡണ്ട്, ഇന്ത്യൻ യൂണിയൻ മുൻ പ്രസിഡന്റ് എ.പി.ജെ. അബ്ദുൾ കലാമിന്റെ വിദ്യാഭ്യാസകാര്യ ഉപദേഷ്ടാവ് എന്നീ നിരവധി സ്ഥാനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. 1981 ലെ മേഘ്നാഥ് സാഹാ അവാർഡ് ജേതാവായിരുന്നു.

ഗാലക്സികൾ തമ്മിലുള്ള പരസ്പരാകർഷണവും അത് നക്ഷത്രസമൂഹങ്ങളുടെ ചലനത്തിൽ ഉണ്ടാക്കുന്ന സ്വാധീനവുമായിരുന്നു അദ്ദേഹം അസ്ട്രോണമിയിൽ സ്പെഷലൈസ് ചെയ്ത ശാസ്ത്രശാഖ. ചന്ദ്രന്റെ ഭ്രമണവേഗതയിൽ സൂര്യനും മറ്റു ഖഗോള പ്രതിഭാസങ്ങളും ചെലുത്തുന്ന സ്വാധീനം മൂലം ഉണ്ടാവുന്ന ചലന വ്യതിയാനങ്ങളെ പറ്റി ഹാഫിസ് സാഹിബ് നടത്തിയ പഠനങ്ങൾ മാസപ്പിറവി വിഷയത്തിൽ അതീവ പ്രധാന്യമേറിയതാണ്. ചന്ദ്രൻ എല്ലാ കാലത്തും നിയതമായ വേഗതയിലല്ല സഞ്ചരിക്കുന്നതെന്നും ചന്ദ്രന്റെ ചലനം ക്ഷോഭചനലമായതിനാൽ (Perturbated motion) ചന്ദ്രമാസപ്പിറവി നിർണയത്തിൽ നിരീക്ഷണം അനിവാര്യമാണെന്നും അദ്ദേഹം ശാസ്ത്രീയ പഠനങ്ങളിലൂടെ ചൂണ്ടിക്കാട്ടുകയുണ്ടായി. ഇസ്ലാമിന്റെ ആവിർഭാവത്തിന് മുമ്പ് യഹൂദസമ്പ്രദായത്തിൽ 29, 30, 29, 30 എന്നീ രീതിയിൽ നിശ്ചിതമായി ആവർത്തിക്കുന്ന ഫിക്സഡ് ചന്ദ്രമാസ കലണ്ടറിനുപകരം നിരീക്ഷണത്തെ അടിസ്ഥാനമാക്കിയുള്ള ചന്ദ്രമാസക്കലണ്ടറാണ് ഏറ്റവും സൂക്ഷ്മവും ശാസ്ത്രീയവുമെന്നും അദ്ദേഹവും മോഹൻ വല്ലഭും ചേർന്നെഴുതിയ ചന്ദ്രന്റെ ക്ഷോഭചലനങ്ങളും ഇസ്ലാമിക കലണ്ടറും (Perturbated motion of moon and Islamic calender) എന്ന പ്രബന്ധത്തിൽ സമർത്ഥിച്ചിട്ടുണ്ട്.

25 മാർച്ച് 2011 ന് ഖലീഫത്തുൽ മസീഹ് (അയ്യദഹു...) നിർവ്വഹിച്ച ഖുത്ബയിൽ ഹാഫിസ് സാഹിബിന്റെ സാത്വിക ജീവിതത്തിന്റെ ഒരു രേഖാചിത്രം വരച്ചുകാട്ടിയിട്ടുണ്ട്. ഭൗതികോന്മുഖനായ ഒരു കച്ചവട പ്രമുഖനായിരുന്നു അദ്ദേഹത്തിന്റെ പിതാമഹൻ സേട്ട് അബ്ദുള്ള അലാദ്ദീൻ. 'റിവ്യൂ ഓഫ് റീലിജ്യൻസ്'ന്റെ ഒരു കോപ്പിയാണ് അദ്ദേഹത്തെ അഹ്മദിയ്യത്തിലേക്ക് ആകർഷിച്ചതെന്ന് ഹുസൂർ ഖുത്ബയിൽ പറയുകയുണ്ടായി. ദൈവമാർഗ്ഗത്തിൽ അദ്ദേഹം ചിലവഴിച്ച പണത്തിന് കയ്യും കണക്കുമുണ്ടായിരുന്നില്ല. ഒരു മലക്കിനെ പോലെ സാത്വികനായ ഹാഫീസ് പിഞ്ചുകുഞ്ഞിനെപോലെ നിഷ്ക്കളങ്കനും വിനയത്തിന്റെ അനുപമമായ മാതൃകയുമായിരുന്നു. ഹുസൂർ പറയുന്നു: ഒരിക്കൽ റെയിൽവേ സ്റ്റേഷനിൽ ചുകപ്പ് ഖമീസു ധരിച്ചു നിന്ന ഹാഫിസ് സാഹിബ് ഒരു കൂലിയാണെന്ന് കരുതി തങ്ങളുടെ സാധനങ്ങൾ വഹിക്കാൻ ഒരു കുടുംബം ഹാഫിസ് സാഹിബിനോട് ആവശ്യപ്പെട്ടു. യാതൊരു മറുപടിയും പറയാതെ അതെടുത്ത് ചുമന്ന്കൊണ്ട് അവർ ആവശ്യപ്പെട്ട സ്ഥലത്ത് എത്തിച്ചുകൊടുത്തു. ചുമട്ടുകൂലി നീട്ടിയപ്പോൾ 'കൂലിയൊന്നും വേണ്ട നിങ്ങൾ സഹായം അഭ്യർത്ഥിച്ചപ്പോൾ ഞാൻ സഹായിച്ചു; അത്രമാത്രം' എന്നു പറഞ്ഞു. അബദ്ധം മനസ്സിലാക്കിയ അവർ ലജ്ജിച്ചുപോയെങ്കിലും ഹാഫിസ് സാഹിബ് ഒരു സേവനം നിർവ്വഹിച്ചതിന്റെ ചാരിതാർത്ഥ്യത്തിലായിരുന്നു.

ഖുർആനുമായി ഒരു പ്രത്യേക ബന്ധം വളർത്തിയിരുന്ന ഹാഫിസ് സാഹിബ് പരീക്ഷയുടെ തലേന്ന് പോലും ഖുർആൻ പരായണത്തിലും അത് ഹൃദിസ്ഥമാക്കുന്നതിലും മുഴുകിയിരുന്നു. ഖിലാഫത്തിനോട് അഗാധമായകൂറും അനുസരണവും പുലർത്തിയിരുന്നു. ഒരിക്കൽ പാകിസ്താനിലെ കറാച്ചി എയർപോർട്ടിൽ കസ്റ്റംസ് ഉദ്യോഗസ്ഥന്മാർ അനാവശ്യമായി ബുദ്ധിമുട്ടി

## സത്യദൂതൻ ലേഖകരുടെയും വരിക്കാരുടെയും ശ്രദ്ധയ്ക്ക്




**ഒരു കോപ്പി 20 രൂപ**
**വാർഷിക വരിസംഖ്യ – 200 രൂപ**

സത്യദൂതനിലേക്കയക്കുന്ന ലേഖനങ്ങൾ, വാർത്തകൾ, ചരമക്കുറിപ്പുകൾ, ഉള്ളടക്കത്തെ സംബന്ധിച്ച അഭിപ്രായങ്ങൾ എന്നിവ **Editor Sathyadoothan, Baithul Quddoos, G.H. Road, Calicut-673001** എന്ന വിലാസത്തിലും സത്യദൂതൻ വരിസംഖ്യ, വരിക്കാരുടെ അഡ്രസ്, അഡ്രസ് മാറ്റം, പരാതികൾ, നിർദ്ദേശങ്ങൾ, അഭിപ്രായങ്ങൾ മുതലായവ **Manager, Sathyadoothan, Masjid Umar, St. Benedict Road, Ernakulam North, Kochi-682 018** എന്ന വിലാസത്തിലും അയക്കേണ്ടതാണ്.

മാനേജർ
സത്യദൂതൻ
എറണാകുളം

ച്ചപ്പോൾ സേട്ട് സാഹിബ് ഒരു മൂലയിൽ പോയി രണ്ട് റക്അത്ത് നമസ്കരിച്ചു. പിന്നീട് അത്ഭുതകരമായി കസ്റ്റംസ് അധികൃതരുടെ മനസ്സ് മാറുകയും ബുദ്ധിമുട്ടിച്ച ഉദ്യോഗസ്ഥൻ അദ്ദേഹത്തോട് മാപ്പു ചോദിക്കുകയും ചെയ്തു.

വാഗ്ദത്ത മഹ്ദിയുടെ സത്യസാക്ഷ്യത്തിനായി അവസാന നാളിലുണ്ടാകുമെന്ന് റസൂൽ തിരുമേനി(സ) പ്രവചിച്ച സൂര്യചന്ദ്രഗ്രഹണങ്ങൾ ആ പ്രവചനത്തിൽ പറഞ്ഞ പ്രകാരം അത്ഭുതകരമായ കണിശതയോടെ പുലർന്നതിന്റെ വിശദമായ വിവരങ്ങൾ ജ്യോതിശാസ്ത്രവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ അനിഷേധ്യമാംവിധം ഹാഫിസ് സാഹിബ് വിവരിച്ചത് അഹ്മദിയ്യ സാഹിത്യരംഗത്ത് ഹാഫിസ് സാഹിബ് നൽകിയ ഏറ്റവും വലിയ സംഭാവനയാണ്. സുവ്യക്തമായ ഈ ആകാശ ദൃഷ്ടാന്തത്തിന്റെ ശതാബ്ദിവേളയിൽ ഹാഫിസ് സാഹിബ് രചിച്ച വിജ്ഞാനപ്രദമായ ആ കൃതി 'സൂര്യചന്ദ്രഗ്രഹണങ്ങൾ മഹ്ദി: ഇമാമിന്റെ അടയാളം' എന്ന പേരിൽ മലയാളത്തിലും പ്രസിദ്ധീകൃതമായിട്ടുണ്ട്.

കേരളവുമായി അഭേദ്യമായ ബന്ധമായിരുന്നു ഹാഫിസ് സാഹിബിനുണ്ടായിരുന്നത്. സംസ്ഥാനതലത്തിൽ നടന്ന മിക്ക പരിപാടികളിലും പ്രഭാഷകനായി അദ്ദേഹം ക്ഷണിക്കപ്പെട്ടിരുന്നു. 2007 ഫെബ്രുവരിയിൽ കോഴിക്കോട്ടെ റീജനൽ സയൻസ് സെന്ററിൽ 'Motion of moon' എന്ന വിഷയത്തെ അധികരിച്ചു നടത്തിയ പ്രഭാഷണമാണ് ഏറ്റവും ഒടുവിലത്തെ കേരളത്തിലെ പരിപാടി. മാസപ്പിറവി വിഷയത്തിൽ ഏറ്റവും പ്രക്ഷുബ്ധമാകാറുള്ള കേരളീയ മുസ്‌ലിം സമൂഹത്തിൽ അഹ്മദികളുടെ മാസപ്പിറവി നിർണയത്തിൽ പലപ്പോഴും ഹാഫിസ് സാഹിബിന്റെ വ്യക്തമായ മാർഗനിർദേശങ്ങളുണ്ടായിരുന്നു എന്ന കാര്യം ഇവിടെ സ്മരിക്കുന്നു.

നമ്മെവിട്ടു പിരിഞ്ഞുപോയ ആ പുണ്യാത്മാവിന് ജന്നത്തും മഗ്ഫിറത്തും നൽകി അല്ലാഹു അനുഗ്രഹിക്കട്ടെ. ഭാര്യ പരേതയായ ഫർഹത്ത് അഖ്തർ സാഹിബ്, മക്കൾ സുൽത്താൻ മുഹമ്മദ് അലാദ്ദീൻ സാഹിബ്, മുബാറക്കാ നുസ്റത്ത് സാഹിബ, സാലിഹാ അത്തീഖ സാഹിബ, മൻസൂറ സാഹിബ, ഖാലിദ് അഹ്മദ് സാഹിബ്.

**ഏ.എം. മുഹമ്മദ് സലീം, കോഴിക്കോട്**



**മഞ്ചേരി(മലപ്പുറം) ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ 2011 ഫെബ്രുവരി 28ന് 'മുസ്‌ലിം ലോകവും സമാധാനവും' എന്ന വിഷയത്തെ ആസ്പദമാക്കി മഞ്ചേരി അർബൻ ബാങ്ക് ഓഡിറ്റോറിയത്തിൽ നടന്ന സെമിനാർ ഡോ. എം. എൻ കാരശ്ശേരി ഉദ്ഘാടനം ചെയ്യുന്നു. വേദിയിൽ കെ. എം. അഹ്മദ് കോയ, മുഹമ്മദലി മാസ്റ്റർ, ഡോ. ആർ. സുരേന്ദ്രൻ, പ്രൊഫ. മഹ്മൂദ് അഹ്മദ് പി. പി.ഹസ്സൻകോയ, എ.എം. മുഹമ്മദ് സലീം, മൗലവി മഹ്മൂദ് അഹ്മദ് എന്നിവർ.**




**മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ സൗത്ത് കേരള സംഘടിപ്പിച്ച തബ്‌ലീഗ് സംഗമം എറണാകുളം സോണൽ അമീർ ബി. ബി. അഹ്മദ് കബീർ ഉദ്ഘാടനം ചെയ്യുന്നു. മൗലവി മുഹമ്മദ് നജീബ് ഖാൻ, ബി. എ. മുഹമ്മദ് നജീബ്, എച്ച്. അഹ്മദ് ശാഫി, യാസർ അറഫാത്ത് എന്നിവർ വേദിയിൽ**

## അനുസ്മരണം

# കെ. ഐ. നൂറുദ്ദീൻ സാഹിബ് കോഴിക്കോട്



ലക്ഷദ്വീപിലെ കൽപേനി സ്വദേശിയും കോഴിക്കോട് സിന്റിക്കേറ്റ് ബാങ്ക് ജീവനക്കാരനുമായ കെ.ഐ നൂറുദ്ദീൻ സാഹിബ് (55) 24. 03. 2011 രാത്രി 9.30 ന് നിര്യാതനായി (ഇന്നാലില്ലാഹി...) ലക്ഷദ്വീപിലെ ആദ്യത്തെ അഹ്മദിയായിരുന്ന പി.പി. അബ്ദുർറഹ്മാൻ കോയ സാഹിബിന്റെ പൗത്രനാണ്.

കുമ്പള – മോഗ്രാൽ ജമാഅത്തിലെ നബീസസാഹിബയാണ് ഭാര്യ. ഫാത്വിമ സാദിഖ, മുഹമ്മദ് അത്വീഖ്, ഷെഫി അഹ്മദ്, സഫിയ നൂർ എന്നിവർ മക്കളും കോഴിക്കോട് ഗുൽഷാർ ഗാർമെന്റ്സ് ഉടമ നിഷാദ് മരുമകനുമാണ്.

ആത്തിഖാബി (സൂപ്രണ്ട്, ലക്ഷദ്വീപ് ഓഫീസ് കൊച്ചി), മുനീറാബി (യു.ഡി.സി. ലക്ഷദ്വീപ് ഓഫീസ് കൊച്ചി), മുബാറക്കാബി എന്നിവർ സഹോദരിമാരും, ഡോ. അബ്ദുർറഹ്മാൻ കോയ (ഡെന്റിസ്റ്റ്, അഹ്മദിയ്യാ ഹോസ്പിറ്റൽ, ഗാംബിയ – ആഫ്രിക്ക), അബ്ദുൽ സത്താർ (ലക്ഷദ്വീപ് ടൂറിസം മാനേജർ, അഗത്തി) എന്നിവർ സഹോദരന്മാരുമാണ്.

അല്ലാഹു പരേതാത്മാവിന് ജന്നത്തും മഗ്ഫിറത്തും നൽകി അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ

**ജലാലുദ്ദീൻ കല്പേനി**

2011 April

Reg.No. 3332/59, Postal Regn. No.KL/CT/108/2009-11.Estd. 1925
Licensed to post without pre-payment, Licence No: KL/PMG/NR/WPP/16/KKD/09-11

Vol: LXXXIII No.4
Price Rs. **20/-**

**The Sathyadoothan Monthly**

എല്ലാ ദൈവീക മതങ്ങളുടേയും പൂർത്തീകരണമാണ് വന്ദ്യപ്രവാചകർ ഹദ്റത്ത് മുഹമ്മദ് മുസ്തഫ (സ) യിലൂടെ അവതീർണ്ണമായ പരിശുദ്ധ ഇസ്ലാം. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ, ജനങ്ങൾ ദൈവത്തിൽ നിന്നകലുകയും യഥാർഥ ഇസ്ലാം ഏറെ തെറ്റിദ്ധരിപ്പിക്കപ്പെടുകയും ചെയ്ത സമയത്ത്, അല്ലാഹു വാഗ്ദാനം ചെയ്ത വാഗ്ദത്ത മഹ്ദിയും മസീഹുമായി നിയോഗിതരായ ഹദ്റത്ത് അഹ്മദ് (അ)നാൽ പുനഃസ്ഥാപിക്കപ്പെട്ട ഇസ്ലാമാണ് അഹ്മദിയ്യാ മുസ്ലിം ജമാഅത്ത്. ഈ ദൈവീകപ്രസ്ഥാനത്തെപ്പറ്റി **കൂടുതൽ അറിയുവാൻ ബന്ധപ്പെടുക**

**Toll free no.**

**1800 425 2020**

(9 am to 9 pm)

